# ആമുഖം

വിശുദ്ധഖുർആൻ പറയുന്നു: "നിന്റെ നാഥന്റെ പിടുത്തം അതിശക്തം തന്നെയാണ്. (അൽബുറൂജ്-12) "നാടുകൾ അക്രമം കാണിച്ചുകൊണ്ടിരിക്കെ താങ്കളുടെ നാഥൻ അവയെ ശിക്ഷിക്കുമ്പോൾ അവനെ തന്നെയാണ് ശിക്ഷിക്കുക. അവന്റെ ശിക്ഷ വേദനാജനകവും കഠിനവുമാണ്. (ഹൂദ്:102)

വീണ്ടും പറയുന്നു: "അല്ലാഹുവിന്റെ സ്മരണയിലേക്കും അവതരിച്ച സത്യത്തിലേക്കും (ഖുർആൻ) തങ്ങളുടെ ഹൃദയങ്ങൾ വഴങ്ങാൻ സത്യവിശ്വാസികൾക്ക് സമയമായിട്ടില്ലേ? മുമ്പ് വേദം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും (സമയമായിട്ടില്ലേ?) എന്നിട്ട് കാലം നീണ്ടുപോയി. അങ്ങനെ അവരുടെ ഹൃദയം കടുത്തുപോയി. (ഹദീദ്:16)

മനുഷ്യരോട് ദൈവത്തെ ഭയപ്പെടുവാനും സത്യവിശ്വാസിയായിക്കൊണ്ട് സന്മാർഗ്ഗത്തിൽ ജീവിക്കുവാനും ഖുർആൻ വീണ്ടും വീണ്ടും ഉണർത്തുന്നതോടൊപ്പം ദൈവികശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുകയും രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. അല്ലാഹു മനുഷ്യർക്ക് രക്ഷാമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ള ദൈവികപാശമാണ് ഖിലാഫത്ത് വ്യവസ്ഥിതി.

പ്രവാചക(സ)യുടെ പിന്തുടർച്ചയായി അദ്ദേഹം ദീർഘദർശനം ചെയ്ത ഇമാം മഹ്ദിയുടെ ഖിലാഫത്താണ് ഇന്നത്തേയും വരാനിരിക്കുന്ന മുസ്ലിം ഉമ്മത്തിന്റേയും രക്ഷാമാർഗ്ഗം. നാനാഭാഗത്തുനിന്നും ആക്രമിക്കപ്പെടുന്ന മുസ്ലിംലോകത്ത് മഹ്ദി ഇമാമിന്റെ ഖലീഫയുടെ പിന്നിൽ അണിനിരക്കുന്ന അഹ്മദി മുസ്ലിംകൾ നിർഭയരായി അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും ലക്ഷ്യമാക്കി പ്രവാചകന്റെ പാത പിന്തുടരുകയാണ്. തന്റെ ജമാഅത്തിന്റെ ഐക്യവും സ്നേഹവും വർദ്ധിപ്പിക്കുവാനും സാഹോദര്യവും നന്മയും ലോകനന്മയിലേക്ക് വ്യാപിപ്പിക്കുവാനും ഇമാം മഹ്ദി ആരംഭിച്ച വാർഷികജൽസയുടെ 114-ാം സമ്മേളനം അഞ്ചാം ഖലീഫ തിരുമനസ്സിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ 2005 ഡിസംബർ 26, 27, 28 തിയ്യതികളിൽ വിശുദ്ധഖാദിയാനിൽ വിജയകരമായി കൊണ്ടാടി. തന്റെ ജമാഅത്തിനെ ഇസ്ലാമികപാഠങ്ങൾ ഉദ്ബോധിപ്പിച്ചും ഇസ്ലാമിക സാഹോദര്യത്തിൽ ശിക്ഷണപ്പെടുത്തിയും ഖുർആന്റേയും ദൈവികമാർഗ്ഗത്തിന്റേയും വഴിയിൽ നടത്തിയും അല്ലാഹുവിന്റേയും പ്രവാചക(സ)യുടേയും പ്രതിനിധിയായി അഹ്മദിയ്യാ ഖലീഫ ലോകത്തിന്റെ മുമ്പിൽ ഉയർന്നുനില്ക്കുകയാണ്. സത്യദൂതർക്കെതിരെ പടവാളുയർത്തിയവരൊക്കെ തകർന്നുതരിപ്പണമാവുന്ന കാഴ്ച. അത് ഫറോവയുടേയും നംറൂദിന്റെയും കംസന്റേയും പിലാതോസിന്റെയും കാലഘട്ടത്തിലെ ചരിത്രകഥകൾ അല്ല വർത്തമാനസത്യം കൂടിയാണെന്നും ദൈവം അന്നെന്നപോലെ ഇന്നും ജീവൽസത്യവും തന്റെ ദാസർക്ക് ആലംബവും കൂടിയാണെന്നും തെളിയുകയാണ്. പശ്ചാത്തപിക്കുക. സൽക്കർമ്മികളാവുക. അകവും പുറവും ജീവിതം സംശുദ്ധം ചെയ്യുക. പരിശുദ്ധജീവിത മാതൃകയിലൂടെ ഇസ്ലാമിന്റെ സൗന്ദര്യം നിലനിർത്തുക. ആരാധനകളെ ജീവസ്സുറ്റതാക്കിത്തീർക്കുക.

*എഡിറ്റർ*

**വി**ശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യംവഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക, അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.

വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്തവരോട്, അവർക്ക് പാപപ്പൊറുതിയും മഹത്തായ പ്രതിഫലവും ഉണ്ടെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്തവരാരോ, അവർ നരകാവകാശികളാകുന്നു.

വിശ്വസിച്ചവരേ, ഒരു കൂട്ടർ നിങ്ങളുടെ നേരെ കയ്യേറ്റം നടത്താൻ ഉദ്ദേശിച്ചപ്പോൾ നിങ്ങളുടെമേൽ (ഉണ്ടായ) അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്മരിക്കുക. അപ്പോൾ അവൻ നിങ്ങളിൽനിന്നും അവരുടെ കൈകളെ തടഞ്ഞു (രക്ഷപ്പെടുത്തി). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. സത്യവിശ്വാസികൾ (അവരുടെ കാര്യങ്ങൾ) അല്ലാഹുവിൽതന്നെ ഭരമേല്പിക്കേണ്ടതാണ്. (4:9–12)

**ഹ**സ്റത്ത് അബൂഉമാമ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: രണ്ട് തുള്ളിയെക്കാളും രണ്ടടയാളങ്ങളേക്കാളും അല്ലാഹുവിന് ഇഷ്ടപ്പെട്ട ഒരു കാര്യവുമില്ല. അല്ലാഹുവിനെ ഭയപ്പെട്ട് കരയുമ്പോഴുണ്ടാകുന്ന കണ്ണുനീർതുള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുമ്പോഴുണ്ടാകുന്ന രക്തതുള്ളിയുമാണവ. അടയാളങ്ങളിലൊന്ന് ദൈവമാർഗ്ഗത്തിൽ പരിക്കുപറ്റിയാലുണ്ടാവുന്നതും മറ്റേത് അല്ലാഹു നിർബന്ധമാക്കിയ ഫർളുകളിൽനിന്നുള്ള ഒരു ഫർള് (നമസ്കാരം) അനുഷ്ഠിച്ചിട്ടുണ്ടാകുന്ന അടയാളവുമാണ്. (*ബുഖാരി*)

ഹസ്റത്ത് അനസ്ഇബ്നു മാലിക്ക്(റ) നിവേദനം ചെയ്യുന്നു. നബി(സ)യുടെ ‘അള്ബാഅ്’ എന്ന ഒട്ടകം ഒരിക്കലും പിന്നിലാകാറില്ല. എന്നാൽ ഒരു ഗ്രാമീണനായ അറബി തന്റെ ഒട്ടകത്തിലേറി അതിന്റെ മുന്നിൽ കയറി സഞ്ചരിച്ചു. മുസ്ലിംകൾക്കിതിൽ വളരെ വിഷമം തോന്നി. അത് മനസ്സിലാക്കിയ പ്രവാചകൻ(സ) പറഞ്ഞു. ഇഹലോകത്ത് കൂടുതൽ ഉയർന്നിരിക്കുന്നതിനെ താഴ്ത്തുക എന്നത് അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽപെട്ടതാണ്. (*ബുഖാരി*)

# മുഹമ്മദ് നബി(സ)

## ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥത്തിൽനിന്ന്

മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അത് കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ യാതൊരു വസ്തുവിലും അതുണ്ടായിരുന്നില്ല അത് മനുഷ്യരിൽ മാത്രമേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. എന്നുവെച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവ്വോത്തരവും അത്യുൽകൃഷ്ടവുമായ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അത് വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ്സ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരംതന്നെ, ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കുംതന്നെ.... ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗദർശിയും ആയ ആ നിരക്ഷരപ്രവാചകൻ, അതെ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്.

ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടുന്നത്രെ. അവിടന്ന് ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു.

ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കൈയാൽ തികച്ചും അസാദ്ധ്യമായി തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ, അല്ലാഹുവേ, മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്ന് പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെമേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രഹർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!

ഹസ്റത്ത് ഖാത്തമുൽ അമ്പിയാ(സ) തിരുമേനിയുടെ ജീവിതത്തിലേക്ക് നോക്കിയാൽ മനസ്സിലാകുന്നത് അവിടന്ന് ഉദാത്തവും അതിശ്രേഷ്ഠവുമായ സ്വഭാവൈക്യത്തോടും സംശുദ്ധവും കുലീനവുമായ മനസ്സോടുംകൂടിയ വ്യക്തിയായിരുന്നു എന്നത്രെ. ദൈവത്തിനുവേണ്ടി സ്വജീവിതം ബലിയർപ്പിക്കുവാൻ അവിടന്ന് സദാ സന്നദ്ധനായിരുന്നു. മനുഷ്യരിൽ ആശ്രയം കൊള്ളുകയോ ആരേയും ഭയപ്പെടുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ ഹിതത്തിനും ഇച്ഛയ്ക്കും സ്വയം അടിമപ്പെട്ടിരുന്ന ആ മഹാത്മാവ് തനിക്കഭിമുഖീകരിക്കാനുള്ള പ്രയാസങ്ങളെക്കുറിച്ച് ചിന്തിക്കുകയേ ചെയ്തിരുന്നില്ല. തൗഹീദിന്റെ ശബ്ദമുയർത്തുന്നതിന്റെ പേരിൽ വിഗ്രഹാരാധകരിൽനിന്ന് എന്ത് കഷ്ടപ്പാടുകൾ നേരിടേണ്ടിവരുന്നതും അവിടന്ന് ഗണ്യമാക്കിയിരുന്നുമില്ല.

*(റൂഹാനീ ഖസായിൽ)*



# നന്മകളിൽ അഹമഹമികയാ മുന്നേറുക

**വി**ശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക; സത്യസന്ധരിൽ ഉൾപ്പെട്ടവരാകുക. (*9:119*)

ദൈവികാനുഗ്രഹത്താൽ ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മൗറേഷ്യസിന്റെ 40-ാംമത് വാർഷിക സമ്മേളനം ആരംഭിക്കുകയാണ്. എന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ആദ്യത്തെ സമ്മേളനമാണിത്. എന്നല്ല, ഏതെങ്കിലും ഖലീഫയുടെ സാന്നിധ്യത്തിൽ ഇവിടെ നടക്കുന്ന ആദ്യത്തെ സമ്മേളനമാണിതെന്ന് ഞാൻ കരുതുന്നു. അല്ലാഹു ഈ സമ്മേളനത്തെ എല്ലാവിധത്തിലും വിജയപ്രദമാക്കുമാറാകട്ടെ. ഈ സമ്മേളനം ജമാഅത്തിന്റെ ആത്മീയവും അംഗപരവുമായ വർദ്ധനവിന് ആധാരശിലയായി സ്ഥിരപ്പെടുമാറാകട്ടെ.

അഹ്മദിയ്യാജമാഅത്തിന്റെ സമ്മേളനങ്ങൾക്ക് പ്രത്യേകമായ ഉദ്ദേശ്യങ്ങളുണ്ടെന്ന കാര്യം എപ്പോഴും ഓർക്കുക. ഏറ്റവും വലിയ ഉദ്ദേശ്യം അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കുകയും അവനോടുള്ള സ്നേഹം മനസ്സുകളിൽ സൃഷ്ടിക്കുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ്. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി ഈ നാളുകളിൽ നിങ്ങൾ ദുആകളിലും ആരാധനകളിലും കഴിച്ചുകൂട്ടാൻ ശ്രമിക്കുക. ഈ ഉദ്ദേശ്യം നിങ്ങൾ കരസ്ഥമാക്കുകയും അത് നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുകയും ചെയ്താൽ നിങ്ങൾ ഈ സമ്മേളനത്തിൽ പങ്കെടുത്തതിന്റെ ഉദ്ദേശ്യം പൂർത്തിയായി എന്ന് മനസ്സിലാക്കിക്കൊള്ളുക. അതുകൊണ്ട് ഈ നാളുകളിൽ ഈ ഉദ്ദേശ്യം കരസ്ഥമാക്കാൻ പ്രത്യേകമായും ശ്രമിക്കുക. ഈ മൂന്നു ദിനങ്ങളിൽ വ്യക്തമായ പരിവർത്തനം ഉണ്ടാക്കിയെന്നുള്ള ബോധം നിങ്ങൾക്കും നിങ്ങളുടെ സഹോദരങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും ഉണ്ടാകണം. ഈ പരിവർത്തനം ഉണ്ടാകാതിരിക്കുകയോ നിങ്ങളുടെ നന്മയുടേയും ഈശ്വരഭക്തിയുടേയും നിലവാരം മെച്ചപ്പെടാതിരിക്കുകയോ ചെയ്യുന്നെങ്കിൽ ഈ സമ്മേളനത്തിൽ നിങ്ങൾ പങ്കെടുത്തത് നിഷ്ഫലമാണ്. കാരണം, 'ഈ സമ്മേളനം ജനങ്ങൾ സംഘടിക്കുകയും പരസ്പരം അഴിഞ്ഞാടുകയും ചെയ്യുന്ന ഉത്സവമല്ല' എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളതാണ്. ഒച്ചയും ബഹളവും, മുദ്രാവാക്യം വിളിയുമല്ലാതെ മറ്റൊന്നും അവിടെ ഉണ്ടാകുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ), ജനങ്ങൾ താനുദ്ദേശിച്ചപോലെ ഉയരാത്ത കാരണത്താൽ ഒരുവർഷം സമ്മേളനം സംഘടിപ്പിച്ചത് തന്നെയില്ല. മുദ്രാവാക്യം നിങ്ങളുടെ ഹൃദയത്തിൽനിന്ന് ഉയരാതിരിക്കുകയോ അത് നിങ്ങളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കാനുള്ള ആവേശം ഉണ്ടാക്കാതിരിക്കുകയോ ചെയ്താൽ അത് നിഷ്ഫലമാണ്. പ്രസംഗം കേട്ടിട്ട് താൽക്കാലികമായ ആവേശമാണുണ്ടാകുന്നതെങ്കിൽ, ജൽസാഗാഹിൽനിന്ന് വെളിയിൽ വരുമ്പോൾ ആദ്യം നിങ്ങൾ നിന്ന അതേ സ്ഥാനത്തുതന്നെയാണ് വീണ്ടും വന്നുനില്ക്കുന്നതെങ്കിൽ, ആത്മീയമായ അഭിവൃദ്ധിയിൽ പദമൂന്നാത്തവരാണെങ്കിൽ, എന്തിനാണ് ജൽസയിൽ പങ്കെടുക്കുന്നതെന്ന് ചിന്തിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്ന് അവർക്ക് ഉപദേശിച്ചുകൊടുക്കണം. ഈ ചിന്താശീലം നിങ്ങളിലോരോരുത്തർക്കും ഉണ്ടാകുകയാണെങ്കിൽ, അല്ലെങ്കിൽ ബോധമുണ്ടാകുകയാണെങ്കിൽ, യുവാക്കളും വൃദ്ധരും പുരുഷന്മാരും സ്ത്രീകളുമെല്ലാം ആ വിചാരത്തോടെ സമ്മേളനത്തിന്റെ ആ മൂന്നുദിനങ്ങൾ കഴിച്ചുകൂട്ടാൻ ശ്രമിക്കുകയാണെങ്കിൽ ഈ മൂന്നുനാളികളിൽ നിങ്ങൾ ആത്മീയതയിൽ അഭിവൃദ്ധിപെടുക മാത്രമല്ല സമ്മേളനത്തിനുശേഷവും ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം ആ അദ്ധ്യാപനമനുസരിച്ച് നമ്മൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന ബോധം നമുക്കുണ്ടായിരിക്കുന്നതാണ്.

നമ്മൾ അവിടത്തെ കൈയിൽ ചെയ്ത ബയ്അത്തിന്റെ നിബന്ധനകൾ അല്ലാഹുവിന്റെ തഖ്‌വയിലേക്കുമാത്രം കൊണ്ടുപോകുന്ന ഒന്നാണ്. നമ്മൾ അവിടത്തെ കൈയിൽ ചെയ്ത ബയ്അത്തിന്റെ നിബന്ധനകൾ നമ്മുടെ ജീവിതത്തെ നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് വാർത്തെടുക്കുന്നതിലേക്ക് മാത്രം പ്രേരിപ്പിക്കുന്ന ഒന്നാണ്. ഈ ബോധം ഉണ്ടാകുന്നില്ലെങ്കിൽ, അഹ്മദിയാകുന്നതും നിഷ്ഫലമാണ്. എന്നല്ല, സ്വയം പാപിയാക്കിത്തീർക്കുന്ന കാര്യമാണത്. അതിനുപുറമെ ഭൗതികാടിസ്ഥാനത്തിലും ഉദ്ദേശ്യരഹിതമായ പ്രയാസങ്ങളിൽ അകപ്പെട്ടുപോകുന്ന കാര്യമാണത്. ഇവിടെയും ചില സന്ദർഭങ്ങളിൽ നിങ്ങൾക്ക് മറ്റു മുസ്‌ലിംകളുടെ എതിർപ്പ് നേരിടേണ്ടി

വരുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളിലധികംപേരും അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ നിലനാട്ടിക്കൊണ്ട് അല്ലാഹുവിനുവേണ്ടി അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താലുണ്ടാകുന്ന ബുദ്ധിമുട്ടുകളേയും എതിർപ്പുകളേയും സഹിക്കുന്നവരാണ്. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളുമായിത്തീരുന്നു. എന്നാൽ, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷവും ഉള്ളിൽ മാറ്റമുണ്ടാക്കിത്തീർക്കാത്തവർ അനാവശ്യമായി ഈ എതിർപ്പുകളെ സഹിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, സ്വന്തം കർമ്മങ്ങൾ ശരിയാക്കാത്തതുകൊണ്ടും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധിക്കാത്തതുകൊണ്ടും നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരല്ല. അതുകൊണ്ട്, ഉള്ളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കണമെന്ന വികാരത്തെ വളർത്തിയെടുക്കേണ്ടതാണ്. അതിന്റെ ഉന്നതമായ നിലവാരം കരസ്ഥമാക്കേണ്ടതാണ്. അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഉന്നതമായ നില കരസ്ഥമാക്കേണ്ടതാണ്. പരസ്പരമുള്ള കടമകൾ നിറവേറ്റേണ്ടതാണ്. പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, ഒരിടത്ത് ഉറച്ചുപോകാതെ മുന്നോട്ടുപോകേണ്ടതാണ്. '***ഫസ്തബിഖുൽ ഖയ്റാത്ത്***' സൽകാര്യങ്ങളിൽ അഹമഹമികയാ മുന്നേറണമെന്നതായിരിക്കണം നിങ്ങളുടെ ജീവിതോദ്ദേശ്യമെന്ന് അല്ലാഹുതആല കല്പിച്ചിരിക്കുന്നു. നിങ്ങൾ ഇങ്ങനെ പരിശ്രമിക്കുമ്പോൾ, നന്മയുടെ ഉന്നതനിലയും നാട്ടുന്നവരാകും. അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കുമ്പോഴാണ് ഇതുണ്ടാകുന്നത്. അതുകൊണ്ട് ഈ ദിനങ്ങളിൽ അല്ലാഹുവിനോടുള്ള ഭയത്തോടുകൂടി, തഖ്വയിൽ പദമൂന്നിക്കൊണ്ട്, അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട്, അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട്, അവനിൽനിന്ന് സഹായം തേടിക്കൊണ്ട് തഖ്വയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുക. ഒരു നല്ല മുസ്ലിം എന്ന നിലയിൽ, അല്ലാഹു നിങ്ങളിലിട്ടിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റുന്നവരായിത്തീരുക.

ഇക്കാലത്തെ ഇമാമിന്റെ ജമാഅത്തിൽ ചേർന്ന അഹ്മദികളായ നമ്മൾ വളരെ ഭാഗ്യവാന്മാരാണ്. നാം നബി(സ) തിരുമേനിയുടെ പ്രവചനത്തെ പൂർത്തിയാക്കിയവരായിത്തീർന്നിരിക്കുന്നു. എന്റെ മഹ്ദി വെളിപ്പെട്ടാൽ അദ്ദേഹത്തെ വിശ്വസിക്കണമെന്ന നബി(സ) തിരുമേനിയുടെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരായി നാം തീർന്നിരിക്കുന്നു. മഞ്ഞുകട്ടയുടെ മുകളിലൂടെ ഇഴഞ്ഞുപോകേണ്ടി വന്നാലും പോകണമെന്നും എന്റെ സലാം എത്തിക്കണമെന്നും അവിടന്ന് അരുൾചെയ്തിരുന്നു. അതുകൊണ്ട് അഹ്മദിയായതിൽ നിങ്ങൾ അഭിമാനിക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെ എല്ലാ പ്രവചനങ്ങളിലും അവിടത്തെ എല്ലാ കല്പനകളിലും വിശ്വസിക്കുന്നവരാണ് നിങ്ങൾ. എന്നാൽ, നിങ്ങൾ നബി (സ) തിരുമേനിയുടെ സത്യവാനായ പ്രേമിയുടെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ഈമാൻ പൂർണ്ണമാകുന്നത്. അത് അവിടന്ന് വിശുദ്ധഖുർആനും നബി(സ) തിരുമേനിയുടെ സുന്നത്തും ശരിയായനിലയിൽ മനസ്സിലാക്കിക്കൊണ്ടാണ് നമുക്ക് നല്കിയിട്ടുള്ളത്. ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെക്കാളധികം ഖുർആനും സുന്നത്തും മനസ്സിലാക്കിയിട്ടുള്ള വേറെ ആരുംതന്നെയില്ല. കാരണം നീതിമാനായ വിധികർത്താവാണ് അദ്ദേഹമെന്ന് പറഞ്ഞുകൊണ്ട് നബി (സ) തിരുമേനി ഇദ്ദേഹത്തിനുതന്നെയാണ് ഏറ്റവും കൂടുതൽ ഖുർആന്റേയും സുന്നത്തിന്റേയും അറിവും ജ്ഞാനവും ഉള്ളതെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും കാര്യത്തെക്കുറിച്ച് ഈ വ്യക്തി വിശദീകരണം നല്കിയാൽ അതുതന്നെയായിരിക്കും ശരിയായിട്ടുള്ളതും. ഏതൊരു അദ്ധ്യാപനമാണോ ഈ വ്യക്തി നിങ്ങളിൽ നടപ്പിൽ വരുത്തുന്നത് അതുതന്നെയായിരിക്കും നിങ്ങളെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നത്. ഞാനോതിയ വചനത്തിൽ അല്ലാഹുവിനെ ഭയപ്പെടാനും, സത്യസന്ധരിൽ ഉൾപ്പെട്ടവരാകാനും അല്ലാഹു ഉപദേശിക്കുന്നു. (9:119) നബി(സ) തിരുമേനിയ്ക്കുശേഷം അവിടത്തെ സത്യവാനായ ദാസൻതന്നെയാണ് ഏറ്റവും വലിയ സത്യവാൻ. നിങ്ങൾ ഇന്ന് ആ സത്യവാനുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു. ഇനി ആ ബന്ധത്തെ ഏറ്റവും കൂടുതൽ ശക്തമാക്കിത്തീർക്കുക. അവിടന്ന് എത്തരം ജമാഅത്ത് സൃഷ്ടിച്ചെടുക്കാനാണോ ആഗ്രഹിച്ചിരുന്നത് അതേ ജമാഅത്തായിത്തീരാൻ ശ്രമിക്കുക. നിങ്ങൾ ഞങ്ങളെ മുസ്ലിമായിട്ട് മനസ്സിലാക്കിയാലും ഇല്ലെങ്കിലും ഞങ്ങൾക്കൊരു പ്രശ്നവുമില്ലെന്ന് ലോകത്തോട് വിളിച്ചുപറയുക. ഞങ്ങൾ നബി(സ) തിരുമേനിയുടെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഈ സത്യവാനെ പ്രാപിക്കുകയും ആ മഹാത്മാവിന്റെ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. ഇസ്ലാമിന്റെ ഭാവിചരിത്രം നിർമ്മിക്കേണ്ടത് ഇനി നമ്മൾതന്നെയാണ്. ഇൻശാഅല്ലാഹ്. അതുകൊണ്ട് നബി(സ) തിരുമേനിയെ ഏറ്റവുമധികം സ്നേഹിക്കുന്ന സത്യവാനായ വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് നിങ്ങളുടെ ഇഹലോകവും പരലോകവും ഒരുക്കിയെടുക്കാൻ നിങ്ങളേയും ഞങ്ങൾ ക്ഷണിക്കുകയാണ്. പക്ഷേ, ഈ വാദത്തോടുകൂടി ലോകരെ നിങ്ങളിലേക്കു ക്ഷണിക്കുമ്പോൾ, നിങ്ങളിലേക്കും ദൃഷ്ടി പതിപ്പിക്കേണ്ടതായിവരും; നാം നമ്മളിൽ എന്തുമാറ്റമാണ് ഉണ്ടാക്കിയത്? ഇക്കാലത്തെ മസീഹിനേയും മഹ്ദിയേയും, ഏറ്റവും വലിയ സത്യവാനേയും വിശ്വസിച്ചുകൊണ്ട് നമ്മുടെ സ്വന്തം മാതൃകയെന്താണ്? നമ്മുടെ സ്വന്തം തഖ്വയുടെ നിലവാരമെന്താണ്? ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കിയ പാഠമെന്താണ്? നമ്മളിൽനിന്ന് എന്തെല്ലാ

മാണ് അവിടന്ന് പ്രതീക്ഷിക്കുന്നത്? നമ്മൾ എത്രത്തോളം അതനുസരിച്ച് പ്രവർത്തിക്കുന്നു? എന്നതെല്ലാം പരിശോധനാവിധേയമാക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി വായിച്ചുകൊണ്ട് ചില കാര്യങ്ങൾ ഇപ്പോൾ ഞാൻ ചുരുക്കി വിവരിച്ചുതരാം. ഇതിൽനിന്ന് നമ്മളിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പ്രതീക്ഷിക്കുന്നതെന്തെന്നും എന്തു പാഠമാണ് അവിടന്ന് നമുക്കു തരുന്നതെന്നും മനസ്സിലാകുന്നതാണ്.

അവിടന്ന് പറയുന്നു: എന്റെ പ്രിയപ്പെട്ടവരേ, അനാദരവോടെ അല്ലാഹുവിന്റെ കല്പനകളെ നോക്കരുത്. ഇന്നത്തെ തത്ത്വചിന്തകളുടെ സ്വാധീനം നിങ്ങളിലുണ്ടാകരുത്. ഒരു കുട്ടിയെപോലെ അവന്റെ കല്പനകൾക്ക് വിധേയരായി നടക്കുക. നമസ്കരിക്കുക. അത് എല്ലാ സൗഭാഗ്യങ്ങളുടേയും താക്കോലാണ്. നിങ്ങൾ നിസ്കാരത്തിനായി നില്ക്കുമ്പോൾ ഒരു ചടങ്ങെന്നപോലെ നിങ്ങളതിനെ അനുഷ്ഠിക്കരുത്. നിസ്കാരത്തിനുമുമ്പേ ബാഹ്യമായി വുളു എടുക്കുന്നതുപോലെ ആന്തരികമായ ഒരു വുളുവും എടുക്കുക. നിങ്ങളുടെ അവയവങ്ങളെ അന്യദൈവഭാവനകളിൽനിന്ന് കഴുകി വൃത്തിയാക്കുക. അങ്ങനെ ഈ രണ്ട് വുളുവോടുകൂടി എഴുന്നേറ്റു നില്ക്കുകയും നിസ്കാരത്തിൽ ഒരുപാട് പ്രാർത്ഥിക്കുകയും ചെയ്യുക. കരയുകയും താഴ്മയായി യാചിക്കുകയും ചെയ്യുന്നത് നിങ്ങളുടെ ശീലമാക്കിത്തീർക്കുക- നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി. വീണ്ടും പറഞ്ഞു: സത്യം സ്വായത്തമാക്കുക, സത്യം സ്വായത്തമാക്കുക. നിങ്ങളുടെ ഹൃദയമെങ്ങനെയാണെന്ന് അവൻ നോക്കിക്കൊണ്ടിരിക്കുന്നു. അവനേയും വഞ്ചിക്കാൻ മനുഷ്യന് കഴിയുമോ?

വീണ്ടും അവിടന്ന് പറയുന്നു: "പരസ്പരമുള്ള പിശുക്കും കുശുമ്പും അസൂയയും വിദ്വേഷവും ഉപേക്ഷിച്ചുകൊള്ളുക. നിങ്ങൾ ഒന്നായിത്തീരുക. വിശുദ്ധഖുർആനിലെ വലിയ കല്പനകൾ രണ്ടെണ്ണം മാത്രമാണ്. ഒന്ന് ആദരണീയനായ അല്ലാഹുവിന്റെ തൗഹീദിൽ വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുക. രണ്ടാമത്തേത് മനുഷ്യകുലത്തോടുള്ള സഹതാപം."

ഇതാണ് ഇക്കാലത്തെ ഏറ്റവും വലിയ സത്യവാനായ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനം. ആ മഹാത്മാവിനെ വിശ്വസിച്ചുകൊണ്ട് അവിടത്തെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് ആ അദ്ധ്യാപനത്തിലൂടെ മനുഷ്യന് സ്വയം സത്യവാനാകാൻ കഴിയും. അവിടന്ന് ആദ്യം നമ്മോട് ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ചു പറഞ്ഞു. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി മുസൽമാനാകുന്നു എന്നതാണ് വാദമെങ്കിൽ, അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള നൂറുകണക്കിന് കല്പനകളിൽ ഒന്നിനെപോലും അനാദരവോടുകൂടി നോക്കാതിരിക്കുക. ഒരു കല്പനയെക്കുറിച്ചുപോലും, അതനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ പ്രശ്നമൊന്നുമില്ല എന്നു ചിന്തിക്കരുത്. ഈ കല്പനകളനുസരിച്ച് പ്രവർത്തിക്കാതെ, അതിലേതെങ്കിലും ഒന്നുപേക്ഷിച്ചാൽ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല എന്നും മറ്റൊരു സ്ഥലത്ത് അവിടന്ന് പറഞ്ഞു.

ഈ ചെറിയ ദ്വീപിൽ വസിക്കുന്നവരാണ് നിങ്ങൾ, ഇവിടത്തെ ജനങ്ങൾ ഒരുപരിധിവരെ മതങ്ങളുമായി ബന്ധമുള്ളവരാണ്. ലോകം വേഗത്തിൽ ഒന്നായിക്കൊണ്ടിരിക്കുകയാണ്. ഇവിടെയും അന്യരായ ആളുകൾ വരാനും പോകാനും തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായി ഇവിടെയുള്ളവർ മതത്തിൽനിന്ന് അകന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനുവേണ്ടി പുതിയ തലമുറയിലെ യുവാക്കളും യുവതികളും വിദേശരാജ്യങ്ങളിൽ പോകുന്നു. അങ്ങനെ വിവിധ തത്ത്വചിന്തകളും വീക്ഷണങ്ങളും അവർ കേൾക്കുന്നു. അവരെ ദൈവത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നവയും. ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നവയുമാണ് അതെല്ലാം. അതുകൊണ്ട് ഓർമ്മിക്കുക, അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന അത്തരം വീക്ഷണങ്ങളിൽനിന്നും ചിന്തകളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളിൽനിന്ന് അത്തരം ചിന്തകളെ തടയാനുള്ള തെളിവുകൾ നിങ്ങൾക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് അപകർഷതാബോധത്തിന്നിരയാവേണ്ട ഒരാവശ്യവുമില്ല.

അവിടന്ന് പറയുന്നു: ഒരു ചെറിയകുട്ടി തന്റെ മാതാപിതാക്കൾ പറയുന്നത് അനുസരിക്കുന്നതുപോലെ, നിങ്ങളും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക. എന്നാൽ, ഈ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ, വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും അത് മനസ്സിലാക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടിവരുമെന്ന കാര്യം ഓർത്തുകൊള്ളുക. നന്മകൾ സ്വായത്തമാക്കുന്നതിന് അല്ലാഹുവിന്റെ ഗ്രന്ഥം വായിക്കേണ്ടിവരും, അവന്റെ അനുഗ്രഹങ്ങളും സ്വരുകൂട്ടേണ്ടിവരും. അവന്റെ അനുഗ്രഹങ്ങൾ ശേഖരിക്കുന്നതിന് ഏറ്റവും ഉത്തമമായ മാർഗ്ഗം നിസ്കാരമാണ്. അതുകൊണ്ട് നിസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. നിസ്കാരം താൽക്കാലികാവേശം കൊണ്ടോ, ആരെയെങ്കിലും കാണിക്കുന്നതിനുവേണ്ടിയോ ആയിരിക്കരുത്.

പള്ളികൾ ഈയിടെ നിറഞ്ഞിരിക്കുന്നത് ഞാൻ കാണുന്നതുപോലെ, നിങ്ങളുടെ എല്ലാ പള്ളിയും നിറയേണ്ടതാണ്. എപ്പോഴും അവ നിറഞ്ഞിരിക്കുന്നതായിത്തീരട്ടെ.

ഇവിടെ കണ്ട ഒരു കാര്യം എനിക്ക് വളരെ നല്ലതായി തോന്നി. അതായത്, നിങ്ങൾ പള്ളികൾ നിർമ്മിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തിയിരിക്കുന്നു. ചെറിയ ചെറിയ സ്ഥലങ്ങളിൽ മനോഹരമായ പള്ളികൾ

നിർമ്മിച്ചിരിക്കുന്നു. എന്നാൽ, ഈ പള്ളികളെ, നല്ല വരും പരിശുദ്ധരുമായ ആളുകളെക്കൊണ്ട് നിറയ്ക്കുകയും വേണം. കെട്ടിടങ്ങൾ നിർമ്മിക്കുക എന്നത് നമ്മുടെ ലക്ഷ്യമല്ല. പരമകാരുണികന്റെ ദാസരെ (ഇബാദുർറഹ്മാൻ) സൃഷ്ടിക്കുകയാണ് നമ്മുടെ ഉദ്ദേശ്യം.

നിസ്കരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. എന്നാൽ, അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ ഉണ്ടാകുംവിധം നിസ്കാരത്തിലേക്ക് വരാനും അവിടന്ന് പറഞ്ഞിട്ടുണ്ട്. ഭൗതികമായ ചിന്തകളും, കച്ചവടചിന്തകളുമെല്ലാം പൂർണ്ണമായും മനസ്സിൽനിന്ന് അകറ്റേണ്ടതാണ്. ഇങ്ങനെ നിഷ്കളങ്കരായി നിസ്കരിക്കുമ്പോൾ അല്ലാഹു നിങ്ങളുടെ മേൽ കരുണചൊരിയുന്നതാണ്. ഈ ആരാധനകളോടൊപ്പമുള്ള മറ്റൊരു കാര്യമാണ് നിങ്ങളുടെ കർമ്മങ്ങൾ. ഈ കർമ്മങ്ങളിലും നിങ്ങളുടെ നന്മ വെളിപ്പെടേണ്ടതാണ്. അതുകൊണ്ട് ഈ നില കരസ്ഥമാക്കാൻ നിങ്ങളുടെ ഓരോ കർമ്മങ്ങളിൽ നിന്നും വാക്കുകളിൽനിന്നും സത്യത പ്രകടമാകണം. ഒരിക്കലും ചതിയോ വഞ്ചനയോ നിങ്ങളുടെ ഒരു കർമ്മങ്ങളിൽനിന്നും പുറത്തുവരരുത്. കാരണം, നിങ്ങൾ പറയുന്ന കാര്യങ്ങളിൽ കളവും, തെറ്റായ വിവരങ്ങളും ഉണ്ടെങ്കിൽ അവ ശിർക്കിലേക്ക് കൊണ്ടുപോകുന്ന കാര്യമാണ്. അതുകൊണ്ട് ശിർക്കിൽനിന്ന് രക്ഷപ്പെടുന്നതിനായി നിങ്ങളെത്തന്നെയും നിങ്ങളുടെ മക്കളേയും കളവിൽനിന്ന് പരിശുദ്ധരാക്കേണ്ടിവരും.

അവിടന്ന് പറയുകയുണ്ടായി, അല്ലാഹുവിന്റെ രണ്ട് വലിയ കല്പനകളുണ്ട്. അതെപ്പോഴും നിങ്ങളുടെ മുന്നിൽവയ്ക്കുക. ഒന്ന്, അവന്റെ ഏകത്വം അംഗീകരിക്കുകയും അവനോടുള്ള സ്നേഹം മനസ്സിൽ നിലനാട്ടുകയും ചെയ്യുക. അതിനേക്കാളുപരി ആരോടും സ്നേഹമുണ്ടാകരുത്. ഈ സ്നേഹം നിങ്ങളോട് പറയും, അവന്റെ എല്ലാ കല്പനകളും പാലിക്കണമെന്ന്. രണ്ടാമത്തേത്, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹതാപമാണ്. ഒരു സഹോദരനേയും ഒരുവിധത്തിലും വിഷമിപ്പിക്കരുത്. എന്നല്ല, പരസ്പരം സഹായികളാകണം. ഈ രണ്ട് കാര്യങ്ങളും അവർ ചെയ്യുന്നില്ലെങ്കിൽ, ഇക്കാലത്തെ ഇമാമിന് ബയ്അത്ത് ചെയ്തുവെന്നും അദ്ദേഹവുമായി ബന്ധം വയ്ക്കുന്നുവെന്നുമുള്ള വാദം വെറും പറച്ചിൽ മാത്രമാണ്.

ഓരോ അഹ്മദിയും ഹസ്റത്ത് മസീഹ് മൗഊദ് (അ), വേദനയോടെ പറഞ്ഞ ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരേണ്ടതാണ്.

ഇതു സംബന്ധമായി മറ്റൊരു കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ഇന്ന് നാം സൗഭാഗ്യവാന്മാരാണ്. അല്ലാഹുതആല ആധുനികമായ കണ്ടുപിടിത്തങ്ങൾ മുഖേന, ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽതന്നെ ഓരോ സ്ഥലത്തും എത്തിക്കാനുള്ള അവസരം നല്കിയിരിക്കുന്നു. അതുകൊണ്ട് ഇതിനേയും പ്രയോജനപ്പെടുത്തുക. എം.ടി.എ. മുഖേന അല്ലാഹു നമുക്ക് നല്കിയിരിക്കുന്ന നിഅ്മത്തുകൾ, അതിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന എല്ലാ പരിപാടികളും കാണുക. പ്രത്യേകിച്ച് ഖുത്ബ ജുമുഅ കാണുന്ന ശീലം തീർച്ചയായും ഉണ്ടാക്കുക. കാരണം, ഞാനുമായി കൂടിക്കാഴ്ച നടത്തിയവരിൽനിന്ന് ഞാൻ വിലയിരുത്തിയതനുസരിച്ച്, ഇവിടെവന്ന വലിയൊരുവിഭാഗം ആളുകൾ എം.ടി.എ പ്രയോജനപ്പെടുത്തുന്നില്ല എന്ന് മനസ്സിലായിരിക്കുന്നു. ഇക്കാര്യത്തിലേക്ക് ജമാഅത്തും പോഷകസംഘടനകളും ശ്രദ്ധിക്കുക. എത്രപേർ എം.ടി.എ പ്രയോജനപ്പെടുത്തുന്നു എന്ന് പരിശോധിക്കുക. ഇത് ജമാഅത്തിന് പ്രയോജനപ്പെടുത്താൻ എന്താണ് ചെയ്യാൻ കഴിയുക എന്നും ആലോചിക്കുക. കാരണം എത്രത്തോളം അധികം, മതത്തിൽ നിന്ന് ജനങ്ങളെ അകറ്റിക്കൊണ്ടുപോകാനുള്ള താൽപര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവോ, അത്രയധികം നാം ഇക്കാര്യത്തിൽ പരിശ്രമിക്കേണ്ട ആവശ്യമുണ്ട്.

ലോകത്തിന്റെ അഴുക്കുകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനോടൊപ്പം ഈ ദിനങ്ങളിൽ ഞാൻ പറഞ്ഞതുപോലെ നിസ്കാരങ്ങളിലും പ്രാർത്ഥനകളിലും പ്രത്യേകമായ ശ്രദ്ധ ഉണ്ടാക്കുക. അല്ലാഹുവിലേക്കു ക്ഷണിച്ചുകൊണ്ടുള്ള കൂടുതൽ കൂടുതൽ പ്രോഗ്രാമുകൾ ശ്രദ്ധയോടുകൂടി കേൾക്കുക.

ഈ ദിനങ്ങളിൽ പരസ്പരം പരിചയപെടുന്നതിലേക്കും ആശ്ലേഷണം ചെയ്യുന്നതിലേക്കും സ്നേഹവും സന്തോഷവും പരത്തുന്നതിലേക്കും പ്രത്യേകം ശ്രദ്ധിക്കുക. കാരണം നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഈ സമ്മേളനാവസരം, സ്നേഹം വിതറുന്നതിന് കൂടുതൽ പറ്റിയതാണ്. എല്ലാതരം ഉന്നതമായ സ്വഭാവവും സ്വായത്തമാക്കുന്നതിന് പരിശ്രമിക്കുക. ഈ പരിവർത്തനം ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക- അഹ്മദി ആരാധനാകർമ്മങ്ങളിലും സ്വഭാവങ്ങളിലും ഉന്നതരാണെന്ന് നമ്മുടെ ചുറ്റുപാടുമുള്ളവർ കാണുന്നതിനുവേണ്ടി. അഹ്മദിയും മറ്റുള്ളവരും തമ്മിൽ വ്യക്തമായ ഒരു വ്യത്യാസമുണ്ട്. നിങ്ങളുടെ ഈ നിശബ്ദമായ കർമ്മവും നിശബ്ദമായി തബ്ലീഗ് ചെയ്യുന്നുണ്ടാകും. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ സമ്മേളനം അസംഖ്യം അനുഗ്രഹങ്ങൾക്കും കാരുണ്യങ്ങൾക്കും കാരണമായിത്തീരട്ടെ. നിങ്ങളിലോരോരുത്തരും ഈ അനുഗൃഹീത ജൽസയിൽനിന്ന് ഒരുപാട് ഫലമെടുക്കുന്നവരായിത്തീരട്ടെ. *(2.12.2005)*

●

നസീമ. പി.പി

# ഇസ്‌ലാമിലെ ഖലീഫമാരും നഷ്ടപ്പെട്ട ഉത്തമ നാഗരികതയും

ദൈവത്തെ അറിഞ്ഞാരാധിക്കുകയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം എന്ന ഖുർആനിക നിബന്ധനപ്രകാരം മനുഷ്യസമൂഹത്തെ നന്മയുടെ പാതയിലേക്കും ലക്ഷ്യപ്രാപ്തിയിലേക്കും നയിക്കുവാൻ നബിമാർ അവതീർണ്ണരാകുന്നു. ആ ലക്ഷ്യപൂർത്തീകരണത്തിന് അല്ലാഹു നൽകിയ മാർഗ്ഗമാണ് അൽ ഇസ്‌ലാം. പരിപൂർണ്ണ കീഴ്‌വണക്കം. ഹസ്റത്ത് ആദം (അ)മിൽ തുടങ്ങി പ്രവാചകശ്രേഷ്ഠനും കാമിലെ ഇൻസാനുമായ മുഹമ്മദ് മുസ്തഫ(സ)യിൽ ഇത് പരിപൂർണ്ണമാക്കപ്പെടുന്നു. ഒരു പ്രവാചകൻ തന്റെ ജനതയ്ക്ക് കാഴ്ചവെക്കുന്ന ജീവിതപദ്ധതികളും സാന്മാർഗ്ഗികപാഠങ്ങളും ജനങ്ങളിൽ പരിപൂർത്തിയാക്കുവാൻ അവരെ തുടർന്ന് ഖലീഫമാർ എഴുന്നേല്പിക്കപ്പെടുന്നു. അത് പ്രകാരം മുസ്‌ലിംസമൂഹത്തെ റസൂൽ(സ) തിരുമേനി കാണിച്ചുകൊടുത്ത പാതയിലൂടെ നയിച്ച മാതൃകാപുരുഷന്മാരായിരുന്നു അൽഖുലഫാഉർറാശിദീൻ എന്നറിയപ്പെടുന്ന ഇസ്‌ലാമിലെ ആദ്യ നാല് ഖലീഫമാർ.

ഖുറൈശിവംശജനായ അബൂഖുഹാഫയുടെയും സഖറിന്റെ മകളായ സൽമഉമ്മുൽഖൈറിന്റെയും മകനായി എ.ഡി. 573 മക്കയിൽ അബ്ദുൽ കഅബ് പിറന്നു. അബ്ദുൽമുത്തലിബിന്റെ പൊന്നോമനപൗത്രൻ മുഹമ്മദ് പിറന്നിട്ട് രണ്ടുവർഷം കഴിഞ്ഞതേയുണ്ടായിരുന്നുള്ളൂ. മുഹമ്മദ്(സ)ന്റെ പിതാമഹന്മാരിൽ ഒരാളായ മുർറത്തുബ്നു കത്തബിൽ അബ്ദുൽ കഅബിന്റെ വംശപരമ്പര ചെന്നുചേരുന്നു. ചെറുപ്രായത്തിലേ കൂട്ടുകാരായിരുന്ന അവർ. 'കഅബയുടെ അടിമ' എന്നർത്ഥം വരുന്ന ആ പേർ മുഹമ്മദിന് സ്വീകാര്യമായിരുന്നില്ല. ഇസ്‌ലാംമത സ്വീകരണശേഷം പ്രവാചകർ അദ്ദേഹത്തെ അബ്ദുള്ള എന്ന് വിളിച്ചു. എങ്കിലും നേരത്തെ വന്നവൻ എന്നർത്ഥമുള്ള അബൂബക്കർ എന്ന പേർ ആ കൂട്ടുകാരന് കരഗതമായി. നബിയുടെ ഏത് നിർദ്ദേശവും സത്യമായി കരുതി സ്വീകരിക്കുന്നതിനാൽ 'സിദ്ദീഖ്' എന്ന അപരനാമവും കിട്ടി.

നരകത്തിൽനിന്നുമൊഴിവാക്കപ്പെട്ടവൻ എന്ന ഒരു സുവിശേഷംകൂടി റസൂൽ(സ)നിന്നും ലഭിച്ചതിനാൽ ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) അതീഖ് എന്നുമറിയപ്പെട്ടു. വ്യാപാരിയായിരുന്ന അദ്ദേഹം സമ്പന്നനും സുസമ്മതനും സ്ഥാനമാനങ്ങൾ ഏറെയുണ്ടായിരുന്ന ആളുമായിരുന്നു. അക്കാലത്തുതന്നെ ബഹുദൈവാരാധനയോട് വെറുപ്പും പാവങ്ങളോടുള്ള കരുണയും വിശ്വസ്തതയും സത്യസന്ധതയും സൽസ്വഭാവവും കാരണമായി വിശ്രുതനുമായിരുന്നു. എല്ലാവിധ മ്ലേഛവൃത്തികളിൽ നിന്നുമകന്നുനിന്നിരുന്ന ആ പ്രിയപ്പെട്ട കൂട്ടുകാരൻ തന്റെ സുഹൃത്ത് മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നറിഞ്ഞപ്പോൾ നിറഞ്ഞ ഹൃദയത്തോടെ സ്വീകരിച്ചു. ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ ശത്രുക്കൾ സംരക്ഷണം വാഗ്ദാനം ചെയ്തത് നിരസിച്ചുകൊണ്ട് പീഡനങ്ങൾ ഏറ്റുവാങ്ങി അബ്സീനിയയിലേക്ക് പലായനം ചെയ്യേണ്ടിവന്നു. പിന്നീട് തിരിച്ചുവന്ന് റസൂൽ(സ)യുടെകൂടെ മദീനയിലേക്കുള്ള ഹിജ്റയിൽ സഹയാത്രികനാകാനുള്ള സൗഭാഗ്യവും ലഭിച്ചു. നബിയുടെ ഉപദേശങ്ങൾ ഹൃദ്യസ്ഥമാക്കി അക്ഷരംപ്രതി അനുസരിച്ചുശീലിച്ച അബൂബക്കറിന്റെ ഖുർആൻപാരായണം എന്നും തേങ്ങലിലാണവസാനിക്കുക. അത് കാണുവാൻ സ്ത്രീകളും കുട്ടികളും അബൂബക്കറിന്റെ വീട്ടിനുവെളിയിൽ തടിച്ചുകൂടും. മധുരവും ആർദ്രവുമായ ആ ഖുർആൻ പാരായണം അവരെ ആകർഷിക്കുന്നു എന്ന് മനസ്സിലാക്കിയ ഖുറൈശികൾ വീട്ടിനുചുറ്റും വേലികെട്ടി മറച്ചുകളഞ്ഞു! എത്രയോ അടിമകളെ അദ്ദേഹം വിലക്കുവാങ്ങി സ്വതന്ത്രരാക്കിയിരിക്കുന്നു. നബി(സ) ഏതൊരു പദ്ധതി മുമ്പോട്ടുവെച്ചാലും തനിക്കുള്ളതെല്ലാം ആ സന്നിധിയിൽ സമർപ്പിക്കുംവരെ അദ്ദേഹത്തിനു ശാന്തികിട്ടിയിരുന്നില്ല. തനിക്ക് അല്ലാഹുവും റസൂലും ധാരാളമാണെന്ന മട്ട് സമ്പത്തു മാത്രമല്ല ശരീരംകൊണ്ടും ധാരാളം ത്യാഗങ്ങൾ നാട്ടിലെ അശരണർക്കുവേണ്ടി അദ്ദേഹം ചെയ്യുമായിരുന്നു. ഇസ്‌ലാം സ്വീകരിക്കുമ്പോൾ 40,000 ദീനാറിന്റെ ഉടമസ്ഥനായിരുന്ന സിദ്ദീഖ്(റ) മരിക്കുമ്പോൾ ഒരു വെള്ളിനാണയംപോലും മിച്ചമില്ലാത്തവിധം ത്യാഗിയായിരുന്നു.

പ്രവാചകപ്രഭുവിന്റെ വിയോഗത്താൽ ചഞ്ചലചിത്തരായി തേങ്ങിക്കരയുകയും ഇനിയെന്ത് എന്ന് പതറുകയും ചെയ്ത് സഹാബാക്കൾ ഇരുന്നപ്പോൾ തന്റെ പ്രിയഗുരുവിന്റെ മുഖം ഒന്നുദർശിച്ചശേഷം മിമ്പറിൽ കയറി അബൂബക്കർ(റ) പറഞ്ഞു: ***വമാ മുഹമ്മദുൻ ഇല്ലാ റസൂലിൻ കദ്ഖലത് മിൻ ഖബ്‌ലിഹിർറുസുൽ*** ജനങ്ങളേ നിങ്ങളിലാരെങ്കിലും മുഹമ്മദിന് ഇബാദത്ത് ചെയ്യുന്നെങ്കിൽ അറിയുക അദ്ദേഹം മരിച്ചുപോയി. നിങ്ങൾ അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അവന് മരണമില്ല. അവനെന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. ഇതുകേട്ട് ഉമർ(റ) പറഞ്ഞു. അബൂബക്കർ(റ) ആ ആയത്ത് ഓതിയപ്പോൾ മാത്രമാണ് ഖുർആനിൽ അങ്ങനെ ഒരായത്ത് ഉണ്ടെന്ന് ഞങ്ങൾക്ക് ഓർമ്മവന്നത്.

ഇനി ആര് എന്ന ചോദ്യവുമായ് മുഹാജിറുകളും അൻസാരികളും ബനീസാഇയിൽ ഒന്നിച്ചുകൂടി. ഖലീഫാ തങ്ങളിൽനിന്നാവണമെന്ന് ഇരുകൂട്ടരും ആഗ്രഹിച്ചു. ഖസ്റജ്ഗോത്രക്കാരൻ സഅദിബ്നു ഉബാദ(റ)നെ

അൻസാരികൾ കണ്ടുവെക്കുകയും ചെയ്തു. എന്നാൽ രണ്ടു വിഭാഗക്കാരിൽനിന്നും ഓരോ ഖലീഫ ആകാമെന്നും ചിലർ വാദിച്ചു. അബൂ ഉബൈദ(റ) നേയും ഉമർ(റ)നേയുംകൂട്ടി അബൂബക്കർ(റ) അവിടെ എത്തി. ആകെ ബഹളമയം. ഇസ്ലാമിന്റെ ഐക്യ ശക്തി നബി(സ)യുടെ വഫാത്തോടെ തകരുമോ എന്ന് എല്ലാവരും ഭയപ്പെട്ടു. പ്രസ്തുത സന്ദർഭത്തിൽ അബൂബക്കർ(റ) എഴുന്നേറ്റ് കാര്യമാത്രപ്രസക്തമായ പ്രഭാഷണം നടത്തി. അൻസാരികളുടെ ത്യാഗവും ഇസ്ലാമിനും പ്രവാചകനും അവർ ചെയ്ത സഹായങ്ങളും ഊന്നിപ്പറഞ്ഞു. മുഹാജിരീങ്ങൾ അനുഭവിച്ച കഷ്ടതകളും സഹനവും നേതൃസ്ഥാനത്തിന് ഖുറൈശികൾക്കാണ് മുൻഗണന എന്ന് വിവക്ഷിക്കുന്ന ഖുർആനിക പരാമർശങ്ങളും വിവരിച്ചു. ഔസ്, ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ ഇസ്ലാമിനു മുമ്പുണ്ടായിരുന്ന പകയും വൈര്യവും അവരിലൊരാൾ ഖലീഫയായാൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള കുഴപ്പങ്ങളും സൂചിപ്പിച്ചശേഷം ഇങ്ങനെ പറഞ്ഞു. ഖുറൈശികളിലൊരാളെ അല്ലാതെ അറബികൾ നേതാവായി സ്വീകരിക്കയില്ല. അവരിലേറ്റവും അർഹതയുള്ള രണ്ട് വ്യക്തികൾ ഉമർ(റ)യും അബൂഉബൈദ(റ)യും നമ്മോടൊപ്പമുണ്ട്. നിങ്ങൾ അവരിലൊരാൾക്കു ബൈഅത്ത് ചെയ്യുക. ഈ പ്രഭാഷണത്തോടെ പ്രശ്നപരിഹാരത്തിനുള്ള വഴി തുറന്നതായും കുഴപ്പമവസാനിപ്പിച്ചതായും മുസ്ലിംകൾക്കനുഭവപ്പെട്ടു. പ്രസംഗം തീർന്നതും ഉമർ(റ) അബൂബക്കർ സിദ്ദീഖ്(റ)നെ നോക്കിപ്പറഞ്ഞു മുസ്ലിംകൾക്ക് ഇമാമായി നമസ്കരിക്കുവാൻ പ്രവാചക(സ) താങ്കളോടാണാവശ്യപ്പെട്ടത്. അല്ലാഹുവും അവന്റെ റസൂലും ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തിയെ തന്നെ ഞങ്ങൾ ഖലീഫയാക്കട്ടെ. എന്റെ ബൈഅത്ത് സ്വീകരിക്കുക. ഉടനെ ഖസ്റജ്ഗോത്രക്കാരനായ ബശീറുബ്നുസഅദ്(റ) കൈപിടിച്ച് ബൈഅത്ത് ചെയ്തു. തുടർന്ന് അവിടെകൂടിയ എല്ലാവരും ഏകകണ്ഠരായി ബൈഅത്ത് ചെയ്തു.

പിറ്റേദിവസം പള്ളിയിൽവെച്ച് ബാക്കിയെല്ലാ മുസ്ലിംകളും നിറഞ്ഞഹൃദയത്തോടെ അബൂബക്കർ(റ)ന് ബൈഅത്ത് ചെയ്തു. പിന്നീട് അദ്ദേഹം മുസ്ലിംകളോട് ഒരു ചെറുപ്രസംഗം നടത്തി. ജനങ്ങളേ ഞാൻ നിങ്ങളിൽ കൂടുതൽ ഉത്തമനല്ല എങ്കിലും നിങ്ങളുടെ ഭരണച്ചുമതല എന്നിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. ഞാൻ നന്മ പ്രവൃത്തിക്കുമ്പോൾ എന്നെ പിൻപറ്റുക. തിന്മയിലാണെങ്കിൽ നിങ്ങൾ എന്നെ നേരെയാക്കുക. സത്യം അമാനത്താണ്. കളവ് വഞ്ചനയും. നിങ്ങളിൽ ശക്തൻ ഒരുവനിൽനിന്നും ലഭിക്കേണ്ട അവകാശങ്ങൾ പിടിച്ചെടുക്കുംവരെ എന്റെ മുമ്പിൽ ദുർബലനാണ്. നിങ്ങളിൽ ദുർബലൻ അവന് ലഭിക്കേണ്ടുന്ന അവകാശങ്ങൾ പിടിച്ചെടുത്ത് നൽകുംവരെ എന്റെ മുമ്പിൽ ശക്തനുമായിരിക്കും. ഒരു ജനത അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സമരം വേണ്ടെന്ന് വെക്കുകയാണെങ്കിൽ അവരുടെമേൽ നിന്ദ്യത മുദ്രണം ചെയ്യപ്പെട്ടിരിക്കുകയില്ല. ഒരു ജനതയിൽ മ്ലേഛവൃത്തികൾ വ്യാപിക്കുകയാണെങ്കിൽ അല്ലാഹു ആപത്തുകൾ കൊണ്ടവരെ പൊതിയാതിരിക്കുകയില്ല. ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനേയും അനുസരിക്കും കാലത്തോളം നിങ്ങളെന്നെ അനുസരിക്കുക. ധിക്കരിച്ചാൽ നിങ്ങൾക്കെന്നെ അനുസരിക്കാൻ ബാധ്യതയില്ല. ഖിലാഫത്ത് ഏറ്റെടുത്ത ഉടനെ ഹസ്റത്ത് അബൂബക്കർ(റ)ന് ധാരാളം ആഭ്യന്തരകുഴപ്പങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഇസ്ലാം അറേബ്യ മുഴുവൻ വ്യാപിച്ചിരുന്നെങ്കിലും പുതുമുസ്ലിംകളുടെ ഹൃദയത്തിൽ വിശ്വാസം ആഴത്തിൽ വേരോടുകയോ ഇസ്ലാംമതപാഠങ്ങൾ മനസ്സിലാക്കുകയോ ചെയ്തിരുന്നില്ല. തിരുനബിയുടെ വിയോഗമറിഞ്ഞ് തക്കം പാർത്തിരുന്ന കപടവിശ്വാസികൾ സർവ്വത്ര കുഴപ്പം സൃഷ്ടിച്ചു. സമ്പത്തും സ്ഥാനവും മോഹിച്ചെടുത്ത് കൂടിയവർ. ഖുറൈശി ഖലീഫയായതിനാൽ ഇനി നേട്ടങ്ങളൊക്കെ ഖുറൈശികൾക്കു മാത്രമെന്ന് കരുതി പിൻതിരിഞ്ഞു തുടങ്ങി. ഗോത്രവിഭാഗങ്ങളിൽ പഴയ സ്പർദ്ധകൾ തലയുയർത്തി. സർവ്വത്ര കള്ളപ്രവാചകവാദികൾ തലപൊക്കി. സക്കാത്ത് ബാധ്യതയിൽ നിന്നൊഴിയാൻ മറ്റൊരുകൂട്ടർ. അതിർത്തികളിൽ റോമൻ, പേർഷ്യൻ രാഷ്ട്രങ്ങളും മറ്റു കലാപകാരികളുടെയും വിധ്വംസകപ്രവർത്തനങ്ങൾ ഇസ്ലാമിക സാമ്രാജ്യത്തെ ശ്വാസംമുട്ടിച്ചുകൊണ്ടിരുന്നു. റസൂൽ(സ)യുടെ വഫാത്ത് സമയത്ത് ഉസാമബ്നു ഹാരിസിന്റെ നേതൃത്വത്തിൽ ഒരു സൈന്യവിഭാഗം റോമക്കാർക്കെതിരെ നീങ്ങുകയായിരുന്നു. നബി(സ)യുടെ വിയോഗം നിമിത്തമുണ്ടായ ആഭ്യന്തരകുഴപ്പങ്ങൾക്കിടയിൽ സേനാനീക്കം നിർത്തിവെക്കാൻ പ്രത്യേകിച്ചും വളരെ ചെറുപ്പക്കാരനായ ഉസാമയുടെ നേതൃത്വത്തിൻ കീഴിൽ- ഉമർ(റ)ന്റെ നേതൃത്വത്തിലുള്ള മുതിർന്ന സഹാബാക്കൾ ഒന്നടങ്കം അഭിപ്രായപ്പെട്ടു. ഇതുകേട്ട് ചാടിയെഴുന്നേറ്റ ഖലീഫ വികാരാവേശത്തോടെ ഇങ്ങനെ പറഞ്ഞു. “ഓ ഖത്താബിന്റെ മകനേ അല്ലാഹുവിന്റെ പ്രവാചകൻ നിയോഗിച്ച സൈന്യനായകനെ പിരിച്ചുവിടുകയാണ് അബൂബക്കറിന്റെ ആദ്യപ്രവൃത്തിയെന്നാണോ താങ്കൾ എന്നെ ഉപദേശിക്കുന്നത്. മദീനയിലെ മുസ്ലിംസ്ത്രീകളുടെ പാദസ്വരങ്ങൾ പട്ടികൾ കടിച്ചുവലിച്ചാലും അല്ലാഹുവിന്റെ ദൂതരുടെ തീരുമാനം മാറ്റാൻ ഞാനാളല്ല! ഖലീഫയുടെ ആവേശവും ദൃഢനിശ്ചയവും കണ്ട മുതിർന്നസഹാബാക്കൾ ഒന്നടങ്കം ഉസാമയുടെ കീഴിൽ യുദ്ധത്തിനണി നിരന്നു. കേവലം ചെറുപ്പക്കാരനായ ഉസാമയോട് പ്രത്യേക അനുമതി വാങ്ങിയിട്ടായിരുന്നു ഖലീഫ, ഉമർ(റ)നെ ഭരണകാര്യങ്ങളിൽ തന്നെ സഹായിക്കുവാൻ മദീനയിൽ നിർത്തിയത്. അബൂബക്കർ സിദ്ദീഖ്(റ)ന്റെ നയതന്ത്രവും യുക്തിയും വിജയിച്ചു. ഇത്രയും ആഭ്യന്തരപ്രശ്നങ്ങളുണ്ടായിട്ടും ഇത്രയും വലിയൊരു സൈന്യം അതിർത്തിയിലെത്തി ധീരമായി പടവെട്ടിയത് ശത്രുവിനെ തളർത്തി. ഒരു സന്നിഗ്ദ്ധഘട്ടം വന്നപ്പോൾ മുസ്ലിംകൾ ഒറ്റക്കെട്ടായി പൊരുതിജയിച്ചത് കലാപകാരികളെയും ഭയപ്പെടുത്തി. പിന്നീട് ഖലീഫ മുസ്ലിം സൈന്യത്തെ 11 വിഭാഗമാക്കി തിരിച്ചു. ഖാലിദിബ്നുവലീദ്, അംറിബ്നു ആസ്, ഇക്രിമ

ത്തുബ്നു അബൂജഹൽ, ശുദഹ്ബീൽ(റ) തുടങ്ങിയ പ്രഗത്ഭ യോദ്ധാക്കളെ സേനാനായകരാക്കി. ഇസ്ലാമിക സാമ്രാജ്യത്തിന്റെ ജൈത്രയാത്രയുടെ തുടക്കം ഇവിടെ കുറിച്ചു. പിന്നീട് ഖലീഫാതിരുമനസ്സ് സക്കാത്ത് നിഷേധികൾക്കെതിരെ തിരിഞ്ഞു. സക്കാത്ത് നൽകാൻ വിസമ്മതിക്കുന്നെങ്കിലും അവർ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരായതിനാൽ അവരോട് പൊരുതാൻ സഹാബത്ത് തയ്യാറായില്ല. എന്നാൽ നമസ്കാരംപോലെ സക്കാത്തും തുല്യപ്രാധാന്യമുള്ളതാണെന്നും ഒരാടിന്റെ കയറിനുവേണ്ടിയായാലും താൻ സമരം ചെയ്യുമെന്ന ഖലീഫയുടെ ഉറച്ചപ്രഖ്യാപനം സഹാബത്തിന്റെ കണ്ണുതുറപ്പിച്ചു. അവർ ഖലീഫയുടെ കീഴിൽ ഉറച്ചുനിന്നു. അബൂബക്കർ സിദ്ദീഖിന്റെ ആ ഉറച്ചതീരുമാനം ഒന്നുമാത്രമാണ് പ്രവാചക(സ)യുടെ വഫാത്തിനുശേഷം ഇസ്ലാമിക സമൂഹത്തെ കെട്ടുറപ്പോടെ നിലനിർത്തിയതെന്ന് അവർ ഏറ്റുപറയുകയും ചെയ്തു. പിന്നീട് ഖലീഫ കള്ളപ്രവാചകത്വവാദികളെ നേരിട്ടു. അവരിൽ പ്രധാനി നാല്പതിനായിരം അനുയായികൾ ഉണ്ടായിരുന്ന മുസൈലിമയായിരുന്നു. കൂട്ടത്തിൽ സജ്ജാഹ് എന്ന ഒരു വനിതാ പ്രവാചകയുമുണ്ടായിരുന്നു. മുസൈലിമയുമായുള്ള യുദ്ധത്തിൽ ധാരാളം ഹാഫിസ്മാർ ശഹീദാക്കപ്പെട്ടത് ഉമർ(റ)നെ ചിന്താകുലനാക്കി. അദ്ദേഹം അക്കാര്യം ഖലീഫയെ ഉണർത്തി. കയ്യിലും തോലിലും സഹാബാക്കളുടെ ഹൃദയങ്ങളിലും സൂക്ഷിക്കപ്പെട്ട ഖുർആനികസൂക്തങ്ങൾ ശേഖരിച്ച് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കുവാൻ ഖലീഫാതിരുമനസ്സ് സഇദ്ബ്നു സാബിതിനെ ചുമതലപ്പെടുത്തി. അവർ ആ ജോലി വളരെവേഗം പൂർത്തിയാക്കി. നീതിയുടെയും സമത്വത്തിന്റേയും കാരുണ്യത്തിന്റേയും തലസ്ഥാനമായി മദീനമാറി. ഇസ്ലാമികാദർശത്തിന്റെ ഉദാത്തമാതൃകകളായ സഹാബാക്കൾ ഗവർണർമാരായി നിയമിക്കപ്പെട്ടു. ശാന്തിയുടെയും സാഹോദര്യത്തിന്റേയും കുളിർത്തെന്നൽ ഇസ്ലാമിക സാമ്രാജ്യത്തിൽ ആഞ്ഞുവീശി. വിദ്യയും വിജ്ഞാനവും തഴച്ചുവളർന്നു. പ്രവാചകൻ പഠിപ്പിച്ച സമ്പൂർണ്ണ ഇസ്ലാമികാദർശങ്ങൾ രാഷ്ട്രീയസാമൂഹ്യ വ്യവസ്ഥിതിയിൽ ഖലീഫ അബൂബക്കർ(റ) നടപ്പിൽവരുത്തി. ഹിജ്റ 13-ാം വർഷം -പ്രവാചകപ്രഭുവിന്റെ വിയോഗം ഒരു തീരാവേദനയായി അബൂബക്കർ(റ)നെ ചൂഴ്ന്നുനിന്നു; ഒരു ജമാദുൽആഖിർ മാസം തിങ്കളാഴ്ച കുളിച്ചുകൊണ്ടിരിക്കേ അദ്ദേഹം പനിബാധിച്ച് അവശനിലയിലായി. അസ്വസ്ഥത കൂടിവന്നപ്പോൾ നമസ്കാരത്തിന്റെ ഇമാമത്ത് ഉമർ(റ)നെ ഏല്പിച്ചു. എങ്കിലും ഒരു ഭീതി. തിരുനബി (സ) വിയോഗാനന്തരമുണ്ടായ പ്രശ്നങ്ങൾ മനസ്സിൽ തെളിഞ്ഞു. ഒരാളെ ഖലീഫയായി നിശ്ചയിച്ചേ പറ്റൂ. ഇസ്ലാമികസാമ്രാജ്യത്തെ ഛിദ്രതയിലേക്ക് നീങ്ങാനനുവദിക്കരുത്. അദ്ദേഹം അബ്ദുറഹിമാനിബ്നു ഔഫ് (റ)നെ വിളിച്ചുവരുത്തി ചോദിച്ചു. ഉമർ എങ്ങനെ? അദ്ദേഹം പറഞ്ഞു. അല്ലാഹുവിൽ സത്യം അദ്ദേഹം ജനങ്ങളിൽ ഏറ്റവും ഉത്തമനാണ്. പക്ഷേ പാരുഷ്യമുണ്ട് അത് താങ്കൾ എന്നെ കൂടുതൽ അലിവുള്ളവനായി കാണുന്നതുകൊണ്ടാണ്. ഈ ഭരണമേല്പിച്ചാൽ അദ്ദേഹത്തിന്റെ പാരുഷ്യം ഉപേക്ഷിക്കപ്പെടും. വീണ്ടും ഉസ്മാൻ(റ)നോടും ഈ ചോദ്യം ആവർത്തിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു അല്ലാഹുവിൽ സത്യം അദ്ദേഹത്തിന്റെ രഹസ്യജീവിതം പരസ്യജീവിതത്തെക്കാൾ ഉത്തമമത്രെ. അദ്ദേഹത്തെപോൽ മറ്റൊരാൾ ഞങ്ങളുടെ കൂട്ടത്തിലില്ല. പിന്നീട് ഉബൈദ്ബ്നു ഹുളെർ(റ) സഅദിബ്നുസഈദ് തുടങ്ങി അൻസാരികളും മുഹാജിറുകളുമായ പ്രമുഖ സഹാബാക്കളോടെല്ലാം ഖലീഫ ഇക്കാര്യം ചോദിച്ചു. പിന്നീട് ഉസ്മാൻ(റ)നെ വരുത്തി ഇങ്ങനെ എഴുതിച്ചു. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ അബൂഖുഹാഫയുടെ മകൻ അബൂബക്കർ മുസ്ലിംകൾക്ക് നൽകുന്ന നിർദ്ദേശമാണിത്. ഞാൻ ഉമറിബ്നുഖത്താബിനെ നിങ്ങൾക്ക് ഖലീഫയായ് നിശ്ചയിച്ചുതന്നിരിക്കുന്നു. അദ്ദേഹത്തെ നിങ്ങൾ അനുസരിക്കുക. അല്ലാഹുവിന്റെ കാര്യത്തിലോ ദീനിന്റെ കാര്യത്തിലോ എനിക്കും നിങ്ങൾക്കും ഒരു നന്മയും ഞാൻ വേണ്ടെന്നുവെച്ചിട്ടില്ല. അതിനാൽ അദ്ദേഹം നീതി പ്രവൃത്തിക്കുകയാണെങ്കിൽ, അതാണ് എനിക്ക് അദ്ദേഹത്തെക്കുറിച്ചുള്ള അറിവും പ്രതീക്ഷയും. മറിച്ചാണെങ്കിൽ ഓരോ മനുഷ്യന് അവൻ പ്രവൃത്തിച്ചതിന്റെ പ്രതിഫലമാണ് ലഭിക്കുക. ഞാൻ നന്മ മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. അദൃശ്യകാര്യങ്ങൾ എനിക്കറിയില്ല. എഴുത്ത് മുദ്രവെച്ച് ഉസ്മാൻ(റ)നെതന്നെ ഏല്പിച്ചു. ഉസ്മാൻ(റ) കത്തിലെ വിവരം ജനങ്ങളെ അറിയിച്ചു. ജനങ്ങൾ സന്തോഷപൂർവ്വം ഉമറിനെ ഖലീഫയായ് അംഗീകരിച്ചു. രോഗം മൂർച്ഛിച്ച് 22-ന് തിങ്കളാഴ്ച മഹാനായ സിദ്ദീഖ് തന്റെ നാഥന്റെ അരികിലേക്ക് മടങ്ങി. ഉമർ(റ) ജനാസ നമസ്കാരത്തിനു നേതൃത്വം നൽകി തന്റെ പ്രിയപ്പെട്ട കൂട്ടുകാരനോടൊപ്പം ഹസ്റത്ത് ആയിശ (റ)യുടെ മുറിയിൽ ആ മയ്യത്ത് മറയടക്കപ്പെട്ടു. മഹാനായ പ്രവാചകന്റെ മഹാനായ കൂട്ടുകാരനും പിൻഗാമിയുമായി എന്നും അദ്ദേഹം ഓർമ്മിക്കപ്പെടും.

ഖുറൈശിഗോത്രത്തിലെ പേരും പെരുമയുമുള്ള ബനൂ അദിയ്യ് കുടുംബത്തിലെ ഖത്താബിന്റെയും അബൂജഹലിന്റെ സഹോദരി ഹന്തയുടെയും മകനായി എ.ഡി. 584-ൽ ഉമർ(റ) ഭൂജാതനായി. ചെറുപ്രായത്തിൽ പിതാവിന്റെ ആടുകളെ മേയ്ച്ചുനടന്ന് യുവത്വത്തിൽ നല്ലൊരു വ്യാപാരിയായി മാറി. ആരുടേയും മുഖം നോക്കാതെ സത്യം തുറന്നുപറയാനുള്ള തന്റേടവും നിശ്ചയദാർഢ്യവും ഉമറിന്റെ സഹജഗുണങ്ങളാണ്. ധീരതയുടെ പര്യായമായ ആ യുവാവ് ബുദ്ധിശക്തിയിലും ആരുടേയും പിന്നിലല്ലായിരുന്നു. മുസ്ലിംകളുടെ ബദ്ധശത്രു ചമഞ്ഞുനടന്ന ഉമർ പല ദുഷിച്ച കൂട്ടുകെട്ടും ഉണ്ടായിരുന്നെങ്കിലും ഇസ്ലാം സ്വീകരിച്ചശേഷം നീതിയുടെ പര്യായമായ അൽഫാറൂഖ് എന്ന അപരനാമത്തിൽ പ്രസിദ്ധനായി. ഇസ്ലാമിനുമുമ്പോ പിമ്പോ ഉമറിനെ കവച്ചുവെക്കുന്ന ഒരു ധീരൻ അവിടെയുണ്ടായിട്ടില്ല. ഹസ്റത്ത് അലി(റ) പറയുന്നു മുഹാജിറുകളാരുംതന്നെ ഒളിച്ചും പാത്തുമല്ലാതെ മക്ക വിട്ടിട്ടില്ല. ഉമറാകട്ടെ തന്റെ വാളും പരിച

യുമണിഞ്ഞ് വില്ലും ചുമലിൽ തൂക്കി അമ്പും വടികളും കയ്യിലെടുത്ത് കഅബ പ്രദക്ഷിണംവെച്ച് നമസ്കരിച്ചശേഷം അവിടെ കൂടിയിരുന്ന ഖുറൈശി പ്രമുഖരെ വെല്ലുവിളിച്ചുകൊണ്ടാണ് മദീനയിലേക്ക് പുറപ്പെട്ടത്. ഉമറിനെ അറിയാവുന്നവരാരും തലപൊക്കാൻ കൂടി ധൈര്യപ്പെട്ടതുമില്ല. ഇസ്‌ലാമിനെ പ്രവാചകമുഖത്തുനിന്നുതന്നെ ഹൃദിസ്ഥമാക്കിയ ഉമർ(റ) തന്റെ ബുദ്ധിശക്തികൊണ്ടും യുക്തിബോധംകൊണ്ടും അവ മറ്റുള്ളവർക്കു നിർവചിച്ചുകൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ നബി(സ) വിലമതിക്കുകയും ആ അഭിപ്രായങ്ങളെ ശരിവെച്ചുകൊണ്ടുള്ള ഖുർആനിക അദ്ധ്യാപനങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. ഉമറിന്റെ ഭരണകാലം ഇസ്‌ലാമിക സാമ്രാജ്യത്തിൽ യുദ്ധങ്ങളുടെയും വിജയങ്ങളുടെയും കാലഘട്ടമായിരുന്നു.

ശക്തിയെക്കാൾ ഇസ്‌ലാമിക ആദർശങ്ങളുടെയും നീതിനിഷ്ഠയുടെയും ആത്മീയപ്രഭാവം കാഴ്ചവെച്ച ഭരണകൂടം വിശ്വാസികളെക്കാൾ അവിശ്വാസികളെ ഇസ്‌ലാമിലേക്കാകർഷിച്ചു. സാമ്രാജ്യത്തിലെ ഐക്യവും ഭദ്രതയും നിലനിർത്തുവാൻ അറേബ്യൻ അർദ്ധദ്വീപിലെ ഭാഷ ഒന്നായതുപോൽ മതവും ഒന്നായിരിക്കണമെന്ന യുക്തി മനസ്സിലാക്കിയ ഖലീഫ ഉമർ അവിശ്വാസികളായ പ്രജകളെ തക്കതായ നഷ്ടപരിഹാരം നൽകി സിറിയ, ഇറാക്ക് എന്നിവിടങ്ങളിലേക്കു മാറ്റിപാർപ്പിച്ചു. രാജ്യത്തെ ആഭ്യന്തര സുരക്ഷിതത്വവും ജനങ്ങളുടെ ഐക്യവും ഉറപ്പാക്കി. ശൂറ അഥവാ കാര്യാലോചന സമിതിയായിരുന്നു ഭരണത്തിന്റെ അടിസ്ഥാനം. ഖുർആൻ നിർദ്ദേശിക്കുകയും നബി(സ)യും അബൂബക്കറും തുടർന്നുവരികയും ചെയ്ത ഇസ്‌ലാമിലെ ആ അടിസ്ഥാന ജനാധിപത്യ രീതി ഉപേക്ഷിക്കാതിരിക്കാൻ തന്റെ സൈനികനേതാക്കളേയും ഗവർണർമാരേയും അദ്ദേഹം ഉപദേശിച്ചിരുന്നു. പ്രമുഖരായ സഹാബാക്കളും പ്രഗത്ഭരായ പണ്ഡിതരും മദീന വിട്ടുമാറി താമസിക്കുവാൻ ഇക്കാരണത്താൽതന്നെ ഉമർ(റ) അനുവദിച്ചിരുന്നുമില്ല. സാധാരണക്കാരിൽ സാധാരണക്കാരനായ പൗരനെപോലെ ജീവിതം നയിച്ച അദ്ദേഹം നബി(സ) നിർമ്മിച്ച ഈന്തപ്പനയോല മേഞ്ഞ പള്ളിയിലിരുന്നാണ് അവസാനംവരെ വിശാലമായ ഇസ്‌ലാമികസാമ്രാജ്യം ഭരിച്ചത്. മദീനയിലെ സാധാരണപൗരനെ ബാധിക്കുന്ന ഏത് കാര്യവും ഖലീഫയേയും ബാധിച്ചിരുന്നു. ഒരിക്കൽ കഠിനമായ ക്ഷാമകാലത്ത് പോഷകാഹാരക്കുറവ് കാരണം ഖലീഫയുടെ ജീവൻതന്നെ അപകടത്തിലാകുമെന്ന് ജനങ്ങൾ ഭയപ്പെട്ടുപോയി. ക്ഷാമം മാറി ഖജനാവ് നിറഞ്ഞിട്ടും അദ്ദേഹം പഴയ ജീവിതരീതിതന്നെ തുടർന്നു. ബൈത്തുൽമാലിൽനിന്നും അദ്ദേഹത്തിന് ലഭിച്ചിരുന്ന വിഹിതം രണ്ടുജോഡി വസ്ത്രം, ഉഷ്ണകാലത്തെയും, ശൈത്യകാലത്തെയും ഹജ്ജിനോ ഉംറക്കോ പോകാൻ ഒരു വാഹനമൃഗം, പിന്നെ ഒരു സാധാരണക്കാരന്റെ ഭക്ഷണവുമാണ്. അദ്ദേഹം പറയും ബൈത്തുൽമാൽ ഒരനാഥയുടെ സമ്പത്തുപോലെയാണ് ഞാൻ കൈകാര്യം ചെയ്യുന്നത്. എനിക്ക് ഐശ്വര്യമുള്ളപ്പോൾ ഞാനതിൽനിന്നും വിട്ടുനില്ക്കും എനിക്ക് ദാരിദ്ര്യമായാൽ നീതിപോലെ മിതമായത് ഞാനും കുടുംബവും ഉപയോഗിക്കും. ഇസ്‌ലാമിലെ ആ മാതൃകാഭരണകർത്താക്കളെ ഇന്നത്തെ മുസ്‌ലിം ഭരണാധികാരികൾ പിന്തുടർന്നെങ്കിൽ ഇസ്‌ലാമികരാഷ്ട്രങ്ങൾ നന്മയുടെ വിളനിലങ്ങളായേനെ. കർക്കശവും നീതിബോധവുമുള്ള ഭരണാധികാരിയാണെങ്കിലും ജനങ്ങൾ അദ്ദേഹത്തെ പിതൃതുല്യം സ്നേഹിച്ചു. ആദ്യകാലങ്ങളിൽ യുദ്ധമുതലുകൾ എല്ലാവർക്കും പങ്കിട്ടുകൊടുക്കുകയായിരുന്നു പതിവ്. മഹത്തായ സാമ്രാജ്യങ്ങൾ കീഴടക്കപ്പെട്ടപ്പോൾ സമൃദ്ധി കുമിഞ്ഞുകൂടി അത് മുസ്‌ലിംകളെ അപകടപ്പെടുത്തുമെന്ന് മനസ്സിലാക്കിയ ഖലീഫ അവ രാഷ്ട്രപൊതുസ്വത്തായി നിലനിർത്തുകയും നിലങ്ങൾ പഴയ ഉടമകൾക്കു തന്നെ കൃഷിചെയ്യാൻ നൽകി പാട്ടവരുമാനം ഖജനാവിൽ വരവ്‌വെക്കുകയും ചെയ്തു. രാഷ്ട്രത്തിന്റെ പൊതുഖജനാവായി ബൈത്തുൽമാൽ വളർത്തുകയും രജിസ്റ്ററുകളും മറ്റും എഴുതിസൂക്ഷിച്ച് ഓഫീസ് ക്രമമുണ്ടാക്കുകയും ചെയ്തു. നാണയങ്ങൾ അടിപ്പിച്ചു. തപാൽസംവിധാനം നടപ്പിലാക്കി. അതിർത്തികാവലിന് സ്ഥിരംപട്ടാളക്യാമ്പുണ്ടാക്കി. പട്ടാളക്കാർക്ക് മാസത്തിൽ ഒരിക്കലും ഉദ്യോഗസ്ഥർക്ക് വാർഷിക ലീവും മൂന്ന്‌വർഷത്തിൽ സ്ഥലംമാറ്റവും നടപ്പിലാക്കി. നാട് മുഴുവൻ ജഡ്ജിമാരുടെ സേവനമേർപ്പെടുത്തി. ഉദ്യോഗസ്ഥർക്ക് ശമ്പളസ്കെയിലും കാലഗണനയ്ക്കായി രാജ്യത്തുടനീളം ഹിജ്റ കലണ്ടറും നടപ്പിലാക്കി. വൃദ്ധർക്കും ശിശുക്കൾക്കും അലവൻസ് ഏർപ്പെടുത്തി. നികുതികൾ, ഗുണനിലവാര പരിശോധന സമ്പ്രദായം എന്നിവ നടപ്പാക്കി. തന്റെ പ്രജകളുടെ ക്ഷേമം അന്വേഷിച്ച് രാത്രികാലങ്ങളിൽ നാടുചുറ്റി സഞ്ചരിക്കുമായിരുന്നു ആ മഹാൻ. ഖുർആനും സുന്നത്തുമായിരുന്നു ഖലീഫ ഉമറിന്റെ എല്ലാ ഭരണപരിഷ്കാരത്തിന്റേയും അടിസ്ഥാനം. ഉമറിന്റെ ഭരണകൂടം ഇന്നും വിശ്വോത്തരമായി ഗണിക്കപ്പെടുന്നതിന്റെ രഹസ്യവുമിതുതന്നെ. നന്മ വിതച്ച് നന്മ കൊയ്യുന്ന ഇസ്‌ലാമിലെ യുഗപ്രഭാവനായ ആ ഖലീഫയെ ശത്രുക്കളുടെ ഗൂഢാലോചനയുടെ ഫലമായി മുഗീറത്തുബ്നുശഅ്ബയുടെ(റ) അടിമയായ ഫൈറൂസ് അബൂലുഅ്‌ലൂഅ് ഒരു സുബഹി നമസ്കാരസമയത്ത് ആക്രമിച്ചു. മാരകമായി മുറിവേറ്റ ഖലീഫയെ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. പത്തുവർഷവും ആറുമാസവും നീണ്ടുനിന്ന ആ സുവർണ്ണാധ്യായത്തിന് ഹിജ്റ 23 ദുൽഹജ്ജ് 30 ശനിയാഴ്ച തിരശ്ശീല വീണു. തന്റെ പ്രിയപ്രവാചകനോടും ആത്മമിത്രത്തോടുമൊപ്പം ആയിശ(റ)യുടെ ഭവനത്തിൽ ആ പുണ്യദേഹം മറയടക്കപ്പെട്ടു. ഇബ്നു അബ്ബാസ്(റ) പറയുന്നു നിങ്ങൾ ഉമറിനെ കൂടുതൽ ഓർമ്മിക്കുക. അത് നിങ്ങളെ നീതിയെക്കുറിച്ചോർമ്മിപ്പിക്കും. നീതിയെക്കുറിച്ചോർക്കുമ്പോൾ നിങ്ങൾ അല്ലാഹുവിനെ ഓർക്കും.

തിരുനബി(സ) പിറന്ന് അഞ്ച് വർഷം കഴിഞ്ഞാണ് ഹിജാസിലെ ഏറ്റവും ഫലഭൂയിഷ്ഠമായ തായിഫിൽ ഖുറൈശിവംശത്തിലെ സുപ്രസിദ്ധമായ ബനൂഉമയ്യ

കുടുംബത്തിൽ സമ്പന്നതയുടെ നടുവിൽ ഹസ്റത്ത് ഉസ്മാൻ(റ) ജനിച്ചത്. ബനൂഹാശിം കുടുംബവുമായി എപ്പോഴും എല്ലാ കാര്യത്തിലും മത്സരിച്ചിരുന്നു ഇവർ. പൂർവ്വകാലം മുതൽ തുടർന്നുവന്നിരുന്ന ഈ മത്സരം കാരണം നുബൂവ്വത്ത് വാദിച്ചപ്പോൾ മുതൽ ഉസ്മാനിബ്നു അഫ്വാന്റെ പിതൃവ്യൻ ഹക്കം റസൂൽ(സ)യുടെ നിത്യദ്രോഹിയായ ശത്രുവായിമാറി. നബി(സ) നമസ്കരിക്കുമ്പോൾ പിരടിയിൽ ചവിട്ടുകയും ഒട്ടകക്കുടൽമാല ചാർത്തുകയും ചെയ്ത ഉഖ്ബ ആയിരുന്നു ഉസ്മാൻ(റ)വിന്റെ മാതാവിന്റെ രണ്ടാം ഭർത്താവ് കുടുംബം ഒന്നടങ്കം നബിക്കും ഇസ്ലാമിനുമെതിരെ പടവാളുയർത്തിയിരിക്കെ ഉസ്മാൻ(റ) സധീരം ഇസ്ലാം സ്വീകരിച്ചു. ക്ലേശംനിറഞ്ഞ ആദ്യകാലത്ത് ഉസ്മാൻ(റ)നെപ്പോലെ സമ്പന്നനും സുസമ്മതനുമായൊരാൾ ദീനിൽ വന്നത് റസൂൽ(സ)യെ വളരെ സന്തോഷിപ്പിച്ചു. കുടുംബത്തിന്റെ പീഡനങ്ങളെ ചെറുത്ത് ഉസ്മാൻ(റ) ദീനിൽ ഉറച്ചുനിന്നു. റസൂൽ(സ) തന്റെ മകൾ റുഖിയയെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു. അബൂലഹബിന്റെ മകൻ ഉത്ബ ആയിരുന്നു അവരുടെ ആദ്യഭർത്താവ്. ഇസ്ലാമിനോടുള്ള വിരോധം കാരണം അബൂലഹബ് ആ ബന്ധം മുറിച്ചുകളഞ്ഞു. ശത്രുക്കളുടെ ദ്രോഹം കാരണമായി ഉസ്മാൻ(റ)യും പത്നിയും ആദ്യം അബ്സീനിയയിലേക്കും (എത്യോപ്യ) പിന്നെ മദീനയിലേക്കും പലായനം ചെയ്തു. ഉത്കൃഷ്ടസ്വഭാവവും ഉയർന്നലജ്ജാശീലവും ഉസ്മാൻ(റ)ന്റെ മുഖമുദ്രയായിരുന്നു. സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ട പത്തുപേരിൽ ഉൾപ്പെട്ടത് കൂടാതെ, നബി(സ)യുടെ സ്വർഗ്ഗത്തിലെ കൂട്ടുകാരൻ എന്നും ഉസ്മാൻ(റ) വിശ്രുതനായിരുന്നു. പത്നിയുടെ രോഗം കാരണം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാത്തതിനാൽ ഹസ്റത്ത് ഉസ്മാൻ(റ) മദീനാഭരണം ശ്രദ്ധിച്ചുകഴിഞ്ഞുകൂടി. എങ്കിലും ബദ്രീങ്ങളിൽ അദ്ദേഹത്തേയും കണക്കാക്കിയിരുന്നു. പത്നി റുഖിയയുടെ അകാലചരമത്തിൽ ദുഃഖിതനായ ഉസ്മാൻ(റ)ന് നബി(സ) തന്റെ രണ്ടാമത്തെ മകൾ ഉമ്മുകുൽസുവിനെയും വിവാഹം ചെയ്തു നൽകി; ഈ കാരണത്താൽ ഇരട്ടപ്രകാശമുള്ളവൻ എന്നർത്ഥം വരുന്ന 'ദുന്നൂറൈൻ' എന്ന അപരനാമം അദ്ദേഹത്തിന് ലഭിച്ചു. ആ പുത്രിയും മരണമടഞ്ഞപ്പോൾ എനിക്കിനിയും ഒരു മകൾ ഉണ്ടായിരുന്നെങ്കിൽ ഉസ്മാനു നൽകുമായിരുന്നു എന്ന് പ്രവാചകപ്രഭു പറയുംവിധം ഉത്തമസ്വഭാവിയായിരുന്നു അദ്ദേഹം. മദീനയിൽ എത്തിയകാലത്ത് നാല്പതിനായിരം വെള്ളി ചിലവഴിച്ച് മുസ്ലിംകൾക്കുവേണ്ടി അവിടെത്തെ ഒരു കിണർ അദ്ദേഹം വാങ്ങുകയുണ്ടായി. ഒരു ക്ഷാമകാലത്ത് വലിയ വില കിട്ടുമായിരുന്നിട്ടും ദൈവപ്രീതിക്കായി തന്റെ കച്ചവടച്ചരക്കുകൾ മുഴുവൻ അദ്ദേഹം മുസ്ലിംകൾക്ക് ദാനം ചെയ്തു. തന്റെ അളവറ്റ സമ്പത്ത് മുഴുവൻ അദ്ദേഹം ദീനിനുവേണ്ടി ചിലവിട്ടു. ഇസ്ലാമിലെ ആദ്യത്തെ അംബാസഡർ എന്ന് വിശേഷിപ്പിക്കുംവിധം പ്രവാചകന്റെ കാലത്ത് അദ്ദേഹം പ്രവർത്തിച്ചു. ഒന്നാം ഖിലാഫത്തിൽ മന്ത്രിയായും ഖലീഫയുടെ പ്രത്യേക സിക്രട്ടറിയായും ഉമർ(റ)ന്റെ ഖിലാഫത്തിൽ അദ്ദേഹത്തിന്റെ വലംകൈ എന്നോണവും പ്രവർത്തിച്ചു. അക്രമിയുടെ കുത്തേറ്റ് മരണാസന്നനായി കഴിയുന്ന ഉമർ(റ)നോട് തങ്ങൾക്കായി ഒരു ഖലീഫയെ നിശ്ചയിക്കുവാൻ മുസ്ലിംകൾ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു. ഞാനങ്ങനെ ചെയ്താൽ എന്നെക്കാൾ ഉത്തമനായൊരാൾ അങ്ങനെ ചെയ്തുവെന്ന മാതൃക മുമ്പിലുണ്ട്. അബൂബക്കർ(റ) ഇനി ഞാനങ്ങനെ ചെയ്തില്ലെങ്കിലോ എന്നെക്കാൾ ഉത്തമനായ ഒരാൾ അങ്ങനെ ചെയ്തിട്ടില്ല എന്ന മാതൃകയുമുണ്ട്. പ്രവാചക(സ) എങ്കിലും ഖിലാഫത്ത് കാര്യത്തിൽ ഒരു നിർദ്ദേശവും നൽകാതെ മുസ്ലിംകളെ ഭിന്നചേരികളിലാക്കാൻ അദ്ദേഹമിഷ്ടപ്പെട്ടില്ല. സ്വർഗ്ഗം വാഗ്ദാനം നൽകപ്പെട്ട ആറ് പ്രമുഖസഹാബാക്കളെ അദ്ദേഹം തെരഞ്ഞെടുത്തു ഹസ്റത്ത് ഉസ്മാൻ, അലി, തൽഹ, സുബൈർ, അബീവഖാസ്, അബ്ദുറഹ്മാനിബ്നുഔഫ്, ഇവർ മറ്റു മുസ്ലിംകളുമായി കൂടിയാലോചിച്ച് മൂന്നുദിവസത്തിനകം ഖലീഫയെ തെരഞ്ഞെടുക്കുവാനും അതുവരെ അബ്ദുല്ലാഹിബ്നു സുബൈർ ജനങ്ങൾക്കു നേതൃത്വം നൽകുവാനും കല്പിച്ചു. ഈ ആറുപേരോടൊപ്പം തന്റെ മകൻ അബ്ദുല്ലയെകൂടി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അവൻ ഖിലാഫത്തിനവകാശി ആയിരിക്കുകയില്ല എന്നും നിഷ്കർഷിച്ചിരുന്നു ഉമർ(റ)ന്റെ വഫാത്തിനുശേഷം ഈ ശൂറയോഗം ചേർന്നു; അബ്ദുറഹ്മാനിബ്നുഔഫ് സ്വയം ഒഴിവായി നേതൃത്വം ഏറ്റെടുത്തു കൂട്ടമായും ഒറ്റയായും ഉള്ള ചർച്ചയിൽ ഒരു കാര്യം വ്യക്തമായി. ഉസ്മാൻ(റ)യോ അലി(റ)യോ ആയിരിക്കണം അടുത്ത ഖലീഫ എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. അബ്ദുറഹ്മാനിബ്നുഔഫ് ഹസ്റത്ത് അലി(റ)നെ സമീപിച്ചു ചോദിച്ചു. അല്ലാഹുവിനെ മുൻ നിർത്തി കരാർ ചെയ്യാമോ അവന്റെ ഗ്രന്ഥവും നബിയുടെ സുന്നത്തും ആദ്യരണ്ട് ഖലീഫമാരുടെ ചര്യയുമനുസരിച്ച് പ്രവർത്തിക്കാമെന്ന്. തന്റെ അറിവും കഴിവും അനുസരിച്ച് പ്രവർത്തിക്കുമെന്ന് അലി(റ) മറുപടി കൊടുത്തു. ഇതേചോദ്യം ഹസ്റത്ത് ഉസ്മാൻ (റ)നോട് ആവർത്തിച്ചു. അതെ അങ്ങനെ ചെയ്യാമെന്ന് ഉറപ്പുതരാം എന്ന ഉസ്മാൻ(റ)ന്റെ മറുപടി കേട്ടയുടൻ അബ്ദുറഹിമാൻ ഇബ്നുഔഫ് അദ്ദേഹത്തിന് ബൈഅത്ത് ചെയ്തു. മറ്റു മുസ്ലിംകളും തുടർന്ന് ബൈഅത്ത് ചെയ്തു.

ഹസ്റത്ത് അബൂബക്കറിന്റെ കാലത്ത് പ്രവാചക(സ)യുടെ പ്രഭാവവും ശിക്ഷണവും കാരണമായും ഉമർ(റ)ന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ കാർക്കശ്യം കാരണമായും അടങ്ങിയിരുന്ന ജനങ്ങൾ മൂന്നാം ഖിലാഫത്തായപ്പോൾ ഭൗതികമായ സമ്പൽസമൃദ്ധി കാരണവും സാമ്രാജ്യം വികസിതമായപ്പോഴുണ്ടായ പുതുമുസ്ലിംകളുടെ ആധിക്യവും ഗോത്രമത്സരങ്ങളുടെയും ശത്രുരാജ്യങ്ങളുടെ പിന്തുണയോടെയുള്ള കലാപകാരികളുടെയും കപടവിശ്വാസികളുടെയും കുതന്ത്രങ്ങൾ കാരണമായും രാജ്യമൊട്ടാകെ കുഴപ്പങ്ങൾ തലപൊക്കി തുടങ്ങി. തന്റെ ആത്മവിശ്വാസവും

നയതന്ത്രബോധവും കാരണമായി ഖലീഫ ഉസ്മാൻ (റ) ഇസ്‌ലാമികരാഷ്ട്രത്തെ ആഭ്യന്തരസമാധാനത്തിലേക്കും ജനങ്ങളെ ശാന്തജീവിതത്തിലേക്കും പിൻതിരിപ്പിച്ചു. മാറിവന്ന സാഹചര്യങ്ങളെ നേരിടാൻ രാജ്യസംരക്ഷണാർത്ഥം അബ്ദുല്ലാഹിബ്നുഖൈസ്ന്റെ നേതൃത്വത്തിൽ ആദ്യ മുസ്‌ലിം കപ്പൽപട സജ്ജീകൃതമായി സൈപ്രസ്കൂടി കീഴടങ്ങിയപ്പോൾ ഇസ്‌ലാമികസാമ്രാജ്യം മധ്യധരണ്യാഴി (മെഡിറ്ററേനിയൻ) യുടെ കിഴക്ക് മുതൽ കാസ്പിയൻ സമുദ്രംതീരംവരെയും ഇന്ത്യയുടെയും ചൈനയുടെയും അതിർത്തിവരെയുള്ള മുഴുവൻ പ്രദേശങ്ങളും പടിഞ്ഞാറ് എത്യോപ്യ മുതൽ മൊറോക്കോവരെയുള്ള ആഫ്രിക്കൻ രാജ്യങ്ങളും സ്പെയിനിൽ ആന്തലൂസ്വരെയും വ്യാപിച്ചു. ഖജനാവിൽ സമ്പത്ത് കുമിഞ്ഞുകൂടി. ക്ഷേമത്തിന്റെയും നീതിയുടെയും വിളനിലമായി ഇസ്‌ലാമികരാഷ്ട്രം മാറുമ്പോഴും ജനങ്ങൾ അപ്രതീക്ഷിതമായി കൈവന്ന സമ്പത്തിൽ ഭ്രമിച്ച് സുഖലോലുപതയിൽ മുഴുകി ദീനിൽനിന്നും അകന്നുതുടങ്ങിയിരുന്നു. പ്രവാചകനിൽനിന്ന് നേരിട്ട് ശിക്ഷണം ലഭിച്ച തിരുസഹാബാക്കളുടെ എണ്ണം കുറഞ്ഞുവരികയും കപടവിശ്വാസികളും നാമമാത്ര മുസ്‌ലിംകളും ഏറിവരികയും ചെയ്തു. ദീനിൽ അടിയുറച്ച തിരുസഹാബാക്കളെ മദീനയിൽനിന്നും പുറത്തുപോകാൻ അനുവദിക്കാത്തതും എത്ര പ്രാപ്തനായാലും ഒരു ഉദ്യോഗസ്ഥനെ ദീർഘകാലം ഒരേപദവിയിൽ നിർത്താത്തതുമായ കർക്കശമായ ഭരണരീതിയായിരുന്നു ഉമറിന്റേത്. അത്രയും കാർക്കശ്യം ജനങ്ങൾക്കു മടുപ്പുണ്ടാക്കും എന്നതായിരുന്നു ഖലീഫ ഉസ്മാൻ (റ)ന്റെ നയം. ഒരേ ഉദ്യോഗസ്ഥരെ ദീർഘകാലം ഒരിടത്ത് നിയമിച്ചത് സ്വജനപക്ഷപാതത്തിനും അഴിമതിക്കും ഇടവരുത്തി. തിരുസഹാബാക്കൾക്ക് ഇഷ്ടമുള്ളിടത്ത് താമസിക്കാൻ അനുവാദം നൽകിയത് മദീനയിൽ ദീനിൽ അറിവും ആത്മാർത്ഥതയുമുള്ള ദൃഢവിശ്വാസികൾ ഇല്ലാതെയാകാൻ കാരണമായി. സമ്പന്നമായ സ്റ്റേറ്റുകളിലെ മുആവിയയെപ്പോലുള്ള ഭരണാധികാരികൾ തങ്ങളുടെ നില ഭദ്രമാക്കുവാൻ സമ്പത്ത് കൊടുത്ത് ജനങ്ങളെ വരുതിയിലാക്കി. ഇസ്‌ലാമിനെ നശിപ്പിക്കുവാൻ തക്കംപാർത്ത് നടക്കുന്ന ജൂതർ അസംതൃപ്തരായ പൗരന്മാരേയും അജ്ഞരായ പുതുവിശ്വാസികളേയും ഖിലാഫത്തിന്നെതിരെ ഇളക്കിവിട്ടു. സൻആയിലെ ജൂതപുരോഹിതനായ ഇബ്നുസബയുടെ നേതൃത്വത്തിൽ ഒരു വിഭാഗമാളുകൾ ഖലീഫയ്ക്കും ഗവർണർമാർക്കുമെതിരെ നാടുനീളെ അപവാദം പരത്തുകയും ശാന്തവും സ്വസ്ഥവുമായ പ്രവിശ്യകളിൽ കൂടി തെറ്റിദ്ധാരണ ഉണ്ടാക്കുകയും ചെയ്തു. ഹജ്ജ് കഴിഞ്ഞ് ജനങ്ങൾ മദീനവിട്ട് പോയ്ക്കഴിഞ്ഞപ്പോൾ ഇവർ ഖലീഫയുടെ ഭവനം വളഞ്ഞു. തുച്ഛമായ സഹാബാക്കൾ അദ്ദേഹത്തെ സംരക്ഷിക്കാൻ ശ്രമിച്ചെങ്കിലും തന്റെ ദേഹരക്ഷയ്ക്കായി യുദ്ധം ചെയ്യാൻ ഉസ്മാൻ(റ) അനുവാദം നല്കിയില്ല. കുഴപ്പക്കാർ വീട് തകർത്ത് അകത്ത് കടന്ന് ഖുർആൻ പാരായണം ചെയ്തുകൊണ്ടിരുന്ന ഖലീഫഉസ്മാൻ(റ)നെ കുത്തികൊലപ്പെടുത്തുകയും ചെയ്തു. കിനാനത്തുബ്നു ബശ്ർ എന്ന ജൂത കപടവിശ്വാസിയാണ് ആ കൃത്യം നിർവ്വഹിച്ചത്. ഇന്നും ഇസ്‌ലാമിക സമൂഹത്തിന്റെ വേരറുക്കുന്ന ഈ കൃത്യം ജൂതർ തുടർന്നുവരികയാണ്. ഇസ്‌ലാമിന്റെ രക്ഷയ്ക്ക് എന്ന ഭാവത്തിൽ അവർക്കുവേണ്ട ഒത്താശ ചെയ്തുകൊടുക്കുന്ന മുസ്‌ലിംനാമധാരികൾ യഥാർത്ഥ ഇസ്‌ലാമിക പാഠങ്ങൾ തിരിച്ചറിയുന്നുമില്ല. ഖലീഫ അബൂബക്കർ(റ) തയ്യാർചെയ്ത ഖുർആന്റെ പതിപ്പ് കൂടുതൽ പ്രതികൾ തയ്യാറാക്കി ഇസ്‌ലാമികസാമ്രാജ്യത്തിന്റെ നാനാഭാഗത്തുമെത്തിച്ച് ഒരേ പാരായണശൈലി വേണമെന്ന് നിഷ്കർഷിച്ച ഉസ്മാൻ(റ) ഇസ്‌ലാമികലോകത്തെ ഒരേ ഖുർആന് കീഴിൽ ഏകീകരിച്ചു എന്ന മഹത്തായ കർമ്മം തന്റെ ദീർഘവീക്ഷണം കാരണമായി നടപ്പിൽവരുത്തി എല്ലാകാലത്തേയും മുസ്‌ലിംസമൂഹത്തെ തകർച്ചയിൽനിന്നും കരകയറ്റുകയായിരുന്നു. ഹിജ്റ 35 -ാം വർഷം ആ തേജോദീപം പൊലിഞ്ഞു.

പ്രവാചകപ്രഭുവിന്റെ പിതൃവ്യനായ അബൂതാലിബിന്റെയും അബ്ദുൾമുത്തലിബിന്റെ സഹോദരൻ അസദിന്റെ മകൾ ഫാത്തിമയുടെയും പുത്രനായി ഹസ്റത്ത് അലി(റ) നുബൂവ്വത്തിന് 10 വർഷം മുമ്പ് ജനിച്ചു. പിതൃവ്യന്റെ കഷ്ടപ്പാടുകൾ കാരണമായി ചെറുപ്പത്തിൽതന്നെ അലിയുടെ സംരക്ഷണം നബി (സ) ഏറ്റെടുത്തു. പ്രവാചകശിക്ഷണത്തിൽ വളർന്നതിനാൽ ഇസ്‌ലാമിന്റെ യഥാർത്ഥ പാഠങ്ങളും ആശയങ്ങളും അലി(റ)ന് തികച്ചും ഹൃദിസ്ഥമായിരുന്നു. ബുദ്ധിശക്തിയും പാണ്ഡിത്യവും സാഹിത്യവാസനയും സംഭാഷണകലയിലും മാത്രമല്ല ധീരതയിലും അലി(റ) വളരെ മുൻപന്തിയിലായിരുന്നു. തബൂക്കൊഴികെ എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുകയുണ്ടായി. അബൂബക്കർ(റ)ഉം ഉമർ(റ)യും അലിയോടാലോചിക്കാതെ ഒരു തീരുമാനവും എടുക്കാറുണ്ടായിരുന്നില്ല. ഉസ്മാൻ(റ)ന്റെ ഭരണകാര്യങ്ങളിൽ സജീവമായി സഹകരിച്ചിരുന്ന അദ്ദേഹം ഉസ്മാന്റെ മൃദുസമീപനം ശരിയല്ലെന്ന് പറയുമായിരുന്നു. ഉമർ(റ)ന്റെ ചിട്ടകളായിരുന്നു അദ്ദേഹത്തിന് ഇഷ്ടം. ഹിജ്റ 2-ാം വർഷം പ്രവാചക(സ)യുടെ ഇളയപുത്രി ഫാത്തിമയെ വിവാഹം കഴിച്ചു. ഫാത്തിമയിലൂടെയാണ് പ്രവാചകപരമ്പര തുടർന്നത്. അലിയുടെ പുത്രന്മാരായ ഹസന്റെയും ഹുസൈന്റെയും വംശപരമ്പരയിൽ ഇമാം ബാഖിർ(റ) യും സൈനുൽ ആബിദീൻ(റ)യും വിശുദ്ധഖുർആൻ പാണ്ഡ്യത്തിൽ ഏറ്റവും വിശ്രുതരായി. ഹിജ്റ സമയത്ത് പ്രവാചകന്റെ വിരിപ്പിലുറങ്ങി ശത്രുകളിൽനിന്ന് നബിയെ രക്ഷിച്ച അലി(റ) എല്ലാ അമാനത്തുകളും അതിന്റെ അവകാശികൾക്കേല്പിച്ച ശേഷമാണ് മക്കവിട്ട് നബിസന്നിധിയിൽ എത്തിയത്. 'ഇസ്‌ലാമിക സിംഹം' എന്ന് പുകൾപെറ്റ ഇദ്ദേഹത്തിൻ കീഴിലാണ് ഖൈബർ കീഴടങ്ങിയത്. ധീരരിൽ ധീരനും ഇസ്‌ലാമികാദർശങ്ങളിൽ

കാർക്കശ്യം പുലർത്തിയിരുന്ന ആളുമായിരുന്നതിനാൽ ഉസ്മാനുശേഷം ഉമറിനെപ്പോലൊരാൾ ഖിലാഫത്ത് സ്ഥാനത്തെത്തുന്നത് തങ്ങൾക്ക് ദോഷമാകുമെന്ന് ഭയപ്പെട്ട സ്വാർത്ഥമോഹികൾ അലിയുടെ ഖിലാഫത്ത് ഇഷ്ടപ്പെട്ടില്ല. എന്നാൽ ഉസ്മാൻ വധശേഷം മൂന്ന് ദിവസം കഴിഞ്ഞപ്പോൾ അലിയെക്കാൾ യോഗ്യനായ മറ്റൊരാളെ കണ്ടെത്താൻ കഴിയാതിരുന്ന വലിയവിഭാഗം ജനങ്ങൾ അലിയെ ഖലീഫയായി തെരഞ്ഞെടുത്തു. ഇസ്ലാമിക സാമ്രാജ്യത്തെ ശിഥിലമാക്കുവാൻ ലക്ഷ്യമിട്ട കപടവിശ്വാസികൾ പരത്തിയ അപവാദം കാരണമായി ഉസ്മാൻ(റ) ന്റെ വധത്തിൽ അലിക്കു പങ്കുണ്ടെന്ന തെറ്റിദ്ധാരണ കാരണം കുറെ സഹാബത്ത് ബൈഅത്തിൽനിന്നു വിട്ടുനിന്നു. അധികാരമോഹം കാരണമായി സിറിയൻ ഗവർണർ മുആവിയ(റ) അലിക്കെതിരെ ജനരോഷം ഇളക്കിവിട്ടു. ആഭ്യന്തര സമാധാനം നിലനിർത്തുവാനും ഇസ്ലാമിക ഭരണനീതി നടപ്പിലാക്കുവാനും അലി(റ) കൈക്കൊണ്ട കർശനനടപടികൾ ഒരു വിഭാഗം ജനത്തെ എതിരാളികളാക്കിമാറ്റി. മുആവിയയുമായ യുദ്ധത്തിൽ മധ്യസ്ഥമെന്ന പേരിൽ മുആവിയ നടത്തിയ കുതന്ത്രം കാരണമായി ഖലീഫയുടെ ഭാഗത്തെ വലിയ വിഭാഗം അദ്ദേഹത്തിനെതിരെ തിരിഞ്ഞ് ഖവാരിജ് എന്ന പേരിൽ സംഘടിച്ചു. ഇസ്ലാമിന് എക്കാലത്തേയും വലിയ ദ്രോഹമാണ് ഇക്കൂട്ടർ അന്നും ഇന്നും ചെയ്തുവരുന്നത്. എതിരാളികളോടും സ്വന്തം പാളയത്തിലുള്ളവരോടും ഒരുപോലെ സമരം ചെയ്യേണ്ടിവന്ന ആ മഹാന് തന്റെ ഖിലാഫത്തിന്റെ അഞ്ചു വർഷവും പരീക്ഷണങ്ങളും പലതരത്തിലുള്ള കുഴപ്പങ്ങളും നേരിടേണ്ടിവന്നു. ലാളിത്യത്തിന്റെ പര്യായമായിരുന്നു ആ ജീവിതം. നീതിയും സത്യസന്ധതയും ജീവിതത്തിലെന്നപോലെ ഭരണരംഗത്തും അദ്ദേഹം കർശനമായി പാലിച്ചു. ഇസ്ലാമികാദർശങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായില്ല. കുറ്റവാളികളെ സൂക്ഷിക്കാൻ ജയിൽ, പോലീസ് സംവിധാനങ്ങളും പൊതുമരാമത്ത് സംവിധാനവും അലി(റ) നടപ്പിൽവരുത്തി. ഏഴുതരത്തിലുള്ള നികുതിസംവിധാനവും ഖുലഫാഉർറാശിദീങ്ങളുടെ കാലത്ത് നടപ്പിലാക്കിയിരുന്നു. പരുക്കൻവസ്ത്രം ധരിക്കുകയും കഴുതപ്പുറത്ത് സഞ്ചരിക്കുകയും അങ്ങാടിയിൽപോയി സ്വയം വീട്ടുസാധനങ്ങൾ വാങ്ങുകയും ചെയ്തിരുന്ന നീതിമാനും ദാനശീലനുമായ ഖലീഫ അലി(റ)യെ ഒരു സുബഹിനേരത്ത് ഇബ്നുമുൽജിം എന്ന ദുഷ്ടബുദ്ധി തന്റെ വാളുകൊണ്ട് വെട്ടിക്കൊലപ്പെടുത്തിക്കളഞ്ഞു.

ഒന്നുമില്ലാതിരുന്ന ഇരുട്ടിന്റെ താഴ്വരയിൽനിന്നും ഉദിച്ചുയർന്ന് അറേബ്യ മുഴുവൻ നറുചന്ദ്രിക പകർന്ന ഇസ്ലാമിക സാമ്രാജ്യത്തിന്റെമേൽ ഖലീഫ അലി(റ) ന്റെ വധത്തോടെ സ്വാർത്ഥതാല്പര്യങ്ങളുടെയും അധികാരവടംവലിയുടേയും സുഖലോലുപതയുടെയും കാർമേഘപടലങ്ങൾ ഉരുണ്ടുകൂടി. ലോകത്തിന് ഏക്കാലത്തും മാതൃകയും മാർഗ്ഗദർശകവുമാകുമായിരുന്ന സത്യസന്ധവും നീതിപൂർവ്വകവുമായ ഭരണകൂടം സ്വേച്ഛാധിപത്യത്തിന്റെയും രക്തക്കൊതിയുടേയും അഗാധഗർത്തത്തിലേക്കു വഴുതിവീണു. രാഷ്ട്രസമ്പത്തെന്നപോലെ ഭരണവും അമാനത്താണെന്ന് വിശ്വസിച്ച, ദൈവാനുഗ്രഹങ്ങൾ ദൈവസൃഷ്ടികൾക്ക് തുല്യമായി അനുഭവിക്കാനുള്ളതാണെന്ന ബോധത്തിൽ ജനനന്മമാത്രം ലക്ഷ്യമിട്ട് പ്രവൃത്തിച്ച ഒരുകൂട്ടം തീവ്രവിശ്വാസികളുടേയും അവരെ നയിച്ച മഹാന്മാരായ നാല് ഖലീഫമാരുടേയും ചരിത്രം നാം മനസ്സിലാക്കിയേ തീരൂ. ചരിത്രമറിയുന്നവന് മാത്രമേ വർത്തമാനകാല ദോഷങ്ങൾ അകറ്റി ശാസ്ത്രപുരോഗതിയുടെ ഉന്നതികൾ കീഴടക്കി ജനനന്മയ്ക്ക് ഉപയുക്തമാക്കുവാൻ കഴിയുകയുള്ളൂ. തുച്ഛമായ കാലംകൊണ്ട് ശാസ്ത്ര വൈജ്ഞാനിക മേഖലകളിലും ജീവിതത്തിന്റെ നാനാതുറകളിലും സമത്വത്തിന്റെയും സാഹോദര്യത്തിന്റേയും തേര് തെളിച്ചുകൊണ്ട് വിശ്വമാനവികതയുടെ പാത വെട്ടിത്തുറന്ന ഇസ്ലാമിക നാഗരികതയും സംസ്കാരവും അന്നത്തേക്കാളേറെ ഇന്ന് ലോകത്തിനാവശ്യമാണ്. ഒരുനേര ഭക്ഷണമില്ലാതെ പട്ടിണി കിടന്നും ഇല്ലാത്ത കുറ്റത്തിന് ഉന്മൂലനം ചെയ്യപ്പെട്ടും നശിച്ചൊടുങ്ങുന്ന മാനവരാശിയെ- ഊട്ടാനുള്ള പണംകൊണ്ട് ആയുധം തീർത്ത് ഉദകം ചെയ്ത് കൊലവിളിച്ചാർക്കുന്ന സാത്താനികശക്തികളെ നശിപ്പിക്കുവാൻ ദൈവിക പ്രകാശത്തിന്റെ ആത്മീയപീയൂഷം കൂടിയേതീരൂ. ഇസ്ലാമിക ഖിലാഫത്തിന്റെ സുവർണ്ണകാലഘട്ടം തിരിച്ചെടുക്കേണ്ട ബാധ്യത അഹ്മദിയ്യാ ഖിലാഫത്തിനു മാത്രമുള്ളതാണ്. ആത്മീയവും ധാർമ്മികവുമായ ജീവിതശുദ്ധികൊണ്ടും ഇസ്ലാമിക ജീവിതാദർശം കൊണ്ടും നാം നമ്മുടെ ഖിലാഫത്തിനെ ശക്തിപ്പെടുത്തിയേ മതിയാകൂ. അതിന് ചരിത്രബോധം ഏറ്റവും ആവശ്യമത്രെ. വിശുദ്ധഖുർആൻ കഴിഞ്ഞുപോയ സമൂഹങ്ങളുടെ കഥ പേർത്തും പേർത്തും വിവരിച്ചുകൊണ്ട് ബുദ്ധിമാന്മാർക്കിതിൽ ദൃഷ്ടാന്തമുണ്ടെന്ന് ഉദ്ബോധിപ്പിക്കുന്നത് കഴിഞ്ഞുപോയ സമൂഹത്തിന്റെ പാളിച്ചകൾ ആവർത്തിക്കാതിരിക്കുവാനാണ്. സക്കാത്ത് നിഷേധികളെ അബൂബക്കർ(റ) നേരിട്ടതുപോലെ കർക്കശമായി ഓരോ നഫ്സും തന്റെ വീഴ്ചകളെ തിരുത്താൻ ശ്രമിക്കേണ്ടതാണ്. മഹത്തുക്കളായ ഖലീഫമാരും അവരെ തുണയ്ക്കുന്ന ദൃഢവിശ്വാസികളായ സഹാബത്തും മാതൃക കാണിച്ചിട്ടും അല്ലാഹുവിന്റെ ഗ്രന്ഥവും തിരുസുന്നത്തും വഴികാട്ടിയായിട്ടും ഉത്തമസമുദായം പതനത്തിലേക്കു മൂക്കുകുത്തിയതെന്തേ? സംശയമെന്ത്? ഒരുപാത്രം ശുദ്ധജലം ചീത്തയാകാൻ രണ്ട് തുള്ളി വിഷം മതി. ഒന്നുമില്ലായ്മയിൽ നിന്നും എല്ലാമുള്ളവരിലേക്കുള്ള വളർച്ച. അടിമ ഉട

*ശേഷം 21-ൽ*

# 2006 ഡിസംബർ 27-ാം തിയ്യതി ഖാദിയാനിൽവെച്ച് നടന്ന ലജ്നാ ഇമായില്ലായുടെ സമ്മേളനത്തിൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തം

അഹ്മദിയ്യാ മഹിളമാരായ നിങ്ങൾ, ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ അനുരക്തനും വിനീതദാസനുമായ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജമാഅത്തിൽ ചേർന്ന ഭാഗ്യവതികളാണ്. ഇത് അല്ലാഹുവിൽനിന്ന് നിങ്ങൾക്കു ലഭിച്ച മഹത്തായ അനുഗ്രഹവും ഔദാര്യവുമാകുന്നു. എന്നാൽ ഈ അനുഗ്രഹത്തെ പരിപൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും ആസ്വദിക്കുവാനും നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് തങ്ങളിൽ പരിപൂർണ്ണമായ ഒരു പരിവർത്തനം സംജാതമാക്കേണ്ടതുണ്ട്.

ഏതൊരു ഉയർന്ന നിലവാരത്തിൽ നിങ്ങൾ ഉണ്ടായിരിക്കേണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നുവോ അതിന്നായി നിങ്ങൾക്ക് പ്രധാനമായും അല്ലാഹുവിൽ പരിപൂർണ്ണമായ വിശ്വാസവും അല്ലാഹുവിങ്കൽ അർപ്പണമനോഭാവവും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിനെ കൂടാതെ മറ്റൊരാരാധ്യനും ഇല്ലെന്നും ഓരോ കാര്യസാദ്ധ്യത്തിനും അവന്റെ മുമ്പാകെ നമ്രശിരസ്കരായിരിക്കേണമെന്നും തങ്ങളുടെ എല്ലാ ആവശ്യങ്ങളും അവന്റെ മുമ്പാകെ മാത്രം സമർപ്പിക്കേണമെന്നും ഒരാവശ്യവും ഇല്ലെങ്കിലും അവന്റെ കല്പനയനുസരിച്ച് അവനെ മാത്രം ആരാധിക്കേണമെന്നും നാം കല്പിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്ന സ്ത്രീകൾ തീർച്ചയായും വിജയം കരഗതമാക്കുന്നതാണെന്നും അവരുടെ സന്തതികളും ഭാവിതലമുറയും നന്മകളിൽ മുന്നിട്ടുനില്ക്കുന്നവരായിത്തീരുന്നതാണെന്നും അല്ലാഹുവിൽ ഉറച്ചവിശ്വാസമുള്ളവരായിത്തീരുന്നതാണെന്നും അവർ അല്ലാഹുവിന്റേയും തിരുദൂതരുടേയും കല്പനകളനുസരിച്ച് ജീവിതം നയിക്കുന്നവരായിരിക്കുന്നതാണെന്നും അവർ വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നവരായിരിക്കുമെന്നും അവർക്ക് ഉറപ്പുനൽകപ്പെട്ടിരിക്കുന്നു. നിങ്ങളിൽപെട്ട ഓരോ വ്യക്തിയും ഇതേ ചിന്തയോടുകൂടി ജീവിതം നയിക്കുന്നവരും പ്രാർത്ഥനകളോടുകൂടി ദൈവസഹായം തേടുന്നവരും ഈ ഉദ്ദേശ്യപ്രാപ്തിക്കായി പ്രയത്നിക്കുന്നവരും ആയിത്തീരുവാൻ അല്ലാഹു സഹായിക്കുമാറാകട്ടെ.

എത്രത്തോളം അല്ലാഹുവിന്റെ വഹ്ദാനിയ്യത്തിൽ നിങ്ങൾക്കു വിശ്വാസമുണ്ട്. എത്രകണ്ട് നിങ്ങൾ അല്ലാഹുവിന്റേയും അവന്റെ റസൂലി(സ)ന്റേയും അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നുണ്ട് എന്നീ കാര്യങ്ങൾ നിങ്ങൾ എപ്പോഴും അവലോകനം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഈ കാലത്ത് നമ്മുടെ നാനാഭാഗങ്ങളിലും ജനങ്ങൾ ദൈവത്തെ വിസ്മരിച്ചുകളഞ്ഞതായി കാണുവാൻ സാധിക്കുന്നു. മതകാര്യങ്ങളിലും ദൈവത്തിലും അവനെ ആരാധിക്കുന്ന കാര്യത്തിലും വളരെ അശ്രദ്ധകാണിക്കുകയാണ്. ഈ സമൂഹത്തിൽ ജീവിച്ചിരിക്കുന്നതിന്റെ ഫലമായി സ്വാഭാവികമായും അഹ്മദികൾ അല്പസ്വല്പം പ്രഭാവിതരായിരിക്കുകയാണ്. അതുകൊണ്ട് എപ്പോഴും നമ്മിൽ പെട്ട ആരുംതന്നെ ഇന്നത്തെ വിഷലിപ്തമായ സാഹചര്യത്തിൽ പ്രഭാവിതരാകാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

കൂടിക്കാഴ്ചയുടെ സന്ദർഭത്തിലും ഞാൻ അവലോകനം നടത്താറുണ്ട്. ഈ അവലോകനങ്ങളിൽനിന്നും റിപ്പോർട്ടുകളിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് എത്രകണ്ട് ഒരഹ്മദിക്ക് ദൈവാരാധനയിലും, അല്ലാഹുവിൽ പരിപൂർണ്ണ തവക്കുൽ ചെയ്യുന്നതിലും ഉന്നതമായ നിലവാരം വെച്ചുപുലർത്തണമോ ആ നിലവാരം കാണപ്പെടുന്നില്ല. അതുകൊണ്ട് എപ്പോഴും നാം നമ്മുടെ ദൗർബല്യങ്ങളിലേക്ക് ദൃഷ്ടി പായിക്കേണ്ടതാണ്. സമൂഹത്തിൽ കാണപ്പെടുന്ന തിന്മകളിൽ ആകൃഷ്ടരാകുന്നതിനുമുമ്പെ നാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് അവന്റെ അഭയത്തിൽ വരാൻ ശ്രമിക്കേണ്ടതാണ്. ഈ കാലഘട്ടത്തിൽ നിശ്ശബ്ദമായി മനുഷ്യനെ ആക്രമിക്കുന്ന ഒരു തിന്മ ശിർക്കാണ്.

ഹുസൂർ തിരുമനസ്സ് ശിർക്കിനെക്കുറിച്ച് ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ഒരുദ്ധരണി കേൾപ്പിച്ചതിനുശേഷം ഇപ്രകാരം അരുൾചെയ്തു. ധാരാളം ബിംബങ്ങൾ മനുഷ്യനിൽ കുടികൊള്ളുന്നതായി കാണ്മാൻ സാധിക്കുന്നതാണ്. ചിലർ മനുഷ്യനെ തങ്ങളുടെ ബിംബമായി കരുതുന്നു. പൊതുവിൽ ചില സ്ത്രീകൾ കുട്ടികളുടെ കാര്യത്തിൽ മിഥ്യാബോധമുള്ളവരായി കാണപ്പെടുന്നു. വായാടികളായ ചില സ്ത്രീകളുടെ വാക്കുകളിൽ പെട്ട് അവരെക്കൊണ്ട് തങ്ങളുടെ മക്കൾക്കായി ഉറുക്കുകൾ മന്ത്രിച്ചൂതി കൈക്ക് കെട്ടിക്കൊടുക്കുന്നു. ഇതൊക്കെ വ്യർത്ഥമായ കാര്യങ്ങൾ മാത്രമാണെന്നല്ല ശിർക്കും കൂടിയാണ്. ഇത്തരം സ്ത്രീകളെ നോക്കുകയാണെങ്കിൽ

അവർ നമസ്കാരം കൂടി അനുഷ്ഠിക്കാത്തവരായി കാണപ്പെടുന്നതാണ്. മുസ്‌ലിമാണെന്ന് പറഞ്ഞുകൊണ്ട് നമസ്കാരംകൂടി അനുഷ്ഠിക്കാത്തവരിൽനിന്നും മറ്റെന്താണ് പ്രതീക്ഷിക്കാനുള്ളത്? അവർക്ക് അല്ലാഹുവുമായി എങ്ങനെയാണ് ബന്ധം പുലർത്താൻ സാധിക്കുക.

ഹസ്റത്ത് റസൂൽ തിരുമേനി(സ) നമസ്കാരത്തിന്റെ കാര്യത്തിൽ വളരെ കർശനമായി താക്കീത് ചെയ്തിരിക്കുന്നുവെന്നു മാത്രമല്ല ജീവിതകാലം മുഴുവനും നമസ്കാരത്തിന്റെ കാര്യത്തിൽ കൃത്യനിഷ്ഠത പുലർത്തിയിരുന്നു. ഈ കാലത്തുള്ള ചില പീർമാരും ഫഖീർമാരും അവരെപ്പോലുള്ള സ്ത്രീകളും പറയുന്നത് തങ്ങൾക്ക് ദൈവത്തെ അറിയുവാൻ സാധിച്ചിരിക്കുന്നു. അതുകൊണ്ട് തങ്ങൾക്ക് ദൈവാരാധനയുടെ ആവശ്യമില്ല എന്നാണ്. ഇതൊക്കെ വഞ്ചനയും ചതിയുമാണ്. ചിലപ്പോൾ ചില അഹ്മദി സ്ത്രീകളും ഉറുക്കും ഏലസ്സുമായി ബന്ധപ്പെട്ട സ്ത്രീകളുടെ വലയിൽപെടുന്നു.

ജമാഅത്തിനു പുറത്തുള്ള സമൂഹജീവിതത്തിൽ പരേതാത്മാക്കളോടുള്ള പ്രാർത്ഥനയും ഖബർപൂജയും കാണപ്പെടുന്നു. അവിടെച്ചെന്ന് തങ്ങളുടെ ഉദ്ദേശ്യനിർവഹണത്തിന്നായി പ്രാർത്ഥനകൾ ചെയ്യുന്നു. ചില പരേതാത്മാക്കളായ മഹൽവ്യക്തികൾക്ക് തങ്ങളുടെ ജീവിതകാലം മുഴുവനും അല്ലാഹുവിനെ മാത്രം വണങ്ങിയവരായിട്ടുണ്ട്. അവർ ശിർക്കിനെതിരായി ജിഹാദ് ചെയ്തിരുന്നു. എന്നാൽ ഇന്ന് അവരുടെ ഖബറുകൾ ദൈവത്തിന്നെതിരായി ശിർക്കിനുള്ള ആസ്ഥാനമായിത്തീർന്നിരിക്കുന്നു. അവിടെയുള്ള അന്തേവാസികൾ തങ്ങളുടെ ഉദരപൂരണത്തിന്നും സമ്പാദ്യത്തിന്നുമുള്ള ഒരു മാർഗ്ഗമാക്കിത്തീർത്തിരിക്കുന്നു.

നമ്മുടെ ജമാഅത്തിൽ പുതുതായി ചേർന്ന നവ അഹ്മദികളിൽ ചിലർ ഫക്കിർമാരുടെയും പീർമാരുടേയും സ്വാധീനവലയത്തിൽനിന്നും വന്നവരായിട്ടുണ്ട്. ഇങ്ങനെ ജമാഅത്തിൽ പ്രവേശിക്കുന്നവർ ബലഹീനരായ അഹ്മദിസ്ത്രീകളെ ആകർഷിക്കാനിടയുണ്ട്. അതുകൊണ്ട് ലജ്നയുടെ സംവിധാനത്തിനു വളരെയധികം പ്രവർത്തിക്കേണ്ടതുണ്ട്. ശിർക്കിന്റെ മണമുള്ള ഏറ്റവും നിസ്സാരമായ കാര്യംകൂടി നമ്മുടെ സ്ത്രീകളിൽ പ്രവേശിക്കാൻ പാടില്ലാത്തതാണ്. ഈ നവഅഹ്മദി സ്ത്രീകളുടെ തർബിയത്തിന്നായും വളരെ ശ്രദ്ധചെലുത്തേണ്ടതാണ്. അവരെക്കുറിച്ച് അവലോകനം നടത്തുന്നതോടൊപ്പം അവരും തങ്ങൾ അഹ്മദിയ്യത്ത് ആശ്ലേഷിച്ചതിന്നുശേഷം എത്രകണ്ട് തങ്ങൾക്ക് ദൈവസാമീപ്യം ലഭ്യമായി എന്നും സ്വയം ആത്മപരിശോധന നടത്തേണ്ടതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വളർന്നുവരികയാണ്. അതോടെ പുതുതായി വരുന്നവർ തങ്ങളോടൊപ്പം പല തിന്മകളും കൊണ്ടുവരുന്നു. അതുകൊണ്ട് തർബിയത്ത് വകുപ്പ് വളരെ ജാഗ്രത പുലർത്തേണ്ടതാണ്. ഒരിക്കലും ഒരുവിധത്തിലുള്ള ശിർക്കും നമുക്കിടയിൽ നുഴയാതിരിക്കാൻ നോക്കേണ്ടതാണ്. നവഅഹ്മദികളിൽ കാണപ്പെടുന്ന നന്മകളെ സ്വായത്തമാക്കുകയും അവരിലുള്ള തിന്മകളെ അകറ്റുകയും വേണം. നവഅഹ്മദികളിൽ കാണപ്പെട്ടിരുന്ന ഏതെങ്കിലും നന്മ കാരണമായിട്ടാണല്ലോ അവർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സാധിച്ചിരുന്നത്.

സമൂഹത്തിൽ കാണപ്പെടുന്ന ചില തിന്മകൾ ആകർഷണീയമായിത്തോന്നുന്നു. അവയെക്കുറിച്ചുള്ള ബോധവല്ക്കരണം ആവശ്യമാണെന്ന് പ്രത്യക്ഷത്തിൽ തോന്നുന്നില്ല. എന്നാൽ ബൈഅത്ത് ചെയ്യുന്നവർക്കും ശിക്ഷണം നടത്തുന്നവർക്കും സ്വയം ഇസ്‌ലാഹ് ചെയ്യുന്നതിനുള്ള സന്ദർഭം ലഭിക്കുന്നു.

ആരെയെങ്കിലും തർബിയത്ത് ചെയ്യുകയാണെങ്കിൽ ആദ്യമായി അവർക്കായി ദുആ ചെയ്യേണ്ടതാണ്. ഏതൊരുദ്ദേശ്യനിർവഹണത്തിനുവേണ്ടിയാണോ അവർ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നത് അത് കരഗതമാകുന്നതിന്നായി അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. നിങ്ങൾ മറ്റുള്ളവർക്ക് ശിക്ഷണം നൽകുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ സ്വയം ഒരാത്മാവലോകനം നടത്തുന്നതിന്നു സാധ്യമായിത്തീരുന്നു.

പിന്നെയുള്ളത് തന്റെ നഫ്സിന്റെ ശിർക്കാണ്. തന്നെക്കുറിച്ച് വലുതായിത്തോന്നുക നഫ്സിന്റെ ശിർക്കാണ്. ഇതിൽനിന്നും അഹംഭാവം ഉടലെടുക്കുന്നു. കുശലതയും കുതന്ത്രങ്ങളും, വഞ്ചന, ചതി, വ്യാജം എന്നിവയും മനുഷ്യനെ ശിർക്കുമായി അടുപ്പിക്കുന്ന തിന്മകളാണ്. അസത്യത്തെ അല്ലാഹു ബിംബം പോലുള്ള മാലിന്യമായി പ്രസ്താവിച്ചിരിക്കുന്നു. അതായത്, ബിംബങ്ങളുടെ മാലിന്യങ്ങളെ വിട്ടുനില്ക്കുക. കള്ളം പറയുന്നതിനേയും വിട്ടുനില്ക്കുക എന്ന് അല്ലാഹു അരുൾചെയ്യുന്നു.

ചിലപ്പോൾ മനുഷ്യൻ വ്യാജത്തെ തന്റെ ജീവൻ രക്ഷപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമായി കരുതുന്നു. ചിലപ്പോൾ തന്റെ പ്രയോജനത്തിന്നായി തെറ്റായ വാക്കുകൾ പറയുന്നു. ഇതൊരു സാധാരണ കാര്യമാണ് വ്യാജമല്ല എന്നു കരുതുന്നു. എന്നാൽ ഹസ്റത്ത് റസൂൽ കരീം(സ) ഇപ്രകാരം അരുൾചെയ്യുന്നു. നിങ്ങൾ മുഷ്ടിചുരുട്ടിക്കൊണ്ട് ഇതിലെന്താണുള്ളതെന്ന് ഒരു കുട്ടിയോടു ചോദിക്കുകയാണെങ്കിലും അതിനകത്ത് ഒന്നുമില്ലെങ്കിൽ അതും നുണയാണ്.

കുട്ടികളുടെ വിവാഹ കാര്യങ്ങളിലും ചിലപ്പോൾ വ്യാജത്തെ പ്രാവർത്തികമാക്കുന്നു. പൊതുവിൽ മാതാക്കൾ ഈ കാര്യത്തിൽ തങ്ങളുടെ മക്കളുടെ ഭാഗം പിടിച്ച് സംസാരിക്കുന്നു. ഇത്തരം കാര്യങ്ങൾ ജമാഅത്തിന്റെ മുമ്പാകെ വരികയാണെങ്കിൽ മാതാക്കൾ തെറ്റായ പ്രസ്താവന നൽകിയതായി തെളിയു

ന്നു. അവർ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നതിനു പകരമായി കളവിനെയാണ് കൂട്ടുപിടിക്കുന്നത്. എന്നാൽ വിവാഹകാര്യങ്ങളിൽ ഭയഭക്തിയും സൂക്ഷ്മതയും ചൊവ്വായ സംസാരവും സ്വായത്തമാക്കേണമെന്നാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. അസത്യത്തിന്റെ സഹായം തേടുന്നതും ശിർക്കാണെന്ന് മനസ്സിലാക്കണം.

വ്യാജത്തിൽനിന്നും വിട്ടുനില്ക്കേണമെന്നും അത് എല്ലാ തിന്മകളുടെയും ഉറവിടമാണെന്നും ഇവ മനുഷ്യനെ നേരെ നരകത്തിലേക്കിടുന്നതാണെന്നും ഹസ്റത്ത് റസൂൽതിരുമേനി(സ) അരുൾചെയ്യുന്നു. ഈ നരകം മരണാനന്തരം മാത്രം ലഭിക്കുന്ന ഒന്നല്ല. മറിച്ച്, ഈ ലോകത്തും തിയ്യകാര്യങ്ങളും തിന്മകളും മനുഷ്യനെ അഗ്നിക്കിരയാക്കുന്നു. അവരിൽനിന്നും ദൈവികാനുഗ്രഹങ്ങൾ എടുക്കപ്പെടുകയും അത്തരം വീടുകളിൽ ശാന്തിയും സമാധാനവും ഇല്ലാതായിത്തീരുകയും ചെയ്യുന്നു. ഈ ലോകത്തുതന്നെ നിങ്ങൾ വീക്ഷിക്കുക. വ്യാജം പറയുന്നവർ ഒന്നിനു പിറകെ മറ്റൊന്നായി പാപങ്ങളും കുറ്റങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. പലവിധത്തിലുള്ള ദുഷ്ചെയ്തികൾക്കും ഇരയായിത്തീരുന്നു. അങ്ങനെ ഒരു വ്യാജം പല തെറ്റുകൾക്കും ജന്മം നല്കുന്നു.

ഹുസൂർ തിരുമനസ്സ്, ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ഒരുദ്ധരണി കേൾപ്പിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു: അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിന്നായി സത്യത്തിന്റെ കോന്തല പിടിക്കേണ്ടുന്ന ആവശ്യമുണ്ട്. എന്തുതന്നെ ലാഭവും ഗുണവും ലഭിക്കുകയാണെങ്കിലും ഒരഹ്മദിയും വ്യാജത്തിന്റെ അടുത്തുകൂടിപ്പോകാൻ പാടില്ലാത്തതാണ്. അല്ലാഹു എല്ലാവിധ ശക്തികളുടെയും യജമാനനാണ്. അവൻ എല്ലാ ഖുദ്റത്തുകളുടെയും ഉറവിടമാണ്. അവന്റെ പ്രകൃതിനിയമത്തിന്നതീതമായിട്ടൊന്നും തന്നെയില്ല. എല്ലാം തന്നെ അവനായിരിക്കെ, അവനിൽനിന്നും വിട്ടുനിന്നുകൊണ്ട് പ്രയോജനമടയാൻ സാധിക്കുമെന്ന് ഏതൊരു ബുദ്ധിമാനാണ് പറയുവാൻ സാധിക്കുക? അവൻ മാത്രമാണ് റസ്സാഖ് എന്നും തന്റെ സത്യവാന്മാരും വിശ്വസ്തരുമായവർക്ക് അവൻതന്നെയാണ് അന്നദാതാവ് എന്നും എപ്പോഴും ഓർമ്മിക്കുക.

തങ്ങളുടെ സാമ്പത്തിക സ്ഥിതി നന്നായിത്തീരേണമെന്ന് സ്വാഭാവികമായും സ്ത്രീകൾ ആഗ്രഹിക്കുന്നു. പണത്തിലേക്കും അവരുടെ ശ്രദ്ധ തിരിയുന്നു. എന്നാൽ നന്മകളിലേക്ക് ശ്രദ്ധ തിരിയുകയാണെങ്കിൽ നിങ്ങളിൽ സ്വയം സംതൃപ്തി സംജാതമാകുന്നതാണ്. അതോടൊപ്പം നിങ്ങളുടെ ആവശ്യങ്ങളും അവൻ പൂർത്തീകരിച്ചുതരുന്നതാണ്. താൻ പരിപൂർണ്ണവിശ്വാസിയും തഖ്‌വ സ്വായത്തമാക്കുകയും ചെയ്ത ആൾക്ക് അയാൾ സങ്കല്പിക്കാത്ത വഴികളിൽകൂടി റിസ്ഖ് നൽകുന്നവനാണെന്ന് അല്ലാഹു പറയുന്നു.

അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും അവന്റെ തിരുസന്നിധിയിൽ കുമ്പിടുകയും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ അങ്കുരിപ്പിക്കുകയും ചെയ്യുന്നവരോട് അവർ സങ്കല്പിക്കാത്ത വഴികളിൽകൂടി താൻ ആഹാരം നല്കുകയും ലൗകികമായും ആത്മീയമായുമുള്ള പ്രയോജനം നൽകുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. മനുഷ്യനോട് ദൈവം ഇപ്രകാരം ചെയ്യുമ്പോൾ ദൈവേതരന്റെ മുമ്പാകെ കുമ്പിടുകയും വ്യാജത്തെ കൂട്ടുപിടിക്കുകയും ആരെയെങ്കിലും തന്റെ അന്നദാതാവാണെന്ന് കരുതുകയും ചെയ്യുന്നത് വിഡ്ഢിത്തവും ജഹാലത്തുമല്ലാതെ മറ്റെന്താണ്?

എല്ലാ അന്തസ്സുകളുടേയും ഉറവിടം അല്ലാഹു മാത്രമാണെന്നും മറ്റൊരു മനുഷ്യനും അല്ലെന്നും എപ്പോഴും ഓർമ്മയിൽവെക്കേണ്ടതാണ്. ***ഇന്നൽ ഇസ്സത്തലില്ലാഹി ജമീആ*** എല്ലാ ഇസ്സത്തുകളും അല്ലാഹുവിന്റെ കരങ്ങളിലാണുള്ളതെന്ന് അല്ലാഹുത്തആല അരുൾചെയ്യുന്നു. അതുകൊണ്ട് നിങ്ങൾക്ക് അന്തസ്സ് വേണമെന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ തിരുമുമ്പിൽ കുമ്പിടുക. എപ്പോഴും അവനോടുമാത്രം സഹായം തേടുക. നിങ്ങൾ ആബിദാത്തായിക്കൊണ്ട് അവനോടു ചോദിക്കുകയും അവന്റെമേൽ തവക്കുൽ വെക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു വാഗ്ദാനം ചെയ്യുന്നതുപോലെ നിങ്ങൾക്ക് ആത്മീയവും ശാരീരികവുമായ പുരോഗതി ലഭിക്കുന്നതാണ്. ഏറ്റവും നല്ല ശ്രേഷ്ഠരായ സ്ത്രീകളുടെ ഗുണമായിട്ടു അല്ലാഹു അരുൾചെയ്യുന്നത് അവർ മുസ്ലിമായിരിക്കുമെന്നാണ്. അതായത്, ഇസ്ലാം സ്വീകരിക്കുകയും അതിന്റെ എല്ലാ കല്പനകളേയും അദ്ധ്യാപനങ്ങളേയും കുറിച്ചറിഞ്ഞുകൊണ്ട് അവ പ്രാവർത്തികമാക്കുകയും ചെയ്യുന്നവരായിരിക്കും. രണ്ടാമത്തെ ഗുണം അവർ മുഅ്മിനാണ്. പരിപൂർണ്ണവിശ്വാസം ഉൾക്കൊണ്ടവർ ആയിരിക്കുമെന്നാണ്. എന്തുതന്നെ പരീക്ഷണഘട്ടങ്ങൾ വരികയാണെങ്കിലും അവരുടെ കാലുകൾ ഇടറിപ്പോകുന്നതല്ല. ആ പരീക്ഷണങ്ങൾ ദൈവത്തിൽനിന്നും ദൂരപ്പെടുത്തുന്നതായിരിക്കുകയില്ല. മറിച്ച്, അധികമായി അല്ലാഹുവിനെ അടുപ്പിക്കുന്നതായിരിക്കും. മൂന്നാമത്തെ ഗുണമായിപ്പറഞ്ഞിട്ടുള്ളത് അവർ ഖാനിത്താത്ത്– അനുസരണശീലമുള്ളവരായിരിക്കുമെന്നാണ്. അവർ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾ അതുപോലെ അനുസരിക്കുന്നവരായിരിക്കും. നിസാമെ ജമാഅത്തിനെ അനുസരിക്കുന്നവരായിരിക്കും– ഒരു നിസാമിന്റെ കീഴിൽ പ്രവർത്തിച്ചാൽ മാത്രമെ നമുക്കു പുരോഗതി പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. നാലാമത്തെ ഗുണമായി പറഞ്ഞിട്ടുള്ളത് അവർ തായിബാത്ത് തൗബാ ചെയ്യുന്നവരായിരിക്കുമെന്നാണ്. തങ്ങളുടെ തെറ്റുകുറ്റങ്ങൾ അറിഞ്ഞ് തൗബാ ചെയ്യുന്നവരായിരിക്കും. എല്ലാ കുറ്റ

ങ്ങളിൽനിന്നും വിമുക്തകളാകാൻ പരമാവധി ശ്രമിക്കുന്നതാണെന്നേറ്റു പറയുന്നതായിരിക്കും. എന്നാൽ, മാത്രമെ യഥാർത്ഥ തൗബാ ആയിത്തീരുകയുള്ളൂ. എല്ലാ ബിദ്അത്തുകളിൽനിന്നും അകന്നുനില്ക്കുന്നവരായിരിക്കും. അഹ്മദിസ്ത്രീകൾ ഈ ഗുണവിശേഷങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ, ഓരോ നിമിഷവും അവരുടെ ദൃഷ്ടി അല്ലാഹുവിങ്കൽ ആയിത്തീരുകയാണെങ്കിൽ, എല്ലാ തിന്മകളിൽനിന്നും വിട്ടുനില്ക്കുന്നവരായിത്തീരുകയാണെങ്കിൽ, ഇൻശാഅല്ലാഹ് നമുക്ക് അഹ്മദിയ്യത്തിന്റെ പ്രകാശപൂർണ്ണമായ ഭാവിയെക്കുറിച്ചുള്ള ഉറപ്പ് ലഭിക്കുന്നതായിരിക്കും. മാതാവിന്റെ കാലടിക്കീഴിലാണ് സ്വർഗ്ഗം എന്നു പറഞ്ഞുകൊണ്ട് ഇസ്‌ലാം സ്ത്രീക്ക് മഹത്തായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. എന്നാൽ മാതാവിനെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണമെന്ന് മക്കൾക്കു മാത്രമല്ല കല്പന നൽകുന്നത്. മറിച്ച് മേല്പറഞ്ഞ സദ്ഗുണങ്ങൾ ഉൾക്കൊണ്ട് നിങ്ങളുടെ മക്കൾ സ്വർഗ്ഗത്തിൽ പോകത്തക്കവണ്ണം അവർക്ക് ശിക്ഷണം നല്കണമെന്ന് ഇതിൽ നിങ്ങൾക്കും കല്പനയുണ്ട്.


അവർ അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുന്നവരും അല്ലാഹുവുമായി ബന്ധപ്പെടുന്നവരും നിസാമെ ജമാഅത്തിനെ ബഹുമാനിക്കുന്നവരും എല്ലാവിധ അനാവശ്യകാര്യങ്ങളിൽനിന്നും വിട്ടുനില്ക്കുന്നവരും മറ്റുള്ളവരുടെ അവകാശങ്ങൾ നൽകുന്നവരും ആയിത്തീരേണ്ടതാണ്. അല്ലാതെ തന്റെ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി മക്കളെ വിവാഹം ചെയ്തുകൊടുക്കുകയും തങ്ങളുടെ ഉദ്ദേശ്യം പൂർത്തിയായാൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരായിത്തീരരുത്. നിങ്ങളുടെ ശിക്ഷണവും മാതൃകയും കാരണം നിങ്ങളുടെ സന്തതികൾ ഇബാദത്ത് ചെയ്യുന്നവരും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ അങ്കുരിപ്പിക്കുകയും സൃഷ്ടികളുടെ അവകാശങ്ങൾ നൽകുകയും ചെയ്യുന്നവരായിത്തീരുകയാണെങ്കിൽ ഈ ലോകത്തും നിങ്ങൾ സ്വർഗ്ഗീയജീവിതമാസ്വദിക്കുന്നവരായിത്തീരും. പരലോകത്തും അല്ലാഹുവിന്റെ സ്വർഗ്ഗത്തിനുള്ള അവകാശികളായിത്തീരുന്നതാണ്. നിങ്ങൾ അല്ലാഹുവിൽ പരിപൂർണ്ണ തവക്കുൽ വെച്ചുകൊണ്ട് ആബാദാത്തും (ദൈവാരാധന ചെയ്യുന്നവർ) ഖാനിത്താത്തും (അനുസരണമുള്ളവർ) തായിബാത്തും (തൗബാ ചെയ്യുന്നവർ) ആയിത്തീരേണ്ടതാണ്. എന്നാൽ മാത്രമെ നിങ്ങൾക്ക് സൃഷ്ടിയുടെ ഉദ്ദേശ്യം കരസ്ഥമാക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റേയും അവന്റെ തിരുദൂതരുടേയും കല്പനകളനുസരിച്ചുകൊണ്ട് നിങ്ങളുടെ മടിയിൽ വളർന്നുവരുന്ന അഹ്മദിയ്യത്തിന്റെ ഭാവിസന്തതികൾ പരിശുദ്ധസന്തതികളായിത്തീരുകയും ശൈത്താന്റെ മടികളിൽ വളരാതിരിക്കുകയും ചെയ്യുകയുള്ളൂ.

നിങ്ങൾ നിങ്ങളുടെ മക്കളുടെ കാര്യത്തിൽ അതീവശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. വീട്ടിന്റെ നിരീക്ഷകർ എന്ന നിലയിൽ ഓരോ സ്ത്രീയും തന്റെ മക്കളുടെ കാര്യത്തിൽ ഉത്തരവാദികളാണ്. നിങ്ങളെ നിങ്ങളുടെ മക്കളുടെ ഉത്തരവാദികളാക്കിയ സ്ഥിതിക്ക് നിങ്ങൾ അവർക്കെന്തുകൊണ്ട് ശരിയായ ശിക്ഷണം നൽകിയില്ല എന്ന് നിങ്ങളോടു ചോദിക്കപ്പെടുന്നതാണ്. ഇതൊരു സാധാരണ കാര്യമായി നിങ്ങൾ ഗണിക്കരുത്. ഭക്ഷണം പാകം ചെയ്യുകയും ഭർത്താവിന്റെ വസ്ത്രങ്ങൾ അലക്കി ഇസ്തിരിയിട്ടുകൊടുക്കുകയും കുട്ടികളെ അണിയിച്ചൊരുക്കി സ്കൂളുകളിൽ അയക്കുകയും ചെയ്തതുകൊണ്ടുമാത്രം നിങ്ങളുടെ ഉത്തരവാദിത്തം പൂർത്തിയാകുന്നില്ല. അവർക്ക് ശരിയായ ശിക്ഷണം നൽകുന്നതും നിങ്ങളുടെ പ്രഥമകർത്തവ്യമാണ്.

ഈ കാലത്ത് കാണപ്പെടുന്ന ദുഷ്പ്രവണതകളിൽ ഒന്ന് ടിവിയിലെ ചില പരിപാടികളാണ്. അതേപ്രകാരം ഇന്റർനെറ്റിലും വളരെ മോശപ്പെട്ട ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു. നിങ്ങൾ നിങ്ങളുടെ മക്കളുടെ കാര്യത്തിൽ ശരിയായ മേൽനോട്ടവും ശ്രദ്ധയും കാണിക്കുന്നില്ലെങ്കിൽ, ഇത്തരം അനാവശ്യകാര്യങ്ങളിൽനിന്നും അവരെ വിലക്കിനിറുത്തുന്നില്ലെങ്കിൽ പിന്നെ അവർ വലുതായാൽ നിങ്ങളുടെ കൈകളിൽനിന്നും വഴുതിപ്പോകുന്നതാണ്.

നിസ്സാരകാര്യങ്ങളിൽ കുട്ടികളെ വിലക്കിനിറുത്തുന്നത് ശരിയല്ലെന്നു കരുതി അവരെ അനുകൂലിക്കുകയും അവർക്ക് കൂട്ടുനില്ക്കുകയുമാണെങ്കിൽ അതിന്റെ പ്രത്യാഘാതം വളരെ മോശമായതായിരിക്കും. നിങ്ങളുടെ മക്കൾ നിങ്ങളുടെ മാത്രമല്ല, സമൂഹത്തിന്റേയും അമാനത്താണെന്ന ബോധം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. അഹ്മദിയ്യത്തിന്റെ ഭാവി തലമുറയെ നല്ലവരായി വാർത്തെടുക്കേണ്ട വലിയ ഭാരം നിങ്ങളുടെ ചുമലിലാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്രശിരസ്കരായിനിന്ന് അവനോട് സഹായമർത്ഥിച്ചുകൊണ്ട് തങ്ങളുടെ പ്രവർത്തിയും മാതൃകയും മുഖേന കുട്ടികൾക്ക് നല്ല ശിക്ഷണം നൽകേണ്ടതാണ്. വീണ്ടും ഞാൻ പറയുന്നു. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ നന്നായിട്ടറിഞ്ഞ് ഉണർന്നുപ്രവർത്തിക്കുക. അനാവശ്യവും വ്യർത്ഥവുമായ ലൗകികകാര്യങ്ങളിൽ നിന്നും വിട്ടുനില്ക്കുക. എപ്പോഴും ദൈവാരാധനയിൽ ബദ്ധശ്രദ്ധരായിരിക്കുക. തങ്ങളുടെ മക്കൾക്കും സ്വർഗ്ഗത്തിന്റെ ശീതളക്കാറ്റ് ലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക. അല്ലാഹു താങ്കൾക്ക് അതിനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

●



ഉമ്മുനസീർ

# മക്കയിലേക്കുള്ള പാത– IV

(തുടർച്ച)

ഹജ്ജിൽ വല്ല പിഴവും വരുന്നതിന് പ്രായശ്ചിത്തമാണ് ബലി. വീഴ്ച സംഭവിച്ചുവെന്ന് ഉറപ്പാണെങ്കിൽ മൂന്ന് നഫൽ നോമ്പ് എടുക്കണം. (പിന്നീട് എടുത്ത് വീട്ടിയാൽമതിയാകും) ബലി മാംസത്തിൽ നിന്നും സ്വന്താവശ്യത്തിനുള്ളവ പാകം ചെയ്ത് കഴിക്കാം. പിന്നെ കഅബയിൽ തിരിച്ചെത്തി ഏഴുവീതം തവാഫ്, സയ്അ് ഇവ നിർവ്വഹിച്ചശേഷം തലമുണ്ഡനം ചെയ്ത് തഹല്ലുൽ ആകാം. (ഹജ്ജിൽനിന്നോ ഉംറയിൽനിന്നോ ഉള്ള വിരമിക്കൽ)

മീനായിലെ മസ്ജിദ് ഹയ്ഫിൽ 70 ഓളം സഹാബാക്കൾ അന്ത്യവിശ്രമം കൊള്ളുന്നു. മീനായിൽ നിന്നും മക്കയിലേക്കുള്ള മാർഗ്ഗമദ്ധ്യേ മുസ്ദലിഫ താഴ്‌വരയിലാണ് വാദീമെഹ്സർ. ഇതാണ് അബ്രഹത്തിന്റെ ആനപ്പട തുരത്തപ്പെട്ട സ്ഥലം. മീനായുടെയും അറഫയുടെയും ഇടയിലുള്ള മുസ്ദലിഫയിൽ ഒരു പഴയ കനാലിന്റെ കരിങ്കൽക്കെട്ട് അവശിഷ്ടങ്ങൾ കാണപ്പെടുന്നു. അന്നത്തെ ഖലീഫ ഹാറൂൺ അൽറശീദിന്റെ പത്നി സുബൈദയുടെ നാമത്തിൽ ഐൻ സുബെദ എന്നറിയപ്പെടുന്ന നഹ്‌റത്തുൽ സബ്ദ ആണിത്. അക്കാലത്ത് സംസം കിണർ മൂടപ്പെട്ടുപോയതിനാൽ മക്കയിൽ ജലക്ഷാമം അനുഭവപ്പെട്ടപ്പോൾ സുബൈദരാജ്ഞി മുൻകൈയ്യെടുത്ത് ഇറാക്കിൽ നിന്നും തോടുവഴി (കനാൽ നിർമ്മിച്ച്) ഹറമിലേക്ക് വെള്ളമെത്തിച്ചതിന്റെ ബാക്കിപത്രമാണ് ഈ കൽക്കെട്ടുകൾ. ഹറമിലേക്കു തിരിച്ചുവരുംവഴി ഉയർന്നുനില്ക്കുന്ന ജബൽനൂർ ജബൽ റഹ്മാൻ, ഹിറാഗുഹയും സൗർഗുഹയും സ്ഥിതി ചെയ്യുന്ന മലനിരകൾ. ചെങ്കുത്തായ മലയുടെ ചെരുവിൽ ഉറുമ്പുകൾപോലെ ക്ലേശിച്ച് കയറുന്ന തീർത്ഥാടകർ. മലകയറ്റം വളരെ ദുഷ്ക്കരമെന്നറിയിച്ച ഗൈഡ് ഞങ്ങളെ അതിന്റെ ചുവട്ടിൽവരെ എത്തിച്ചു. ഒരു ചെറിയ കയറ്റം കയറിയ ഞങ്ങൾ നിന്നുകിതച്ചു. ആരോഗ്യം നഷ്ടപ്പെട്ടിട്ടില്ലാത്ത സമയത്ത് കുറെമുമ്പെ വരാൻ കഴിയാത്തതിൽ ഖേദിക്കുന്ന മനസ്സുമായി ഞങ്ങൾ കൊതിയോടെ മുകളിലേക്കു നോക്കിനിന്നു. വഹ്‌യ് ലഭിച്ചശേഷം പ്രവാചകപ്രഭു(സ)പോലും പിന്നെയങ്ങോട്ട് തിരിച്ചുകയറിയിട്ടില്ലെന്നും അത് വെറുമൊരു ഗുഹയാണെന്നും മഹത്വം നമുക്കു കിട്ടിയ ഖുർആൻ ആണെന്നും പറഞ്ഞ് ബിദ്അത്തിനെ നിരുത്സാഹപ്പെടുത്തുന്ന ഉൽപതിഷ്ണുവായ ഗൈഡ്! മക്കയിലും മദീനയിലും ഉള്ള ഇത്തരക്കാരും ഒരുപരിധിവരെ ഗവർമ്മെന്റും ആണ് ശിർക്കിനെ തടയുന്നത്. അല്ലാത്തപക്ഷം ഒരു സുന്നി ഗവർമ്മെന്റാണ് സൗദിയിലെങ്കിൽപോലും പഴയ കഅബയും ഖുറൈശീകാലത്തെ ബിംബാരാധനയും തുടങ്ങിയേനെ എന്ന് അവിടെയെത്തിയ തീർത്ഥാടകരിൽ ചില വിഭാഗത്തിന്റെ ബിദ്അത്തുകൾ കാണുമ്പോൾ തോന്നിപ്പോകും.

ഉത്തുംഗമായ ആ പർവ്വതശിഖരത്തിൽ നൂറ്റാണ്ടുകളുടെ ചവിട്ടടികൾക്ക് യാതൊരു പോറലുമേൽപ്പിക്കുവാൻ കഴിയാത്ത ഒരനാഘ്രാതകുസുമംപോൽ ഹിറാ സ്ഥിതിചെയ്യുന്നു. നഗരവികസനത്തിന്റെ പേർ പറഞ്ഞ് മലയുടെ വശങ്ങൾ ഇടിച്ചുകൊണ്ട് കെട്ടിടങ്ങൾ ഉയരുകയാണ്. മക്കയുടെ തനിമ... തീർത്ഥാടന സ്ഥലത്തിന്റെ സ്വഛശാന്തമായ അന്തരീക്ഷമൊക്കെ വികസിച്ചുവരുന്ന നഗരത്തിന്റെ ഇരമ്പലിൽ അമരുകയാണ്. ഭൗതികതയുടെ അതിപ്രസരമേല്ക്കാതെ പാറയും പരിസരവും സംരക്ഷിക്കുവാൻ ഭരണകർത്താക്കൾ ശ്രദ്ധിച്ചിരുന്നെങ്കിൽ! കഅബയുടെ കാൽചുവട്ടിലേക്കു കിനിഞ്ഞിറങ്ങുംപോലെ തോന്നുന്ന ആ മലനിരകൾ നോക്കിനിൽക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് തിരനോട്ടം നടത്തുന്ന ചരിത്രസായാഹ്നങ്ങൾ എത്ര!! ആ കുന്നിൻപടവുകളിലായിരിക്കില്ലേ അബൂജഹലും കൂട്ടരും വെടിപറഞ്ഞിരിക്കാറുണ്ടായിരുന്നത്. ഒരുവശത്തുനിന്നും നായാട്ടുകഴിഞ്ഞ് കയറിവരുന്ന ഹംസ (റ)ന്റെ ഗംഭീരാകാര രൂപം നമ്മുടെ സങ്കല്പത്തിലേക്കൊരു നിമിഷം കൊണ്ടുവന്നാൽ– സഹോദരപുത്രനെ പരിഹസിച്ചതറിഞ്ഞ് വില്ലുകൊണ്ട് അബൂജഹലിന്റെ തലമണ്ടയ്ക്കിട്ട് കൊടുത്ത ആ കിഴുക്ക്. വിവർണമായ മുഖഭാവത്തോടെ മലയിറങ്ങിവരുന്ന അബൂജഹലിന്റെ രൂപം!

ആ മരുപ്പരപ്പുപോലെ, കരിമ്പാറക്കെട്ടുകൾപോലെ, പരുപരുത്ത ഒരു ജനവിഭാഗം, ഒട്ടകങ്ങളേയും ആടുകളേയുംപോൽ അലഞ്ഞുനടക്കുന്ന ഒരുപറ്റം മനുഷ്യർ, അവർക്കിടയിൽ ഉദാത്തസ്വഭാവഗുണങ്ങൾ പ്രസരിപ്പിക്കുന്ന ചില വിശിഷ്ടവ്യക്തികൾ. ആ കഠിനഹൃദയർക്കിടയിൽ.. ആ പാരുഷ്യത്തിൽനിന്നും വെണ്ണപോൽ നൈർമ്മല്യമാർന്ന മനുഷ്യാത്മാക്കളെ വാർത്തെടുത്ത പ്രവാചകശ്രേഷ്ഠൻ. തന്റെ ജനതയെ ഓർത്ത് ആ കണ്ണിൽനിന്നുതിർന്ന എത്രയേറെ അശ്രുകണങ്ങൾ ആ പരിസരത്തെ മണലിൽ വീണിട്ടുണ്ടാകും. ഇന്നത്തെ ജനലക്ഷങ്ങൾക്കു കുമ്പിടാനായി ഏകദൈവത്തിന്റെ തിരുമുമ്പിൽ ഒട്ടകത്തിന്റെ കുടൽമാലയുമായി കുമ്പിട്ടുകേണ ആ പുണ്യപുമാന്റെ അകമുരുകിയ പ്രാർത്ഥനയുടെ ചൂടല്ലേ ഈ കഅബയുടെ എന്തിന് അറേബ്യൻഗൾഫിലാകമാനം സമ്പന്നതയുടെ നറുംപാൽ ചുരത്തിയത്?

അകംനിറഞ്ഞ് പുറംവരണ്ടുനിന്ന ആദിമമുസ്ലിംകളിൽനിന്നും പുറംനിറഞ്ഞ് അകംവരണ്ടു തുടങ്ങിയ ഇന്നത്തെ മുസ്ലിംകളിലേക്കുള്ള ദൂരം? അതൊരു ചാണോ, ഒരു മുഴമോ ആണോ? ഒരുലക്ഷത്തി ഇരുപത്തിനാലായിരം തവണ ആവർത്തിപ്പിക്കപ്പെട്ട പ്രവാചകത്വത്തിന്റെ ദൂരമല്ലേ. തൗഹീദിനെതിരെ സന്ധിയില്ലാ സമരം നടത്തുന്ന ഇബ്ലീസിന്റെ നിത്യപരിശ്രമമല്ലേ അതിന്നളവ് അന്ത്യകാലംവരെ നിലനില്ക്കുന്ന ആ വെല്ലുവിളിയെ തടുക്കാൻ ഏകദൈവാരാധകരുടെ ലബ്ബൈക്ക് ഉയർത്തുന്ന തൗഹീദിന്റെ മുഴക്കം ഇനിയുമിനിയും ഉയർന്നുപൊങ്ങേണ്ടിയിരിക്കുന്നു. ശിർക്കിന്റേയും ബിദ്അത്തിന്റെയും ചെളിപുരളാതെ ഇസ്ലാമിന്റെ ധ്വജം ഉയർന്നു പറക്കേണ്ടിയിരിക്കുന്നു. ദജ്ജാലിയ്യത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റിക്കൊണ്ട് ലോകമുസ്ലിംകൾക്ക് ആത്മീയനേതൃത്വം നൽകിക്കൊണ്ട് അല്ലാഹുവിന്റെ ഖലീഫ എന്ന് വിശുദ്ധനഗരങ്ങൾ കൈയ്യേൽക്കുന്നുവോ– അന്നായിരിക്കും ആ കാഹളം മുഴങ്ങുക. ലോകത്തെ മുഴുവൻ തൗഹീദിന്റെ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ട് ദജ്ജാലിയ്യത്തിനും കുഫ്റിനും എതിരെ മുഴക്കപ്പെടുന്ന അന്തിമകാഹളം. ഇസ്ലാമിന്റെ വിജയഭേരി. ആ സുദിനത്തിനായി നമുക്ക് അഹോരാത്രം പ്രാർത്ഥിക്കാം. മാതാ നസ്റുല്ലാഹി. മാതാ നസ്റുല്ലാഹി.. അത് അതിവിദൂരമല്ല തീർച്ച.

ഉദ്ദേശിച്ചപ്രകാരം ഉംറ നിർവ്വഹിക്കുവാനും അല്ലാഹുവിന്റെ പുരാതനദേവാലയം സന്ദർശിക്കുവാനും ഭാഗ്യമുണ്ടായതിന് സർവ്വശക്തന് വീണ്ടും വീണ്ടും സ്തുതിയർപ്പിച്ചുകൊണ്ട് ഞങ്ങൾ തവാഫുൽവിദാഅ്നായി കഅബത്തിങ്കലെത്തി. കഅബയെ വിട്ടുപോരുക എന്നാൽ ഒരു മുസ്ലിമിന് വല്ലാത്ത വേദനയാണ്. കുഞ്ഞിനെ ഉപേക്ഷിച്ചുപോകുന്ന മാതാവിനെപോലെ നമ്മുടെ മനസ്സ് അവിടേക്കുതന്നെ കുതിച്ചുകൊണ്ടിരിക്കും. അനന്തകാലത്തോളം ആ സന്നിധിയിൽ കഴിഞ്ഞുകൂടാൻ കഴിഞ്ഞെങ്കിലെന്ന് കൊതിച്ചുപോകും. എന്നും അവിടെ ചുറ്റിപ്പറക്കുന്ന പ്രാവുകളോടും അവിടത്തെ തരിമ്മണലിനോടും പാറക്കെട്ടുകളോടും ഒക്കെ അസൂയതോന്നിപ്പോകും. പിൻവിളിയുയർത്തുന്ന ഭൗതികലോകത്തോട് വിരക്തി തോന്നും. നാം എത്ര ദിവസങ്ങൾ അവിടെ ചിലവഴിച്ചാലും ഭൗതികമായ യാതൊരു ചിന്തയും മനസ്സിൽ കടന്നുവരാത്തവിധം സർവ്വേശസന്നിധിയിലെത്തും മാനസം. വിശുദ്ധമക്കാപട്ടണമേ വിട. വീണ്ടും തിരിച്ചെത്താനായി എന്റെ നാഥന്റെ ഉണ്മയെ അവന്റെ പ്രവാചകന്മാരുടെ സത്യതയെ വിളിച്ചോതുന്ന നിന്റെ വിശുദ്ധ കഅബ തവാഫ് ചെയ്യാനായി വീണ്ടുമൊരവസരം തേടിക്കൊണ്ട് മഅസ്സലാമ.

വൈകുന്നേരം ഞങ്ങൾ ജിദ്ദയിലെത്തി. ഒരു സുഹൃത്തിന്റെ വീട്ടിൽ കുറച്ച് സമയം ചിലവഴിച്ചു. നമസ്കാരവും ഭക്ഷണവുമൊക്കെ കഴിഞ്ഞ് 10 മണിക്ക് ഞങ്ങൾ മദീനയിലേക്കു പുറപ്പെട്ടു. ഇരുട്ടായതിനാൽ പുറം കാഴ്ചകൾ അന്യമായിരുന്നു. ഇടയ്ക്കിടെ ഓടിമറയുന്ന ജനപ്രദേശങ്ങളും വാഹനങ്ങളുടെ വെളിച്ചവും മാത്രം. നിശ്ശബ്ദമായ മരുഭൂമിയുടെ മാറിലൂടെ പ്രവാചകന്റെ അഭയകേന്ദ്രത്തിലേക്ക് നീങ്ങുമ്പോൾ നാലുവർഷം മുമ്പ് കണ്ട മദീനയായിരുന്നു മനസ്സിൽ. ഇടുങ്ങിയ തെരുവുകളും തെരുവുകളിലേക്കിറങ്ങിനില്ക്കുന്ന കടകളും വഴിവാണിഭക്കാരും നിറഞ്ഞ മദീന. തെരുവുകളിൽനിന്നും തെരുവുകളിലേക്കു ഞരമ്പുകൾപോലെ വ്യാപിച്ചുനില്ക്കുന്ന റോഡുകൾ. ചുറ്റിക്കറങ്ങി പരിചയമില്ലെങ്കിൽ നമ്മൾ വീണ്ടും വീണ്ടും തുടങ്ങിയിടത്തോ ഉള്ളറകളിലേക്കോ എത്തിയേക്കും. രാത്രി മുഴുവൻ ഓടിത്തളർന്ന വാഹനം സുബഹിയായപ്പോൾ ഖുബയിലെത്തി. സൂര്യന്റെ ആദ്യരശ്മികൾ എത്തിനോക്കുന്ന ഖുബ പിന്നിട്ട് ഞങ്ങൾ മദീനയിലെത്തി. പ്രഭാതകിരണങ്ങളേറ്റ് സുവർണ്ണാലങ്കാരങ്ങളോടെ മസ്ജിദുന്നബ്വി വിളങ്ങി. സാന്ദ്രമായൊരു നിശ്ശബ്ദത അന്തരീക്ഷത്തെ ചൂഴ്ന്നുനില്ക്കുന്നു. ഉദയസൂര്യന്റെ ചുവപ്പ്രാശി പടരുന്ന ആകാശം, ഉഹ്ദ്മലയുടെ നീലിമ വിദൂരപശ്ചാത്തലത്തിൽ; നേരിയ കുളിർകാറ്റ്, അൻസാരികളുടെ സ്നേഹോഷ്മളത നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും തലോടുന്നതുപോലെ! മക്കത്തെ പള്ളി പ്രൗഢഗാംഭീര്യമാണെങ്കിൽ മദീനയ്ക്കു വല്ലാത്ത ശാലീനതയാണ്. ഗേറ്റ് നമ്പർ 22–ന് നേരെ പുറത്തുവരുന്ന ഞങ്ങളുടെ ഹോട്ടൽമുറിയിൽ നിന്നുനോക്കുമ്പോൾ മസ്ജിദുനബ്വിയുടെ മിനാരം കാണുന്നു. ആദ്യസന്ദർശനത്തിലെ മദീന ആകെ മാറിയിരിക്കുന്നു. ഇടുങ്ങിയ തെരുവുകളിൽ തിങ്ങിനിറഞ്ഞ കടകമ്പോളങ്ങൾ മുഴുവൻ പൊളിച്ചുമാറ്റിയിരിക്കുന്നു. മസ്ജിദുന്നബ്വിയുടെ വിശാലമായ മാർബിൾ പാകിയ മുറ്റത്തിനു ചുറ്റും ഉയർത്തികെട്ടിയ മതിൽക്കെട്ടിനു പുറത്ത് (കൂറ്റൻ ഗ്രില്ലുകൾ പിടിപ്പിച്ച് ധാരാളം ഗേറ്റുകളുമായ്–നാല് വശ

ത്തുമുള്ള വഴികളിലേക്കാണ് ഈ മതിൽക്കെട്ടുകൾ പിന്നിട്ടാലെത്തുക) ഒരേ ശില്പഭംഗിയിൽ വൻകിട ഹോട്ടലുകളും കെട്ടിടങ്ങളും പണിതിരിക്കുന്നു. ചെങ്കൽനിറത്തിൽ നിരന്നുനില്ക്കുന്ന കെട്ടിട സമുച്ചയങ്ങളുടെ താഴത്തെനിര മുഴുവൻ മാർക്കറ്റാണ്. കടകളുടെ പുറത്തെ വരാന്ത നിറയെ ആർച്ച് വാതിലുകൾപോലെ കമാനങ്ങൾ പണിതിരിക്കുന്നു. ഒരറ്റത്തുനിന്നു തുടങ്ങിയാൽ മുഴുവൻ കടകളും കറങ്ങി പുറപ്പെട്ട സ്ഥലത്ത് തിരിച്ചെത്തും. കമാനങ്ങൾ വഴി എവിടെ വേണമെങ്കിലും പുറത്തേക്കിറങ്ങുകയും ചെയ്യാം. കടകൾ മുഴുവൻ പഴയവരും പുതിയവരുമായ കച്ചവടക്കാർ നിറഞ്ഞിരിക്കുന്നു. നഗരഭംഗിയുടെ അടുക്കും ചിട്ടയും എല്ലാവരും പാലിക്കുന്നു. പഴമ നിലനിർത്തിക്കൊണ്ടുള്ള പുതുമയുടെ സൗകര്യങ്ങൾ ഏറ്റവും ആകർഷകമാണ്. അൻസാരികളുടെ പുതിയ തലമുറ ഇന്നും പ്രവാചകശ്രേഷ്ഠന്റെ അനുയായികളുടെ സൽഗുണങ്ങൾ പ്രകടമാക്കുന്നു. പള്ളിയിൽ കടന്ന ഞങ്ങൾ രണ്ട് റക്കഅത്ത് നഫൽ നമസ്കരിച്ചു. ശിർക്കിനേയും കബർപൂജയേയും കഠിനമായി വിരോധിച്ച പ്രവാചകശ്രേഷ്ഠന്റെ ആജ്ഞാപാഠങ്ങൾ ശിരസാവഹിച്ചുകൊണ്ട് കർശനമായ നിയന്ത്രണങ്ങൾ നടത്തുന്ന വനിതാവൊളണ്ടിയർമാർ തിക്കിത്തിരക്കുന്ന സ്ത്രീകളെ നിയന്ത്രിക്കുന്നു. ഞങ്ങൾ നബികരീം(സ) യുടെ മഖ്ബറയ്ക്കരികെ എത്തി. മൂന്ന് പൂർണ്ണചന്ദ്രന്മാർ വീണുറങ്ങുന്ന ആയിശ(റ)ന്റെ ഭവനം. മുഹമ്മദ് നബി(സ)യും പ്രിയസിദ്ദീഖും, ശുഅദാഅ് ഉമറിബ്നു ഖത്താബ്(റ)യും അന്ത്യവിശ്രമംകൊള്ളുന്ന പുണ്യസ്ഥലം ഗ്രില്ലിട്ട് ഭദ്രമാക്കിയ സ്ഥലത്ത് അധികം തങ്ങിനില്ക്കാനനുവദിക്കാതെ നമസ്കാരത്തിന്, ഖുർആൻ പാരായണത്തിന് പ്രാധാന്യം നല്കാൻ ആഹ്വാനം നൽകിക്കൊണ്ട് തീർത്ഥാടകരെ തള്ളിമാറ്റുന്ന വനിതാസേവകർ. പ്രവാചകശ്രേഷ്ഠന്റെമേൽ സലാമും സ്വലാത്തും ചൊല്ലി ദുആകൾ അർപ്പിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുനീങ്ങി. മക്കാമൻ മഹ്മൂദ് എന്നറിയപ്പെടുന്ന പ്രവാചകന്റെ മിമ്പർ കൊട്ടിയടച്ച് ഭദ്രമാക്കിയിരിക്കുന്നു. അവിടെ സ്ത്രീകൾക്കു പ്രവേശനമില്ല. 1400 വർഷം കഴിഞ്ഞിട്ടും 'യാഅലീ' എന്നാർത്ത് കർബലാ സ്മരണയിൽ വിങ്ങിപ്പൊട്ടിക്കരയുന്ന ശിയാസ്ത്രീകളെ മദീനയിൽ ധാരാളമായി കാണാം. കറുത്ത വസ്ത്രം ധരിച്ച് ജന്നത്തുൽ ബഖ്യയുടെ ഗ്രില്ലുകളിലും മക്കയിൽ ഹജ്റുൽ അസ്വദിനു ചുറ്റും ഹിജ്ർ ഇസ്മായീലിന്റെ ഉള്ളിലും മക്കാമു ഇബ്രാഹീമിന്റെ കുടിലിലും, കടവാതിലുകൾപോലെ അവർ തൂങ്ങിക്കിടക്കുന്നത് കാണാം. കഴിഞ്ഞതവണ മക്ക സന്ദർശിച്ചപ്പോൾ സംസം കിണറിന്റെ അടുത്തുവരെ പോകാൻ പറ്റിയിരുന്നു. അതിന്റെ ചില്ലുവാതിലിൽ കമിഴ്ന്നും സംസം വെള്ളം തലവഴി ഒഴിച്ചും നമസ്കാരത്തിനുപോലും പോകാതെ അനേകം സ്ത്രീകൾ കഴിച്ചുകൂട്ടുന്നത് കാണാം. ഇപ്പോൾ അതും അടച്ചുകളഞ്ഞു. ശിർക്ക് തടയാൻ ഗവർമ്മെന്റ് ഓരോ നടപടികൾ എടുക്കുന്നുണ്ടെങ്കിലും ജനങ്ങൾ പുതിയതെന്തെങ്കിലും കണ്ടെത്തുന്നു. ഫിറോന്റെ അടിമത്തത്തിൽനിന്നും നിത്യമോചനം നൽകി കാനാനിലേക്കു നയിച്ചിട്ടും മൂസാ(അ) മലമുകളിൽ പ്രാർത്ഥിച്ചുവരാൻ 40 ദിവസം കാത്തിരിക്കാതെ സ്വർണ്ണവിഗ്രഹം പണിത് ആരാധന തുടങ്ങിയ കൗമിന്റെ പിൻമുറക്കാരല്ലേ. അല്ലാഹു ഖുർആനിൽ പറഞ്ഞതെത്ര ശരി. ദൗർഭാഗ്യം വരുമ്പോൾ അല്ലാഹുവിൽ അഭയം തേടുന്ന മനുഷ്യർ നന്മ വരുമ്പോൾ എത്രവേഗമാണ് അവന് പങ്കുകാരനെ തേടുന്നത്!!

തിരക്കൊഴിഞ്ഞ സ്ഥലം നോക്കി ജന്നത്തുൽ ബഖിയയിൽ ദുആ ചെയ്ത് രണ്ടാംദിവസം രാവിലെ മദീനയിലെ കറുത്തപാറപ്രദേശങ്ങൾ തരണം ചെയ്ത് വാദീ അൽഖൽഖ് ചെക്ക്പോസ്റ്റുവഴി റിയാദിലേക്കും പിന്നെ ദുബായിലേക്കും ഞങ്ങൾ മടക്കയാത്ര തുടങ്ങി. നിറമണിഞ്ഞ കുന്നുകളും മണൽപ്പരപ്പുകളും പച്ചത്തുരുത്തുകളും പിന്നിട്ട് വാഹനം നീങ്ങുമ്പോൾ മനസ്സ് മന്ത്രിച്ചു. പ്രവാചകന്റെ പ്രിയപ്പെട്ട മണ്ണേ അൽവിദ. കണ്ണും കരളും നിറച്ച ഓർമ്മകളെ; കാഴ്ചകളെ, ജീവിതത്തിലെ സുവർണ്ണനിമിഷങ്ങളായി താലോലിക്കുമ്പോഴും ഉള്ളിൽ ഉണരുന്ന മോഹം വീണ്ടും വീണ്ടും വരാൻ കഅബയെ പ്രദക്ഷിണം വെക്കാൻ മസ്ജിദുന്നബ്വിയുടെ തണലിലിരിക്കുവാൻ ഇനിയും അവസരങ്ങൾ തരണേ റബ്ബേ എന്ന പ്രാർത്ഥന. ഇസ്ലാമിന്റെ ആ പാവനകേന്ദ്രങ്ങൾ റസൂൽ(സ)യുടെ ഇമാം മഹ്ദിയുടെ ഖിലാഫത്തിൻ കീഴിൽവരുന്ന സുവർണ്ണകാലം ഞങ്ങളുടെ കണ്ണുകൾക്ക് കാണാനുള്ള ഭാഗ്യം നൽകേണമേ. സർവ്വശക്തനായ നാഥാ... ആമീൻ... സുമ്മആമീൻ.

---

*14-ാം പേജിൽനിന്ന്*

മയാവുന്നതും ഭൃത്യർ ഭരണകർത്താക്കളാകുന്നതും കണ്ട് വിറളിപിടിച്ച ഇസ്ലാമിന്റെ ശത്രുക്കൾ മിത്രമായ് അടുത്തുകൂടി ഭൗതിക സുഖഭോഗങ്ങളിൽ മുസ്ലിംകളെ ആകർഷിച്ചും സൽക്കർമ്മങ്ങളിലും ധാർമ്മികതയിലും ഉറച്ചുനിന്നവരെ ഒറ്റപ്പെടുത്തി. ദീനിൽ വെള്ളം ചേർത്തു. ആ പ്രക്രിയ ഇന്നും തുടരുന്നു. അരങ്ങും വേഷവും മാറിയതാണെന്ന് മാത്രം. ജൂത കുതന്ത്രവും സാത്താന്റെ പരിശ്രമവും അന്ത്യകാലംവരെ തുടരുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നുമുണ്ട്. തഖ്വയിലധിഷ്ഠിതമായ ജീവിതം മാത്രമേ ഇതിന് പരിഹാരമായുള്ളൂ.

# ഹദീസുഗ്രന്ഥങ്ങൾ

ഇസ്ലാം അതിമഹത്തായ ഒരു മതമാകുന്നു. വിശുദ്ധഖുർആന്റെ സമഗ്രവും സമ്പൂർണ്ണവുമായ അദ്ധ്യാപനങ്ങളെ കർമ്മപഥത്തിൽ വരുത്തിയ സയ്യിദുനാ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ മാതൃകയാണ് ഈ മഹത്വത്തിനു നിദാനം. അദ്ദേഹം എന്തു പഠിപ്പിച്ചുവോ അതിന്റെ പൂർണ്ണവും സജീവവുമായ മാതൃക അദ്ദേഹം തന്നെയായിരുന്നു. തിരുനബി(സ) യുടെ പ്രവൃത്തിയും അദ്ധ്യാപനവും തമ്മിലുള്ള അഗാധവും അഭേദ്യവുമായ ബന്ധം അനുയായികളിൽ മായാത്ത സ്വാധീനം ചെലുത്തി. സയ്യിദുനാ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ജീവിതം എങ്ങനെയായിരുന്നു എന്ന്, അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഭാര്യയായ ആയിശാ(റ)യോടു ചോദിച്ചപ്പോൾ പ്രതികരണം ഇതായിരുന്നു:

"അദ്ദേഹത്തിന്റെ ജീവിതം വിശുദ്ധഖുർആനായിരുന്നു.''

അല്ലാഹുവിന്റെ വചനവും നബിതിരുമേനിയുടെ വചനവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിനു ലഭിച്ച ദിവ്യവെളിപാടുകൾ വ്യക്തിപരമായ മോഹങ്ങൾ അണുവോളം പ്രകടമാകാത്തവിധം പരിശുദ്ധമാണ്. അതിനുസാക്ഷിയായി വിശുദ്ധഖുർആൻ പറയുന്നു:

"അദ്ദേഹം സ്വന്തം ഇഷ്ടപ്രകാരം ഒന്നുംതന്നെ പറയുന്നില്ല. അദ്ദേഹത്തിന്റെ ഓരോ വചനവും ദിവ്യവെളിപാടുകൾക്ക് അനുസരിച്ചുള്ളതത്രേ."

അദ്ദേഹം സമസ്തലോകത്തും എല്ലാ കാലഘട്ടത്തിലെ മാനവരാശിക്കും ഉത്തമമാതൃകയാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

"നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രവാചകരിൽ ഉത്തമ മാതൃകയുണ്ട്."

തിരുനബി(സ)യുടെ ജീവിതത്തേയും പ്രവൃത്തിയേയും ഉപദേശങ്ങളേയും ആധാരമാക്കിക്കൊണ്ട് ഏതാനും തെരഞ്ഞെടുത്ത ഹദീസുകൾ ഇവിടെ ഉദ്ധരിക്കുകയാണ്. അതിലടങ്ങിയ വചനങ്ങൾ, നബിതിരുമേനി(സ)യുടെ ദൈനംദിന ജീവിതത്തേയും ആ മഹാത്മാവിന്റെ പ്രാർത്ഥനകളേയും ധാർമ്മികനിലവാരത്തേയും പ്രബോധനരീതിയേയും മനസ്സിലാക്കി തരുന്നവയാണ്.

ചില ഹദീസുകൾ നബിതിരുമേനി(സ)യുടെ ജീവിതകാലത്തുതന്നെ എഴുതിവെച്ചവയാണെങ്കിലും ഹദീസുകൾ അധികവും തിരുനബി(സ)യുടെ വഫാത്തിനെ തുടർന്ന് ഇരുന്നൂറുവർഷങ്ങൾക്കുശേഷം ക്രോഡീകരിക്കപ്പെട്ടവയാണ്. എങ്കിൽത്തന്നെയും താഴെ വിവരിക്കുന്ന കാരണങ്ങളാൽ അവയെല്ലാം വിശ്വാസയോഗ്യമായി അംഗീകരിക്കാവുന്നവയാണ്.

നബിവചനങ്ങളധികവും ബഹുമാനിച്ച് ആദരിക്കപ്പെട്ടിരുന്നവയായതിനാൽ, അനുയായികൾ ഉടനെ തന്നെ അവ ഹൃദിസ്ഥമാക്കുകയും പിന്നീട് അവരുടെ സംഭാഷണങ്ങളിൽ നിരവധിതവണ അവ ആവർത്തിച്ചുദ്ധരിക്കുകയും ചെയ്തിരുന്നു. തിരുനബി(സ)യുടെ വചനത്തെ അനുയായികൾ ഭക്ത്യാദരപൂർവ്വമാണ് കണ്ടിരുന്നത്. തിരുനബി(സ)യുടെ യഥാർത്ഥ വചനങ്ങൾക്കു ഒരണുമാറ്റം വരുത്തുന്നത് അല്ലാഹുവിനോടു സമാധാനം പറയേണ്ട മഹാഅപരാധമായി അവർ ഗണിച്ചിരുന്നു. കാരണം "ഞാൻ പറയാത്തത് എന്റെ പേരിൽ കെട്ടിച്ചമയ്ക്കുന്നവരുടെ വാസസ്ഥലം നരകമായിരിക്കും'' എന്നു നബി(സ) തിരുമേനി താക്കീത് ചെയ്തിട്ടുണ്ട്.

തിരുനബി(സ)യെ സംബന്ധിച്ചോ തിരുനബിയുടെ വചനങ്ങളെ സംബന്ധിച്ചോ പരാമർശമുണ്ടായാൽ, ആ സന്ദേശം കേൾക്കുന്ന അനുയായി താൻ കേട്ടത് അപ്പടി ഹൃദിസ്ഥമാക്കുക മാത്രമല്ല, ആരാണോ ആ പരാമർശം നടത്തിയത് ആ വ്യക്തിയുടെ പേരും ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. അങ്ങനെയായാൽ ആ വചനത്തെപ്പറ്റി ചോദിക്കപ്പെടുന്ന അവസരത്തിൽ ആധികാരികമായിത്തന്നെ ഉത്തരവാദപ്പെട്ട വ്യക്തിയെ അവർക്ക് ചൂണ്ടിക്കാണിക്കാമല്ലോ.

നബിതിരുമേനി(സ)യുടെ ആവിർഭാവത്തിനു മുമ്പുതന്നെ എന്തും മനഃപാഠമാക്കുന്നതിൽ അറബികൾക്കുണ്ടായിരുന്ന വൈഭവം പ്രസിദ്ധമായിരുന്നു.

അറബിക്കവികളുടെ ലക്ഷക്കണക്കിന് കാവ്യശകലങ്ങൾ ഹൃദിസ്ഥമാക്കിയവർ വിരളമല്ല. കൂടാതെ കുടുംബങ്ങളുടെ തലമുറതലമുറയായുള്ള ചരിത്രവും അവർ ഓർമ്മയിൽ വെച്ചിരുന്നു. തിരുനബി(സ)യുടെ ആവിർഭാവത്തിനുശേഷം അനുയായികളുടെ ധാർമ്മികനിലവാരം അത്യുന്നതമായതിനാൽ അതിശയോക്തി അഥവാ അതിവർണ്ണന നല്കുന്നത് ഒരു കുറ്റമായി കരുതപ്പെട്ടിരുന്നു. മാത്രമല്ല സത്യത്തെ മുറുകെപ്പിടിക്കുവാനും വാക്കുകളെ വളച്ചൊടിക്കാതിരിക്കുവാനും വിശുദ്ധഖുർആൻ ശക്തിയുക്തം നിഷ്കർഷിക്കുന്നു.

ഇങ്ങനെ തിരുവചനങ്ങൾ സമാഹരിക്കുന്നതിൽ മറ്റൊരു ചരിത്രസംഭവവിവരണങ്ങളിലും കാണാത്തത്ര ശ്രദ്ധയും സൂക്ഷ്മതയും മുസ്‌ലിംപണ്ഡിതന്മാർ കൈക്കൊള്ളുകയുണ്ടായി. തിരുവചനങ്ങൾ എടുത്തുദ്ധരിക്കുമ്പോൾ അവ ആഖ്യാനം ചെയ്ത വ്യക്തികളുടെ ശൃംഖലതന്നെ പ്രത്യേകം രേഖപ്പെടുത്തപ്പെടുകയുണ്ടായി. അവ വിവരിക്കുന്ന വ്യക്തികളുടെ സ്വഭാവഗുണങ്ങളെപ്പോലും ഉറപ്പുവരുത്തിയിട്ടുണ്ട്. അങ്ങനെ തലമുറയായി പറഞ്ഞുകേട്ടുവന്ന അലിഖിതവചനങ്ങൾ കൈമാറുന്നതിൽ ഒരു പുതിയ അറിവ് മനുഷ്യചരിത്രത്തിൽ ഉണ്ടാവുകയായിരുന്നു.

തിരുനബി(സ)യുടെ വചനങ്ങൾ വിവരിക്കുന്ന ഒട്ടധികം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ ഏറ്റവുമധികം പ്രാധാന്യം ലഭിച്ചത് ആറ് ഗ്രന്ഥങ്ങൾക്കാണെന്ന സത്യം, ഇസ്‌ലാമിനെപ്പറ്റി അധികമായി മനസ്സിലാകാത്ത വ്യക്തികളുടെ അറിവിനായി ഇവിടെ പരാമർശിക്കാം. അവ ***സിഹാഹുസ്സിത്ത*** (വിശ്വസനീയമായ ആറു ഗ്രന്ഥങ്ങൾ) എന്ന പേരിലറിയപ്പെടുന്നു. ഈ ചെറുഹദീസ് സമാഹാരത്തിൽ അധികവും മുകളിൽപറഞ്ഞ ആറുഗ്രന്ഥങ്ങളിൽനിന്നു ശേഖരിച്ചവയാണ്. ഈ ആറുഗ്രന്ഥങ്ങളെക്കുറിച്ചും അത് സമാഹിക്കുന്നതിന് സന്നദ്ധരായ പണ്ഡിതന്മാരെക്കുറിച്ചുമുള്ള സംക്ഷിപ്തവിവരണം താഴെ ചേർക്കുന്നു.

**സഹീഹ് ബുഖാരി**

വിശുദ്ധഖുർആനുശേഷം ഏറ്റവും വിശ്വസനീയമായി കണക്കാക്കുന്ന ഗ്രന്ഥമാണിത്. ഇമാം ബുഖാരി എന്ന പേരിലറിയപ്പെടുന്ന, ബുഖാറയിലെ മുഹമ്മദുബ്നു ഇസ്മായീൽ ബുഖാരി(റഹ്) ആണ് ഈ ഗ്രന്ഥത്തിന്റെ സമാഹർത്താവ്.

**സഹീഹ് മുസ്‌ലിം**

പ്രാധാന്യത്തിൽ രണ്ടാമതായി ഗണിക്കുന്നത് 'സഹീഹ് മുസ്‌ലി'മിനെയാണ്. ഖുറാസാനിലെ നിശാപൂർ സ്വദേശിയായ മുസ്‌ലിംമുബ്നുൽ ഹജ്ജാജ്(റഹ്) ആണ് ഈ ഗ്രന്ഥം ക്രോഡീകരിച്ചത്.

**ജാമിഉത്തിർമിദി**

മൂന്നാം സ്ഥാനമാണ് 'ജാമിഉത്തിർമിദി'ക്കുള്ളത്. ഇതിന്റെ സമ്പാദകനായ ഇമാം മുഹമ്മദുബ്നു ഈസാ(റഹ്) തിർമിദ് ദേശക്കാരനാണ്.

**സുനനു അബീദാവൂദ്**

സുനനു അബീദാവൂദ് സംഭരിച്ചുചേർത്തത് അബൂദാവൂദ് എന്ന പേരിൽ അറിയപ്പെടുന്ന സുലൈമാനുബ്നു അശ്അസ്(റഹ്) ആണ്.

**സുനനുബ്നുമാജാ**

വിശ്വാസ്യതയിൽ അഞ്ചാം സ്ഥാനത്തായി നില്ക്കുന്നത് 'സുനനുബ്നു മാജാ'യാണ്. ഇറാക്കിലെ സുപ്രസിദ്ധ പട്ടണമായ ഖിസ്വിൻ പ്രദേശക്കാരനായ മുഹമ്മദുബ്നു മാജാ(റഹ്)യാണ് ഈ ഗ്രന്ഥം സമാഹരിച്ചത്.

**സുനനുന്നസാഈ**

ആറാമത്തെ ഗ്രന്ഥം 'സുനനുന്നസാഈ'യാണ്. ഖുറാസാനിലെ നസാ സ്വദേശിയായിരുന്നതിനാൽ നസായി എന്ന പേരിൽ എങ്ങും അറിയപ്പെട്ട അഹ്മദുബനു ശുഐബ്(റഹ്) ആണ് ഈ ഗ്രന്ഥം ക്രോഡീകരിച്ചത്.

മുകളിൽ വിവരിച്ച ആറു ഗ്രന്ഥങ്ങൾക്കു പുറമെ 'മുവത്ത ഇമാം മാലിക്ക്' എന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു പ്രസിദ്ധ ഹദീസ് സമാഹാരവും കൂടിയുണ്ട്. ഈ ഗ്രന്ഥത്തിന്റെ സമ്പാദകനായ മാലിക്കുബ്നു അനസ്(റഹ്) ഇമാം മാലിക്ക് എന്ന പേരിലാണറിയപ്പെടുന്നത്. ഈ സമാഹാരം 'സിഹാഹുസ്സിത്ത'യിൽ ഉൾപ്പെട്ടതല്ല. ഇസ്‌ലാമിക നിയമപ്രശ്നങ്ങൾ ചർച്ച ചെയ്തുകൊണ്ടുള്ള അഭിപ്രായങ്ങൾ എടുത്തുദ്ധരിച്ച ഒരു നിയമശാസ്ത്രഗ്രന്ഥമായാണ് ഇത് കണക്കാക്കുന്നത്. സഹീഹു ബുഖാരിയിലും സഹീഹു മുസ്‌ലിമിലും എടുത്തുചേർത്ത വസ്തുതകൾ തന്നെയാണ് മുവത്തയിലും സമാഹരിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം ഈ ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്ക് തെളിവാണ്. ഹദീസ് സമാഹർത്താക്കളിൽ ഇമാം മാലിക്കിനുള്ള സ്ഥാനം ഉന്നതമായിരുന്നു. അതിനാൽ അദ്ദേഹം 'ഇമാമുൽ മുഹദ്ദിസീൻ' (ഹദീസു സമ്പാദകരുടെ നേതാവ്) എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ഉന്നത പദവി എല്ലാ സമാഹർത്താക്കളും അംഗീകരിച്ചിരുന്നു.

**സമ്പാദക: വഹീദ സലീം**

## അറിയിപ്പ്

**ലജ്ന ഇമായില്ലാഹ് 2005 – 06ലെ പരീക്ഷ മെയ് 13 ശനിയാഴ്ചയും നാസിറാത്തിന്റെ പരീക്ഷ മെയ് 20ന് ശനിയാഴ്ചയും നടത്തുന്നതാണ്. ഇൻശാഅല്ലാഹ്**

# അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി ?

മൗലാനാ അത്താഉൽ മുജീബ് റാശിദ് ഇമാം മസ്ജിദ് ഫള്ൽ, ലണ്ടൻ

**ത**ന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയും (എല്ലാ പ്രത്യയശാസ്ത്രങ്ങളുടേയും)മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി. (*സൂറ: അസ്സഫ്, 61:10*)

ഈ വിഷയം യഥാർത്ഥത്തിൽ അനഹ്മദികൾ ചോദിക്കാറുള്ളതാണ്. ഈ ചോദ്യത്തിൽ അത്ഭുതവും, അന്വേഷണവും, പരിഹാസവും, ആക്ഷേപവും ഒളിഞ്ഞുകിടക്കുന്നുണ്ട്. ഞങ്ങളുടെ മതം, ഇസ്ലാം എല്ലാ നിലക്കും പരിപൂർണ്ണമാണ്; ഈ പരിപൂർണ്ണമതമുണ്ടായിരിക്കെ അഹ്മദിയ്യത്തിന് കൂടുതലായി എന്ത് തരാൻ സാധിക്കും എന്ന നിലയിലാണ് മുസ്ലിംകൾ ഈ ചോദ്യം ഉന്നയിക്കാറുള്ളത്. അഹ്മദിയ്യത്ത് ലോകത്തിന് പുതുതായി ഒന്നും നൽകുന്നില്ല, ഇസ്ലാമിന്റെ സന്ദേശം മാത്രമാണ് നൽകുന്നത് എന്ന് പറയുകയാണെങ്കിൽ അവർ പ്രത്യുത്തരമായി പറയും ഞങ്ങൾക്ക് ഇസ്ലാം ധാരാളമാണ്. ഞങ്ങൾക്ക് അഹ്മദിയ്യത്തിന്റെ ആവശ്യമില്ല. കൂടാതെ ഇസ്ലാമും അഹ്മദിയ്യത്തും തമ്മിലുള്ള വ്യത്യാസമെന്താണെന്നും ഇസ്ലാമിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാൻ മാത്രം പര്യാപ്തമായ എന്ത് പുതിയ കാര്യമാണ് അഹ്മദിയ്യത്ത് സമർപ്പിക്കുന്നതെന്നും അമുസ്ലിംകളും അറിയാൻ ആഗ്രഹിക്കുന്നു. ഈരണ്ട് തരം ചോദ്യങ്ങൾക്കും വിശദീകരിച്ച് മറുപടി പറയേണ്ടതുണ്ട്. ഞാൻ അത് അല്ലാഹുവിന്റെ സഹായത്തോടെ വിശദീകരിക്കാൻ ശ്രമിക്കുകയാണ്.

**അഹ്മദിയ്യത്ത് എന്താണ്?**

ഇസ്ലാമിന്റെ പുനർജീവനത്തിനും, ആഗോളവിജയത്തിനും വേണ്ടി അല്ലാഹുവിന്റെ ഇച്ഛയാൽ അവന്റെ സഹായത്തോടെ സ്ഥാപിതമായ ആഗോളപ്രസ്ഥാനമാണ് അഹ്മദിയ്യത്ത്. അല്ലാഹു സ്വന്തം കൈകൊണ്ട് നട്ട ചെടി, അവൻ സ്വയം അതിന് ജലസേചനം ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്നു. എല്ലാത്തിനേയും നിലനിർത്തുന്ന സർവ്വശക്തിമാനായ അല്ലാഹു ഈ പ്രസ്ഥാനത്തെ ലോകത്ത് വ്യാപിപ്പിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും അവസാനം ഇത് ലോകം മുഴുവനും ആവരണം ചെയ്യുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. വാഗ്ദാനം ചെയ്യപ്പെട്ട ഈ സുവിശേഷം പൂർത്തിയാകുന്ന സമയം ആസന്നമായിരിക്കുകയാണ്. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഈ അവസാനകാലഘട്ടത്തിൽ നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന്റെ വിനീതസേവകനും തിരുനബി(സ)ന്റെ ഏറ്റവും വലിയ പ്രേമിയുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)നെ വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായി നിയോഗിച്ചു. അദ്ദേഹത്തിന്റെ നിയോഗലക്ഷ്യം ഇസ്ലാമിനെ പുനർജീവിപ്പിക്കുകയും പ്രചരിപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്യുക എന്നത് മാത്രമാണ്. അടിസ്ഥാനപരമായി വിശുദ്ധഖുർആനിൽ രേഖപ്പെട്ടുകിടക്കുന്ന അല്ലാഹുവിന്റെ വചനങ്ങളാണ് ഇസ്ലാമികാദ്ധ്യാപനങ്ങൾ. അത് എല്ലാനിലക്കും പരിപൂർണ്ണവും ഖിയാമത്തുനാൾവരെ സുരക്ഷിതമായി നിലനിൽക്കുന്നതുമാണ്. അതിൽ തിരുത്തലിന്റെയോ, മാറ്റത്തിന്റേയോ ആവശ്യമില്ല. ഒരു പുതിയ മതമോ, ന്യായപ്രമാണമോ ഇനി ഉണ്ടാകുകയില്ല. തിരുദൂതർ (സ) പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. അവസാനകാലത്തെ മുസ്ലിംകൾ ഇസ്ലാമിനെ കൈവെടിയുകയും തങ്ങൾക്കു തോന്നുന്ന ആദർശങ്ങളും പ്രവർത്തികളും ഇസ്ലാമികമാണെന്ന് പറഞ്ഞുതുടങ്ങുകയും ചെയ്യും. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു തിരുനബി(സ)ന്റെ തിരുനാമം ഉച്ചരിച്ചുകൊണ്ടിരിക്കുന്ന ശ്രേഷ്ഠസമുദായത്തെ നിസ്സഹായരായി ഉപേക്ഷിക്കുകയില്ല. മറിച്ച്, അവരെ സംരക്ഷിക്കുന്നതിനും നേർമാർഗ്ഗത്തിൽ നടത്തുന്നതിനും ഇമാം മഹ്ദി(അ) നെ നിയോഗിക്കുന്നതാണ്. അദ്ദേഹം ***യുഹ്യിദീന വയുകീമുശരീഅ*** എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിനെ ജീവിപ്പിക്കുകയും ഇസ്ലാമിക ശരീഅത്തിനെ നിലനാട്ടുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ മഹത്തായ ആത്മീയപ്രഭാവംകൊണ്ട് നാമധാരികളായ മുസ്ലിംകളെ പ്രവർത്തിക്കുന്ന മുസ്ലിംകളാക്കി മാറ്റുന്നതാണ്. ഈ ആത്മീയവിപ്ലവവും യഥാർത്ഥ ഇസ്ലാമിന്റെ ആഗോളതല പ്രചാരണവും മുഖേന ലോകം മുഴുവൻ ഇസ്ലാം വിജയിക്കും.

അല്ലാഹുവിന്റെ ഈ വാഗ്ദാനങ്ങളൊക്കെ പൂർത്തിയാകുകയും, വരുമെന്ന് പറഞ്ഞ ആൾ വരികയും പ്രവചനങ്ങളിൽ പറയപ്പെട്ട എല്ലാ കാര്യങ്ങളും ആ മഹാത്മാവ് പ്രൗഢഗംഭീരമായനിലയിൽ ചെയ്ത് കാണിക്കുകയും ചെയ്തു എന്നതിനുള്ള തെളിവാണ് അഹ്മദിയ്യത്ത്. അഹ്മദിയ്യത്ത് ഇസ്ലാമിൽനിന്ന് വ്യതിചലിച്ചുകൊണ്ട് ലോകത്തിന് ഒന്നും നൽകിയിട്ടില്ല. ഒന്നും നൽകാൻ സാധിക്കുകയുമില്ല. എന്തുകൊ

ണ്ടെന്നാൽ, ഇസ്‌ലാം എല്ലാ നിലക്കും പരിപൂർണ്ണമത മാണ്. അഹ്മദിയ്യത്ത് ലോകത്തിന് യഥാർത്ഥ ഇസ്‌ലാമും ജീവനുള്ള ദൈവത്തേയും പ്രദാനം ചെയ്തു. ജീവനുള്ള റസൂലിനെ സംബന്ധിച്ച തിരിച്ചറിവും ജീവൽഗ്രന്ഥത്തിലുള്ള ദൃഢവിശ്വാസവും പ്രഭാവനം ചെയ്തു. കാലികമായി ആവശ്യമുള്ള എല്ലാ കാര്യങ്ങളും ലോകത്തിന് നൽകി. വിശ്വാസാദർശങ്ങളേയും പ്രവർത്തികളേയും ബലപ്പെടുത്തി. ലോകത്തിന് യഥാർത്ഥ ഇസ്‌ലാമിനെ സംബന്ധിച്ച തിരിച്ചറിവ് നൽകി. യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ജ്ഞാനം നൽകി. മറ്റ് മതങ്ങളുടെമേൽ ഇസ്‌ലാമിന്റെ പരിപൂർണ്ണ വിജയത്തിനുള്ള അസ്ഥിവാരം ഉറപ്പിച്ചു. ഇസ്‌ലാം ജീവനുള്ളതും ജീവനോടെ നിലനിൽക്കുന്നതുമായ മതമാണെന്ന് മാതൃകയിലൂടെ കാണിച്ചുകൊടുത്തു. ഇസ്‌ലാമിന്റെ പ്രാരംഭകാല ചരിത്രം ആവർത്തിച്ചു കൊണ്ട് തങ്ങളുടെ വിശ്വാസികളിൽ ഒരു പരിശുദ്ധ ആത്മീയവിപ്ലവം ഉണ്ടാക്കി. ഈ മഹൽപ്രവർത്തനങ്ങൾ ചെയ്ത് തീർത്തതിനുശേഷമാണ് കാലത്തിന്റെ ഇമാം ഈ ലോകത്തോട് വിടപറഞ്ഞത്. ഇന്ന് ഈ ജമാഅത്ത് ലോകത്തെ ഉദ്ധരിക്കുന്നതിനും മനുഷ്യരെ സേവിക്കുന്നതിനും ഇസ്‌ലാമിന്റെ പ്രബോധനത്തിനും വേണ്ടി "ഭൂനിവാസികളെ പിടിച്ചുകുലുക്കി ഉണർത്തേണ്ടിവന്നാലും, ഞങ്ങൾ സത്യത്തിന്റെ മഹിമ പ്രശോഭിതമാക്കിയേ അടങ്ങൂ" എന്ന പ്രതിജ്ഞയുമായി പ്രവർത്തനത്തിൽ മുഴുകിയിരിക്കുകയാണ്.

അഹ്മദിയ്യത്ത് വസന്തകാലത്തെ പച്ചളിപ്പുള്ള വൃക്ഷമാണ്. ഇതിന്റെ ഫലങ്ങൾ മധുരമുള്ളതും മുഴുലോകത്തിനുമുള്ളതാണ്. പൊതുവെ ഒരു വൃക്ഷത്തിൽ ഒരുതരം ഫലമേ കായ്ക്കുകയുള്ളൂ. എന്നാൽ ഈ അത്ഭുതവൃക്ഷത്തിൽ എല്ലാകാലത്തും എല്ലാതരം ഫലങ്ങളും കായ്ക്കുന്നു. എല്ലായ്പ്പോഴും അതിന്റെ ശാഖകളിൽ മധുരമുള്ള ഫലങ്ങൾ തൂങ്ങിനിൽക്കുന്നു. ഇത് ഇസ്‌ലാമിനെ പുനർജ്ജീവിപ്പിക്കുന്ന, അഹ്മദിയ്യത്തിന് ജീവൻ നൽകിക്കൊണ്ടിരിക്കുന്ന വൃക്ഷമാണ്. ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന്റെ നിഷ്കളങ്കനായ ദാസൻ നമ്മുടെ സമുന്നതനായ ഇമാം ഹസ്റത്ത് മസീഹ് മൗഊദ്(അ) ആകുന്ന വൃക്ഷത്തിന്റെ ദൃഷ്ടാന്തമാണ്. ഈ പരിശുദ്ധവൃക്ഷത്തിന്റെ അനുഗ്രഹങ്ങൾ കാലദേശങ്ങളുടെ പരിധികളിൽനിന്നതീതമാണ്. ഈ ജീവനുള്ള വൃക്ഷത്തിന് ഒരിക്കലും ഹേമന്തകാലം വരുന്നില്ല. പ്രതികൂല കാലാവസ്ഥയിലും ഇത് വേഗത്തിൽ വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. ഇതിനെ മുറിക്കാൻ പരിശ്രമിക്കുന്നവർ സ്വയം മുറിക്കപ്പെടുന്നു. ദോഷം വരുത്താൻ ഉദ്ദേശിക്കുന്നവർ സ്വയം പരാജിതരും നിരാശരും നിഷ്ക്രിയരും നിന്ദിതരുമായിത്തീരുന്നു. ഈ വൃക്ഷത്തിന്റെ ഉടമസ്ഥൻ അല്ലാഹുവാണ്. ഇതിനെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുമെന്ന ചുമതല അവൻ സ്വയം ഏറ്റിരിക്കുകയാണ്. അവൻ സർവ്വ ലോകത്തിന്റേയും ഉടമസ്ഥനാണ്.

ഭൂമിയിലെ തരികളും ആകാശത്തിലെ നക്ഷത്രങ്ങളും എണ്ണികണക്കാക്കാൻ സാധിക്കാത്തതുപോലെ അഹ്മദിയ്യത്താകുന്ന വൃക്ഷത്തിന്റെ മധുരഫലങ്ങൾ എണ്ണികണക്കാക്കാൻ സാധ്യമല്ല. അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനായി വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ആകാശത്തിലേയും ഭൂമിയിലേയും ദൃഷ്ടാന്തങ്ങൾ എണ്ണിതിട്ടപ്പെടുത്താൻ സാധ്യമല്ല. ഇപ്രകാരംതന്നെ അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ അനുഗ്രഹങ്ങളും നന്മകളും സമ്മാനങ്ങളും, ഈ പരിശുദ്ധവൃക്ഷത്തിൽ കായ്ച്ചുകൊണ്ടിരിക്കുന്ന മധുരഫലങ്ങളും എത്രയാണെന്ന് എണ്ണിനോക്കാൻ പരിശ്രമിക്കാമെങ്കിലും അവയെ വിവരണപരിധിയിൽ ഒതുക്കിനിർത്താൻ ഒരിക്കലും സാധ്യമല്ല.

ഇസ്‌ലാമിന്റെ മഹത്തായ ആഗോളവിജയത്തിനുവേണ്ടി അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നല്കി? പല നിലയ്ക്കും മറുപടി അർഹിക്കുന്ന ചോദ്യമാണിത്. ഓരോ മറുപടിയിലും പ്രത്യേക സൗരഭ്യവും സൗന്ദര്യവുമുണ്ട്. എന്തുകൊണ്ടെന്നാൽ ഓരോ മറുപടി പറയുമ്പോഴും അതിന്റെ സൗന്ദര്യം വെളിച്ചത്തുവരികയും ഈ ദൈവികസന്ദേശത്തിന്റെ സത്യസാക്ഷ്യം തിളങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും.

**ജീവനുള്ള ദൈവത്തെ പ്രദാനം ചെയ്തു**

ദൈവത്തിലുള്ള വിശ്വാസം യഥാർത്ഥത്തിൽ ഒരു മതത്തിന്റെ അടിസ്ഥാനവും ആദ്ധ്യാത്മികതയുടെ സിരാകേന്ദ്രവുമാണ്. ഇതില്ലാതെയുള്ള മതസങ്കല്പം വ്യർത്ഥമാണ്. ഇസ്‌ലാം ജീവനുള്ള ദൈവത്തിന്റെ അസ്തിത്വത്തെയാണ് സമർപ്പിക്കുന്നത്. ഈ ദൈവം മുഴുവൻ പ്രപഞ്ചത്തിന്റേയും സൃഷ്ടാവും ഉടമസ്ഥനും പരിപാലകനുമാണ്. അവനെ ഈ ലോകത്ത് വെച്ചു തന്നെ കാണാൻ സാധിക്കുന്നതാണ്. അവന്റെ അസ്തിത്വത്തിനുള്ള ഒരു തെളിവ് അവൻ ദാസരുടെ പ്രാർത്ഥനകൾ കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നു എന്നുള്ളതാണ്. അല്ലാഹു പറയുന്നു: '***ഉദ്ഊനീ അസ്തജീബ് ലകും***' "എന്റെ ദാസരെ! എന്നെ വിളിച്ച് പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളുടെ പ്രാർത്ഥനകൾ കേൾക്കുന്നതാണ്." ഇതുപോലെ അല്ലാഹുവിന്റെ വാഗ്ദാനമാണ് നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ സത്യസന്ധരും സ്ഥൈര്യത്തിന്റെ പാറയിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുന്നവരാണെങ്കിൽ നിങ്ങൾക്ക് ദിവ്യവെളിപാടുകളുടെ സമ്പത്ത് പ്രദാനം ചെയ്യുകയും മലക്കുകളുമായി നിങ്ങൾക്ക് സംസാരിക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ഈ ലോകത്തും പരലോകത്തും. പക്ഷേ സങ്കടമെന്ന് പറയട്ടെ മുസ്‌ലിംകൾ വിശ്വാസങ്ങളിലും പ്രവർത്തികളിലും ബലഹീനരായപ്പോൾ അവർ ഈ അനുഗ്രഹീത അദ്ധ്യാപനങ്ങളെ തള്ളിക്കളഞ്ഞു. പ്രാർത്ഥനകൾ കേൾക്കുന്ന ദൈവത്തിലുള്ള വിശ്വാസം ഉയർന്നുപോയി. ദൈവവുമായുള്ള കൂടികാഴ്ചയേയും, വഹ്‌യിന്റേയും ഇൽഹാമിന്റേയും അവസ്ഥകളേയും നിഷേധിച്ചു. വിശുദ്ധഖുർആനിൽ അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുള്ള ഈ കാര്യങ്ങളൊക്കെതന്നെയാണ് മറ്റ് മതങ്ങളിൽവെച്ച് ഇസ്‌ലാമിന് ഔന്നിത്യം നൽകുന്നത്. ഈ

വിഷയങ്ങളൊക്കെ ഇക്കാലത്തെ മുസ്‌ലിംകളിൽ നിന്ന് അജ്ഞാതമായി പോയിരിക്കുന്നു. ജീവനുള്ള അല്ലാഹുവിനെ സംബന്ധിച്ച ഹൃദയഹാരിയായ വിവരണങ്ങൾ അവരുടെ സദസ്സിൽനിന്ന് നിശ്ശേഷം നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ജീവനുള്ള അല്ലാഹുവിന്റെ കാര്യം പറയാൻ ആരുമുണ്ടായിരുന്നില്ല. ദുആ സ്വീകാര്യതയുടെ കാര്യങ്ങളും ഒരു പഴഞ്ചൻ കഥയായി അവശേഷിച്ചിരിക്കുന്നു. ഈ കൂരിരുട്ടിന്റേയും നിരാശയുടേയും കാലത്ത് ഖാദിയാനിലെ കുഗ്രാമത്തിൽ നിന്ന് ഇപ്രകാരം തക്ബീർ ധ്വനികൾ ഉയർന്നു. "ആ ദൈവം എപ്പോഴും താൻ ഇച്ഛിക്കുന്നവരെ സംസാരത്തിനായി തിരഞ്ഞെടുക്കുന്നു. താൻ സ്നേഹിക്കുന്നവരോട് ഇപ്പോഴും അവൻ സംസാരിക്കുന്നു."

ഈ പ്രോജ്ജ്വലമായ ശബ്ദം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റേതായിരുന്നു. അദ്ദേഹം ഹൃദയം തളർന്ന മുസ്‌ലിംകളോട് ഇപ്രകാരം പറഞ്ഞു. നമ്മുടെ ദൈവം ജീവനുള്ള ദൈവമാണ്. അവന്റെ ഒരു ഗുണവും കാലം മാറുന്നതിനനുസരിച്ച് ഇല്ലാതായി പോകുന്നില്ല. അവൻ മുമ്പ് കേട്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനാണ്. മുമ്പ് സംസാരിച്ചിരുന്നതുപോലെ ഇപ്പോഴും സംസാരിക്കുന്നവനാണ്. ജീവനുള്ള ദൈവത്തെ കിട്ടുന്നതിനുള്ള വഴി പറഞ്ഞുതരുന്ന മതമാണ് ജീവനുള്ള മതം. നേരിട്ട് ഇൽഹാം ഇറക്കുന്ന ദൈവത്തെ കാണാൻ സാധിക്കുമാറാകണം. അതുകൊണ്ട് ഞാൻ ലോകം മുഴുവനും സന്തോഷവാർത്ത അറിയിക്കുകയാണ് ഈ ജീവനുള്ള ദൈവം ഇസ്‌ലാമിന്റെ ദൈവമാണ്.

അദ്ദേഹം സ്വന്തം അനുഭവത്തിലൂടെ ലോകത്തിന് ഈ സന്തോഷവാർത്ത അറിയിച്ചു. അദ്ദേഹം പറഞ്ഞു. നോക്കുവിൻ അവൻ എന്നെ ഈ അനുഗ്രഹം നൽകി കനിഞ്ഞിരിക്കുന്നു.

"ഇസ്‌ലാംമതം സ്വീകരിക്കാതെ അല്ലാഹുവുമായി സജീവബന്ധം ഉണ്ടാക്കാൻ സാധിക്കുകയില്ല. ഒരിക്കലും സാധിക്കുകയില്ല. വരുവിൻ ജീവനുള്ള ദൈവം എവിടെയാണെന്നും ഏത് മതത്തിന്റെ കൂടെയാണെന്നും ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. അവൻ (ദൈവം) ഇസ്‌ലാമിന്റെ കൂടെയാണ്. ഇസ്‌ലാം ഈ സമയത്ത് ഈസായുടെ തൂർ (പർവ്വതം) ആണ്. അവിടെവെച്ച് അല്ലാഹു സംസാരിച്ചുകൊണ്ടിരിക്കുന്നു. മുമ്പ് നബിമാരോട് സംസാരിക്കുകയും പിന്നീട് മൗനമാകുകയും ചെയ്ത ആ ദൈവം ഇന്ന് ഒരു മുസൽമാന്റെ ഹൃദയത്തിൽ സംസാരിച്ചുകൊണ്ടിരിക്കുകയാണ്." (*റൂഹാനി ഖസാഇൻ- ലണ്ടൻപ്രിന്റ്, 1984, വാള്യം 11, നസീമ അഞ്ചാമെആഥം, പേജ് 62*)

അദ്ദേഹത്തിന്റെ ഈ വിളംബരം ഒരു വിപ്ലവം സൃഷ്ടിക്കുന്നതായിരുന്നു. അത് മതലോകത്ത് ഒരു പ്രകമ്പനമുണ്ടാക്കി. ജീവൽദൈവത്തിന്റെ ഈ സാക്ഷി ഒരു കാന്തികമനുഷ്യനായി മാറി. ശുദ്ധഹൃദയരായ ജനങ്ങൾ അദ്ദേഹത്തിന്റെയടുക്കൽ കൂട്ടംകൂട്ടമായി എത്താൻ തുടങ്ങി. അവർ ഈ മഹാത്മാവിന്റെ അനുഗ്രഹീത തണലിൽ ദൈവികഗുണങ്ങളുള്ള മനുഷ്യരായി മാറി. ആ പുണ്യവാന്മാർ ലോകത്തിന് ദൈവത്തെ കണ്ടെത്തുന്നതിനുള്ള മാധ്യമങ്ങളായി മാറി.

അഹ്മദിയ്യത്ത് മുഖേന അല്ലാഹു ലോകത്തിന് വാഗ്ദത്ത മഹ്ദി മസീഹിനെ പ്രദാനം ചെയ്തു. അദ്ദേഹം ലോകത്തിന് ജീവനുള്ള ദൈവത്തെ സംബന്ധിച്ച അറിവ് നൽകി. ജീവനുള്ള ദൈവത്തിന്റെ ജീവൽദൃഷ്ടാന്തങ്ങളിൽ സുദൃഢമായ വിശ്വാസം പ്രദാനം ചെയ്തു. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ ശിക്ഷണപ്രഭാവംകൊണ്ട് പരിശുദ്ധമായ വിപ്ലവം ഉണ്ടാക്കുകയും അവർ ദൈവികഗുണമുള്ളവരാകുകയും ചെയ്തു. അഹ്മദിയ്യത്ത് സൃഷ്ടിച്ചെടുത്ത ദൈവത്തിന്റെ പരിശുദ്ധരായ സജ്ജനങ്ങളുടെ സ്വന്തം അനുഭവങ്ങൾ മനുഷ്യകുലത്തിന് ദൈവികമാർഗ്ഗങ്ങളെ പ്രകാശിതമാക്കിക്കൊണ്ടിരിക്കും. ആയിരം ഉദാഹരണങ്ങളിൽനിന്ന് ഒരു ഉദാഹരണം പറയാം. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സഹാബി ഹസ്റത്ത് മൗലവി മുഹമ്മദ് ഇലിയാസ് ഖാൻ സാഹിബ്(റ) പറയുന്നു. "ഖലാത്ത് എന്ന റിയാസത്തിലെ ഖാളിയുൽഖളാ അബ്ദുൽഅലി അഖ്വൻദ് സാദാ മസ്തൂങ്കിലെ ഒരു വലിയ സദസ്സിൽവെച്ച് വളരെ ഉച്ചത്തിൽ അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. "ഞാൻ താങ്കളോട് ചോദിക്കുന്നു. പഞ്ചാബിൽപോയി പഞ്ചാബിയായ മിർസാഗുലാം അഹ്മദ് ഖാദിയാനിയെ ബൈഅത്ത് ചെയ്തതെന്തേ? സർഹദ് സംസ്ഥാനത്തിൽ താങ്കൾക്ക് ഒരാത്മീയഗുരുവിനേയും കിട്ടിയില്ലേ?

ഹസ്റത്ത് മൗലവി സാഹിബ് ഹൃദയാവർജകമായ മറുപടിയാണ് കൊടുത്തത്. അദ്ദേഹം പറയുന്നു.

"അഖ്വൻന്ദ് സാദാ സാഹിബ്! എനിക്ക് എന്റെ ദൈവം അജ്ഞാതമായിരുന്നു. ഞാൻ എല്ലാ മതത്തിലും അവനെ തിരഞ്ഞുകൊണ്ടിരുന്നു. എല്ലാ മതങ്ങളും എന്നെ പഴയ കഥകളിലേക്ക് കൊണ്ടുപോയി. ഞാൻ ഓരോരുത്തരോടും ചോദിക്കും ആ ദൈവം ഇപ്പോഴും സംസാരിക്കുന്നുണ്ടോ? അവർ മറുപടി പറയും. ഇപ്പോൾ സംസാരിക്കുന്നില്ല. ഞാൻ മുസ്‌ലിംകളിലെ 72 കക്ഷികളിലെ ഓരോരുത്തരുടേയും അടുക്കൽപോയി ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)ന് ശേഷം അല്ലാഹു ആരോടും സംസാരിക്കുന്നില്ല. വഹ്‌യുടെ കവാടം കൊട്ടിയടക്കപ്പെട്ടിരിക്കുന്നു എന്നവർ മറുപടി പറഞ്ഞു. അങ്ങനെ ഞാൻ ദൈവം ഒരു യാഥാർത്ഥ്യമല്ലെന്നും, പഴയകഥകളിലെ ഒരു തത്വശാസ്ത്രം മാത്രമാണെന്നുമുള്ള തീരുമാനത്തിലെത്തിച്ചേർന്നു. ദൈവത്തിന് സർവ്വവിധ ഗുണങ്ങളും ഉണ്ടായിരിക്കണം. ഒരു ഗുണവും നിശ്ചേതനമാകാൻ പാടില്ല. മുമ്പൊക്കെ സംസാരിച്ചിരുന്നു. ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് അസംഭവ്യമാണ്. അങ്ങനെ ഞാൻ നിരീശ്വരത്വത്തിലേക്ക് ചാഞ്ഞുനിൽക്കുകയായിരുന്നു. പിന്നിൽനിന്ന് ഒരു മൃദുലകരം എന്റെ ചുമലിൽ പിടിച്ചുകൊണ്ട് പറഞ്ഞു. മുഹമ്മദ് ഇൻയാസ് എന്തുണ്ട്

കാര്യം? എന്തിന് വിഷമിക്കുന്നു? ഞാൻ പറഞ്ഞു ദൈവത്തിന്റെ യാഥാർത്ഥ്യം മനസ്സിലായി. ദൈവത്തിന് ഒരു അസ്തിത്വവുമില്ല. അതൊരു തത്വശാസ്ത്രം മാത്രമാണ്. എല്ലാവരും പറയുന്നത് ദൈവം മുമ്പൊക്കെ സംസാരിച്ചിരുന്നു ഇപ്പോൾ സംസാരിക്കുന്നില്ല എന്നാണ്. അദ്ദേഹം എന്റെ കൈ പിടിച്ചു അദ്ദേഹമായിരുന്നു ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ). പറഞ്ഞു വരൂ ഞാൻ നിനക്ക് പറഞ്ഞുതരാം. ആ ദൈവം ഇപ്പോഴും സംസാരിക്കുന്നവനാണ്. ഒരു നിബന്ധനയുണ്ട്. എന്റെ കൈയിൽ ബൈഅത്ത് ചെയ്യണം. എന്തുകൊണ്ടെന്നാൽ ഞാൻ അല്ലാഹുവിൽ നിന്നുള്ള മസീഹും മഹ്ദിയുമാണ്. അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആ ദൈവം ഇറങ്ങിവരികയും നിന്നോട് സംസാരിക്കുകയും ചെയ്യും. ഏ, അബ്ദുൽ അലി അഖ്വൻന്ദ് സാദാ സാഹിബേ! ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു, അവനെ പിടിച്ച് കള്ളസത്യം ചെയ്യുന്നത് ശപിക്കപ്പെട്ടവരുടെ പണിയാണ്; മിർസാഗുലാം അഹ്മദിന്റെ ദൈവം എന്നോടും സംസാരിക്കുന്നു. ഞാൻ താങ്കളോട് ചോദിക്കാനാഗ്രഹിക്കുന്നു. എന്നോട് ദൈവം സംസാരിക്കുന്നു എന്ന് ധൈര്യത്തോടെ പറയാൻ നിങ്ങളിലാരെങ്കിലുമുണ്ടോ? സദസ്സ് മുഴുവനും നിശ്ചലവും നിശ്ശബ്ദവുമായി. ആരിൽനിന്നും ഒരു മറുപടിയും വന്നില്ല. മൗലവി സാഹിബ് പറഞ്ഞു ജീവനില്ലാത്ത ആചാരാനുഷ്ഠാനങ്ങൾ മാത്രമായി അവശേഷിച്ച ഇസ്ലാമിനെക്കൊണ്ട് ഞാനെന്ത് ചെയ്യാനാണ്? ആ ഇസ്ലാമിലെ ദൈവം സംസാരിക്കാത്തവനാണ്. യഥാർത്ഥ ഇസ്ലാമായ മിർസാം ഗുലാം അഹ്മദ് ഖാദിയാന്റെ ഇസ്ലാമിനെ എനിക്ക് എന്തുകൊണ്ട് സ്വീകരിച്ചുകൂടാ? അതിൽ അല്ലാഹുവിനെ ലഭിക്കുകയും സ്നേഹവായ്പോടെ അല്ലാഹു സംസാരിക്കുകയും ചെയ്യുന്നു.

(ഹയാത്തെ ഇലിയാസ്- ഗ്രന്ഥകർത്താവ് അബ്ദുസ്സലാംഖാൻ, പേ-118) ഇതാണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയ ജീവനുള്ള ദൈവവും, ആ ജീവൽ ദൈവത്തിന്റെ അനുഭവകഥയും.

**യഥാർത്ഥ ഇസ്ലാം**

അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നല്കി? എന്ന ചോദ്യത്തിനുള്ള ഒരു മറുപടി അഹ്മദിയ്യത്ത് ലോകത്തിന് യഥാർത്ഥ ഇസ്ലാം നൽകി എന്നതാണ്. അതായത്, നമ്മുടെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ പരിശുദ്ധഇസ്ലാം അത് വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലുള്ള സത്യവും യഥാർത്ഥവുമായ സന്മാർഗ്ഗത്തിലേക്കുള്ള സന്ദേശമാണ്. അതിന്റെ ഉത്തമമായ വ്യാഖ്യാനം തിരുനബി(സ)ന്റെ ചര്യയിലും അതിന്റെ ഉത്തമമായ വിശദീകരണം തിരുദൂതരുടെ ഹദീസുകളിലും കാണാം. മനുഷ്യരുടെ ദുഃഖങ്ങൾക്കുള്ള പ്രതിവിധിയും മുഴുലോകത്തേയും തിന്മകൾക്കുള്ള സിദ്ധൗഷധവും ഈ ഇസ്ലാം മാത്രമാണ്. അതിന്റെ അദ്ധ്യാപനങ്ങൾ അറേബ്യയിലെ അപരിഷ്കൃതരിലും, ബഹുദൈവാരാധകരിലും, നിരീശ്വരവാദികളിലും മഹത്തായ വിപ്ലവം സൃഷ്ടിച്ചു. അത്തരം വിപ്ലവം ഇതിനുമുമ്പ് ഒരു കണ്ണും കണ്ടിട്ടില്ല. ഒരു ചെവിയും കേട്ടിട്ടില്ല. നമ്മുടെ യജമാനരും മാർഗ്ഗദർശിയുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ) ന്റെ കൂരിരുട്ടുള്ള രാത്രികളിലെ ദുആയുടെ ഫലമായിട്ടാണ് ഈ വിപ്ലവം സംജാതമായത്. ആ ദുആകൾ എല്ലാതരം അന്ധകാരങ്ങളുടേയും വഴികേടിന്റേയും കറകളെ തുടച്ചുനീക്കി. പാപങ്ങളുടെ ഇരുട്ടിനെ വിപാടനം ചെയ്ത് സൽകർമ്മങ്ങളുടേയും സന്മാർഗ്ഗത്തിന്റേയും ആദ്ധ്യാത്മികതയുടേയും സൂര്യനെ ലോകത്തുദിപ്പിച്ചു. ഈ സത്യമായ ഇസ്ലാമിനെയാണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകിയത്. പുതിയതും സ്വയം നിർമ്മിച്ചതുമായ ഇസ്ലാമിനെ അവസാനിപ്പിക്കുന്നതിന്റെയും മുഹമ്മദ് മുസ്തഫാ(സ)കൊണ്ടുവന്ന യഥാർത്ഥ ഇസ്ലാമിനെ പുനഃസ്ഥാപിക്കുന്നതിന്റേയും പേരാണ്. അഹ്മദിയ്യത്ത് ഇത് യഥാർത്ഥ ഇസ്ലാമിന്റെ ജീവനുള്ള മാതൃകകൾ ലോകത്തിന് പ്രദാനം ചെയ്തു. ജീവനുള്ളതും ജീവൻപ്രദാനം ചെയ്യുന്നതുമായ സന്ദേശത്തിന്റെ പ്രവർത്തനമാതൃക ലോകത്തിന് കാണിച്ചുകൊടുത്തു. ഇതെല്ലാം അന്യരും സമ്മതിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങളാണ്.

ഇസ്ലാമിക ലോകത്തെ പ്രസിദ്ധനും ചിന്തകനുമായ കവി അല്ലാമ ഇക്ബാൽ പറയുന്നു. പഞ്ചാബിൽ ഇസ്ലാമിക പൈതൃകത്തിലുള്ള ശരിയായ മാതൃക ഖാദിയാനിവിഭാഗക്കാർ എന്ന് വിളിക്കപ്പെടുന്ന ജമാഅത്തിലാണ് കാണാൻ സാധിക്കുന്നത്. (*ആഴ്ചപതിപ്പ്, 'റഫ്താർ സമാനാ', സപ്തംബർ 20, 1949, പേജ്-18*)

പ്രസിദ്ധ ഇസ്ലാമിക എഴുത്തുകാരനും ഗ്രന്ഥകർത്താവുമായ അല്ലാമ നിയാസ് ഫതഹ്പൂരി ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് എഴുതുന്നു.

"അദ്ദേഹം തീർച്ചയായും ഇസ്ലാമിലെ ധാർമ്മിക ഗുണങ്ങളെ വീണ്ടും ജീവിപ്പിച്ചു എന്നത് അവിതർക്കിതമായ കാര്യമാണ്. അദ്ദേഹം സ്ഥാപിച്ച ജമാഅത്ത് തീർച്ചയായും തിരുനബി(സ)ന്റെ തിരുചര്യകളുടെ പ്രതിഛായകളാണെന്ന് നമുക്ക് ഉറപ്പിച്ചുപറയാൻ സാധിക്കും. (*മുലാഹിസാത്തെ നിയാസ് ഫതഹ്പൂരി- സമ്പാ- മുഹമ്മദ് അജ്മൽ ശാഹിദ് നാശിർ ജമാഅത്തെ അഹ്മദിയ്യാ, കറാച്ചി, പേജ് 29*)

ഇന്ന് ഇസ്ലാമികലോകം ഛിന്നഭിന്നമായിരിക്കുകയാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും നാമം മുസ്ലിംകളുടെ ഹൃദയത്തിൽനിന്ന് ഉയർന്നുപോയിരിക്കുന്നു. ഇസ്ലാമിക രാജ്യങ്ങളിലെ പട്ടണങ്ങൾ തിന്മകളുടേയും അശ്ലീലങ്ങളുടേയും കേന്ദ്രങ്ങളായിരിക്കുന്നു. അവരുടെ വാസസ്ഥലങ്ങളും തെരുവീഥികളും ഇസ്ലാമികഗുണങ്ങളെ തൊട്ട് ബഹുദൂരം അകലെയാണ്. മുസ്ലിംരാജ്യങ്ങളിലെ പത്രങ്ങൾ വായിക്കുമ്പോൾ ലോകത്തിലെ മുഴുവൻ തിന്മകളും അവിടെ നിറഞ്ഞുനിൽക്കുന്നതായി കാണാം. ഇസ്ലാമിക അദ്ധ്യാപനങ്ങളും ധാർമ്മികമൂല്യങ്ങളും അവിടെ ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു. ആ അധർമ്മികളായ സമൂഹത്തെ ഇസ്ലാമുമായി ബന്ധപ്പെടുത്തുന്നത് ഇസ്ലാമിനെ നിന്ദിക്കലാകും.

ഈ സാഹചര്യത്തിൽ ജീവിക്കുന്ന ജനങ്ങൾ അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി എന്ന് ചോദിക്കുകയാണെങ്കിൽ അവർക്കുള്ള മറുപടി അഹ്മദിയ്യത്ത് നാശത്തിന്റെ വക്കിൽ നിൽക്കുന്ന ലോകത്തിന് സമാധാനത്തിന്റെ വഴി കാണിച്ചുകൊടുത്തു എന്നാണ്. അഹ്മദിയ്യത്ത് ലോകത്തിന് സത്യവും പരിശുദ്ധവുമായ ഇസ്‌ലാമിക സമൂഹത്തെ പ്രദാനം ചെയ്തു. ശരിയായ ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ പ്രകാശം; ഉൾകാഴ്ചയുള്ള ഏതൊരാൾക്കും എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിൽ കണ്ടെത്താൻ സാധിക്കുന്നതാണ്. അവരിൽ അല്ലാഹുവിനോടും തിരുദൂതരോടുമുള്ള സ്നേഹത്തിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. അവരുടെ രാവും പകലും ആരാധനയിൽ അർപ്പിതമാണ്. ഇസ്‌ലാമിന്റെ പഠനങ്ങളും ഉൽബോധനങ്ങളും ശിക്ഷണപരമായ ഉന്നമനത്തിനുവേണ്ടിയുള്ള നിരന്തരമായ പ്രവർത്തനങ്ങളും രാവും പകലും നടന്നുകൊണ്ടിരിക്കുന്നു. നന്മകളെ ഇഷ്ടപ്പെടുകയും തിന്മകളെ വെറുക്കുകയും ചെയ്യുന്ന അവർ നന്മകളിൽ ഒരാൾ മറ്റൊരാളെക്കാൾ മുൻകടക്കുന്നതിനുവേണ്ടി മത്സരിക്കുന്നതായി കാണാൻ സാധിക്കുന്നു. അവർ ആദ്യകാല സഹാബാക്കളുടെ ആത്മാവിൽ ലീനരായി ധനവും ജീവനും ബലിയർപ്പിക്കുന്നു. ഏതേതെല്ലാം കാര്യങ്ങളെയാണ് വിവരിക്കേണ്ടത്. ജീവനുള്ളതും മറ്റുള്ളവർക്ക് ജീവൻ നൽകുന്നതുമായ ഈ സമൂഹത്തെയാണ് അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അഹ്മദിയ്യത്ത് ലോകത്ത് സ്ഥാപിച്ചത്. അവർ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ അവസാന കാലഘട്ടത്തിൽ അഹ്മദിയ്യത്ത് ലോകത്തിന് ഏതൊരു ഇസ്‌ലാമിക സമൂഹത്തെയാണോ പ്രദാനം ചെയ്തത്, അത് ഇൻശാഅല്ലാഹ് ലോകം ഈ നൂറ്റാണ്ടിൽ കാണാൻപോകുന്ന ആത്മീയവിപ്ലവത്തിന്റെ തുടക്കം മാത്രമാണ്. പുതിയ ഭൂമിയും പുതിയ ആകാശവും നിലവിൽ വരുന്നതും ലോകം മുഴുവനും ഇസ്‌ലാമാകുന്ന സൂര്യന്റെ പ്രകാശംകൊണ്ട് പ്രശോഭിതമാവുകയും ചെയ്യുന്നതാണ്. ഇന്ന് മുസ്‌ലിംകൾക്കും മുഴുലോകത്തിനുമുള്ള ഇസ്‌ലാമിന്റെ സന്ദേശമിതാണ്.

ജനങ്ങളെ വരുവിൻ, ഇവിടെനിന്ന് തന്നെയാണ് നിങ്ങൾക്ക് ദൈവികപ്രകാശം ലഭിക്കുക. ഇതാ ഞാൻ നിങ്ങൾക്ക് സംതൃപ്തിയുടെ ആ മാർഗ്ഗം പറഞ്ഞുതന്നിരിക്കുന്നു.

**പരിശുദ്ധമായ മാറ്റങ്ങൾ**

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗ്രഹീത വ്യക്തിത്വം ആത്മീയജലം നിർഗളിക്കുന്ന നീരുറവയായിരുന്നു. അദ്ദേഹവുമായി സത്യസന്ധമായി ബന്ധം പുലർത്തുന്നവരുടെ ലോകം മറ്റൊന്നായിരുന്നു. മണൽതരികൾ നക്ഷത്രങ്ങളായി മാറുകയും അവരുടെ പഴയജീവിതത്തിന് മരണം സംഭവിക്കുകയും ഒരു പുതിയ ആത്മീയജീവിതം ലഭിക്കുകയും ചെയ്തിരുന്നു. പാപപങ്കിലമായ അവസ്ഥയിൽനിന്ന് പരിശുദ്ധരായി നന്മകളുടെ പ്രതീകങ്ങളായി നന്മകളിൽ മുന്നോട്ടുള്ള പ്രയാണം ചെയ്തുകൊണ്ട് വളരെ പെട്ടെന്ന് ഉന്നതമായ ആത്മീയപദവികളിൽ ചെന്നെത്തിയിരുന്നു. ആത്മീയവും പരിശുദ്ധവുമായ ഈ മഹത്തായ വിപ്ലവമാണ് അഹ്മദിയ്യത്ത് ലോകത്തിന് പ്രദാനം ചെയ്തത്. ഇത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

"എന്റെ കൈയിൽ ബൈഅത്ത് ചെയ്യുന്ന ആയിരക്കണക്കിന് ജനങ്ങളുടെ ആദ്യത്തെ ജീവിതം വളരെ മോശമായിരുന്നു. ബൈഅത്തിനുശേഷം അവരുടെ ജീവിതം നല്ലതായിത്തീർന്നു. വിവിധതരം പാപങ്ങളിൽനിന്ന് അവർ പശ്ചാത്തപിച്ച് നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവരുമായി. ജമാഅത്തിലെ നൂറുകണക്കിന് ജനങ്ങൾ തങ്ങളുടെ ദേഹേച്ഛകളിൽ നിന്ന് പരിശുദ്ധരാകാൻ ആവേശവും അഭിരുചിയും പ്രകടിപ്പിക്കുന്നവരായി ഞാൻ കാണുന്നു. (*റൂഹാനീ ഖസാഇൻ, വാല്യം 22, ഹഖീഖത്തുൽ വഹീഹ്, പേ-86*)

ഇന്ത്യയിലെ പ്രസിദ്ധനായ ഒരു മതപണ്ഡിതനായിരുന്നു മൗലവി ഹസൻ അലി സാഹിബ്. അദ്ദേഹം 1894-ൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. മതസേവനരംഗത്തുള്ള അദ്ദേഹത്തിന്റെ സംഭാവനകൾകൊണ്ട് ഇന്ത്യയിൽ അദ്ദേഹം പ്രസിദ്ധനായി. ബൈഅത്ത് ചെയ്തതുകൊണ്ട് താങ്കൾക്ക് എന്ത് നേടാൻ സാധിച്ചു എന്ന് ആരോ ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു. "ഞാൻ ജീവനില്ലാത്തവനായിരുന്നു. ഇപ്പോൾ ജീവൻ വെച്ചുതുടങ്ങി. പാപങ്ങളെ സംബന്ധിച്ച് പരസ്യമായി പറയുന്നത് ശരിയല്ലല്ലോ. ഹസ്റത്ത് തിരുനബി(സ)നെ സംബന്ധിച്ചും വിശുദ്ധ ഖുർആനെ സംബന്ധിച്ചുമുള്ള മഹത്വം ഇപ്പോൾ എന്റെ ഹൃദയത്തിലെത്രയുണ്ടോ അത്ര മുമ്പുണ്ടായിരുന്നില്ല. ഇതെല്ലാം ഹസ്റത്ത് മിർസാ സാഹിബ് മുഖേന സിദ്ധിച്ചതാണ്. (*താഈദെഹഖ്, ഗ്രന്ഥകർത്താവ്- മൗലവി ഹസൻ അലിസാഹിബ്, പേ-79*)

ഹസ്റത്ത് മൗലാനാ ഗുലാം റസൂൽസാഹിബ് രാജ്കീ(റ) പറയുന്നു. ഒരിക്കൽ തഹ്സിൽദാരായ നവാബ്ഖാൻ സാഹിബ്- ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)നോട് ചോദിച്ചു. മൗലാനാ താങ്കൾ മുമ്പുതന്നെ സാത്വികനായ മനുഷ്യനായിരുന്നു. താങ്കൾക്ക് മിർസാ സാഹിബിനെ ബൈഅത്ത് ചെയ്തതുകൊണ്ട് കൂടുതലായി എന്താണ് ലഭിച്ചത്. അതിന് ഹസ്റത്ത് മൗലാനാ സാഹിബ് ഇപ്രകാരം മറുപടി പറഞ്ഞു. "നവാബ് സാഹിബ്! എനിക്ക് ഹസ്റത്ത് സാഹിബിൽ ബൈഅത്ത് ചെയ്തതു മുഖേന ധാരാളം നേട്ടങ്ങളുണ്ടായിട്ടുണ്ട്. അതിലൊരു നേട്ടം ഇതിന് മുമ്പ് ഞാൻ സ്വപ്നങ്ങൾ മുഖേനയാണ് തിരുനബി(സ)യുമായി കൂടിക്കാഴ്ച നടത്തിയിരുന്നത്; ഇപ്പോൾ ജാഗ്രതാവസ്ഥയിലും കൂടികാഴ്ച നടന്നുകൊണ്ടിരിക്കുന്നു." (*ഹയാത്തെനൂർ; പേജ്-194*)

അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നവരുടെ ജീവിതത്തിൽ മഹത്തായ ആത്മീയവിപ്ലവമാണ് ഉണ്ടായിട്ടു

*ശേഷം 31-ൽ*

ഇ. ഫായിസ

# മുസ്‌ലിഹ് മൗഊദ്- ദിവ്യാത്ഭുതത്തിന്റെ സ്മാരകശില

ഇസ്‌ലാമിന്റെ സംഭവബഹുലമായ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നാണ് വാഗ്ദത്തപുത്രനെക്കുറിച്ചുള്ള ഹസ്‌റത്ത് അഹ്‌മദ്(അ)ന്റെ പ്രവചനം. തനിക്കൊരു പ്രതിഭാശാലിയും യുഗപുരുഷനുമായി മകനുണ്ടാവുമെന്ന അദ്ദേഹത്തിന്റെ പ്രവചനം ലോകം അമ്പരപ്പോടെയാണ് കേട്ടത്. ദൈവത്തിന്റെ വാഗ്ദാനമില്ലാതെ ഒരു സാധാരണമനുഷ്യന് പ്രവചിക്കാൻ കഴിയാത്ത ഇത്തരമൊരു പ്രവചനം സാക്ഷാത്ക്കരിക്കപ്പെട്ടത് വാഗ്ദത്ത മസീഹിന്റേയും അഹമ്മദിയ്യാ ജമാഅത്തിന്റെയും സത്യസാക്ഷ്യമായി മാറി. തനിക്കൊരു കുട്ടി ജനിക്കുമെന്നോ ജനിച്ചാൽതന്നെ ഇത്ര കാലം ജീവിക്കുമെന്നോ ജീവിച്ചാൽതന്നെ പ്രതിഭാശാലിയാവുമെന്നോ ഒരാൾക്കും പ്രവചിക്കാൻ കഴിയില്ലെന്ന നഗ്നസത്യത്തിന്റെ അളവുകോൽ വെച്ചു വേണം ആ മഹത്തായ പ്രവചനത്തെ നാം കാണേണ്ടത്. ഒരു ദൈവദൂതനല്ലാതെ ഇങ്ങനെ അളന്ന് മുറിച്ച ഒരു പ്രവചനം നടത്താൻ സാധിക്കുമോ?

1886 ഫെബ്രുവരി 20-ന് ആയിരുന്നു ആ പ്രവചനം. ആ പ്രഖ്യാപനത്തിനെതിരെ വന്ന ശത്രുപക്ഷത്തെ, മസീഹ് മൗഊദ്(അ) നേരിട്ടത് അതിശക്തമായ വെല്ലുവിളികൾ ഉയർത്തിക്കൊണ്ടായിരുന്നു. മൂന്നിനെ നാലാക്കുന്നവനും ദീർഘായുഷ്മാനും- ലോകാരാധ്യനും ബുദ്ധിശാലിയും വേഗം വളരുന്നവനും ബന്ധനസ്ഥരുടെ മോചകനും ആയിരിക്കും ആ പുത്രനെന്ന് അദ്ദേഹം ആവർത്തിച്ചു. 1889 ജനുവരി 12-ന് ആ പ്രവചനം പുലർന്നുകൊണ്ട് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്(റ) ജനിച്ചു. പിന്നീട് വർഷങ്ങൾ കഴിഞ്ഞാണ് താനാണ് വാഗ്ദത്തപുത്രൻ എന്ന് അദ്ദേഹം പ്രഖ്യാപിച്ചതെങ്കിലും അദ്ദേഹം വെറും കുട്ടിയായിരിക്കുമ്പോൾതന്നെ ആ സത്യം ഏകദേശം മുഴുലോകവും അംഗീകരിച്ചുകഴിഞ്ഞിരുന്നു. എട്ടാമത്തെ വയസ്സിൽ ഖുർആൻ മനഃപാഠമാക്കിയ ഹാഫിസും 12-ാമത്തെ വയസ്സിൽ ഖുർആൻ വ്യാഖ്യാനങ്ങളിൽ പ്രഭാഷകനും, സദാസമയവും മഹത്തായ കാര്യങ്ങൾ ചിന്തിക്കുന്നവനും അതീവഭക്തനുമായി മാറിയ ആ കുട്ടി ഒരു പുതുയുഗപ്പിറവിയുടെ മാറ്റൊലി തന്നെയായിരുന്നു. ഇസ്‌ലാമിന്റെ യാഗാശ്വമായിട്ടാണ് മുസ്‌ലിഹ് മൗഊദ്(അ) യുവത്വം ആഘോഷിച്ചത്. അദ്ദേഹത്തിന്റെ ഖുർആൻ ക്ലാസ്സുകളെ കേൾക്കാനിടയായ ഖലീഫത്തുൽ മസീഹ് അവ്വൽ അഭിപ്രായപ്പെട്ടത് തനിക്കുപോലും അറിയാത്ത കാര്യങ്ങൾ ബശീറുദ്ദീൻ പഠിച്ചുകഴിഞ്ഞിരിക്കുന്നു എന്നായിരുന്നു. സ്വപിതാവിനെപ്പോലെതന്നെ അദ്ദേഹം ഖലീഫാതിരുമനസ്സിനെയും ആദരിച്ചിരുന്നു. വിനയാന്വിതനായ കുട്ടിയായിട്ട് മാത്രമേ ഖലീഫാ അവ്വൽ(റ) ഉൾപ്പെടെയുള്ള വാഗ്ദത്ത മസീഹ്(അ)ന്റെ സഹാബികൾ അദ്ദേഹത്തെ കണ്ടുള്ളൂ.

ഖലീഫാ അവ്വൽ(റ) നിര്യാതനായതിനെ തുടർന്ന് 1914 മാർച്ച് 14-ന് മുസ്‌ലിഹ് മഊദ്(റ) ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹത്തിന് 25 വയസ്സിൽ താഴെയായിരുന്നു പ്രായം. 1908-ൽ മസീഹ് മൗഊദ്(അ) വഫാത്തായശേഷം അതുവരെയുള്ള ആറ് വർഷത്തിനുള്ളിൽ അതീവ ഗുരുതരമായ പ്രതിസന്ധികളിലൂടെയായിരുന്നു ജമാഅത്ത് കടന്നുപോയ്ക്കൊണ്ടിരുന്നത്. ആ ദശാസന്ധിയിൽ അനുഭവജ്ഞാനങ്ങളില്ലാത്ത വെറുമൊരു യുവാവ് പ്രസ്ഥാനത്തിന്റെ കടിഞ്ഞാൺ കയ്യിലേന്തിയതിനെതിരെ ഭയാശങ്കകളും കുത്സിതപ്രചാരണങ്ങളും പരസ്യമായി പുറത്തുവന്നുതുടങ്ങി. ഒരു ഘട്ടത്തിൽ അഹ്‌മദിയ്യാ പ്രസ്ഥാനം അണഞ്ഞുതുടങ്ങി എന്നുപോലും ശത്രുക്കൾ ആഹ്ലാദപൂർവ്വം പ്രചരിപ്പിച്ചു. അന്നാണ് ജയിക്കാൻ വിധിക്കപ്പെട്ട സാരഥിയുടെ സർവ്വൈശ്വര്യങ്ങളും സർവ്വപ്രതാപങ്ങളുമായി, ആർജ്ജവത്തിന്റെ ആൾരൂപമായി, ഉമർഖത്താബിന്റെ നേർക്കാഴ്ചപോലെ, സൂര്യശോഭയുടെ തിരുവുദയം സർവ്വലോകങ്ങളും കാണുന്നത്. പിന്നെയൊരു പടയോട്ടമായിരുന്നു. നീണ്ട 52 വർഷക്കാലം ലോകത്തിലെ ഒരു ശക്തിക്കും പിടിച്ചുകെട്ടാൻ കഴിയാതിരുന്ന അശ്വമേധം. വിശാലമായ ലോകത്തിന്റെ വിരിമാറിൽ ആ യാഗാശ്വം കടന്നുചെല്ലാത്ത ദേശങ്ങളോ, ശത്രുകുടീരങ്ങളോ ഉണ്ടായില്ല. ആ പ്രതിഭയുടെ തിളക്കവും ആ തൂലികയുടെ മഹത്വവും ആ ശബ്ദഗരിമയുടെ മുഴക്കവും അരനൂറ്റാണ്ടിലധികം ആധുനിക ലോകം ഇമവെട്ടാതെ കാണുകയും നെഞ്ചിലേറ്റി വായിക്കുകയും രോമാഞ്ചത്തോടെ കേൾക്കുകയും ചെയ്തു.

മുന്നൂറിൽപരം പ്രഭാഷണങ്ങൾ, ഇരുന്നൂറിൽപരം ലോകോത്തരഗ്രന്ഥങ്ങൾ, നൂറുകണക്കിന് യാത്രകൾ, ആയിരക്കണക്കിന് ചെറുഭാഷണങ്ങൾ, പതിനായിരക്കണക്കിന് ഖുത്ബകൾ, പരശ്ശതം ലേഖനങ്ങൾ, എണ്ണിയാലൊടുങ്ങാത്ത അഭിമുഖങ്ങൾ, സംവാദങ്ങൾ, ചോദ്യോത്തരവേദികൾ- അങ്ങനെ ദൃശ്യവിസ്മയമായും ശ്രവ്യമാധുരിയായും ഇരുപതാം നൂറ്റാണ്ടിന്റെ ഏകദേശം 65 വർഷക്കാലം 72 വയസ്സിന്റെ ദീർഘാ

യുസ്സ്വരെ ആ മഹാപുരുഷൻ ഈ വിശ്വവീഥികളിൽ നിറഞ്ഞുനിന്നു. ആ യുഗപുരുഷൻ കടന്നുചെല്ലാത്ത ജനപദങ്ങളോ, വിളിച്ചുണർത്താത്ത ജനതതികളോ, കീഴടക്കാത്ത കൊടുമുടികളോ, അടിച്ചൊടുക്കാത്ത ശത്രുചേരികളോ ലോകത്ത് അവശേഷിച്ചില്ല. ഖിലാഫത്തിലേക്ക് പരിചയക്കുറവിന്റെ യുവത്വം കാലെടുത്തുവെക്കുമ്പോൾ, മസീഹ് മൗഊദ്(അ)ന് ലബ്ബൈക്ക് പറയാൻ ഈ വിശാലവിശ്വസീമകളിലുണ്ടായിരുന്ന പതിനായിരങ്ങളിൽനിന്ന് 1965-ൽ ജ്ഞാനവൃദ്ധനും യുഗപുരുഷനുമായി അല്ലാഹുവിന്റെ വിളികേട്ട് ലോകത്തോട് വിടപറയുമ്പോൾ അദ്ദേഹത്തിന്റെ പൊൻമൊഴികളും വിശുദ്ധിയുടെ മുഖച്ചാർത്തും നെഞ്ചിലേറ്റി ഗദ്ഗദങ്ങളും വിതുമ്പലുകളുമായി ലോകത്താകമാനം ജനാസയിൽ അണിനിരന്ന അഹ്മദികളുടെ എണ്ണം ഒന്നരക്കോടിയോളമായിരുന്നു. അതിലേറെ കോടികളിൽ എണ്ണാവുന്ന വിവിധ ജനവിഭാഗങ്ങൾ ആ അനുശോചനത്തിൽ പങ്കുകൊള്ളുകയും ചെയ്തു. രാഷ്ട്രത്തലവന്മാരും, ജനനേതാക്കളും, ബുദ്ധിജീവികളും എല്ലാം അതിൽപെടുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

അനുഗ്രഹീതമായ രണ്ടാം ഖിലാഫത്തിന്റെ ഒരു പുരുഷായുസ്സിനിടയിൽ മുസ്‌ലിഹ് മൗഊദ്(റ) ദിവ്യാത്ഭുതങ്ങളുടെ നേർകാഴ്ചകൾ തന്നെയായിരുന്നു ലോകത്തിന് നല്കിയത്. വിശുദ്ധഖുർആൻ വ്യാഖ്യാനത്തിലെഴുതിയ തഫ്സീർ കബീർ, തഫ്സീർ സഗീർ എന്നിവയേയും പുതുലോകഭാവന വരച്ചുകാട്ടിയ 'ദി ന്യൂ വേൾഡ് ഓഡർ തുടങ്ങിയ ഗ്രന്ഥങ്ങളേയും ജാതിമതഭേദമില്ലാതെയായിരുന്നു പണ്ഡിതലോകം അത്ഭുതാദരങ്ങളോടെ സ്വീകരിച്ചതും ഇന്നും അവയിലെ വിജ്ഞാനകൗതുകം ആസ്വദിക്കുന്നതും.

ജമാഅത്തിലുണ്ടായിരുന്ന താൻപോരിമയുടെ ചില വൻതോക്കുകൾ ലാഹോർപാർട്ടിയുടെ കുപ്രസിദ്ധ പിറവിക്ക് രംഗത്തു വരികയും ജമാഅത്ത് തകർന്നുവെന്ന് ശത്രുക്കൾ മുഴുവൻ പ്രഖ്യാപിക്കുകയും ചെയ്തപ്പോഴാണ് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ നേതൃത്വസിദ്ധികൾ ലോകമറിഞ്ഞത്. അല്ലാഹുവിന്റെ വരദാനമായ അഹ്മദിയ്യാ പ്രസ്ഥാനത്തെ ആണായിട്ടോ പെണ്ണായിട്ടോ പിറന്ന ഒരു ജീവിക്കും ജന്തുവിനും പിഴുതെറിയാൻ കഴിയില്ലെന്ന് അല്ലാഹുവിന്റെ പേരിൽ അദ്ദേഹം ആണയിട്ടപ്പോൾ, ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ട ഒരത്യപൂർവ്വ വെല്ലുവിളിയായി അത് മാറി. 'ദി സ്പ്ലിറ്റ്' എന്ന പേരിൽ വിമത മൗലവി മുഹമ്മദാലി എഴുതിയ പുസ്തകത്തിന് ആദ്യം ഉറുദുവിൽ 'ആയിന-യെ- സിദഖത്ത്' (സത്യത്തിന്റെ കണ്ണാടി) എന്ന പേരിലും പിന്നീട് 'ദി ട്രൂത്ത് എബൗട്ട് ദി സ്പ്ലിറ്റ്' (ഭിന്നിപ്പിനെ കുറിച്ചുള്ള സത്യം) എന്ന പേരിൽ ഇംഗ്ലീഷിലും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച മറുപടി ഗ്രന്ഥം ചരിത്രത്തിൽ സമാനതകളില്ലാത്തതും ലാഹോറിപാർട്ടിയുടെ അന്ത്യം കുറിച്ച തൂലികായുദ്ധവുമായിരുന്നു. പിന്നീട് ഇന്നുവരെ ഏതാനും തീൻമേശകൾക്ക് ചുറ്റുമല്ലാതെ ലാഹോറികക്ഷികൾക്ക് ശ്വാസംവിടാൻ പോലും കഴിഞ്ഞിട്ടില്ല. അത്ര ശക്തമായിരുന്നു, അന്തിമമായിരുന്നു, അപ്രതിരോധ്യമായിരുന്നു ആ മഹാത്മാവിന്റെ തിരിച്ചടി.

അഹ്മദിയ്യാ പ്രസ്ഥാനം മേൽവിലാസമില്ലാത്ത കൂരകളിലേക്കും അധികാരത്തിന്റെ സിംഹാസനങ്ങളിലേക്കും ബുദ്ധിജീവികളുടെ ഹൃദയങ്ങളിലേക്കും കിനാവള്ളിപോലെ, വിശ്വാസവീചികളായി കാത്തിരുന്ന കനവുപോലെ പടരുന്നതാണ് രണ്ടാം ഖിലാഫത്തിന്റെ 52 വർഷത്തിലുടനീളം നാം പിന്നീട് കണ്ടത്. ചരിത്രത്തിൽ സമാനതകളില്ലാത്ത മതാഗ്രബോധനവും ഹൃദയങ്ങളെ കീഴടക്കലുമായിരുന്നു അത്. ആഫ്രിക്കയിലും ആസ്ത്രേലിയയിലും യൂറോപ്പിലും ഏഷ്യയിലും അമേരിക്കയിലുമായി 170-ഓളം രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ ജൈത്രയാത്രയുടെ കൊടിമരങ്ങൾ നാട്ടിയ ദശകങ്ങളായിരുന്നു അവ. ശിർക്ക് മാത്രം വിളഞ്ഞ ഊഷരഭൂമികളിൽ തൌഹീദിന്റെ കൊയ്ത്തുത്സവാഘോഷങ്ങൾ ലോകമെങ്ങും ഭക്തിനിർഭരമാക്കി.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ വിജയത്തിന്റെ വെന്നിക്കൊടി നാട്ടി തേർതെളിച്ചുവന്ന ബ്രിട്ടൻ ഉൾപ്പെടുന്ന സഖ്യശക്തികൾ യുദ്ധത്തിൽ പരാജയപ്പെടുമെന്ന് മുസ്‌ലിഹ് മൗഊദ്(റ) പ്രവചിച്ചപ്പോൾ ലോകരാഷ്ട്രീയത്തിൽ അതൊരു ഭൂകമ്പമായിരുന്നു സൃഷ്ടിച്ചത്. അന്നത് പറയാനെന്നല്ല ചിന്തിക്കാൻ പോലും ഒരു മനുഷ്യനും സാധിച്ചിരുന്നില്ല. പക്ഷെ, ദൈവത്തിന്റെ വെളിപാടിന് പുലരാതിരിക്കാൻ നിവൃത്തിയില്ലല്ലോ. വാഗ്ദത്തപുത്രൻ പ്രവചിച്ചത് തന്നെ സംഭവിച്ചു. അജാതശത്രുക്കളും വീരശൂരപരാക്രമികളുമായ വിൻസ്റ്റൺചർച്ചിലിന്റെ സഖ്യശക്തികൾ യുദ്ധക്കളത്തിൽ മൂക്കുകുത്തിവീണു. അക്ഷരാർത്ഥത്തിൽ അന്ന് ലോകം സ്തംഭിച്ചുനിന്നതാണ് ആ അവിശ്വസനീയതയുടെ മുമ്പിൽ.

ആ പ്രവചനത്തോട് കിടപിടിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു പ്രഖ്യാപനം- അത് കമ്മ്യൂണിസത്തിന്റെ തകർച്ചയെക്കുറിച്ചായിരുന്നു. ലോകത്തിന്റെ പകുതിവരുന്ന ഒരു സമ്പന്നശാക്തികച്ചേരിയെ നയിക്കുകയും സൂര്യശോഭയോടെ യൂറോപ്പിലും സോവ്യറ്റ് യൂണിയനിലും ചൈനയിലുമായി തിളങ്ങിനിൽക്കുകയും ചെയ്യുന്ന കമ്മ്യൂണിസത്തിന്റേയും കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടേയും നെഞ്ചിലേക്ക് വിരൽചൂണ്ടിയാണ് കാലസാക്ഷിയും കാലത്തിന്റെ കാവലാളുമായി അല്ലാഹു കൈപിടിച്ചുനടത്തിയ ആ ദിവ്യാത്മാവ്. കമ്മ്യൂണിസം ഇതാ തകരാൻ പോവുന്നു എന്ന് വിളിച്ചുപറഞ്ഞത്. കേട്ടപ്പോൾ വാളെടുത്ത് ഉറഞ്ഞുതുള്ളിയവരുണ്ട്, നെറ്റിചുളിച്ചവരുണ്ട്, തിരിച്ചടിക്കാൻ ശ്രമിച്ചവരുമുണ്ട്. കാര്യം നടക്കില്ല എന്ന് വീമ്പു പറഞ്ഞവരിൽ മുസ്‌ലിം പ്രമാണിമാരും ജമാഅത്തെ ഇസ്‌ലാമിക്കാരുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു

*28-ാം പേജിൽനിന്ന്*

ള്ളതെന്നതിനുള്ള ഉദാഹരണങ്ങൾ അഹ്മദിയ്യാ ചരിത്രത്തിൽ നിറഞ്ഞുകിടക്കുന്നു. അവരെ പാപങ്ങളുടെ അഴുക്കിൽനിന്ന് പരിശുദ്ധരാക്കി ഇസ്‌ലാമികാദ്ധ്യാപനങ്ങളെ ശരിയായനിലയിൽ അനുസരിക്കുന്നവരാക്കി. ചിലർ അവരുടെ പ്രദേശത്തെ കൊള്ളക്കാരായിരുന്നു. അവരെ ദൈവികഗുണമുള്ളവരാക്കി. കൈകൂലി വാങ്ങിയവർ പണം ചാക്കുകളിലേറ്റി ആരിൽനിന്നാണോ കൈകൂലി വാങ്ങിയിട്ടുള്ളത് അവർ പണം തിരിച്ചുവാങ്ങണമെന്ന് പറഞ്ഞ് തെരുവുകളിൽ വിളംബരപ്പെടുത്തി നടന്നു. ഉറങ്ങുന്നതിനു മുമ്പ് നബി(സ) തെറി പറയുന്ന ക്രിസ്ത്യാനികൾ ഉറങ്ങുന്നതിനു മുമ്പ് നബി(സ) പേരിൽ സ്വലാത്ത് ചൊല്ലുന്നവരായി.

ഇംഗ്ലണ്ടിലെ ബശീർ അഹ്മദ് ആർച്ചാഡ് സാഹിബ് 1944-ൽ ക്രിസ്തുമതത്തിൽനിന്ന് പശ്ചാത്തപിച്ച് അഹ്മദി മുസ്‌ലിമായി. നിത്യവും ദുആ ചെയ്തുകൊണ്ടിരിക്കുന്ന ഭക്തനായി. വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കെടുത്ത് മൂന്നിലൊരു ഭാഗം വസിയത്ത് ചെയ്തു. ജീവിതം വഖ്ഫ് ചെയ്തു. ആദ്യത്തെ ഇംഗ്ലീഷുകാരനായ മുബല്ലിഗായി ദീർഘകാലം സേവനമനുഷ്ഠിച്ചു.

സറാല്യൂണിലെ അലി റോജേഴ്സ് തന്റെ യുവത്വകാലത്ത് അഹ്മദിയ്യത്ത് സ്വീകരിക്കുമ്പോൾ പന്ത്രണ്ട് ഭാര്യമാരുണ്ടായിരുന്നു. ഇസ്‌ലാമികാദ്ധ്യാപനപ്രകാരം അദ്ദേഹം നാല് ഭാര്യമാരെവെച്ച് ബാക്കിയുള്ളവരെ നല്ല നിലയിൽ പറഞ്ഞയച്ചു. (*അൻസാറുല്ലാഹ് മാസിക, റബ്‌വ, മാർച്ച് 1984, പേ-30,31*)

അമേരിക്കയിലെ പ്രസിദ്ധനായ ഒരു പോപ്പ്ഗായകൻ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ പാട്ടിലുള്ള തന്റെ അഭിനിവേശം തണുത്ത്, ജനങ്ങളിൽനിന്ന് കിട്ടികൊണ്ടിരുന്ന ക്ഷണത്തെയെല്ലാം ഉപേക്ഷിച്ച് വിനയാന്വിത ജീവിതം സ്വീകരിച്ച് തഹജ്ജുദിൽ കൃത്യനിഷ്ഠയുള്ള ആളായി. തിരുനബി(സ)മിൽ അനുരക്തനായി ജീവിച്ച അയാൾക്ക് തിരുനബി(സ)ന്റെ പേര് കേൾക്കുമ്പോൾ കണ്ണിൽനിന്ന് അശ്രുകണങ്ങൾ പൊഴിയുമായിരുന്നു.

മഹത്തായ ഈ സംഭവങ്ങൾ വെറും കഥകളല്ല. യാതാർത്ഥ്യങ്ങളാണ്. ഇതിനുള്ള ഉദാഹരണങ്ങൾ ലോകത്ത് എല്ലാ സ്ഥലത്തും കാണാം. ലോകത്തിന്റെ മുക്കിലും മൂലയിലും ഇതിന് സാക്ഷികളുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ ഇത് സംബന്ധിച്ച് പറയുന്നു. എന്റെ ജമാഅത്ത് നന്മകളിലും പരിശുദ്ധിയിലും എത്രകണ്ട് അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവോ അതുതന്നെ ഒരു "***മുഅ്ജിസ***" ആണ്. (*സീറത്തുൽ മഹ്ദി, ഒന്നാം വാള്യം, പേ-165*)

ഇന്ത്യയിലെ ഒരു പത്രം ഈ യാഥാർത്ഥ്യത്തെ സത്യപ്പെടുത്തികൊണ്ട് ഇപ്രകാരം പറയുന്നു.

"ഖാദിയാൻ എന്ന പരിശുദ്ധപട്ടണത്തിൽ ഒരു ഇന്ത്യൻ പ്രവാചകൻ ആവിർഭവിച്ചു. അദ്ദേഹം തന്റെ അനുയായിവൃന്ദത്തെ നന്മകളും ഉന്നതമായ ധാർമ്മികഗുണങ്ങളുംകൊണ്ട് നിർഭരമാക്കി. ഈ ഉന്നതഗുണങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്ന ജനലക്ഷങ്ങളുടെ ജീവിതത്തിലും പ്രതിഫലിച്ചുകാണാം. (*സ്റ്റേറ്റ്മേൻ, ഡൽഹി, 12 ഫിബ്രുവരി 1949*)

എനിക്ക് വിനീതമായി അറിയിക്കാനുള്ളത് ലക്ഷങ്ങളുടെ കാലഘട്ടം എന്നോ കടന്നുകഴിഞ്ഞു. ഇപ്പോൾ കോടികളുടെ കാലഘട്ടം വന്നെത്തിയിരിക്കുന്നു. ആഗോളതലത്തിലുള്ള ഈ ആത്മീയവിപ്ലവമാണ് പ്രതീക്ഷയുടെ സന്ദേശമാണ് അഹ്മദിയ്യത്ത് ലോകത്തിന് നൽകുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) എത്ര സത്യമാണ് പറഞ്ഞത്. "ഈ വൃക്ഷത്തെ ഇതിന്റെ ഫലം കൊണ്ടും ഈ സ്രോതസ്സിനെ ഇതിന്റെ പ്രകാശംകൊണ്ടും തിരിച്ചറിയുവിൻ. (ഫത്ഹെ ഇസ്‌ലാം, പേജ്- 44) (മിശ്കാത്ത്, ഡിസംബർ 2003) (തുടരും)

---

വിന്റെ വിധിനിർണ്ണയങ്ങൾ ആരറിഞ്ഞു! കാലഘട്ടത്തിന്റെ അമീറിനെ, അമീറിലൂടെ ലോകത്തെ, അറിയിച്ച തന്റെ പ്രവചനം അല്ലാഹു പൂർത്തിയാക്കുകതന്നെ ചെയ്തു. കമ്മ്യൂണിസം തകർന്നു, പരാജയപ്പെട്ടു, കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ അപ്രത്യക്ഷമായി. ശേഷിക്കുന്നവ ഊർദ്ധശ്വാസം വലിക്കുന്നനിലയിലും.

റബ്‌വ എന്ന മഹാനഗരം ആ യുഗപുരുഷന്റെ സൃഷ്ടിയായിരുന്നു എന്ന് അത്ഭുതത്തോടെ തിരിച്ചറിയാൻ നമുക്ക് കഴിയുന്നുണ്ട്. വെറും തരിശായി കിടന്ന, ആർക്കും വേണ്ടാത്ത ആ ഭൂവിഭാഗത്തിൽ അഭയാർത്ഥികളെപ്പോലെ ഇന്ത്യാ പാക്കിസ്ഥാൻ വിഭജനകാലത്ത് എത്തിയ അഹ്മദികളോട്, ഖാദിയാനിൽ 313 ദർവേശുമാരോടൊപ്പം വിട്ടേച്ചുപോയവയൊഴിച്ച് അവിടെനിന്നും കൊണ്ടുവന്ന നാമമാത്ര സജ്ജീകരണങ്ങൾ ഉപയോഗിച്ച് ഒരു ജനപദം സൃഷ്ടിക്കാനായിരുന്നു ഖലീഫത്തുൽ മസീഹ് സാനി(റ) അന്നാവശ്യപ്പെട്ടത്. അറബിക്കഥയിൽ അലാവുദ്ദീന്റെ അത്ഭുതവിളക്ക്പോലെയാണ് ചരിത്രത്തിന്റെ നാൾവഴിയിൽ ഖലീഫാതിരുമനസ്സിന്റെ ആ തീരുമാനം ജ്വലിച്ചുനില്ക്കുന്നത്. ശൂന്യതയിൽനിന്നും വർഷങ്ങൾക്കകം ഒരു മഹാനഗരം, റബ്‌വ, ജന്മമെടുക്കുന്നതും ലോകഭൂപടത്തിൽ തലയുയർത്തിനില്ക്കുന്നതും നാം കണ്ടു. ആ വളർച്ചയുടെ ഭീതിയിലാണ് പിന്നീട് ഭൂട്ടോമാരേയും സിയാവുൽ ഹക്കുമാരേയും മുല്ലമാരേയും പിടികൂടിയ മനോരോഗമെന്ന് കൂടി നാം തിരിച്ചറിഞ്ഞാൽ ചരിത്രത്തിലെ ആ കൂട്ടിവായന ഒരുപാട് മാറ്റൊലികളും അർത്ഥതലങ്ങളുമുള്ള തിരുമനസ്സിന്റെ ദീർഘദർശനം ഇനിയുമൊരുപാട് വാള്യങ്ങളും ഗവേഷണങ്ങളും ചെലവുള്ള മഹാത്ഭുതമായി ചരിത്രം നിശ്ചയമായും വിലയിരുത്തും.

ഈ ലോകത്തോട് വിടപറഞ്ഞിട്ട് 40 വർഷം കഴിഞ്ഞിട്ടും ആ യുഗപുരുഷന്റെ സ്വാധീനത്തിന്റെ സ്പന്ദനങ്ങൾ നമ്മളിലൊന്നും അന്യം നിന്നുപോയിട്ടില്ല. ഇനി വരാനിരിക്കുന്ന തലമുറകളിലേക്കും ആ സമൃദ്ധമായ സ്മരണ അല്ലാഹു സന്നിവേശിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

●

നസീമ ജലീൽ

# യുദ്ധവും സമാധാനവും - പ്രവാചക മാതൃക
## (ഭാഗം-3)

യുദ്ധം നിഷിദ്ധമായ ദുൽഖഅദ് മാസത്തിലാണ് പ്രവാചകരും അനുചരന്മാരും യാത്രപുറപ്പെടുന്നത്; ബലിക്കായി അടയാളം കെട്ടിയ ബലിമൃഗങ്ങളും ഒപ്പമുണ്ട്. അറേബ്യയിലെ രീതി അനുസരിച്ച് ദേഹരക്ഷയ്ക്ക് കൊണ്ടുനടക്കാറുള്ള ഒരുവാൾ മാത്രമേ ഉറയിലിട്ട സ്ഥിതിയിലുള്ളൂ. ഖുറൈശികളുടെ നിലപാട് മനസ്സിലാക്കിവരാൻ തിരുനബി(സ) ഒരാളെ മുമ്പേ അയച്ചു. അയാൾ ഇസ്‌ലാംമതം സ്വീകരിച്ചത് ഖുറൈശികൾ അറിഞ്ഞിരുന്നില്ല. അയാൾ തിരിച്ചുവന്ന് നബിക്ക് റിപ്പോർട്ട് നൽകി മക്കയ്ക്ക് പുറത്ത് ബൽദഹ് എന്നൊരിടത്ത് ഖുറൈശികൾ സഖ്യകക്ഷികളെയെല്ലാം സംഘടിപ്പിച്ച് അണിനിരത്തിയിരിക്കയാണ്. ഖാലിദുബ്നു വലീദിന്റെയും ഇക്‌രീമയുടേയും നേതൃത്വത്തിൽ 200 കുതിരപ്പടയാളികൾ കുറേ മുമ്പോട്ട് നീങ്ങിക്കഴിഞ്ഞു. ആ കുതിരപ്പട കുറേക്കൂടി അടുത്തെത്തിയപ്പോൾ സാധാരണവഴിയിൽനിന്നും മാറി മറ്റൊരു വഴിക്ക് സഞ്ചരിക്കുവാൻ നബി(സ) നിർദ്ദേശിച്ചു. ഒരേറ്റുമുട്ടൽ ഒഴിവാക്കുകയായിരുന്നു ലക്ഷ്യം. അങ്ങനെ ഹുദൈബിയയിൽ എത്തി. ജിദ്ദ-മക്ക പാതയിൽ 23 കി. മീറ്റർ അകലെയാണ് ഹുദൈബിയ്യ. പണ്ട് അവിടെ ചെറിയ പള്ളിയുണ്ടായിരുന്നു. ആ സ്ഥലത്തെക്കുറിച്ചും അവിടെ നടന്ന മഹത്തായ സന്ധിയെക്കുറിച്ചും വിശുദ്ധഖുർആൻ പ്രകീർത്തിച്ചിട്ടുണ്ട്.

ഖുസാഅ ഗോത്രം ഇസ്‌ലാം മതം സ്വീകരിച്ചിരുന്നില്ലെങ്കിലും മക്കക്കാരോട് അനുഭാവമുള്ളവരായിരുന്നു. മക്കക്കാരുടെ നീക്കങ്ങളെക്കുറിച്ചവർ അപ്പഴപ്പോൾ പ്രവാചക(സ)യെ അറിയിച്ചുകൊണ്ടിരുന്നു. തങ്ങൾക്ക് യുദ്ധോദ്ദേശ്യമില്ലെന്നും ഉംറ മാത്രമാണ് ലക്ഷ്യമെന്നും ഖുറൈശികളെ അറിയിക്കുവാൻ അവരുടെ നേതാവ് ബുദൈലിനെ നബി(സ) പറഞ്ഞയച്ചു. പക്ഷേ, ഖുറൈശികൾ അദ്ദേഹത്തെ പരിഹസിച്ചുവിട്ടു. പക്ഷേ, മക്കക്കാർ കൂടിയാലോചിച്ച് അവരുമായി മൈത്രിയിലിരിക്കുന്ന പ്രധാനകക്ഷിനേതാവ് ഹുലൈസിനെ മുസ്‌ലിംകളുടെ അരികിലേക്ക് വിട്ടു. ഹുലൈസിനെ കണ്ടപ്പോൾ ബലിമൃഗങ്ങളെ എഴുന്നേല്പിക്കുവാനും തൽബീയ്യത്ത് ചൊല്ലുവാനും തിരുനബി കല്പിച്ചു. ഹുലൈസ് അടുത്ത് വന്നുനോക്കുമ്പോൾ ബലി അടയാളം കെട്ടിയ 70 മൃഗങ്ങളേയും തൽബീയ ചൊല്ലുന്ന 1400 മുസ്‌ലിംകളേയും കണ്ടു. ഹുലൈസ് പ്രവാചകനെ കാണാൻ നില്ക്കാതെ തിരിച്ചുചെന്നു. മുസ്‌ലിംകൾക്ക് ഉംറ മാത്രമേ ഉദ്ദേശ്യമുള്ളൂ എന്നറിയിച്ച ഹുലൈസിനേയും ഖുറൈശികൾ അധിക്ഷേപിച്ചു. ഇത്തരം അനീതി പ്രവർത്തിക്കുകയാണെങ്കിൽ തന്റെ പിൻതുണ പിൻവലിക്കുമെന്ന് ഹുലൈസ് താക്കീത് നൽകിയപ്പോൾ ഖുറൈശികൾ ഭയന്നു. അവർ ഭംഗിവാക്കുകൾ പറഞ്ഞ് ഹുലൈസിനെ അടക്കി. നയതന്ത്രത്തിൽ പ്രസിദ്ധനായ ഉർവ്വത്ത് ഇബ്നു മസൂദിനെ ഖുറൈശികൾ പ്രവാചകസമക്ഷത്തേയ്ക്കയച്ചു. നബിയെ എങ്ങനെയും സംസാരിച്ച് വശീകരിക്കുവാൻ ഉർവ്വത്ത് തീരുമാനിച്ചിരുന്നു. അദ്ദേഹം പ്രവാചകരോട് പറഞ്ഞു "മുഹമ്മദ്, നിങ്ങൾ ഖുറൈശികളെ ഉന്മൂലനം ചെയ്തുവെന്ന് വെക്കുക എങ്കിൽ സ്വജനതയെ വല്ല മനുഷ്യനും നശിപ്പിച്ചത് ലോകചരിത്രത്തിൽ കാണുമോ? അങ്ങനെയല്ല യുദ്ധത്തിൽ നിങ്ങൾ അമ്പേ പരാജയപ്പെട്ടാൽ ചുറ്റും കൂടിയിരിക്കുന്ന ഈ ജനത നിങ്ങളെ ഒറ്റയ്ക്കാക്കി ഓടിപ്പോയ്ക്കളയില്ലേ? ഈ വാചകം ഹസ്റത്ത് അബൂബക്കർ(റ)ന് സഹിച്ചില്ല. ഞങ്ങൾ മുഹമ്മദിനെ വിട്ടോടിപ്പോവുകയോ എന്നദ്ദേഹം ഉർവ്വയെ ശകാരിച്ചു. ഇഹ്റാം വേഷമായതിനാൽ ഉർവ്വത്തിന് ആളെ മനസ്സിലായില്ല. ഇതാരാണ് ഉർവ്വ ചോദിച്ചു. അബൂബക്കർ എന്ന് കേട്ടപ്പോൾ ഉർവ്വ പറഞ്ഞു അദ്ദേഹം എനിക്ക് കനത്ത സഹായങ്ങൾ ചെയ്തുതന്നിട്ടുണ്ട്. ഞാനതിന് പ്രത്യുപകാരമൊന്നും കൊടുത്തിട്ടുമില്ല. ആ കടപ്പാടില്ലെങ്കിൽ ഞാനിതിന് പകരം ചെയ്തേനേ! സംസാരത്തിനിടെ നബിയെ വശീകരിക്കുവാൻ ഉർവ്വത്ത് ഇടയ്ക്കിടെ നബി(സ)യുടെ താടിയിൽ തട്ടിക്കൊണ്ടിരുന്നത് പിന്നിൽ നിന്നിരുന്ന മുഗീറയ്ക്കു സഹിച്ചില്ല. വാൾപിടികൊണ്ട് മുഗീറ ഉർവ്വസിന്റെ കൈ തട്ടിനീക്കി. താനും സഹചരരും ഉംറയ്ക്കു മാത്രമാണ് വന്നതെന്നും യുദ്ധം തങ്ങൾ ഉദ്ദേശിക്കുന്നേയില്ല എന്നും നബി അറിയിച്ചു.

ഉർവ്വത്ത് തിരിച്ചുചെന്ന് ഖുറൈശികളെ കാര്യം ധരിപ്പിച്ചു എന്നിട്ട് പറഞ്ഞു ഖുറൈശികളേ, ഞാൻ പല സ്ഥലങ്ങളിലും പോയിട്ടുണ്ട്. റോമൻചക്രവർത്തിയേയും പേർഷ്യൻ, അബ്സീനിയൻ ചക്രവർത്തിമാരേയും ഞാൻ അവരുടെ ദർബാറുകളിൽവെച്ച് കണ്ടിട്ടുണ്ട്. പക്ഷേ, അല്ലാഹുവാണെ മുഹമ്മദിനെ അനുയായികൾ ബഹുമാനിക്കുംപോലെ ഒരു രാജാവിന്റെ പ്രജകളും ബഹുമാനിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അവർ ഒരു കാരണവശാലും മുഹമ്മദിനെ കൈയൊഴിയുകയില്ല. ഖുറൈശികൾക്കു കാര്യം ബോധ്യമായി. പടവെട്ടിനിറങ്ങിയാലുണ്ടാകുന്ന ഭവിഷ്യത്ത് അവർക്ക് മനസ്സിലായി. പക്ഷേ, ഈ വന്നവരവിൽ മുഹമ്മദിനേയും സംഘത്തേയും മക്കത്ത് പ്രവേശിക്കാൻ അനുവദിച്ചാൽ എങ്ങനെ ആൾക്കാരുടെ മുഖത്ത് നോക്കും. ഖുറൈശികളുടെ മാനം പോവില്ലേ. ഒടുവിൽ തിരുനബി(സ) ഒരു കാര്യം തീരുമാനിച്ചു. ഖുറൈശികളെ കാര്യം ബോധ്യപ്പെടുത്തുവാൻ ഒരു ദൂതനെ അയക്കാമെന്ന്. ഖുറാശിബ്നു ഉമയ്യത്ത് നബിയുടെ ദൂതുമായ് ചെന്നപ്പോൾ ഖുറൈശികൾ അദ്ദേഹത്തിന്റെ ഒട്ടകത്തെ അറുത്തുകളഞ്ഞു. അദ്ദേഹത്തേയും കൊല്ലാനൊരുങ്ങിയപ്പോൾ സഖ്യകക്ഷികൾ തടഞ്ഞു. മറുവശത്ത് ഖുറൈ

ശികളിലെ കുഴപ്പക്കാർ മുസ്‌ലിംകളെ കല്ലെറിയുകയും സമാധാനലംഘനത്തിന് വട്ടംകൂട്ടുകയും ചെയ്തു കൊണ്ടിരുന്നു. ഒരുതവണ നാല്പതോളം പേരുള്ള റൗഡിസംഘം മുസ്‌ലിംകളെ സമീപിച്ചപ്പോൾ അവരെ പിടിച്ച് തിരുനബി സവിധത്തിൽ ഹാജരാക്കി. അദ്ദേഹം അവരെ വെറുതേവിട്ടയച്ചു. കാരണം ഉംറയ്ക്ക് വന്നി രിക്കയാണ്. യുദ്ധം നിഷിദ്ധമാക്കിയ മാസം. ഹറമിന്റെ അതിർത്തിക്കുള്ളിലും ഈ സംഭവം ഖുറൈശികളെ കുഴപ്പിത്തിലാക്കിക്കളഞ്ഞു. ഉംറയുടെ പേര് പറഞ്ഞു മുഹമ്മദും സംഘവും മക്ക കീഴടക്കാൻ വന്നിരിക്ക യാണെന്ന് പറഞ്ഞാണവർ സഖ്യകക്ഷികളെ ഇളക്കി വിടുന്നത്. ഇതാവട്ടെ മുസ്‌ലിംകളോട് മധ്യവർത്തി കൾക്ക് അനുഭാവമുണ്ടാകാൻ കാരണവുമായി. നബി (സ) ഉസ്മാൻ(റ)നെ ദൂതുമായി വീണ്ടുമയച്ചു. തന്റെ പഴയമിത്രം ഇബാനുബ്നു സഊദിന്റെ സംരക്ഷണ ത്തിൽ മക്കയിൽ പ്രവേശിച്ച ഉസ്മാനെ ഖുറൈശികൾ ഉംറ ചെയ്യാനനുവദിച്ചു. പക്ഷേ, തന്റെ കൂട്ടാളി കൾക്കില്ലാതെ തനിക്കുമാത്രം അനുവാദമാവശ്യമി ല്ലെന്ന് ഉസ്മാൻ(റ) പറഞ്ഞു. ഉസ്മാൻ(റ) തിരിച്ചുവ രുന്നത് കാണാത്ത മുസ്‌ലിംകൾ അദ്ദേഹം വധിക്ക പ്പെട്ടതായി ശങ്കിച്ചു. ഏത് ത്യാഗം സഹിച്ചും ഉസ്മാൻ വധത്തിന് പ്രതികാരനടപടിയെടുക്കുവാൻ തിരുനബി തീരുമാനിച്ചു. അതിനു സന്നദ്ധരായി 1400 പേരും പ്രവാചകന്റെ കൈപിടിച്ച് സത്യപ്രതിജ്ഞ ചെയ്തു. ഹുദൈബിയയിലെ വൃക്ഷച്ചുവട്ടിൽ നടന്ന ആ പ്രതി ജ്ഞയെ ഖുർആൻ അഭിനന്ദിക്കുകയും അല്ലാഹു വിന്റെ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരിക്കു ന്നു. അപ്പോഴേക്കും ഉസ്മാൻ(റ) തിരിച്ചെത്തി. ഏതു വിധേനയും ഇത്തവണ ഉംറ ചെയ്യാൻ ഖുറൈശികൾ അനുവദിക്കുകയില്ലെന്നും അതവരുടെ അഭിമാനപ്ര ശ്നമാണെന്നും ഉസ്മാൻ(റ) അറിയിച്ചു. ഒടുവിൽ മികച്ച വാഗ്മിയും ബുദ്ധിമാനുമായ ഖുറൈശി നേതാവ് സുഹൈലിബ്നു അംറ് തിരുമേനിയെ കാണാൻ വന്ന് മുസ്‌ലിംകൾ ഈ വർഷം തിരിച്ചുപോ കണമെന്നും അടുത്തവർഷം ഉംറ ചെയ്യാവുന്നതുമാ ണെന്നുമറിയിച്ചു. തിരുനബി അത് സമ്മതിക്കുകയും ചെയ്തു. അത്രയും ആയപ്പോൾ ഇനിമുതൽ മുസ്‌ലിം കളും ഖുറൈശികളുമായുള്ള ബന്ധം ഭാവിയിൽ എങ്ങനെയായിരിക്കണമെന്ന് ഒരു സന്ധിപത്രം എഴു തിയുണ്ടാക്കാമെന്നായി ഇരുവിഭാഗവും കൂടിയാലോ ചിച്ച് നിബന്ധനകൾ എഴുതി.

സന്ധിയിലെ നിബന്ധനകൾ ഇവയായിരുന്നു- മുസ്‌ലിംകൾ ഇക്കൊല്ലം ഉംറ ചെയ്യാതെ തിരിച്ചുപോ കേണ്ടതാണ്. അടുത്തവർഷം ഉംറ ചെയ്യാം പക്ഷേ, മൂന്ന് ദിവസത്തിലധികം മക്കയിൽ തങ്ങാൻ പാടില്ല. അടുത്തവർഷം വരുമ്പോൾ ആയുധങ്ങൾ പാടില്ല. കയ്യിലുള്ള വാൾ മാത്രം അതും ഉറയിലിട്ടിരിക്കണം. മക്കയിൽ താമസിക്കുന്ന മുസ്‌ലിംകളെ മദീനയിലേക്ക് കൊണ്ടുപോകരുത്, വല്ല മുസ്‌ലിമും മക്കയിൽ വന്ന് താമസിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ തടയരുത്. ഖുറൈശികളാരെങ്കിലും മക്കക്കാരുടെ സമ്മതമില്ലാതെ മദീനയിൽ ചെന്നാൽ മടക്കി അയക്കണം. പക്ഷേ, ഒരു മുസ്‌ലിം മക്കയിലേക്കു ചെന്നാൽ അവനെ തിരിച്ചയ ക്കില്ല. ഖുറൈശികളുമായോ മുസ്‌ലിംകളുമായോ സഖ്യത്തിലേർപ്പെടാൻ അറേബ്യയിലെ എല്ലാ ഗോത്ര ങ്ങൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

രണ്ട് കക്ഷിയും പരസ്പരം 10 വർഷംവരെ യുദ്ധം ചെയ്യില്ല. ഖുറൈശികളുടെ വ്യാപാര സംഘങ്ങൾക്ക് മദീനയിലൂടെ നിർഭയം കടന്നുപോകാൻ സംരക്ഷണം നൽകും. ഇവയിലെ ചില നിർദ്ദേശങ്ങൾ തിരുനബി(സ) മക്കക്കാർക്ക് സമ്മതിച്ചുകൊടുക്കുന്നത് കണ്ടപ്പോൾ അനുചരർക്ക് വളരെ ദുഃഖമായി. ഇസ്‌ലാമിന്റെ അഭി മാനം കാക്കാൻ വർഷങ്ങളായി ത്യാഗം സഹിക്കു കയും ജീവാർപ്പണം ചെയ്യുകയും ചെയ്ത സഹമു സ്‌ലിംകളുടെ അന്തസ്സല്ലേ നശിച്ചത്. അവർ പ്രവാചക സമക്ഷത്തിലെത്തി. മക്കക്കാരുടെ ഹിതമനുസരിക്കു വാനാണെങ്കിൽ സഹിച്ച ദുരിതങ്ങൾക്കർത്ഥമെന്ത്? സന്ധിയെഴുതാൻ തുടങ്ങിയപ്പോഴും സുഹൈൽ എതിർക്കുകയും പിൻവാങ്ങാൻ തുടങ്ങുകയും ചെ യ്തു. പ്രവാചകൻ അങ്ങേയറ്റം വിട്ടുവീഴ്ച ചെയ്തു. പരമകാരുണികനും കരുണാനിധിയുമായ ദൈവനാ മത്തെയും പ്രവാചകനായ മുഹമ്മദിനേയും തങ്ങൾ അംഗീകരിക്കാത്ത സ്ഥിതിക്ക് അത് സമ്മതിക്കി ല്ലെന്നും അംഗീകരിക്കുന്നെങ്കിൽ പിന്നെന്ത് പ്രശ്ന മാണ് തങ്ങൾ തമ്മിലെന്നും സുഹൈൽ ആരാഞ്ഞു. ഒടുവിൽ ദൈവത്തിന്റെ നാമത്തിൽ തുടങ്ങി അബ്ദു ല്ലയുടെ പുത്രൻ മുഹമ്മദും ഖുറൈശികളുമായുള്ള (സുഹൈലിബ്നു അംറുമായി)കരാർ എന്നെഴുതി. ദൈവദൂതർ എന്നത് മായിക്കുവാൻ ഹസ്റത്ത് അലി മടിച്ചപ്പോൾ നബി(സ) തന്നെ അത് വാങ്ങി തിരുത്തി യെഴുതി. സന്ധിയെഴുതികൊണ്ടിരിക്കെ സുഹൈ ലിന്റെ മകൻ അബൂജന്തൽ ഖുറൈശികളുടെ ബന്ധ നത്തിൽനിന്നും ചാടിപ്പോന്നു. ഇസ്‌ലാംമതം സ്വീകരി ച്ചതിനാൽ അയാളെ ചങ്ങലയിൽ കെട്ടിരിക്കുകയായി രുന്നു. ശരീരമാകെ മുറിവുമായി നബിയെ സമീപിച്ച ജന്തലിനെ കണ്ട് അവനെ വിട്ടുകിട്ടണമെന്നായി സുഹൈൽ. സന്ധിപത്രം എഴുതിക്കഴിയാത്തതിനാൽ പറ്റില്ലെന്ന് നബിയും ജന്തലിനെ വിട്ടയച്ചില്ലെങ്കിൽ സന്ധിയില്ലെന്ന് സുഹൈലും ശഠിച്ചു. ഒടുവിൽ നബി (സ) വഴങ്ങി. സഹാബാക്കൾക്കു സഹിക്കവയ്യാത്ത ദുഃഖമായി. ഉമർ(റ)ന് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം റസൂൽ(സ)യെ സമീപിച്ച് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ അവിടന്ന് പ്രവാചകനാ ണെന്നത് സത്യമല്ലേ?

അതെ- നബി(സ) ഉത്തരം നല്കി. നാം സത്യ ത്തിലും നമ്മുടെ ശത്രുക്കൾ അസത്യത്തിലുമല്ലേ? അതെ. ഉമർ- അങ്ങനെയെങ്കിൽ നാമെന്തിന് ഈ അപ മാനം സഹിക്കണം തിരുമേനി. പ്രവാചകപ്രഭു അരു ളി. അതെ ഉമർ. ഞാൻ ദൈവദൂതനാണ്. അവന്റെ കല്പനകൾക്കു വിരുദ്ധമായി എനിക്കൊന്നും പ്രവൃ ത്തിക്കുവാൻ കഴിയില്ല. അവൻ എന്നെ സഹായിക്കു കതന്നെ ചെയ്യും. (തുടരും)

ജമീല റഹ്മാൻ

# സുഭാഷിതം

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: "ഹേ! സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ! ചൊവ്വായ വാക്ക് പറയുകയും ചെയ്യുവിൻ.

എന്നാൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളെ നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവർക്കാണ് വലിയ വിജയം. അവരാണ് സൗഭാഗ്യവാന്മാർ.

സത്യവിശ്വാസികളുടെ സംസാരരീതി എങ്ങനെയായിരിക്കണമെന്ന് ഇതിലൂടെ മനസ്സിലാക്കാം. നല്ല വാക്കുകളാണവർ പറയേണ്ടത്. വളച്ചുകെട്ടോ വക്രതയോ പാടില്ല. മുനവച്ചുള്ള സംസാരം അരുത്. ചിലരുടെ വാക്കുകൾ കേൾക്കുന്നവരുടെ മനസ്സിൽ തുളച്ചുകയറും. വല്ലാത്ത വേദന അനുഭവപ്പെടും. ഇതൊന്നും സത്യവിശ്വാസിക്ക് ചേർന്നതല്ല. കള്ളം പറയുക, പരദൂഷണം പറയുക, ഏഷണി, അസൂയ, പരിഹാസം തുടങ്ങിയവ മനുഷ്യമനസ്സുകളെ കീഴടക്കുന്ന ദുർഗുണങ്ങളാണ്. മനുഷ്യമനസ്സുകളെ സംസ്കരിച്ചെടുത്തില്ലെങ്കിൽ ഈ ദുർഗുണങ്ങൾ വളരും. ഒടുവിൽ മനുഷ്യൻ ദുർഗുണങ്ങളുടെ അടിമയായി മാറുകയും ചെയ്യും. അവരുടെ വാചാലത വിഷം ചീറ്റും. അത് സമൂഹത്തിൽ അപകടം വരുത്തും.

നബി(സ) തങ്ങളുടെ ജീവിതരീതിയെക്കുറിച്ച് പലരും ആയിശ(റ)യോട് ചോദിക്കുമായിരുന്നു. നബി തങ്ങൾ എങ്ങനെ ഭക്ഷണം കഴിക്കുന്നു? എങ്ങനെ ഉറങ്ങുന്നു? എങ്ങനെ ഇബാദത്തെടുക്കുന്നു? എന്നിങ്ങനെ. കൂട്ടത്തിൽ നബി(സ)യുടെ സംസാരരീതിയെക്കുറിച്ചും ചോദിക്കപ്പെട്ടു. ആയിശ(റ) ഇങ്ങനെ മറുപടി നൽകി. നബി(സ) നിങ്ങളെപ്പോലെ നിറുത്താതെ തുരുതുരാ സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല. നബി (സ)ന്റെ വർത്തമാനം ഒരാൾക്ക് എണ്ണിയെടുക്കാവുന്ന വിധത്തിലായിരുന്നു.

വളരെ പ്രസിദ്ധമായ ഒരു ഹദീസിന്റെ ആശയമാണിത്. നബി(സ) ആവശ്യത്തിനു മാത്രമേ സംസാരിച്ചിരുന്നുള്ളൂ. വളരെ സാവധാനം കേൾക്കാവുന്ന ശബ്ദത്തിൽ പദങ്ങൾ എണ്ണിയെടുക്കാവുന്ന വിധമുള്ള സാവകാശത്തിൽ. വെള്ളച്ചാട്ടത്തിന്റെ വേഗതയിൽ സംസാരിക്കുന്നവരും സ്വരമുയർത്തി മേനി നടിക്കുന്നവരും ഇത് മനസ്സിലാക്കണം. പ്രസിദ്ധ സഹാബിവര്യനായ ജാബിർ(റ) പറയുന്നു: നബി(സ)യുടെ സംസാരം സാവകാശം നിറുത്തി നിറുത്തിക്കൊണ്ടായിരുന്നു.

തഖ്‌വയാണ് നമുക്കു വേണ്ടത്. തഖ്‌വയുള്ളവർ സംസാരവും പ്രവർത്തനവും അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിയാണ് നടത്തുക. ഒരു വാക്കുച്ചരിക്കുമ്പോൾ ഇത് അല്ലാഹു ഇഷ്ടപ്പെടുമോ അതോ വെറുക്കുമോ എന്നവർ ചിന്തിക്കും. സംസാരത്തിൽ എപ്പോഴും സൂക്ഷ്മത വേണം. തെറ്റുവന്നുപോകുമോ എന്ന ഭയവും വേണം. തഖ്‌വയുള്ളവരുടെ പ്രവർത്തനങ്ങൾ അല്ലാഹു നന്നാക്കിക്കൊടുക്കും. അവരുടെ ആരോഗ്യവും ഐശ്വര്യവും ദാരിദ്ര്യവും നന്മയായിത്തീരും. അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും. സംസാരം കൂടുമ്പോൾ പാപങ്ങളുടെ എണ്ണം വർദ്ധിക്കുമെന്നും നാം ഓർക്കേണം.

ഖൗലെ സദീദ് നേരായ വാക്ക്, സത്യമായ വാക്കിനേക്കാൾ ശ്രേഷ്ഠമായതാണ്. സത്യമായ വാക്കുകൾ ചിലപ്പോൾ തെറ്റിദ്ധാരണകൾക്ക് വക നൽകാറുണ്ട്. എന്നാൽ നേരായവാക്ക് പറയുന്നവർ സത്യാധിഷ്ഠിതവും ഒരുവിധത്തിലുള്ള തെറ്റിദ്ധാരണകൾക്ക് ഇടം കൊടുക്കാത്തതുമായ വാക്ക് പറയാൻ ശ്രമിക്കുന്നു. മാതാപിതാക്കൾ മക്കളുടെ പിടിവാശിയിൽനിന്നും രക്ഷനേടാൻ പലപ്പോഴും വ്യാജമായ വാഗ്ദാനങ്ങൾ നൽകാറുണ്ട്. ഇതും ഖൗലെ സദീദിന്നെതിരാണ്. അത്തരം മാതാപിതാക്കളെക്കുറിച്ച് മക്കളുടെ ഹൃദയങ്ങളിൽ ബഹുമാനവും ആദരവും അങ്കുരിക്കുന്നില്ല. ഹസ്റത്ത് അബ്ദുല്ലാഹ്ബ്നു ആമിർ(റ) നിവേദനം ചെയ്യുന്നു. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ റസൂലുല്ലാഹ്(സ) ഞങ്ങളുടെ വീട്ടിൽ വരികയുണ്ടായി. ഞാൻ കളിക്കാൻ പുറത്തുപോകുമ്പോൾ മാതാവ് പറഞ്ഞു. അബ്ദുല്ലാഹ് വേഗത്തിൽ തിരിച്ചെത്തണം. ഞാൻ നിനക്കെന്തെങ്കിലും തരുന്നതാണ്. എന്തെങ്കിലും ലഭിക്കുമെന്ന ആശയിൽ ഞാൻ വേഗത്തിൽ തിരിച്ചെത്തണമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ഇതുകേട്ടപ്പോൾ നബി(സ) എന്താണവന് കൊടുക്കാനുദ്ദേശിക്കുന്നതെന്ന് ചോദിച്ചു. കുറച്ച് കാരക്കയാണ് കൊടുക്കാനുള്ളതെന്ന് പറഞ്ഞപ്പോൾ നബി(സ) മാതാവി

നോട് നീ ഒന്നും കൊടുക്കാനുദ്ദേശിച്ചിട്ടില്ലെങ്കിൽ അത് നിന്റെ കള്ളമായി പരിഗണിക്കപ്പെടും എന്നു പറഞ്ഞു.

മസീഹ് മൗഊദ്(അ)ന്റെ വാക്കുകളും സാഹിത്യ രചനകളും സത്യത്തിലധിഷ്ഠിതമായതായിരുന്നു. സത്യത്തിൽനിന്നും പ്രകാശിതമാകാത്ത ഒരു വാക്കും അദ്ദേഹം പ്രയോഗിച്ചിരുന്നില്ല. ഈ സത്യമാണ് അദ്ദേഹത്തിന്റെ ലിഖിതങ്ങൾക്ക് ഇപ്പോഴും ജീവൻ നൽകിക്കൊണ്ടിരിക്കുന്നത്. ഈ ലിഖിതങ്ങളിലൂടെ നമ്മുടെ പ്രിയങ്കരനായ ഖലീഫ തിരുമനസ്സ് നമ്മോട് പല കാര്യങ്ങളും ഉപദേശിച്ചുകൊണ്ടിരിക്കുന്നു. അത് നാം പ്രാവർത്തികമാക്കുകയാണെങ്കിൽ നമ്മിലെ പല ദുർഗുണങ്ങളിൽനിന്നും നമുക്കും മോചനം നേടാൻ കഴിയും. മസീഹ് മൗഊദ്(അ) പറയുന്നു നിന്റെ ഹൃദയം തിന്മയിൽനിന്ന് ഒഴിഞ്ഞതാണെങ്കിൽ നിന്റെ നാവും തിന്മയിൽനിന്ന് ഒഴിഞ്ഞതായിരിക്കും. വളരെ സത്യനിഷ്ഠമായ ഒരു കണക്കെടുപ്പാണിവിടെ മസീഹ് മൗഊദ്(അ) ചെയ്തിരിക്കുന്നത്. തന്റെ നാവിനെ എപ്പോഴും വീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക. സ്വയം ആത്മപരിശോധന നടത്തുന്നവരുടെ നാവിൽനിന്നും പരിശുദ്ധവചനങ്ങൾ മാത്രമേ പുറത്തുവരുന്നുള്ളൂ. ഏതൊരാളോടാണോ അല്ലാഹു സൗമ്യമായി പെരുമാറുന്നത് അയാളുടെ നാവിനെ അല്ലാഹു വീക്ഷിക്കുന്നതായിരിക്കും. അയാളുടെ നാവ് അയാൾക്ക് സാക്ഷിയായിരിക്കും. അതുകൊണ്ടാണ് റസൂൽതിരുമേനി(സ) മനുഷ്യന്റെ നഫ്സിനുള്ള സാക്ഷിയായി നാവ് തൊട്ടു കാണിച്ചിരുന്നത്. നാവ് വ്യാജം പറയുന്നുവെങ്കിൽ ഹൃദയത്തിനകത്തും വ്യാജമുണ്ടെന്ന് അല്ലാഹുവിന്നറിയാം. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തെ എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുക. മുറുക്കാൻ തിന്നുന്നയാൾ വായിൽവെച്ച് അതിനെ ചവച്ച് മോശമായ കഷണത്തെ പുറത്തേക്ക് കളയുന്നു. വെറ്റില തിന്നുന്നവർ അതിന്റെ ചീഞ്ഞ ഭാഗം വെട്ടിക്കളയുന്നു. ഇല്ലെങ്കിൽ മുഴുവെറ്റിലയും ചീഞ്ഞുപോകുന്നതാണ്. മസീഹ് മൗഊദ്(അ) പറഞ്ഞ ഈ ഉദാഹരണത്തിന്റെ സാരാംശം നാം മനസ്സിലാക്കുക. നമ്മുടെ ഹൃദയത്തിനകത്തുള്ള ചീത്ത നിയ്യത്തുകൾ വെട്ടിമാറ്റുക. അപ്പോൾ നമ്മുടെ ഹൃദയങ്ങളിൽ വിനയവും പവിത്രതയും ആത്മാർത്ഥതയും സംജാതമാകും. വിനയം മുഖേന ദൈവദർശനത്തിനുള്ള വെളിച്ചം നമുക്ക് ലഭിക്കുന്നു. അഹംഭാവവും അഹന്തയും അന്ധകാരമാണ് സൃഷ്ടിക്കുന്നത്. അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കുള്ള പ്രയാണമാകട്ടെ നമ്മുടെ ജീവിതലക്ഷ്യം.

●

## കേരള ലജ്നാ ഇമായില്ലാഹ് 2005–06 വർഷത്തെ ദീനീപരീക്ഷാ സിലബസ് അനുസരിച്ചുള്ള ചോദ്യങ്ങൾ

1. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ന്റെ ദൃഷ്ടിയിൽ നവാബ് മുബാറക്കാ സാഹിബയുടെ സ്ഥാനം?
2. തന്റെ ജമാഅത്തിനെ അറിയിക്കുന്നതിനുവേണ്ടി അല്ലാഹു മസീഹ് മൗഊദ്(അ)നെ സംബോധന ചെയ്തുകൊണ്ട് അറിയിച്ച കാര്യങ്ങൾ എന്തൊക്കെ?
3. 'ബഹിശ്തി മഖ്ബറ' എന്നാൽ എന്ത്? ഈ സ്വർഗ്ഗീയ ശ്മശാനത്തിൽ പ്രവേശിക്കാനുള്ള നിബന്ധനകൾ എന്തൊക്കെ?
4. മസീഹ് മൗഊദ്(അ) ശത്രുക്കളുടെ അസഭ്യശരങ്ങളെ സഹിച്ചുകൊണ്ട് ജമാഅത്തിനെ എത്തരത്തിലാണ് ഉപദേശിച്ചത്?
5. ശത്രുക്കൾക്കെതിരിൽ ശാന്തതയും സൗമ്യതയും കൈക്കൊള്ളാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെ ഉപദേശിച്ചു. ഇത്തരം സന്ദർഭത്തിൽ ഉദാത്ത മാതൃകയാണ് അദ്ദേഹം കാഴ്ചവെച്ചത്. ഒരു സംഭവം വിവരിക്കുക.
6. ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങൾ ചുരുക്കി വിവരിക്കുക.
7. മസീഹ് മൗഊദ്(അ) മുസ്ലിംകൾക്കിടയിലുണ്ടായിരുന്ന വിശ്വാസപ്രമാണപരമായ കാര്യങ്ങളിൽ തീർപ്പ് കല്പിക്കുകയുണ്ടായി. ഇവയിൽ ഈസാനബിയുടെ മരണം; ഖത്തമുനുബുവ്വത്തിന്റെ യാഥാർത്ഥ്യം ഇവ ചുരുക്കിയെഴുതുക.

ആയിശബി.എം

# ഭക്തി നമസ്കാരത്തിന്റെ ആത്മാവ്

ഒരു സത്യവിശ്വാസിയുടെ ആരാധനയിൽ പ്രഥമവും അതിപ്രധാനവുമായ കർമ്മമാണ് നമസ്കാരം. കർമ്മരംഗത്ത് ഇതിന്റെനേരെ എത്രമാത്രം ഊർജ്ജസ്വലത പുലർത്തപ്പെടുന്നുവെന്നതാണിവിടെ ചർച്ച ചെയ്യുന്നത്. കർമ്മശാസ്ത്രഗ്രന്ഥങ്ങളിലൂടെ പണ്ഡിതന്മാർ നമസ്കാരത്തിന്റെ ഓരോ ചലനവും മുടിനാരിഴ കീറി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ചിലർ ശ്രദ്ധേയരായതുതന്നെ ഇത്തരം ഗ്രന്ഥങ്ങളിലൂടെയാണെന്ന് പറയാം. എന്നാൽ ഇവരിൽ പലരും അവഗണിച്ച ഒരു വശമുണ്ട് നമസ്കാരത്തിന്. ആ വശമാകട്ടെ നമസ്കാരക്കാരിൽ തൊണ്ണൂറ്റിയഞ്ച് ശതമാനമാളുകളും ഉപേക്ഷിച്ചതുമാണ്. അതാണ് ഭക്തി. അതുതന്നെയാണ് നമസ്കാരത്തിന്റെ ആത്മാവും. നമ്മിൽ പലരുടേയും നമസ്കാരം ആത്മാവ് നഷ്ടപ്പെട്ട പൊള്ളയായ ഒരു ചടങ്ങുമാത്രമായി അധഃപതിച്ചിരിക്കുന്നു.

ഒരിക്കൽ ഒരാൾ നബി(സ)യുടെ അടുത്തുവന്ന് ചോദിച്ചു. പ്രവാചകരേ! എന്നെ സ്വർഗ്ഗത്തിലേക്കടുപ്പിക്കുകയും നരകത്തിൽ നിന്നകറ്റുകയും ചെയ്യുന്ന ഒരു കർമ്മം പറഞ്ഞുതരിക. അപ്പോൾ തിരുമേനി(സ) പറഞ്ഞു. നീ അല്ലാഹുവിനെമാത്രം ആരാധിക്കുക. അവനിലാരേയും പങ്കുചേർക്കരുത്. നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും രക്തബന്ധം ചേർക്കുകയും ചെയ്യുക. അനന്തരം അയാൾ തിരിച്ചുപോയി. അപ്പോൾ നബി(സ) അനുചരന്മാരോട് പറഞ്ഞു. അവനോട് കല്പിക്കപ്പെട്ടത് അവൻ മുറുകെപിടിക്കുന്നുവെങ്കിൽ നിശ്ചയം അവൻ സ്വർഗ്ഗാവകാശിയാകും. ഈ ഹദീസിൽനിന്ന് നമസ്കരിക്കുന്നുവന് സ്വർഗ്ഗമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷെ തലകുത്തിമറിഞ്ഞ് നമസ്കരിച്ചുവെന്ന് വരുത്തിയവനാണോ ഇത് നൽകപ്പെടുക. ഒരിക്കലുമല്ല. കാരണം അല്ലാഹു പറയുന്നു.

'നമസ്കരിക്കുന്നവർക്ക് നാശം! അവർ അവരുടെ നമസ്കാരത്തിൽ അലസരാകുന്നു. അവർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടിമാത്രം നമസ്കരിക്കുന്നു. (*105:5-7*) ഭക്തി അശേഷം തീണ്ടിയിട്ടില്ലാത്തവരായിരിക്കും മുനാഫിഖുകൾ എന്നും, അവരാകട്ടെ നരകത്തിന്റെ താഴെ തട്ടിലായിരിക്കുമെന്നും ഖുർആൻ പറയുന്നു. 'സഖർ' എന്ന ഭയാനകമായ നരകത്തിൽ പതിക്കുന്നവരിൽ പ്രമുഖർ നമസ്കാരം ഉപേക്ഷിച്ചവരാണെന്ന് ഖുർആൻ ഒരിടത്ത് വ്യക്തമാക്കുന്നുണ്ട്.

ഇതിൽനിന്നെല്ലാം, നമസ്കാരം വെറും ഒരു കർത്തവ്യനിർവ്വഹണം മാത്രമല്ല, അതൊരു വിലമതിക്കാനാവാത്ത, മഹത്തായ കർമ്മമാണെന്ന് ബോദ്ധ്യമാകുന്നു. നമസ്കാരം ഉപേക്ഷിച്ചതിന്റെ ഫലമായി നരകത്തിൽ പേകേണ്ടിവരുന്നതുപോലെ ഭക്തിയില്ലാത്ത നമസ്കാരവും നരകപ്രവേശനത്തിനിടയാക്കുന്നുവെന്ന് വ്യക്തമാകുന്നു.

പ്രവാചകന്മാർ എല്ലാവരും ഈ മഹത്തായ കർമ്മത്താലാണ് ലോകത്ത് വിജയം നേടിയിട്ടുള്ളതെന്ന് ഖുർആൻ സാക്ഷ്യം വഹിക്കുന്നുണ്ട്. കൊലക്കയറിന് മുന്നിൽ നിൽക്കുമ്പോഴും, കൊടുംപിരികൊള്ളുന്ന യുദ്ധം നയിക്കുമ്പോഴും, കാരാഗൃഹത്തിന്റെ നാലുഭിത്തിക്കുള്ളിൽ കിടന്ന് ഞെരിപിരികൊള്ളുമ്പോഴും, ശത്രുമർദ്ദനം സ്വദേഹത്ത് ആഞ്ഞുപതിക്കുമ്പോഴുമെല്ലാം അവർ കൈവിടാതെ സൂക്ഷിച്ച ഒരമൂല്യ സമ്പത്തായിരുന്നു നമസ്കാരം. തീജ്വാലയാൽ പറവകൾ പോലും കരിഞ്ഞുവീണുപോയ നംറൂദിന്റെ അഗ്നികുണ്ഠത്തിൽനിന്ന് ഇബ്രാഹിം നബി(അ) രക്ഷപ്പെട്ടതും, രക്ഷയില്ലാത്ത അവസരത്തിൽ മൂസാനബി(അ)ക്ക് സമുദ്രം വഴി മാറികൊടുത്തതുമെല്ലാം അല്ലാഹുവുമായുള്ള അവരുടെ നിത്യസമ്പർക്കമായ നമസ്കാരം മുഖേനയായിരുന്നു.

ഖുർആൻ നിർദ്ദേശിക്കുന്നു. എല്ലാ നമസ്കാരങ്ങളും വളരെ സൂക്ഷിച്ച് നിർവ്വഹിക്കുക. പ്രത്യേകിച്ച് 'വുസ്താ' (അസർ) നമസ്കാരം. അല്ലാഹുവിന് മുമ്പിൽ ഭക്തിപുരസ്സരം നിങ്ങൾ നിൽക്കുക. നിങ്ങൾ ഭയപ്പെട്ടാൽ (യുദ്ധംപോലെയുള്ള ഘട്ടങ്ങളിൽ) നടന്നോ വാഹനത്തിൽവെച്ചോ അത് നിർവ്വഹിക്കുക. സുരക്ഷിതരായാൽ നിങ്ങൾ അറിയാതിരുന്നത് അല്ലാഹു പഠിപ്പിച്ചതുപോലെ നിങ്ങളവരെ സ്മരിക്കുക. (*2:239,234*) ഒരവസരത്തിലും ഉപേക്ഷിക്കാൻ ഇസ്ലാം അനുവദിക്കാത്ത നിർബന്ധകർമ്മമാണിത്. ശുദ്ധിയുള്ള ശരീരത്തോടെ ശുദ്ധിയുള്ള വസ്ത്രം ധരിച്ച് വെടിപ്പുള്ള സ്ഥലത്തു നിന്ന് തന്നെ സൃഷ്ടിച്ച നാഥന് മുമ്പിൽ സവിനയം ദിവസം അഞ്ചുപ്രാവശ്യം നമസ്കരിക്കൽ ഓരോ സത്യവിശ്വാസിക്കും അല്ലാഹു കടമയായി നിശ്ചയിച്ചിരിക്കുന്നു.

വിശുദ്ധഖുർആൻ പറയുന്നു: "നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് നിർബന്ധമായും സമയബന്ധിതവുമാക്കിയിരിക്കുന്നു. (*4:104*)

നാഥനുമായി ഒരു ദാസൻ ഏറ്റവുമധികം അടുക്കുന്നത് നമസ്കാരത്തിലെ സുജൂദിൽ വെച്ചാണെന്ന് പ്രവാചകൻ അരുളുന്നു. ദിവസത്തിൽ പല പ്രാവശ്യം അല്ലാഹുവുമായി ബന്ധം പുലർത്തുന്ന ഒരു വ്യക്തിയിൽനിന്ന് ദൈവേച്ഛക്ക് നിരക്കാത്ത യാതൊന്നും സംഭവിക്കാവതല്ല. ആകാശഭൂമിയെ സൃഷ്ടിച്ചവന് മുമ്പിൽ എന്റെ ആരാധനകളും, കർമ്മങ്ങളും ജീവി

തവും മരണവുമെല്ലാം സമർപ്പിച്ചിരിക്കുന്നുവെന്ന പ്രതിജ്ഞ സദാപുതുക്കുന്നവൻ എങ്ങനെ പലിശക്കാരനും മദ്യപാനിയും വ്യഭിചാരിയുമാകും?

പള്ളിയിൽനിന്നിറങ്ങിയശേഷം ഇങ്ങനെ ചെയ്യുന്നുവെങ്കിൽ പഴന്തുണി ചുരുട്ടിയെറിയുന്നപോലെ അവന്റെ നമസ്കാരത്തെ അല്ലാഹു അവന്റെ മുഖത്തേക്ക് കശക്കിയെറിയുമെന്ന് നബി(സ) പറയുന്നു. നിശ്ചയം നമസ്കാരം നീചകർമ്മങ്ങളേയും നിഷിദ്ധങ്ങളെയും തടുക്കുന്നു. ദൈവസ്മരണയാണ് ഏറ്റവും വലുത്. ദൈവസ്മരണയും ഭക്തിയും അല്ലാഹുവിന് സമർപ്പിക്കലാണ് നമസ്കാരം കൊണ്ടുള്ള ഉദ്ദേശ്യം. (*29:46*)

ഗ്രഹണങ്ങൾ ബാധിച്ച് ജനം അന്ധാളിക്കുമ്പോഴും വരൾച്ച ബാധിച്ച് ജീവികൾ ചത്തൊടുങ്ങുമ്പോഴും ജീവിതം വഴിമുട്ടി നിൽക്കുമ്പോഴും സന്തോഷം കൈവരിക്കുമ്പോഴും അല്ലാഹുവിനെ മഹത്വപ്പെടുത്തി പ്രവാചകൻ നമസ്കാരത്തിൽ പ്രവേശിക്കുമായിരുന്നു. അത്തരം ഘട്ടങ്ങളിലൊക്കെയും ദൈവകാരുണ്യത്തിനായി കാരുണ്യവാന്റെ മുമ്പിൽ വീണുകിടക്കുക എന്നത് മതം നിർദ്ദേശിച്ച വിധികളിൽപെട്ടതുമാണ്. നിദ്രാവിഹീനമായി അല്ലാഹുവിന്റെ മുമ്പിൽ ദീർഘനേരം സുജൂദ് ചെയ്യുന്നവർക്ക് മണിമാളികകൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതായി ഖുർആൻ പ്രഖ്യാപിക്കുന്നു. "കാരുണ്യവാന്റെ യഥാർത്ഥ ദാസന്മാർ എന്ന് ഖുർആൻ അവരെ വിശേഷിപ്പിക്കുന്നു.

ബദർ രണാങ്കണം സർവ്വായുധരും, മല്ലന്മാരും, ശക്തന്മാരുമായ ആയിരത്തോളം വരുന്ന സൈന്യം ഒരുവശത്ത്. മറുപക്ഷത്താകട്ടെ ഒരു ചെറിയസംഘം. നിരായുധർ, അഹങ്കാരമില്ലാത്ത വിനയാന്വിതർ, നിഷ്കളങ്കരായ ദരിദ്രർ, രണ്ട് വിഭാഗവും യുദ്ധത്തിന്നുള്ള കോപ്പുകൾ സമാഹരിക്കുന്നു. അല്പം അകലെ നബി (സ) അല്ലാഹുവിന് സുജൂദ് ചെയ്യുന്നു. രണ്ട് സഹാബികൾ അടുത്തുചെന്ന് കാത് കൂർപ്പിച്ചുനിന്നു. ആ മഹാനായ റസൂൽ(സ) തന്റെ റബ്ബിനോട് പറയുന്നു:

"എന്റെ നാഥാ! ദുർബ്ബലരായ ഈ ചെറുസംഘത്തെയെങ്ങാനും നീ നശിപ്പിക്കുകയാണെങ്കിൽ നിന്നെ ആരാധിക്കാൻ ഭൂമിയിൽ ആളില്ലാതായിപ്പോകും. നമസ്കാരം കഴിഞ്ഞ് തലയുയർത്തി നോക്കുമ്പോൾ അല്ലാഹുവിന്റെ സഹായവാഗ്ദാനവുമായി ജിബ്രീൽ (അ) ആഗതനായി. ആയിരക്കണക്കിന് മലക്കുകളെ കൂട്ടമായി ഇറക്കിയാൽ നിങ്ങൾക്ക് മതിവരുമോ എന്നു ചോദിക്കുന്നു. ഖുർആൻ വചനവുമായി ആയിരക്കണക്കിൽവരുന്ന മലക്കുകൾ മുസ്ലിംകളുടെ പാദങ്ങളുറപ്പിക്കാനായി ഇറങ്ങിവന്നു. നിമിഷങ്ങൾ മാത്രം. ശത്രുസൈന്യം ചിന്നിച്ചിതറി. നോക്കൂ! അല്ലാഹുവിന്റെ സഹായം! എത്ര പെട്ടെന്ന്!

അല്ലാഹു പറയുന്നു: അതിനാൽ നിങ്ങളവനെ പ്രത്യാശയോടും ഭക്തിയോടും വിളിച്ച് പ്രാർത്ഥിക്കുക. അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മികൾക്ക് സമീപസ്ഥമാകുന്നു. സുജൂദ് ചെയ്യൂ. സാമീപ്യം നേടൂ! (*7:57*)

ഇഹപരജീവിതം മുഴുവൻ വിജയപ്രദമാക്കാനുള്ള ഏകാവലംബം ഭക്തിയുള്ള നമസ്കാരംതന്നെ. അല്ലാഹു പ്രഖ്യാപിക്കുന്നത് കാണുക. "നിശ്ചയം നിങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്നും അവങ്കലേക്കാണവർ മടങ്ങിച്ചെല്ലുകയെന്നതും മനസ്സിലാക്കിയ ഭക്തന്മാരല്ലാത്തവർക്ക് അത് (നമസ്കാരം) വലിയൊരു ഭാരംതന്നെ." (*1:46,47*)

കൃത്രിമഭക്തി കാപട്യമാണ്. ഭക്തി ഉണ്ടാക്കലല്ല അത് ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്ന് ബഹിർഗ്ഗമിക്കുകയാണ് വേണ്ടത്. ഹൃദയം അറിഞ്ഞുകൊണ്ടുള്ള പ്രാർത്ഥനകൾ നമസ്കരിക്കുന്നവനിൽനിന്നുണ്ടാകണം. അല്ലാഹുവുമായി മനുഷ്യൻ ഏറ്റവും അടുക്കുന്ന സുജൂദിൽ നിങ്ങൾക്കിഷ്ടമുള്ള പ്രാർത്ഥന നടത്തുവാൻ നബി (സ) ഉപദേശിച്ചിരിക്കുന്നു. നമ്മുടെ ഹൃദയത്തിന്റെ ഭാഷയിൽ അവനോട് പ്രാർത്ഥിക്കാം. തങ്ങളുടെ അപേക്ഷകളും ആവശ്യങ്ങളും നന്ദിപ്രകാശനങ്ങളുമെല്ലാം ഹൃദയംഗമമായി നമ്മുടെ ഭാഷയിലൂടെ അവതരിക്കുമ്പോഴേ ഭക്തി തുളുമ്പുന്ന പ്രാർത്ഥന ഉണ്ടാകൂ.

നിത്യജീവിതത്തിലെ നൂറുനൂറു പ്രശ്നങ്ങളുടെ പരിഹാരത്തിനും അല്ലാഹുവിന്റെ സഹായത്തിനും സുജൂദിൽ കിടന്നുകൊണ്ട് കണ്ണീരൊലിപ്പിച്ച് റഹ്മാനോട് ചോദിക്കുവാൻ അല്ലാഹു ദിവസം അഞ്ചുപ്രാവശ്യം നമുക്കവസരം തന്നിരിക്കുന്നു. പക്ഷേ, ചടങ്ങ് മാത്രമായ നമസ്കാരം നമ്മുടെ ജീവിതത്തിൽ യാതൊരു ചലനവും സൃഷ്ടിക്കുന്നില്ല. നിർബന്ധമായ ഫർള് നമസ്കാരങ്ങൾക്ക് പുറമെ സുന്നത്ത് നമസ്കാരങ്ങൾകൂടി നിർവഹിക്കുവാൻ ഇസ്ലാം നിഷ്കർഷിച്ചിരിക്കുന്നതിലുള്ള തത്വം നാം അല്ലാഹുവുമായി കൂടുതൽ ബന്ധപ്പെടുവാനും നമ്മുടെ ജീവിതം പൂർണ്ണമായി ദൈവാധിഷ്ഠിതമായിത്തീരുവാനും കൂടിയാണ്. നിഷ്കളങ്കഹൃദയത്തോടെ അല്ലാഹുവിന്റെ മുമ്പിൽ വീണുകിടന്നും, കുനിഞ്ഞുനിന്നും, അടക്കത്തോടും വിനയാന്വിതനുമായി ഇരുന്നുകൊണ്ടും സദാ നടത്തുന്ന പ്രാർത്ഥനകൾക്കേ ഉദ്ദേശിച്ച ഫലമുണ്ടാകൂ. അല്ലാതെ – ആന്തരാത്മാവ് നഷ്ടപ്പെട്ട ബാഹ്യരൂപംമാത്രം സ്വീകരിച്ചുകൊണ്ടുള്ള ആരാധന ഒരു നേട്ടവും ജീവിതത്തിലുണ്ടാക്കിത്തീർക്കുകയില്ല.

നമസ്കാരത്തിലെ തസ്ബീഹുകളുടേയും മറ്റു പ്രാർത്ഥനകളുടേയും ആശയവും അർത്ഥവും വ്യക്തമായി മനസ്സിലാക്കിയിരിക്കണം. തക്ബീർ കൊണ്ടാരംഭിച്ച് സലാം കൊണ്ടവസാനിക്കുന്നതുവരെയുള്ള കർമ്മങ്ങളുടെ ആന്തരികസത്തയും ഉരുവിടുന്ന പദങ്ങളുടെ സാരാർത്ഥവും ഗ്രഹിച്ചിട്ടില്ലെങ്കിൽ ഈ കർമ്മം കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകുകയില്ല. വലുതും ചെറുതുമായ വിവിധ ഭാഷകളിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ധാരാളം കൃതികൾ ഇന്ന് സുലഭമാണ്. അവ വാങ്ങി സ്വയം വായിച്ചോ മറ്റുള്ളവരുടെ സഹായത്താലോ ഗ്രഹിച്ച് ജീവിതത്തിൽ പ്രായോഗികമാക്കൽ അത്യാവശ്യമാണ്. എങ്കിൽ നമുക്ക് നമസ്കാരത്തിലൂടെ ഇഹപര വിജയം കരസ്ഥമാക്കാൻ കഴിയുന്നതിന് പുറമെ ശാന്തമായ ഹൃദയത്തോടെ ദൈവസാ

മീപ്യം നേടിയ യഥാർത്ഥ അടിമകളോടൊപ്പം വർത്തിക്കാൻ കഴിയുകയും ചെയ്യും.

നമസ്കാരത്തിലെ ഏകാഗ്രത നഷ്ടപ്പെടുത്തുന്ന ചുറ്റുപാടുകളാണിന്നുള്ളത്. വർണ്ണശബളിമയാർന്ന മനോഹര ദൃശ്യങ്ങൾകൊണ്ടലംകൃതമായ ദേവാലയങ്ങൾ നമ്മുടെ ഭക്തിയെ ഒരളവോളം ദൈവത്തിൽനിന്നകറ്റുന്നുവെന്നത് ഒരു പരമാർത്ഥമാണ്. ഒരിക്കൽ ഭംഗിയുള്ള ഒരു പുടവ നബി(സ)യുടെ പത്നി ആയിശ(റ)ന് ഒരാൾ സമ്മാനിച്ചു. അവർ അതുകൊണ്ടൊരു വിരിയുണ്ടാക്കി വാതിലിൽ തൂക്കി. നബി(സ) നമസ്കരിക്കുവാൻ നിന്നപ്പോൾ ആയിശയോടിപ്രകാരം പറഞ്ഞു. ആയിശാ! ഈ വിരി മാറ്റുക. അത് എന്റെ ഭക്തിക്ക് ഭംഗം വരുത്തും. റൂമുകളിലും പള്ളികളിലും വെച്ച് നമസ്കരിക്കുന്നവരുടെ മുഴുശ്രദ്ധയും അതിലേക്കാകർഷിക്കപ്പെടുന്നു. കൂടുതൽ അലംകൃതമാക്കാനാണ് നാം നമ്മുടെ ധനവും അധ്വാനവും ഇന്ന് ചിലവഴിക്കുന്നത്. പകരം ലഭിക്കുന്നതോ, നശ്വരമായ പേരും പെരുമയും മാത്രം. അതിനാൽ ഇത്തരം അലങ്കാരങ്ങളും ആർഭാടങ്ങളും ഒഴിവാക്കുന്നത് നമസ്കാരത്തിന്റെ ഏകാഗ്രതയ്ക്ക് സഹായകമാണ്.

റസൂൽ(സ) നമസ്കാരത്തിൽ പ്രവേശിച്ചാൽ ഒരു ഞരക്കം തന്റെ നെഞ്ചിന്റെ ഭാഗത്തുനിന്നും കേൾക്കാമെന്നും ചട്ടിയിലെ ജലം തിളയ്ക്കുന്നതുപോലെയുള്ള ശബ്ദം തെളിഞ്ഞുകേൾക്കാമെന്നും സഹാബികൾ വിവരിക്കുന്ന ഹദീസുകൾ കാണാം. ഹൃദയത്തിന്റെ ദീനരോദനവും നെഞ്ചുരുകിയുള്ള പ്രാർത്ഥനയും ആ ഹൃദയത്തിൽ അലതല്ലുന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണവ. അവിടുത്തെ സഹാബികളുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. ഒരു യുദ്ധാനന്തര സംഭവം ചരിത്രത്തിൽ ഇപ്രകാരം കാണാം: 'ഒരു യുദ്ധത്തിൽ ശരീരത്തിൽ അമ്പുതറച്ച ഒരു സഹാബി വേദനകൊണ്ട് പുളയുകയായിരുന്നു. സഹപ്രവർത്തകർ അത് പിടിച്ചെടുക്കുവാൻ ആവുന്നത്ര പാടുപെട്ടു. പക്ഷെ കഴിഞ്ഞില്ല. അപ്പോൾ ആ സഹാബി പറഞ്ഞു. ഞാൻ നമസ്കാരത്തിൽ പ്രവേശിച്ചാൽ പറിച്ചെടുക്കുവാൻ ശ്രമിക്കുക. ആ സഹാബി നമസ്കാരത്തിൽ പ്രവേശിച്ച് സുജൂദിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ പുറത്ത് കാൽവെച്ച് മറ്റൊരാൾ അമ്പ് പറിച്ചെടുത്തു. ആ മനുഷ്യൻ അറിഞ്ഞതേയില്ല. ഇതൊരു യഥാർത്ഥ സംഭവംതന്നെ. റഹ്മാനുമായുള്ള അഭിമുഖസംഭാഷണത്തിൽ മുഖം കുത്തിക്കിടക്കുന്നവൻ. ഭൗതികലോകവുമായുള്ള സർവ്വബന്ധങ്ങളിൽനിന്നും മോചിതനായിരിക്കും. ഇത്തരം ആരാധനയ്ക്ക് മാത്രമാണ് ലോകത്ത് ചലനം സൃഷ്ടിക്കാൻ കഴിയുക. ആ ചലനമാണ് ചരിത്രത്തിൽ തുല്യതയില്ലാത്തവിധം നബി(സ) യും അനുയായികളും ലോകത്ത് കാഴ്ചവെച്ചതും.

നമസ്കരിക്കുവാനായി ഒരു മുറി വീട്ടിലും ഉണ്ടായിരിക്കണമെന്ന് നബി(സ) നിർദ്ദേശിച്ചിരിക്കുന്നു. ഭക്തിപുരസ്സരം സൗകര്യത്തോടെ ആരാധന നിർവ്വഹിക്കാനുള്ള അവസരം അതുമുഖേന ഉണ്ടായിത്തീരണമെന്ന ലക്ഷ്യമാണ് അതിലുള്ളത്. സുന്നത്ത് നമസ്കാരങ്ങൾ വീട്ടിൽവെച്ചായിരിക്കൽ പ്രത്യേകം ശ്രേഷ്ഠമാക്കപ്പെട്ടിരിക്കുന്നതും ഈ ലക്ഷ്യത്തിന് വേണ്ടിയാണ്. നമസ്കരിക്കുന്നവരുടെ അടുത്തുവെച്ച് ഉറക്കെ സംസാരിക്കുന്നതും അപശബ്ദങ്ങളുണ്ടാക്കുന്നതും നബി(സ) വിരോധിച്ചിരിക്കുന്നു. ഉറക്കെയുള്ള ഖുർആൻ പാരായണംപോലും നമസ്കരിക്കുന്നവന്റെ അടുത്തുവെച്ച് നിർവ്വഹിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. തികച്ചും നിശബ്ദവും ശാന്തവുമായ അന്തരീക്ഷമാണ് നമസ്കാരത്തിന്നാവശ്യം.

നമസ്കാരത്തിന് പോകുമ്പോൾ വളരെ അടക്കവും ഒതുക്കവും കാണിക്കേണ്ടതുണ്ട്. ഓടിക്കിതച്ച് ധൃതിയിൽ നമസ്കാരത്തിൽ പ്രവേശിക്കുന്നത് ഉത്തമമല്ല. ജമാഅത്ത് നഷ്ടപ്പെടുമെന്ന് ഭയമുള്ളപ്പോൾ കൂടി അമിതമായ വ്യഗ്രത ഭൂഷണമല്ല. നബി(സ) പറയുന്നു: 'നമസ്കാരത്തെ ഭക്തിയോടും അടക്കത്തോടുംകൂടി സമീപിക്കുക. ഇമാമുമായി ഏത് ചലനത്തിലും ചേർന്നു കൊള്ളുക. റുകൂഇൽ ഇമാമുമായി നിനക്ക് ചേരുവാൻ കഴിഞ്ഞാൽ അത് റക്കാഅത്തായി കണക്കാക്കുക. അതല്ലെങ്കിൽ റക്കാഅത്തുകളുടെ എണ്ണം തികയ്ക്കുക (*മുസ്‌ലിം*). കോപാകുലനും പരിഭ്രാന്തനുമായ അവസ്ഥയിൽ നമസ്കാരത്തിൽ പ്രവേശിക്കരുത്. തികച്ചും സന്തുഷ്ടനായും, പ്രത്യാശാനിർഭരനുമായിട്ടായിരിക്കണം നമസ്കാരത്തിൽ പ്രവേശിക്കേണ്ടത്. നമസ്കരിക്കുന്നവരുടെ ഭക്തിക്ക് ഭംഗം വരാതിരിക്കാനായി നമസ്കാരക്കാരുടെ മുൻപിലൂടെ നടക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ഈ നിയമം ലംഘിക്കുന്നവരെ ബലം പ്രയോഗിച്ചു തട്ടിമാറ്റാൻ നബി(സ) നിർദ്ദേശിച്ചിരിക്കുന്നു. നാൽപത്‌വർഷം കാത്തുനില്ക്കേണ്ടി വരികയാണെങ്കിൽ അതാണ് നമസ്കരിക്കുന്നവരുടെ മുമ്പിലൂടെ നടക്കുന്നതിനെക്കാൾ ഉത്തമമെന്ന് റസൂൽ(സ) പറയുന്നു.

മലമൂത്ര വിസർജ്ജനത്തിന് പോകേണ്ടതുണ്ടെങ്കിൽ അവയ്ക്ക് മുൻഗണന നൽകി സ്വസ്ഥമായ ശേഷം നമസ്ക്കാരത്തിൽ പ്രവേശിക്കുക. ഭക്ഷണാവശ്യവും നമസ്കാരവും ഒരേ സന്ദർഭത്തിൽ ആഗതമാകുമ്പോൾ ഭക്ഷണം കഴിക്കുന്നതിന് മുൻഗണന നൽകുക. അത്യുഷ്ണം അതിശൈത്യം എന്നിവ നമസ്കാരത്തിന് ഭംഗമായി നില്ക്കുമ്പോൾ അവയ്ക്ക് ശമനം കണ്ടെത്തുന്ന കാര്യങ്ങൾ ചെയ്തശേഷം നമസ്കാരത്തിൽ പ്രവേശിക്കുക. എന്നിത്യാദി ധാരാളം നിർദ്ദേശങ്ങൾ നബി(സ)യിൽ നിന്നുള്ള ഉപദേശങ്ങളാണ്. ഇതിലെല്ലാം അടങ്ങിയിരിക്കുന്ന തത്വം, പൂർണ്ണ ഭക്തിയുള്ള ആരാധന ഒരു മുസ്‌ലിമിൽനിന്നുണ്ടാകട്ടെ എന്നത് മാത്രമാണ്. ഇങ്ങനെ സാന്ദർഭികമായ അനിവാര്യതകൾ 'ഭക്തിക്ക്' ഭംഗം വരുത്തുമെന്ന് കാണുമ്പോൾ 'ഹൃദയസാന്നിദ്ധ്യം' കരഗതമാകുവോളം അല്പസ്വല്പം നീക്കുപോക്കുകൾ ആവാമെന്ന പാഠമാണ് ഇത്തരം നിർദ്ദേശങ്ങളിൽ അടങ്ങിയിരിക്കുന്നത്. ഈവിധകാര്യങ്ങൾ ശ്രദ്ധിക്കുന്നത് നമസ്കാരത്തിൽ ഭക്തിയുണ്ടാകാൻ ഉപകരിക്കുമെന്നതിൽ സംശയമില്ല.

●

# സൗഹൃദ സംഭാഷണത്തിൽനിന്ന്

**മു**ൻലണ്ടൻ അമീറും വേൾഡ് നേഷൻസ് കോൺഗ്രസ് സെനറ്ററുമായ ഡോ. ഇഫ്തികാർ അഹ്മദ് അയാസ് സാഹിബും പത്നി അമത്തുൽ ബാസിത്ത് സാഹിബയും കേരളത്തിലെ ജമാഅത്തുകൾ സന്ദർശിക്കുന്നതിനിടയിൽ കണ്ണൂർ സിറ്റി ലജ്ന അന്നൂർ മാസികയ്ക്കുവേണ്ടി നടത്തിയ അഭിമുഖത്തിൽനിന്ന്. സമയപരിധി ഉണ്ടായിരുന്നിട്ടും അഭിമുഖം നടത്തുന്നതിൽ അവർ സന്തോഷം പ്രകടിപ്പിച്ചു. മുൻ അന്നൂർ മാസക കണ്ണോടിക്കുകയും അതിൽ എന്തെങ്കിലും എഴുതാൻ താൻ ആഗ്രഹിക്കുന്നതായും അവർ അറിയിച്ചു.

ഔപചാരികതയോടെ ആരംഭിച്ച അഭിമുഖം സ്നേഹസംഭാഷണത്തിലേക്ക് വഴിമാറുകയും അവരുടെ മാതൃകാപരമായ ജീവിതത്തിന്റെ ഒരു സംക്ഷിപ്ത ചിത്രം ലഭിക്കുകയും ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിലെ സുപ്രസിദ്ധ പണ്ഡിതനും വാഗ്മിയും ഗ്രന്ഥകർത്താവുമായ ഹസ്റത്ത് മൗലാനാ അബുൽഅത്താ സാഹിബ് ജലന്ധരിയുടെ മകളും ഇപ്പോഴത്തെ ലണ്ടൻ ഇമാം മൗലാനാ അത്താഹുൽ മുജീബ് സാഹിബ് റാശീദിന്റെ സഹോദരിയുമായ അമത്തുൽ ബാസിത്ത് സാഹിബ ഖാദിയാനിലാണ് ജനിച്ചത്.

വിദ്യാഭ്യാസത്തെക്കുറിച്ച് ചോദിച്ചപ്പോൾ വിനയത്തോടെയുള്ള മറുപടി "എനിക്ക് ഒരു യോഗ്യതയുമില്ല. അല്ലാഹുവിന്റെ മുൻപിൽ അറിവിൽ ഞാൻ നിസ്സാരയാണ്" എന്നതായിരുന്നു. ബി.എ., ബിഎഡ് ലണ്ടൻ ഇന്റർനാഷണൽ കോളേജിൽനിന്ന് ഉറുദു പരീക്ഷയിൽ യോഗ്യത എന്നിവ നേടിയിട്ടുള്ള ഇവർ 1959 ഡിസംബറിലാണ് വിവാഹിതയാകുന്നത്. കിഴക്കേ ആഫ്രിക്കയിലെ ടാൻസാനിയായിൽ തന്റെ ഭർത്താവിനോടൊപ്പം ജമാഅത്തിന് വളരെയധികം സേവനം ചെയ്ത ഇവർ അവിടത്തെ ലജ്ന പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചു. 1984-ൽ ലണ്ടനിൽ സ്ഥിരതാമസമാക്കിയെങ്കിലും ഭർത്താവുമൊന്നിച്ചുള്ള യാത്രകൾ സാമൂഹിക പ്രവർത്തനങ്ങളിൽ അവർക്ക് താൽപര്യം ജനിപ്പിച്ചു. സൗത്ത് ആഫ്രിക്ക, പെസഫിക്ക്നേഷൻസ്, കാനഡ തുടങ്ങിയ രാജ്യങ്ങളിലെ സംസ്ക്കാരങ്ങളിലെ വൈവിധ്യങ്ങളിൽ അവർ പ്രചോദിതയായി. 2004-ലെ കാശ്മീർ സന്ദർശനം നല്ലൊരു എഴുത്തുകാരിയായ ബാസിത്ത് സാഹിബയുടെ 'നിഷെമെൻ' എന്ന ബൃഹത്തായ ഗ്രന്ഥരൂപീകരണത്തിന് ഹേതുവായി. ജീവചരിത്രപരമായ ഈ ഗ്രന്ഥം ജമാഅത്തിലെ ശിക്ഷണപരമായ പല പാഠങ്ങളും ഉൾക്കൊള്ളുന്നു. നമ്മുടെ ചീഫ് മുബലിഗ് മൗലവി ഉമർ സാഹിബിന്റെ കയ്യിൽ ഈ ഗ്രന്ഥത്തിന്റെ പ്രതി ഉണ്ടെന്ന കാര്യവും അവർ അറിയിച്ചു.

ഏഴ് ഭാഷകൾ അറിയാവുന്ന ഇവർ നല്ലൊരു വാഗ്മി കൂടിയാണ്. വേൾഡ് ഫൗണ്ടേഷൻ ഓഫ് വുമൺ കോൺഫ്രൻസിൽ ലോകസമാധാനത്തിനുള്ള ഇസ്ലാമിന്റെ ഉദാത്തമായ അദ്ധ്യാപനങ്ങളെക്കുറിച്ച് സവിസ്തരമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ഇന്റർനാഷണൽ വുമൺ അസ്സോസിയേഷൻ മുഖേന 'അംബാസിഡർ ഓഫ് പീസ്' എന്ന അവാർഡ് ലഭിച്ചിട്ടുള്ള ആദരണീയ അഹ്മദീ വനിതയാണിവർ.

പർദ്ദ താങ്കളുടെ സാമൂഹികജീവിതത്തിന് എപ്പോഴെങ്കിലും വിലങ്ങുതടിയായിട്ടുണ്ടോ എന്ന ചോദ്യത്തിന് "എന്റെ എല്ലാ പ്രവർത്തനങ്ങളിലും ഞാൻ പർദ്ദ അണിയാറുണ്ടെന്നും അതുമുഖേന തനിക്ക് ബഹുമാന്യത വർദ്ധിച്ചിട്ടേയുള്ളൂ" എന്നും അവർ അറിയിച്ചു. ഭിഷഗ്വരരും ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളതുമായ തന്റെ മക്കളും പർദ്ദ ധരിക്കുന്നവരാണെന്ന് അഭിമാനത്തോടെ അവർ അറിയിച്ചു.

ജമാഅത്തിനെ സേവിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ഇവർ നിരവധി പദവികൾ അലങ്കരിച്ചിട്ടുള്ള മാന്യവനിതയാണ്. ഖലീഫ നാലാമന് ലഭ്യമായ കത്തുകളുടെ മറുപടി എഴുതുന്ന സമിതിയിൽ അംഗമായിരുന്ന ഇവർ ഇപ്പോൾ ലജ്നയുടെ 'അൽനുസ്രത്ത്' മാസികയുടെ പത്രാധിപസമിതിയിൽ പ്രവർത്തിച്ചുവരുന്നു. ലണ്ടൻ വിംബിൾഡൺ സോണിൽ ലജ്ന പ്രസിഡന്റായി ഇപ്പോൾ സേവനം അനുഷ്ഠിക്കുയാണ്.

കുടുംബത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവരിലെ മാതൃത്വം ഉണർന്നു. ഒരു മകനും 5 പെൺകുട്ടികളും ഉള്ള അവർ താനിപ്പോൾ 'ദാദി' (ഉമ്മാമ) ആയ കാര്യവും അറിയിച്ചു.

ഇവിടത്തെ ലജ്നകൾ വളരെ മാന്യമായും സംസ്ക്കാരപരമായും അവരോട് പെരുമാറിയെന്നും ഒരു കുടുംബാന്തരീക്ഷമാണ് തനിക്കിവിടെ ലഭിച്ചതെന്നും വികാരാധീനയായി അവർ പറഞ്ഞു. ലജ്നകളോടുള്ള ഉപദേശത്തിൽ കൈത്തൊഴിലുകൾ അറിഞ്ഞിരിക്കേണ്ടതിനെക്കുറിച്ചും സ്വയംപര്യാപ്തമാകേണ്ടതിനെക്കുറിച്ചും അവർ പറഞ്ഞു. കേരളം വളരെയധികം ഇഷ്ടപ്പെട്ട അവർ ഒഴിവുകാല സന്ദർശനത്തിനായി ഇവിടെ വരാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. കണ്ണൂർ ടൗൺ, കൂടാളി, മട്ടന്നൂർ, കടലായി, പഴയങ്ങാടി എന്നീ ജമാഅത്തുകളും ഇവർ സന്ദർശിക്കുകയുണ്ടായി.

***സഫൂറശഫി, കണ്ണൂർസിറ്റി***

# ലജ്നാ ഇമായില്ലാഹ് ഭാരത്- കേന്ദ്ര ഇജ്തിമാ പ്രോഗ്രാം- 2006

**മത്സരം– ഖുർആൻ മനഃപാഠം, ഖുർആൻ ഓത്ത്**

ഈ മത്സരത്തിന് സൂറത്ത് യാസീന്റെ മൂന്നാമത്തെ റുകൂഅ് വആയത്തുല്ലഹുമുൽ അർദു മുതൽ ഇലാ അഹ്‌ലിഹിം യർജിഊൻ വരെ നിശ്ചയിച്ചിരിക്കുന്നു. ലജ്നയിലെ ഓരോ മെമ്പറും ഇജ്തിമാ മത്സരത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും ഈ റുകൂഅ് കാണാതെ പഠിക്കേണ്ടതാണ്. ഇജ്തിമാക്ക് മുമ്പ് എല്ലാ മെമ്പർമാരിൽനിന്നും ഈ റുകൂഅ് കേൾക്കേണ്ടതാണ്.

**പദ്യമത്സരം (സമയം രണ്ട് മിനിറ്റ്)**

ഈ മത്സരത്തിൽ ദുർറെ സമീൻ, കലാമെ മഹ്മൂദ്, ദുർറെ അദൻ, കലാമെ താഹിർ, ബഖാറെദിൽ എന്നിവയിൽനിന്നുള്ള പദ്യങ്ങൾ ചൊല്ലാവുന്നതാണ്. മെമ്പർമാർ ഒരുകൊല്ലം മത്സരത്തിന് ചൊല്ലിയ പദ്യം അടുത്തകൊല്ലവും മത്സരത്തിന് ചൊല്ലരുത്. മത്സരത്തിനായി പുതിയ പദ്യം തിരഞ്ഞെടുക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന മെമ്പർമാർ ചുരുങ്ങിയത് ആറ് വരികൾ കാണാതെ പഠിക്കേണ്ടതാണ്.

**പ്രസംഗമത്സരം (സമയം അഞ്ച് മിനിറ്റ്)**

ഈ മത്സരത്തിന് രണ്ട് ഭാഗമായി തിരിച്ചിട്ടുണ്ട്. ആദ്യവിഭാഗത്തിൽ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞവരും, പ്രസംഗവൈഭവമുള്ളവരുംപെടുന്നു. രണ്ടാമത്തെ വിഭാഗത്തിൽ പ്ലസ്‌വൺ മുതൽ കോളേജ് തലംവരെയുള്ളവരാണ്. ഇരുവിഭാഗങ്ങളുടേയും പ്രസംഗവിഷയങ്ങൾ ഒന്നുതന്നെയാണ്.

വിഷയങ്ങൾ– (1) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ (2) സർവ്വവിധ ക്ഷേമവും അഹ്മദിയ്യത്തിലൂടെ (3) അഹ്മദീ സ്ത്രീകളും തബ്‌ലീഗ് എന്ന കർത്തവ്യവും.

**ഫിൽബദീഹ് പ്രസംഗം**

ഈ മത്സരത്തിന് പങ്കെടുക്കുന്നവർക്കായി വിഷയങ്ങൾ താഴെ കൊടുക്കുന്നുണ്ട്. പങ്കെടുക്കുന്ന മെമ്പർമാരെ സ്റ്റേജിലേക്ക് വിളിച്ച് ഏതെങ്കിലും രണ്ട് വിഷയങ്ങൾ കൊടുക്കണം. ആ രണ്ട് വിഷയങ്ങളിൽ ഏതെങ്കിലും ഒരു വിഷയത്തെപറ്റി പ്രസംഗിക്കേണ്ടതാണ്. ആലോചിക്കാനായി രണ്ട് മിനിറ്റ് സമയം കൊടുക്കുന്നതാണ്.

*വിഷയങ്ങൾ*– (1) ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണം (2) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിന്റെ പ്രാധാന്യം (3) ദീനിന്റെ സേവനം അല്ലാഹുവിൽനിന്ന് കിട്ടിയ ഒരനുഗ്രഹമാണെന്ന് മനസ്സിലാക്കണം. (4) ഇസ്‌ലാമിക സംസ്കാരം (5) പർദ്ദയുടെ പ്രാധാന്യം (6) അനാചാരങ്ങളെ സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങൾ (7) നവഅഹ്മദികളും നമ്മുടെ ചുമതലകളും (8) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തർബിയത്ത് ചെയ്യുന്ന രീതി (9) ലജ്ന ഇമായില്ലാഹിന്റെ ചുമതലകൾ (10) വിശാലമനസ്കത (11) സീറത്ത് ഹസ്റത്ത് സയ്യിദ നവാബ് മുബാറക്ക ബീഗംസാഹിബ(റ) (12) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങൾ (13) ഇസ്മഊ സൗതസ്സമാഅ് ജാഅൽ മസീഹ് ജാഅൽ മസീഹ്.

**ബുദ്ധിപരിശോധന മത്സരം**

ഈ മത്സരത്തിന് തദ്കിറത്തുശ്ശഹാദത്തയ്ൻ പേജ് 46 മുതൽ അവസാനംവരേയും, സമാപന പ്രസംഗം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അ.ബി.അ) ടെലിഫോർഡ് യു.കെ ജൽസ സാലാന 2004 ആഗസ്റ്റ് ഒന്നിന് ചെയ്തത് (പ്രോഗ്രാമിന്റെ അവസാന ഭാഗത്ത് കൊടുത്തിട്ടുണ്ട്) നിശ്ചയിച്ചിരിക്കുന്നു.

**അക്ഷരശ്ലോക മത്സരം**

ദുർറെ സമീൻ, കലാമെ മഹ്മൂദ്, കലാമെ താഹിർ, ദുർറെ അദൻ, ബഖാറെദിൽ, അറബി ഖസീദ എന്നിവയിൽനിന്ന് അക്ഷരശ്ലോകത്തിന് വേണ്ടി തയ്യാറാകാവുന്നതാണ്. ഒറ്റയായോ, ഈരണ്ടാളായോ ടീമുണ്ടാക്കി മത്സരം നടത്തുക. വിധികർത്താക്കൾ അവതരണരീതി, അക്ഷരസ്ഫുടത, ശരിയായ പദ്യവരികൾ എന്നിവ നോക്കി മാർക്ക് കൊടുക്കേണ്ടതാണ്.

*നോട്ട്*– ഒന്നാംവിഭാഗം ലജ്ന മെമ്പർമാരിലാരെങ്കിലും മത്സരയിനങ്ങളിൽ തുടർച്ചയായി മൂന്നുതവണ പൊസിഷൻ കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ അവർ ആ മത്സരത്തിൽ പങ്കെടുക്കരുത്. ഇജ്തിമായിലെ മറ്റ് പ്രോഗ്രാമുകളിൽ പങ്കെടുക്കാൻ അവർക്ക് അവസരം കൊടുക്കുക.

**തർബിയത്ത് പ്രസംഗം**

ഇജ്തിമായിൽ പ്രസംഗത്തിന് കഴിവുള്ള ലജ്നകളിൽനിന്നുള്ള രണ്ട് പേരെകൊണ്ട് പ്രസംഗിപ്പിക്കണം. സഹാബിയ(സ്ത്രീ സഹാബി)കളുടെ ജീവചരിത്രവും, മറ്റ് തർബിയത്ത് വിഷയങ്ങളുമാണ് അവർ പ്രസംഗിക്കേണ്ടത്.

**കായികമത്സരങ്ങൾ**

ഇജ്തിമായിൽ ഉചിതമായ കായികമത്സരങ്ങൾ സംഘടിപ്പിക്കുക.

**ഖസീദ മനഃപാഠം**

ഈ ഖസീദയെ സംബന്ധിച്ച് മർഹൂം ഹസ്റത്ത് പീർ സിറാജുൽ ഹഖ്(റ)ന്റെ ഒരു നിവേദനമുണ്ട്.

“ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ഖസീദ എഴുതികഴിഞ്ഞപ്പോൾ ആ പുണ്യമുഖം സന്തോഷംകൊണ്ട് തിളങ്ങാൻ തുടങ്ങി. തുടർന്ന് പറഞ്ഞു ഈ ഖസീദ ദൈവസമക്ഷത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു എന്നെ സംബോധന ചെയ്ത് പറഞ്ഞു ഈ ഖസീദയെ കാണാതെ പഠിക്കുകയും എപ്പോഴും ചൊല്ലികൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ ഹൃദയ

ത്തിൽ എന്നോടും എന്റെ റസൂൽ(സ)നോടുമുള്ള സ്നേഹം വളരെയധികമായി നിറക്കുന്നതാണ്. എന്റെ സാമീപ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്." എല്ലാ കൊല്ലവും ലജ്ന നാസിറാത്ത് മെമ്പർമാർ ഈ ഖസീദ കാണാതെ പഠിക്കുന്നു. ഈ കൊല്ലവും കൂടുതൽ പേർ ഈ ഖസീദ കാണാതെ പഠിക്കേണ്ടതാണ്. കാണാതെ പഠിച്ചിട്ടുള്ളവരുടെ പേരുകൾ പ്രാദേശിക സദർ ലജ്ന സുബാഈ സദർ ലജ്നയുടെ സാക്ഷ്യത്തോടുകൂടി ആഗസ്റ്റ് 5-ാം തിയ്യതിക്കുള്ളിൽ കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്. ഇജ്തിമായിൽവെച്ച് അവർക്ക് സർട്ടിഫിക്കറ്റും മെഡലും കൊടുക്കുന്നതാണ്. ആഗസ്റ്റ് 5-ന് ശേഷം കിട്ടുന്ന പേരുകൾ സ്വീകരിക്കപ്പെടുന്നതല്ല.

## നാസിറാത്തുൽ അഹ്മദിയ്യാ കേന്ദ്ര ഇജ്തിമാഅ് പ്രോഗ്രാം

**മത്സരം– ഖുർആൻ മനഃപാഠം, ഖുർആൻ ഓത്ത്**

ഒന്നാം വിഭാഗം - ആയത്തുൽ ഖുർസി

രണ്ടാം വിഭാഗം- സൂറത്തുത്തക്കാസുർ, സൂറത്തുൽ കാഫിറൂൻ

മൂന്നാം വിഭാഗം- A) സൂറത്തുൽ മാഊൻ, സൂറത്തുൽ ഫലഖ്

മൂന്നാം വിഭാഗം- B) സൂറത്തുന്നാസ്, സൂറത്തുൽ കൗസർ

**പദ്യമത്സരം**

എല്ലാ വിഭാഗങ്ങൾക്കും സമയം 2 മിനിറ്റ്. ഈ മത്സരത്തിന് ദുർറെ സമീൻ, കലാമെ മഹ്മൂദ്, ദുർറെ അദൻ, കലാമെ താഹിർ, ബഖാറെദിൽ, എന്നിവയിൽനിന്ന് പദ്യങ്ങൾ തെരഞ്ഞെടുക്കാം. ഒരാൾ ഒരുകൊല്ലം അവതരിപ്പിച്ച പദ്യം അടുത്തകൊല്ലവും മത്സരത്തിന് അവതരിപ്പിക്കരുത്. പുതിയ പദ്യം അവതരിപ്പിക്കേണ്ടതാണ്. മത്സരത്തിന് ചൊല്ലുന്ന പദ്യത്തിന്റെ ആറ് വരികൾ കാണാതെ പഠിക്കണം. സിക്രട്ടറി ആദ്യമേതന്നെ കാണാതെ പഠിച്ച ആറ് വരികൾ കേൾക്കേണ്ടതാണ്.

**പ്രസംഗമത്സരം**

മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ മെമ്പർമാരും നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽതന്നെ പ്രസംഗം അവസാനിപ്പിക്കേണ്ടതാണ്.

**ഒന്നാം വിഭാഗം (സമയം 4 മിനിറ്റ്)**

*വിഷയങ്ങൾ:* (1) സ്നേഹം എല്ലാവരോടും ആരോടുമില്ല വെറുപ്പ് Love for All ; Hatred for None (2) ലജ്ജ ഒരമൂല്യ മുത്ത് (3) അഞ്ചാംഖിലാഫത്തും ദൈവിക സുവാർത്തകളും

രണ്ടാം വിഭാഗം (സമയം 3 മിനിറ്റ്)

*വിഷയങ്ങൾ:* (1) തിരുനബി(സ)ന്റെ ജീവചരിത്രത്തിന്റെ ഭാഗമായ ദൈവസ്നേഹം. (2) ഹസ്റത്ത് ഉമർ (റ)ന്റെ പ്രവർത്തനങ്ങൾ (3) ഉയർന്ന ലക്ഷ്യബോധങ്ങളും ഉറച്ച തീരുമാനങ്ങളും

മൂന്നാം വിഭാഗം A) (സമയം 2 മിനിറ്റ്)

*വിഷയങ്ങൾ:* (1) ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രത്തിലെ ഒരു ഭാഗമായ അടിമകളോടുള്ള നല്ല പെരുമാറ്റം (2) ദുർഭാവനയെ ഉപേക്ഷിക്കൽ (3) ക്ഷമയും സ്ഥൈര്യവും

മൂന്നാം വിഭാഗം B) (സമയം 2 മിനിറ്റ്)

*വിഷയങ്ങൾ :* (1) ദുആയുടെ പ്രാധാന്യം (2) ജുമുഅയുടെ മര്യാദകൾ (3) സമയനിഷ്ഠ

**ഫിൽബദീഹ് പ്രസംഗ മത്സരം (സമയം 2 മിനിറ്റ്**

ഒന്നാം വിഭാഗം- മത്സരസമയത്ത് ഒരാൾക്ക് രണ്ട് വിഷയങ്ങൾ കൊടുക്കണം. അതിൽ ഒരു വിഷയത്തെ സംബന്ധിച്ച് പ്രസംഗിക്കണം. ആലോചിക്കാൻ രണ്ട് മിനിറ്റ് കൊടുക്കണം.

വിഷയങ്ങൾ: (1) ദഅ്വത്തെ ഇലല്ലാഹ്‌യുടെ പ്രാധാന്യം (2) നമ്മുടെ ദൈവം ജീവനുള്ള ദൈവം (3) സീറത്ത് ഹസ്റത്ത് മൻസൂറ ബീഗം സാഹിബ (4) സമയ നിഷ്ഠ (5) ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമ(റ)ന്റെ ആഹ്വാനങ്ങളിൽനിന്ന് ഏതെങ്കിലും രണ്ട് ആഹ്വാനങ്ങൾ (6) നാസിറാത്തുൽ അഹ്മദിയ്യാ ഘടകത്തെ രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ (7) ഇസ്ലാമിലെ പർദ്ദ (8) മുസ്ലിഹ് മൗഊദ് (റ)ന്റെ ജീവചരിത്രം (9) ഹസ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ)ന്റെ ജീവചരിത്രം

**ബുദ്ധിപരിശോധന മത്സരം**

**ഒന്നാം വിഭാഗം:**

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങൾ ഹസ്റത്ത് സയ്യിദ് അഹ്മദ് ബറേൽവി ശഹീദ്(റ)

**രണ്ടാം വിഭാഗം:**

കാമിയാബീകീ രാഹേം എന്ന ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗം. ഹസ്റത്ത് ശേഖ് സർ ഹിന്ദി(റഹ്) ഇതിനു പുറമെ ജനറൽനോളജിൽനിന്ന് ഇസ്ലാമിനെ പറ്റിയും അഹ്മദിയ്യത്തിനെ പറ്റിയും ചോദിക്കുന്നതാണ്.

**അക്ഷരശ്ലോക മത്സരം**

എല്ലാ വിഭാഗത്തിന്റേയും മത്സരം ഉണ്ടായിരിക്കുന്നതാണ്.

ദുർറെ സമീൻ, കലാമെ മഹ്മൂദ്, കലാമെ താഹിർ, ദുർറെ അദൻ, ബദർഗാഹെ ദീ ശാൻ, ബഖാറെദിൽ, ഖസീദ എന്നിവയിൽനിന്ന് അക്ഷരശ്ലോക മത്സരത്തിനായി തയ്യാറാകേണ്ടതാണ്. ഒറ്റയായോ, ഈരണ്ടാളായോ ടീമുണ്ടാക്കി മത്സരം നടത്തുക.

മൂന്നാം വിഭാഗം കുട്ടികളോട് പദ്യവരികൾ ഈണത്തിൽ ആലപിക്കാൻ പറയുക.

*പ്രത്യേകനോട്ട്*

എല്ലാ വിഭാഗക്കാർക്കും ഖുർആൻ മനഃപാഠത്തിനും, ഖുർആൻ ഓത്തിനും നിശ്ചയിച്ചിരിക്കുന്ന സൂറത്തുകൾ നാസിറാത്തിലെ ഓരോ അംഗവും കാണാതെ പഠിക്കേണ്ടതാണ്. നടപ്പുവർഷത്തിൽ ഓരോരുത്തരിൽനിന്നും രണ്ട് സൂറത്തുകളും നാസിറാത്ത് സിക്രട്ടറി കേൾപ്പിക്കേണ്ടതാണ്. കാണാതെ പഠിക്കുന്നതിന് മുമ്പായി ഉച്ചാരണശുദ്ധി ശരിയാക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. മത്സരസമയത്ത് രണ്ട് സൂറത്തുകളിൽ ഏതെങ്കിലും ഒരെണ്ണം കേൾക്കേണ്ടതാണ്.

●

# ഞങ്ങളുടെ പ്രിയങ്കരനായ ബാപ്പ

റഹ്നാ കമാൽ, ചാവക്കാട്

**ത**മിൾനാട്ടിലും കേരളത്തിലും 'ചാവക്കാട് തങ്ങൾ' എന്നറിയപ്പെട്ടിരുന്ന ഞങ്ങളുടെ പ്രിയങ്കരനായ ഉപ്പ അബ്ദുർറഹ്മാൻ സാഹിബ്(76) 2006 ജനുവരി 24 -ന് ഞങ്ങളോട് യാത്രപറഞ്ഞു. (***ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ***)

ഒരിക്കലും മങ്ങാത്ത ഓർമ്മകൾ അവശേഷിപ്പിച്ചു കൊണ്ടാണ് ആ മഹാനുഭാവൻ കടന്നുപോയത്. ചാവക്കാട്ടെ ഇബ്റാഹീം മുസ്ല്യാരുടെ മകനായി ജനിച്ച അദ്ദേഹം ഒരു മുസ്ല്യാർ കുടുംബത്തിലെ പരമ്പരാഗത കണ്ണിയായിരുന്നു! ജന്മസിദ്ധമായി ലഭിച്ച ഭക്തിയുടെ പരിവേഷവും സത്യസന്ധതയും അദ്ദേഹത്തെ 'തങ്ങൾ' എന്നവിശേഷണം നൽകി സംബോധന ചെയ്യാൻ സമൂഹത്തെ പ്രേരിപ്പിച്ചു! അല്ലാതെ സയ്യിദ് കുടുംബാംഗമായിരുന്നില്ല അദ്ദേഹം!

പോയകാല ചാവക്കാടിന്റെ യാഥാസ്ഥിതിക മുസ്ലിം സാമൂഹ്യമണ്ഡലത്തിൽ ഭൗതിക വിദ്യാഭ്യാസം ഒരു 'ബാലികേറാമലയായിരുന്നു'. അന്ന് കുടുംബത്തിൽ മദ്റസഃ പഠനത്തെയാണ് വിദ്യാഭ്യാസത്തിന്റെ നിർവചനമായി കരുതിപ്പോന്നത്. ഉപ്പായുടെ കൊച്ചുന്നാളിലും ഇതാവർത്തിക്കപ്പെട്ടു. ഖുർആന്റേയും കിത്താബുകളുടേയും ലോകത്തിൽ കഴിഞ്ഞുകൂടിയ അദ്ദേഹം അന്നത്തെ പ്രതികൂല സാഹചര്യത്തിലും അഞ്ചാംക്ലാസ്സുവരെ പഠിച്ചു.

ഖുർആനും കിത്താബും ഓതിക്കൊണ്ടിരുന്ന ആ സന്ദർഭത്തിലാണ് 'മിൻഹാജ് അഖീദ'യിൽ 'അല്ലാഹുവിന്റെ സംസാരത്തിന് ശബ്ദമില്ല' എന്ന ശ്രദ്ധേയമായ ഒരു വാചകം അദ്ദേഹത്തെ ആകർഷിച്ചത്. എന്നാൽ, മൂസാനബി(അ)യുമായി അല്ലാഹു സംസാരിച്ച കാര്യം ഖുർആനിൽ പരാമർശിക്കുന്നുണ്ടുതാനും. ഈ വൈരുദ്ധ്യം അദ്ദേഹത്തിന്റെ യുക്തബോധത്തെ ഉണർത്താൻ പര്യാപ്തമായി. സംസാരിക്കുമ്പോൾ ശബ്ദമുണ്ടാകണമല്ലോ. ശബ്ദമില്ലെങ്കിൽ കാര്യങ്ങൾ എങ്ങനെ ഗ്രഹിക്കും എന്ന നിഗമനത്തിലാണ് ഉപ്പ എത്തിച്ചേർന്നത്. മനസ്സിന്റെ അടിത്തട്ടിൽനിന്നും ഉയർന്നുവന്ന ഈ സംശയനിവാരണത്തിന് അദ്ദേഹത്തിന്റെ ഗുരുവായ മുസ്ല്യാരെ സമീപിച്ചു. പക്ഷേ, നിരാശയായിരുന്നു അനുഭവം. താർക്കികമായ സംവാദംകൊണ്ട് സമയം പാഴായെന്നല്ലാതെ മുസ്ല്യാരിൽനിന്ന് യുക്തമായ മറുപടിയൊന്നും ലഭിച്ചില്ല. പിന്നീട് പല പണ്ഡിതന്മാരേയും സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. ഇതൊക്കെ അദ്ദേഹത്തിന്റെ ചിന്തയിലുടനീളം മതത്തോടുള്ള വിരക്തിയാണ് ജനിപ്പിച്ചത്. മതം മനുഷ്യനെ കളിപ്പിക്കുകയാണെന്ന തോന്നൽ ഉപ്പായുടെ മനസ്സിനെ കീഴ്പ്പെടുത്തി. വായനാശീലം നേരത്തെ ഉണ്ടായിരുന്ന ഞങ്ങളുടെ ഉപ്പ സോവിയറ്റ് പ്രസിദ്ധീകരണങ്ങളിൽ മുഴുകിയതോടെ ഒരു നിരീശ്വരവാദിയായിത്തീർന്നു. 1952, 54 കാലഘട്ടമായിരുന്നു അത്.

1958-ൽ വിവാഹിതനായ അദ്ദേഹം ജോലി ആവശ്യാർത്ഥം തിരുനെൽവേലിയിയിൽ എത്തിച്ചേർന്നു. ഈ സന്ദർഭത്തിലാണ് അസാധാരണമായ മറ്റൊരനുഭവം അദ്ദേഹത്തിനുണ്ടായത്. തിരുനെൽവേലിയിലെ ഒരു കവലയിൽവെച്ച് മർഹൂം ഹസ്റത്ത് മൗലാനാ ബി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ(റ) ഒരു പ്രസംഗം നടത്തുകയായിരുന്നു. പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ പ്രാസംഗികന്റെ വിജ്ഞാനത്തിലും വ്യക്തിത്വത്തിലും ഉപ്പാക്ക് വലിയ മതിപ്പുണ്ടായി. പക്ഷേ, അവിടെ ശ്രോതാക്കളായി തടിച്ചുകൂടിയ ആളുകൾ മർഹൂം അബ്ദുല്ലാഹ് സാഹിബിനെ ചീത്തപറഞ്ഞ് ബഹളംകൂട്ടി അവിടെനിന്നും ഓടിക്കാനാണ് ശ്രമിച്ചത്.

അന്നത്തെ സംഭവത്തിനുശേഷം ഉപ്പ പലരോടും അബ്ദുല്ലാഹ് സാഹിബിനെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഉപ്പ ജോലിചെയ്തുകൊണ്ടിരുന്ന കമ്പനിയിൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എത്തിച്ചേരുകയും 'തങ്ങൾ എന്ന ആൾ' ഇവിടെ ഉണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. ഞങ്ങളുടെ ഉപ്പായുടെ ജീവിതത്തിലെ അനുസ്മരണീയ നിമിഷങ്ങളായിരുന്നു അത്. അന്ന് രാത്രി മുഴുവൻ അവർ സംഭാഷണത്തിൽ മുഴുകി. കൂട്ടത്തിൽ അല്ലാഹുവിന്റെ സംസാരത്തെക്കുറിച്ച് ഉപ്പാക്ക് നേരത്തെ ഉണ്ടായിരുന്ന സംശയവും ഉന്നയിച്ചു. എന്നാൽ, ഒറ്റവാക്കിൽ തന്നെ മൗലാനാ അബ്ദുല്ലാഹ് സാഹിബ് അതിന് മറുപടി നൽകി.

"അല്ലാഹു ആരോട് സംസാരിക്കുന്നവോ അവർക്ക് മാത്രമേ അത് കേൾക്കാനും മനസ്സിലാക്കാനും സാദ്ധ്യമാകൂ. ഉദാഹരണമായി, ഹലുവ ഉണ്ടാക്കുന്ന ചേരുവകൾ ആർക്കും പറഞ്ഞുകൊടുക്കാം. എന്നാൽ അതിന്റെ രുചി പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അതുപോലെ അഞ്ചുവയസ്സുള്ള ഒരു കുട്ടിക്ക് മിഠായിയുടെ രുചി അറിയാൻ സാധിക്കും. എന്നാൽ

ലൈംഗികതയെക്കുറിച്ച് അവനറിയില്ല. ആ കുട്ടിക്ക് പ്രായപൂർത്തിയാകുമ്പോഴേ അതറിയുകയുള്ളൂ. ഇപ്രകാരം അല്ലാഹുവിനോട് അടുക്കണമെങ്കിൽ നാം എപ്പോഴും ആ സർവ്വേശ്വരനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കണം; സുജൂദ് ചെയ്യണം."

അന്നുമുതലാണ് ഉപ്പ തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങിയത്. മൗലാനാ അബ്ദുല്ലാഹ് സാഹിബ് നൽകിയ 'ഇസ്‌ലാംമത തത്വജ്ഞാനം' എന്ന പുസ്തകമാണ് ഉപ്പാക്ക് ആദ്യമായി ലഭിച്ച അഹ്മദിയ്യാ സാഹിത്യം. ആ ഗ്രന്ഥം പാരായണം ചെയ്തു തുടങ്ങിയപ്പോൾ അത് ഒരസാധാരണ വ്യക്തിക്കു മാത്രമേ എഴുതാൻ സാധിക്കുകയുള്ളൂ എന്ന് ഉപ്പായുടെ മനസ്സിൽ തോന്നുകയും, അത് വായിച്ചുതീരുന്നതിന് മുമ്പു തന്നെ ബയ്അത്ത് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ 1960 ജനുവരി 18-ന് ഉപ്പ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

അഹ്മദി ആയതിനുശേഷവും ഉപ്പ തിരുനെൽവേലിയിലെ ജോലി തുടർന്നുപോന്നു. പക്ഷേ, അപ്പോഴേക്കും അഹ്മദിയായി അറിയപ്പെട്ടുകഴിഞ്ഞ അദ്ദേഹത്തിന്നെതിരെ പരിസരവാസികളും, സ്ഥാപനത്തിലെ ജോലിക്കാരും സംഘടിച്ചുകഴിഞ്ഞിരുന്നു. വിശ്വസ്തനും സത്യസന്ധനുമായ ഉപ്പായെ ഉപേക്ഷിക്കാൻ സ്ഥാപനത്തിന്റെ ഉടമക്ക് ഒട്ടും മനസ്സില്ലായിരുന്നുവെങ്കിലും ചുറ്റുമുള്ളവരുടെ സമ്മർദ്ദം കാരണം അദ്ദേഹം വിഷമിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ അഹ്മദിയ്യാ വിശ്വാസം ഉപേക്ഷിക്കാമെങ്കിൽ ജോലി തുടരാമെന്ന മുതലാളിയുടെ നിർദ്ദേശം ഉപ്പ സ്വീകരിച്ചില്ല. അദ്ദേഹം തിരുനെൽവേലിയിലെ ജോലി ഉപേക്ഷിച്ച് ചാവക്കാട്ടേക്ക് തിരിച്ചുവന്നു.

ഒരുഭാഗത്ത് വിശ്വാസസംരക്ഷണത്തിന്റെ ഉന്നതമായ ലക്ഷ്യം; മറുഭാഗത്ത് കുടുംബഭാരത്തിന്റെ കർത്തവ്യം. ഈ അഗ്നിപരീക്ഷണത്തിൽ വീട്ടിലിരുന്ന് ബീഡി തെറുത്തായിരുന്നു അദ്ദേഹം ജീവിച്ചുപോന്നത്. എന്നാൽ, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ കൺസ്ട്രക്ഷൻവർക്കിലേക്കുള്ള ഒരു വഴിത്തിരിവാണ് ഉപ്പയെ പിന്നീട് സ്വാഗതം ചെയ്തത്. ചാവക്കാട്ടും പരിസരത്തും ഉപ്പ പണികഴിപ്പിച്ച അനേകം വീടുകളും കെട്ടിടങ്ങളും കാണാം. കൺസ്ട്രക്ഷൻ വർക്കിനോടൊപ്പം തമിഴ്നാട്ടിൽനിന്ന് ഹോമിയോപ്പതിയിൽ ബിരുദം നേടിയ അദ്ദേഹം അത്യാവശ്യം ചികിത്സയും തുടങ്ങിയിരുന്നു. പിൽക്കാലത്ത് കേരളത്തിന് പുറമെ അയൽസംസ്ഥാനങ്ങളിൽനിന്നുപോലും ചികിത്സ നടത്താൻ ആളുകൾ വരാറുണ്ടായിരുന്നു. സന്താനഭാഗ്യമില്ലാത്തവരും, മറ്റു ഭിഷഗ്വരന്മാർ ഉപേക്ഷിച്ച കേസുകളിലും ഉപ്പ വിജയിച്ചതായിട്ടാണ് കണ്ടത്. മരുന്നുകൾ മാത്രമായിരുന്നില്ല അദ്ദേഹം രോഗികൾക്ക് നൽകിയിരുന്നത്. ചികിത്സയോടൊപ്പം ഉപദേശങ്ങളും, അഹ്മദിയ്യാ സന്ദേശപ്രചരണവും തന്റെ കർത്തവ്യമായി അദ്ദേഹം കരുതിയിരുന്നു. എതിരാളികൾക്കാണെങ്കിൽ ഉരുളക്കുപ്പേരിപോലെ മറുപടി കൊടുക്കാനും അദ്ദേഹം മടികാണിച്ചിരുന്നില്ല.

ഉപ്പ അഹ്മദിയായിരുന്നെങ്കിലും ചാവക്കാട്ടുകാർക്ക് എതിർപ്പൊന്നുമില്ലായിരുന്നു. ഇവിടെ ഉപ്പാക്കുശേഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത് അദ്ദേഹത്തിന്റെ ഭാര്യാസഹോദരൻ ഹംസമാസ്റ്ററാണ്. പിന്നീട് ഉപ്പായുടെ ജ്യേഷ്ഠസഹോദരൻ രഹസ്യമായി ബയ്അത്ത് ചെയ്തെങ്കിലും പ്രായാധിക്യമുള്ള അദ്ദേഹം ഏറെ കഴിയുന്നതിനു മുമ്പ് വഫാത്തായി. ഈ മരണം മറ്റൊരു സംഭവത്തിന് നിമിത്തമായി. മഹല്ലുകാർ പരേതനുവേണ്ടി മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ, ഉപ്പായും അദ്ദേഹത്തിന്റെ കുടുംബവും ഏതാനും അഹ്മദികളും വേറെ മയ്യിത്ത് നമസ്കരിക്കുകയും പിന്നീടത് ചൂടുപിടിച്ച ചർച്ചക്ക് കാരണമായിത്തീരുകയും ചെയ്തു. ഇതിനെ തുടർന്നാണ് എതിരാളികളുടെ എതിർപ്പുകൾ ചാവക്കാട് അരങ്ങേറുന്നത്. പ്രാദേശിക മദ്രസ്സയിൽ പഠിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ മക്കളെ അവിടെനിന്നും പുറത്താക്കി. മൂത്തമകളുടെ വിവാഹം ബഹിഷ്കരിക്കാൻ മഹല്ല് കമ്മിറ്റി ആഹ്വാനം ചെയ്തെങ്കിലും വിവാഹത്തിൽ പൗരപ്രമുഖന്മാരെല്ലാം പങ്കെടുത്ത കാഴ്ചയാണ് കണ്ടത്.

ചാവക്കാട് ഒരു പള്ളി നിർമ്മിക്കണമെന്ന ആഗ്രഹം ഉപ്പായുടെ മനസ്സിൽ എന്നുമുണ്ടായിരുന്നു. പള്ളിയുടെ പ്ലാനും നിർദ്ദേശവുമെല്ലാം അദ്ദേഹത്തിന്റെ വകയായിരുന്നു. ഉപ്പായുടെ സുഹൃത്തായിരുന്ന ഒരു മാന്യവ്യക്തിയിൽനിന്നാണ് പള്ളിക്ക് സ്ഥലം ലഭിച്ചത്. എന്നാൽ ആ സുഹൃത്തിനെ എതിരാളികൾ മഹല്ലിൽ നിന്ന് പുറത്താക്കുകയാണുണ്ടായത്. അഹ്മദിയ്യത്തിനെ കുറിച്ച് മനസ്സിലാക്കിയിരുന്ന ആ സുഹൃത്ത് രഹസ്യമായി ബയ്അത്ത് ചെയ്യുകയും ഹജ്ജ് കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം പരസ്യമാക്കാമെന്ന് പറഞ്ഞ് മക്കയിലേക്ക് യാത്രയാവുകയും ചെയ്തു. എന്നാൽ ഹജ്ജ് നിർവ്വഹിച്ചതിനുശേഷം മദീനയിൽവെച്ച് നെഞ്ചുവേദനയെ തുടർന്ന് അദ്ദേഹം നിര്യാതനാവുകയാണുണ്ടായത്.

പള്ളിനിർമ്മാണം തുടങ്ങാനായപ്പോൾ ശത്രുക്കൾ സംഘടിക്കുകയും അഹ്മദിയ്യത്തിനെതിരായി ഒട്ടേറെ കുപ്രചരണം നടത്തുകയും, കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. എന്നാൽ അതൊന്നും വിജയിച്ചില്ല. പിന്നീട് സമീപത്തുള്ള അങ്ങാടിത്താഴം എന്ന സ്ഥലത്ത് നാട്ടിക മൂസ്സ മൗലവിയെ കൊണ്ടുവന്ന് പ്രകോപനപരമായ പ്രസംഗം നടത്തി. ഖാദിയാനികളുമായി ബന്ധപ്പെടുന്നവരേയും, അവരുടെ പ്രസംഗം കേൾക്കുന്നവരേയും മഹല്ലിൽനിന്ന് പുറത്താക്കുമെന്ന് മൗലവി ഭീഷണി മുഴക്കി. മാത്രമല്ല, താനിപ്പോൾ അജ്മീറിലേക്ക് പോവുകയാണെന്നും തിരിച്ചുവന്നാൽ ഖാദിയാനികളുടെ പള്ളി തകർക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാമെന്നും മൂസ മൗലവി ചാവക്കാട്ടുകാർക്ക് ഉറപ്പ് നൽകി. പക്ഷേ, അജ്മീറിലേക്കുപോയ നാട്ടിക മൗലവിക്ക്

പിന്നീട് നമ്മുടെ നാട് കാണാനുള്ള ഭാഗ്യമുണ്ടായില്ല. ഖാദിയാനി പള്ളി തകർക്കുന്നതിന് മുമ്പ് അല്ലാഹു മരണത്തിന്റെ പ്രഹരംകൊണ്ട് അദ്ദേഹത്തെ തകർത്തു കളഞ്ഞിരുന്നു.

ഇന്നിപ്പോൾ 'ബൈത്തുന്നൂർ' എന്ന മനോഹരമായ അഹ്മദിയ്യാപള്ളിയും ചാവക്കാട്ടെ രണ്ട് കുടുംബ ങ്ങൾക്ക് പുറമെ കേച്ചേരി, ആളൂർ എന്നിവിടങ്ങളിലെ അഞ്ചു കുടുംബങ്ങളുമടക്കം 56 അഹ്മദികൾ ഇവി ടെയുണ്ട്. എല്ലാ നമസ്കാരവേളയിലും പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കാനും, റമസാനിൽ ഇഅ്ത്തിക്കാഫ് ഇരിക്കാനും ഞങ്ങളുടെ പ്രിയങ്കര നായ ഉപ്പാക്ക് അല്ലാഹു ഭാഗ്യം നൽകി. മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബിനുശേഷം തമിൾനാ ട്ടിൽ വെച്ച് കണ്ടുമുട്ടിയ ഉത്തമസുഹൃത്തും മാർഗ്ഗ ദർശിയുമായിരുന്ന മൗലവി മുഹമ്മദ് അലവി സാഹിബ് എച്ച്.എയുടെ ഖബറിനു സമീപം തന്നേയും മറവ് ചെയ്യണമെന്നായിരുന്നു ഉപ്പായുടെ ഒസ്യത്ത്. അത് പ്രകാരം അലനെല്ലൂരിലാണ് അദ്ദേഹത്തെ മറവു ചെയ്തത്.

ചാവക്കാട് ജമാഅത്തിന്റെ സ്ഥാപകപ്രസിഡന്റും, ആക്റ്റിങ്ങ് അമീറുമായിരുന്ന പരേതന്റെ ഭാര്യ ഫാത്തി മയും, മക്കൾ മുഹമ്മദ് ശരീഫ്, അശ്റഫ്, കമാൽ, ശക്കീർ, നാസർ, വഹീദ, ശക്കീല എന്നിവരും ബീനാ ശരീഫ്, ആരിഫാ അശ്റഫ്, റഹ്നാകമാൽ, ജുവൈ രിയ ശക്കീർ, നിസാർ, ശഫീഖ് എന്നിവർ ജാമാതാ ക്കളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

## ഇ. സഫിയബി

കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ദീർഘ കാലത്തെ പ്രസിഡന്റും, 'ഇസ്ലാം മതതത്വ ജ്ഞാനം' എന്ന വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥ ത്തിന്റെ വിവർത്തകനും 'സത്യദൂതൻ' മാസിക യുടെ സ്ഥാപക പ്രസാധകനുമായിരുന്ന പരേത നായ എൻ. ഹാമിദ് സാഹിബിന്റെ ഭാര്യ എടപ്പ കത്ത് സഫിയബി സാഹിബ(89) 9.2.06-ന് സ്വഗൃ ഹത്തിൽ വെച്ച് അന്തരിച്ചു. കേരളത്തിലെ ഒന്നാ മത്തെ അഹ്മദിയായ മർഹൂം ഇ.അബ്ദുൽഖാ ദർകുട്ടി സാഹിബിന്റെ മരുമകളുടെ പുത്രിയാണ് പരേത. 1935-ലാണ് അവരുടെ വിവാഹം നടന്ന ത്. പരേതയ്ക്ക് രണ്ട് ആൺമക്കളും, രണ്ട് പെൺമക്കളുമാണുള്ളത്.

ഖാദിയാനിലെ ഹൈസ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന ഇ. അബ്ദുൽ ഹഖ്, കണ്ണൂരിൽ മജി സ്ട്രേറ്റ് കോടതിയിൽ ക്ലാർക്കായി റിട്ടയർ ചെയ്ത ഇ. അബ്ദുൽ മാലിക്ക് എന്നിവരാണ് ആൺമക്കൾ. ഇ. സുബൈദ, ഇ. റസിയ എന്നിവർ പെൺമക്ക ളാണ്. കണ്ണൂരിലെ ഷോപ്പ് എക്കൗണ്ടന്റായി പ്രവർത്തിച്ചുപോന്ന പരേതനായ നടുവിലകത്ത് ഇബ്രാഹിം, കെ. ഇബ്രാഹിം എന്നിവർ ജാമാതാ ക്കളാണ്.

## ടി. ഹമീദ സാഹിബ

കണ്ണൂർ സിറ്റി ജമാഅത്ത് ലജ്നഅംഗവും പരേതനായ ടി. അബ്ദുൾഖാദർ കോയാസാഹിബിന്റെ പത്നി യുമായിരുന്ന ടി. ഹമീദ സാഹിബ 2005 ഡിസംബർ 24-ന് പുലർച്ചെ തന്റെ നാഥനിലേക്ക് യാത്രയായി. (***ഇന്നാലില്ലാഹി വ ഇന്നാലില്ലാഹി റാജിഊൻ***) മരിക്കുമ്പോൾ പരേതയ്ക്ക് 58 വയസ്സ് പ്രായമായിരുന്നു. കെ.പി. മുഹമ്മദ്-ഹാജിറ ദമ്പതികളുടെ മൂന്നാമത്തെ മകളാണ് പരേത. ടി. മൊയ്തു വൈദ്യർ, സത്യദൂ തൻ മുൻമാനേജർ ടി. അബ്ദുറശീദ് സാഹിബ്, ടി. നബിസബി സാഹിബ, ടി. മജീദ സാഹിബ എന്നിവർ സഹോദരങ്ങളാണ്. ഹിന്ദുമതത്തിൽ ജനിക്കുകയും ചെറുപ്പത്തിൽതന്നെ അഹ്മദിയ്യത്ത് ആശ്ലേഷിക്കു കയും ചെയ്ത, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സ്വദേശിയാണ് പരേതയുടെ പിതാവ്. യുവത്വ ത്തിൽതന്നെ വിധവയായ ഹമീദ സാഹിബ തന്റെ മക്കളെ ജമാഅത്തിന്റെ സജീവ പ്രവർത്തകരാക്കി മാറ്റുന്നതിൽ അതീവശ്രദ്ധ കാണിച്ചിരുന്നു. അസുഖബാധിതയാകുന്നതുവരെ ലജ്നയുടെ സജീവ സാന്നി ദ്ധ്യമായിരുന്ന അവർ, കുടുംബ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും രോഗികളെ സന്ദർശിക്കുന്ന തിലും എന്നും ശ്രദ്ധിച്ചിരുന്നു. തന്റെ വിഷമാവസ്ഥയിലും ആവുന്നതുപോലെ മറ്റുള്ളവരെ സഹായി ക്കുവാൻ എന്നും അവർ ശ്രദ്ധിച്ചിരുന്നു. ടി. സൗദത്ത്, സീനത്ത്, ശറഫുദ്ദീൻ, മുഹമ്മദ് റാസിഖ്, നിയാസ് അഹ്മദ്, റിയാസ് അഹ്മദ് എന്നിവർ മക്കളും, എം.പി. ഉസ്മാൻ മഞ്ചേശ്വരം, എം. മുബാറക്ക് കോഴി ക്കോട്, എം. നസീറ ശറഫുദ്ദീൻ മഞ്ചേശ്വരം, സാജിദാ റാസിഖ്, കരുളായി എന്നിവർ ജാമാതാക്കളുമാ ണ്. പരേതയ്ക്ക് അല്ലാഹു ജന്നത്തും, മഗ്ഫിറത്തും നൽകുമാറാകട്ടെ. തന്റെ പക്കൽ ഉന്നതമായ സ്ഥാനം നല്കുമാറാകട്ടെ. (ആമീൻ)

നാസിറാത്ത് കോർണർ

ഫർഹാനകമൽ. എം.

# എന്റെ ഖാദിയാൻ യാത്ര

**17.12.2005** രാത്രി 8 മണിക്ക് ഞങ്ങൾ മംഗള എക്സ്പ്രസ്സിൽ പരിശുദ്ധ ഖാദിയാനിലേക്ക് യാത്ര പുറപ്പെട്ടു. കൊങ്കൺ റെയിൽവേയിലൂടെയാണ് പോയത്. വലിയ വലിയ തുരങ്കങ്ങൾക്കുള്ളിലേക്ക് ട്രെയിൻ പാഞ്ഞുകയറുമ്പോൾ ഉള്ളിലൊരു നടുക്കം. വണ്ടിയിയിൽ ഇരുന്ന് ചിരിച്ചു രസിച്ചും പ്രകൃതിഭംഗി കണ്ടും ദിവസങ്ങൾ കടന്നുപോയതറിഞ്ഞില്ല. 19-ാം തിയ്യതി ഉച്ചക്ക് ഞങ്ങൾ ആഗ്ര സ്റ്റേഷനിൽ വണ്ടിയിറങ്ങി. അവിടെനിന്ന് ലോകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ കാണാൻപോയി. ഞാൻ വിചാരിച്ചതിലും വലുതായിരുന്നു താജ്മഹൽ. ഷാജഹാൻ ചക്രവർത്തിയുടെ പത്നി മുംതസിന്റെ ശവകുടീരമാണ് താജ്മഹൽ. മുംതസിന്റെ ഖബറിനടുത്തുതന്നെ ഷാജഹാന്റേയും ഖബറുണ്ട്. ഈ മഹാത്ഭുതം കണ്ടുകൊണ്ട് ഒന്നുമറിയാത്തമട്ടിൽ ഒഴുകുന്ന യമുനാനദിയേയും ഞങ്ങളൊന്ന് എത്തിനോക്കി.

അവിടെനിന്ന് പുറത്തിറങ്ങിയപ്പോൾ റോഡരികിലുള്ള കടകളിലെ ഉടമസ്ഥർ പുറത്തിറങ്ങി വഴിയാത്രക്കാരെ കടകളിലേക്ക് ക്ഷണിക്കുന്ന കാഴ്ചകണ്ട് ആശ്ചര്യപ്പെട്ടുപോയി. വൈകുന്നേരം ട്രെയിനിൽ ഡൽഹിയിലേക്ക് യാത്രതിരിച്ചു. ഡൽഹിയിലുള്ള മലയാളികളുടെ മലബാർ ഹോട്ടലിൽനിന്ന് ഭക്ഷണം കഴിച്ച് അവിടെ റൂമെടുത്ത് താമസിച്ചു. പിറ്റേദിവസം ടൂറിസ്റ്റ് ബസ്സിൽ ഡൽഹി കറങ്ങാൻ പുറപ്പെട്ടു. ബസ്സിലിരുന്ന് ഓരോ സ്ഥലങ്ങൾ കണ്ട് പാർലമെന്റിനടുത്തെത്തി.

ഈ അടുത്തകാലത്ത് തീവ്രവാദികൾ പാർലമെന്റ് ആക്രമിച്ച കാരണത്താൽ ഇപ്പോൾ ആരേയും അതിനടുത്തേക്ക് പോകാൻ അനുവദിക്കുന്നില്ല. പാർലമെന്റിന്റേയും രാജ്യസഭയുടേയും അടുത്തായിട്ടാണ് നമ്മുടെ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിന്റെ ഭവനം. പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ വീടും ഗൈഡ് ഞങ്ങൾക്ക് കാണിച്ചുതന്നു. പിന്നീട് ഞങ്ങൾ പോയത് ഇന്ദിരാഗാന്ധി മ്യൂസിയം കാണാനായിരുന്നു. അവിടെ ഇന്ദിരാഗാന്ധിഭവനിൽ അവർ ഉപയോഗിച്ചിരുന്ന പത്രങ്ങൾ, ബുക്കുകൾ, കണ്ണട, പെൻസിൽ, വസ്ത്രങ്ങൾ തുടങ്ങി ഒരുപാട് വസ്തുക്കളുണ്ട്. ഇന്ദിരാഗാന്ധിക്ക് ലഭിച്ച സർട്ടിഫിക്കറ്റുകളും, മറ്റു ബഹുമതികളും കാണുന്നവർക്ക് ഇന്ദിരാഗാന്ധിയുടെ വിപ്ലവകരമായ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. ഒരു ദിവസം ഇന്ദിരാഗാന്ധി തന്റെ വീട്ടിൽനിന്ന് പുറത്തുപോകുമ്പോൾ തീവ്രവാദികളിൽ നിന്ന് കോഴവാങ്ങിയ കാവൽക്കാരൻ ഇന്ദിരാഗാന്ധിയെ ഗെയിറ്റിനടുത്തുവെച്ച് വെടിവെച്ചു കൊലപ്പെടുത്തുകയാണ് ചെയ്തത്. കൊല ചെയ്യപ്പെട്ട സ്ഥലം പ്രത്യേക ഫലകംവെച്ച് അടയാളപ്പെടുത്തിയിട്ടുണ്ട്. അതുകണ്ടപ്പോൾ എനിക്ക് ഇന്ദിരാഗാന്ധിയോട് സഹതാപം തോന്നി. ഇന്ദിരാഗാന്ധി മ്യൂസിയത്തിനടുത്തു തന്നെ രാജീവ്ഗാന്ധി മ്യൂസിയവുമുണ്ട്. അവിടെ അദ്ദേഹം ഉപയോഗിച്ച തൊപ്പിയും പുസ്തകങ്ങളും, ചെരിപ്പും അദ്ദേഹത്തിന്റെ മഹനീയജീവിതത്തിനു സാക്ഷ്യംവഹിക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റു ബഹുമതികളും കാണാം.

അവിടെനിന്ന് ഗാന്ധിജിയുടെ സമാധിസ്ഥലത്തേക്കാണ് പോയത്. പൂച്ചെടികൾകൊണ്ട് അലങ്കൃതമാണ് ഈ സ്ഥലം. തുടർന്ന് ഇന്ത്യാഗേറ്റും കുത്തുബ്മിനാരവും കാണാൻപോയി. കുത്തുബ്മിനാറിലെ കൊത്തുപണികളിൽ ഖുർആൻ വചനങ്ങൾ കാണാം. നാം ഇടയ്ക്കിടെ എം.ടി.എയിൽ കാണാറുള്ള യു.കെ. അമീർ ജനാബ് റഫീഖ് അഹ്മദ് ഹയാത്ത് സാഹിബിനെ യാദൃശ്ചികമായി അവിടെവെച്ച് നേരിൽകണ്ടു. അദ്ദേഹവും കുടുംബവും ഡൽഹി ചുറ്റിക്കറങ്ങി അവിടെ എത്തിയതായിരുന്നു.

അതിനുശേഷം ലോട്ടസ് ടെമ്പിൾ കാണാനാണ് പോയത്. മനോഹരമായ തടാകത്തിൽ ഒരു താമരപ്പൂ വിരിഞ്ഞുനിൽക്കുന്നതുപോലെയാണ് ഇത് സ്ഥിതിചെയ്യുന്നത്. ബഹാവുള്ള ഉണ്ടാക്കിയ ബഹായിമതക്കാരുടേതാണ് ഈ ആരാധനാലയം. അതിനുള്ളിലേക്ക് കയറിയാൽ സംസാരിക്കാൻ പാടില്ല എന്ന നിയമമുണ്ട്. എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കണമത്രെ. ലോട്ടസ് ടെമ്പിളിനു ചുറ്റുമുള്ള തടാകവും അതിനു ചുറ്റുമുള്ള പച്ചപുൽമേടും അതിന്റെ മനോഹാരിതക്ക് മാറ്റുകൂട്ടുന്നു.

ചെങ്കോട്ടയിലേക്ക് പോയപ്പോഴേക്കും ഏകദേശം ഇരുട്ട് വ്യാപിച്ചിരുന്നു. ഒപ്പം തണുപ്പും. ആ ദിവസത്തെ ടൂറെല്ലാം കഴിഞ്ഞ് ഹോട്ടലിലേക്ക് തിരിച്ചു പോയത് ഭൂമിക്കടിയിലൂടെയുള്ള മെട്രോ ട്രെയിനിലൂടെയാണ്. ഒരിക്കൽ സത്യമിത്രത്തിൽ എ.ക്യു. മഹ്ദി സാഹിബിന്റെ ലേഖനത്തിൽ ഞാൻ ഈ മെട്രോട്രെയിനിനെ പരിചയപ്പെട്ടിട്ടുണ്ട്. ട്രെയിൻ കയറിയപ്പോൾ എനിക്കത് ഓർമ്മവന്നു. ഒരു സ്റ്റേഷനിൽ ഒരുമിനിറ്റ് നേരമേ ട്രെയിൻ നിർത്തൂ. സ്റ്റേഷനെത്തിയാൽ ഡോർ ഓട്ടോമെറ്റിക്കായി തുറക്കുകയും ഒരുമിനിട്ടുശേഷം

അടയുകയും ചെയ്യും. ഓരോ സ്റ്റേഷൻ എത്തുമ്പോഴും ട്രെയിനിനുള്ളിലെ മൈക്ക് ബോക്സിലൂടെ അത് ഏത് സ്റ്റേഷനാണെന്ന് അറിയിക്കും. ഞങ്ങൾ മൂന്നാമത്തെ സ്റ്റേഷനിൽ ഇറങ്ങി.

അന്നുരാത്രി 9 മണിക്ക് അമൃത്സറിലേക്ക് പുറപ്പെട്ടു. രാവിലെ 6 മണിക്ക് അവിടെ എത്തി. അമൃത്സറിലെത്തിയപ്പോൾ ധാരാളം അഹ്മദികളെ കാണാൻ സാധിച്ചു. കൂടുതലും മലയാളികളായതിനാൽ ഹിന്ദിയുടെ നാട്ടിൽ മനസ്സ് തുറന്ന് മലയാളം സംസാരിച്ചു.

ഏകദേശം ഉച്ചയാകാറായപ്പോൾ ഖാദിയാനിലേക്ക് ട്രെയിൻ കയറി. അങ്ങനെ പ്രതീക്ഷയോടും അക്ഷമയോടുംകൂടി കാത്തിരുന്ന ആ സ്വപ്നഭൂമിയിൽ ഞങ്ങൾ കാലുകുത്തി. 'നാരെ തക്ബീർ' നാദം സ്റ്റേഷൻ മുഴുവൻ അലയടിച്ചുകൊണ്ടിരുന്നു. ജാമിഅ അഹ്മദിയ്യയിലായിരുന്നു ഞങ്ങളുടെ താമസം. ഏകദേശം ളുഹർ നമസ്കാരസമയമായിരുന്നു. ഞങ്ങൾ പള്ളിയിലേക്ക് പോയി. എം.ടി.എയിലൂടെ മാത്രം കേൾക്കാറുള്ള നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ മധുരശബ്ദം കാതിലലക്കുമ്പോൾ ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരാവേശമുണ്ടായി. അങ്ങനെ ഖലീഫത്തുൽ മസീഹിന്റെ മഹനീയ നേതൃത്വത്തിൻ കീഴിൽ അദ്ദേഹത്തിന്റെ പിന്നിൽ നിന്നുകൊണ്ട് നമസ്കരിക്കാൻ സാധിച്ചത് ഈ ജൽസയിൽ പങ്കെടുത്ത എല്ലാവരുടേയും ഒരു ഭാഗ്യമായിരുന്നു. അദ്ദേഹത്തെ ഒരു നോക്കു കാണാനായി ആയിരങ്ങൾ ഖാദിയാൻ തെരുവുകളിൽ ശ്വാസമടക്കി കാത്തുനിന്നിരുന്നു. എത്രകണ്ടാലും മതിവരാത്ത ഹുസൂറിന്റെ നിഷ്കളങ്കവും പ്രസന്നവുമായ മുഖം നോക്കുമ്പോൾ പ്രകാശപൂരിതമായി എനിക്ക് എന്നല്ല എല്ലാവർക്കും അനുഭവപ്പെട്ടിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ നാരെ തക്ബീർ എന്ന ആഹ്ലാദസ്വരം എല്ലാവരുടേയും വായിൽനിന്നും അറിയാതെ പുറപ്പെട്ടിരുന്നു.

ധാരാളം പാക്കിസ്ഥാനികളെ പരിചയപ്പെട്ടു. ചിലരെല്ലാം സുഹൃത്തുക്കളായി. അവർ പാക്കിസ്ഥാനിലെ ത്യാഗനിർഭരമായ ജീവിതത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതന്നു. അവരുടെ ആവേശം ഖാദിയാനിൽ ഒരു ആത്മീയചൈതന്യം ഉണ്ടാക്കി. ഖാദിയാനിൽ ബാങ്കുവിളി കേട്ടപ്പോൾ അവർ സന്തോഷംകൊണ്ട് അറിയാതെ കരഞ്ഞുപോയി. കാരണം അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലായി, പാക്കിസ്ഥാനിൽ അഹ്മദികൾക്ക് ഉച്ചത്തിൽ ബാങ്കുവിളിക്കാൻ പാടില്ല. ഈ ഏതാനും ദിവസങ്ങൾക്കുള്ളിൽ അവർ എല്ലാവരുടേയും ഹൃദയത്തിൽ സ്ഥാനം പിടിച്ചു.

ഭക്ഷണവും കാലാവസ്ഥയും എല്ലാവർക്കും അനുയോജ്യമായിരുന്നില്ലെങ്കിലും ലങ്കർഖാനകളിൽ തിരക്ക് കുറഞ്ഞിരുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾ ആ പുണ്യാത്മാവിന്റെ ആതിഥേയത്വം സന്തോഷപൂർവ്വം സ്വീകരിച്ചു. പല ദിവസങ്ങളിലായി ഞങ്ങൾ ഓരോ പുണ്യസ്ഥലങ്ങൾ കാണാൻ പോയി.

**മസ്ജിദ് മുബാറക്ക്**

മസീഹ് മൗഊദ്(അ)ന്റെ വീടിനോടുചേർന്നുള്ള പള്ളിയാണ് മസ്ജിദ് മുബാറക്ക്. വളരെ കുറച്ചു പേർക്കുമാത്രം നിൽക്കാവുന്ന ചെറിയൊരു പള്ളിയായിരുന്നു തുടക്കത്തിൽ ഇത്. 1883-ലാണ് ഈ പള്ളി നിർമ്മിച്ചത്. പിന്നീട് ഇത് രണ്ടാം ഖലീഫയുടെ കാലത്താണ് ഇന്നുകാണുന്നപോലെയാക്കി വികസിപ്പിച്ചത്. മസ്ജിദ് മുബാറക്കിനെ കുറിച്ചുള്ള വെളിപാടുകൾ ചുവരുകളിൽ എഴുതിത്തൂക്കിയിട്ടുണ്ട്. മസ്ജിദ് മുബാറക്കിന്റെ കിഴക്കുഭാഗത്തായി ചുവന്നമഷിത്തുള്ളി വീണ മുറി കാണാം. ഒരിക്കൽ മസീഹ് മൗഊദ്(അ) ഈ മുറിയിൽ കിടക്കുകയായിരുന്നു. മുൻശി അബ്ദുല്ലാ സാഹിബ് സന്നൗരി(റ) അദ്ദേഹത്തിനരികിലുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം ഒരു ദർശനത്തിൽ ഇപ്രകാരം കണ്ടു. വരാനിരിക്കുന്ന വിധിവിലക്കുകൾ സ്വയം എഴുതിതയ്യാറാക്കി അതിൽ ഒപ്പിടുവിക്കുന്നതിനായി അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിച്ചു. അല്ലാഹു വിധികർത്താവിന്റെ രൂപത്തിൽ അതിൽ ഒപ്പിടുന്നതിനായി ചുവന്നമഷിയുള്ള പേന കുടഞ്ഞു. എന്നിട്ട് കടലാസിൽ ഒപ്പുവെച്ചു. ദർശനത്തിൽ പേനകുടഞ്ഞപ്പോൾ മഷിത്തുള്ളികൾ ബാഹ്യമായിത്തന്നെ മസീഹ് മൗഊദ്(അ) ധരിച്ച വസ്ത്രത്തിലും കാണപ്പെട്ടു. ഇതാണ് ഈ മുറിയുടെ പ്രത്യേകത.

മുബാറക്കിനടുത്ത മുറി (ബൈത്തുൽ ഫിക്ർ)യിൽ വെച്ച് മസീഹ് മൗഊദ്(അ) ധാരാളം ഗ്രന്ഥം രചിച്ചിട്ടുണ്ട്. ബറാഹീനെ അഹ്മദിയ്യയും ഇവിടെ വെച്ചാണ് രചിച്ചത്. ബൈത്തുൽ ഫിക്റിനോടു ചേർന്നുള്ള മുറിയിലാണ് മസീഹ് മൗഊദ്(അ) തന്റെ അവസാന നിമിഷങ്ങൾ ചെലവഴിച്ചത്. ഇവിടെവെച്ച് മസീഹ് മൗഊദ്(അ)ന് ധാരാളം ഇൽഹാമുകൾ ഇറങ്ങിയിട്ടുണ്ട്. പിന്നീട് ഹസ്റത്ത് അമ്മാജാൻ ഇവിടെയാണ് താമസിച്ചിരുന്നത്. ഈ മുറിയോടു ചേർന്നുതന്നെയാണ് ബൈത്തുദ്ദുആയുള്ളത്. മസീഹ് മൗഊദ്(അ) അവസാന നിമിഷങ്ങളിൽ ഈ മുറിയാണ് ദുആ ചെയ്യാനായി തെരഞ്ഞെടുത്തത്. എന്നിട്ട് അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു. "അല്ലാഹുവേ, ഈ ബൈത്തുദ്ദുആയെ ശാന്തിയുടേയും സമാധാനത്തിന്റേയും ഗേഹമാക്കേണമേ. ഈ മുറിയെ ശത്രുക്കളുടെമേൽ പ്രകടമായ തെളിവുകളും അവരെ പരാജിതരാക്കുന്ന അടയാളങ്ങളും മുഖേന വിജയം വരിക്കുന്ന ഗൃഹമാക്കുകയും ചെയ്യേണമേ." അതുകൊണ്ടുതന്നെ ഖാദിയാനിലെത്തുന്ന എല്ലാ അഹ്മദികളും ബയ്ത്തുദ്ദുആയിൽപോയി പ്രത്യേകം ദുആ ചെയ്യൽ പതിവാണ്. ഇപ്രാവശ്യം തിരക്കുകാരണത്താൽ കൂടുതൽ സമയം ദുആ ചെയ്യാൻ അവസരം ലഭിച്ചിരുന്നില്ല. ബൈത്തുദ്ദുആയുടെ മുന്നിൽ ഒരു നീണ്ടക്യൂതന്നെ കാണാമായിരുന്നു. അവിടെ കാണാവുന്ന മറ്റൊരു മുറിയാണ് ബൈത്തുർറിയാളത്ത് അവിടെവെച്ച് ഹസ്റത്ത്

മസീഹ് മൗഊദ്(അ) എട്ടോ, ഒമ്പതോ മാസം തുടർച്ചയായി നോമ്പുനോൽക്കുകയുണ്ടായി.

ദാറുൽ മസീഹ് എന്ന കെട്ടിടത്തിൽ മസീഹ് മൗഊദ്(അ) ജനിച്ച മുറിയും മുസ്ലിഹ് മൗഊദ്(റ) ജനിച്ച മുറിയും കാണാം.

**മസ്ജിദ് അഖ്സ**

1876-ൽ ആയിരുന്നു മസ്ജിദ് അഖ്സയുടെ നിർമ്മാണം പൂർത്തിയായത്. മസീഹ് മൗഊദ്(അ)ന്റെ പിതാവ് മിർസാ ഗുലാം മുർത്തസ് സാഹിബാണ് ഇത് പണികഴിപ്പിച്ചത്. അദ്ദേഹത്തിന്റെ വസിയ്യത്തുപ്രകാരം അദ്ദേഹം വഫാത്തായപ്പോൾ പള്ളിയോടു ചേർന്നുതന്നെ അദ്ദേഹത്തെ ഖബറടക്കം ചെയ്തു. ഇപ്പോഴുള്ള പള്ളിയുടെ ഏഴടിയോളം താഴെയാണ് അദ്ദേഹത്തിന്റെ ഖബർ. ഒരടയാളമെന്നോണം അതിനുമുകളിൽ ചുറ്റുമതിൽ പടുത്തുയർത്തിയിട്ടുള്ളത് കാണാം. ഈ പള്ളിയിൽ, ആദ്യം 200 പേർക്ക് മാത്രം നമസ്കരിക്കാനുള്ള സൗകര്യമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഇത് വിപുലീകരിച്ചപ്പോൾ രണ്ടായിരത്തിലധികം പേർക്ക് നമസ്കരിക്കാനുള്ള സൗകര്യമായി. 1900 ഏപ്രിൽ 11-ാം തിയ്യതി മസീഹ് മൗഊദ്(അ) ഖുത്ബ ഇൽഹാമിയ്യ എന്നറിയപ്പെടുന്ന ചരിത്രപ്രധാനമായ ബലിപെരുന്നാൾ ഖുത്ബ അറബിയിൽ നിർവ്വഹിച്ചതും ഇവിടെ വെച്ചായിരുന്നു.

ഈ പള്ളിക്ക് മുന്നിലാണ് മിനാരത്തുൽ മസീഹ്. 105 അടിയാണ് മിനാരത്തുൽ മസീഹിന്റെ ഉയരം. 1903 മാർച്ച് 3-ാം തിയ്യതി മസീഹ് മൗഊദ്(അ) ഇതിന് തറക്കല്ലിടുകയും രണ്ടാം ഖലീഫയുടെ കാലത്ത് ഇതിന്റെ പണി പൂർത്തിയാവുകയും ചെയ്തു.

**ബഹിശ്തിമഖ്ബറ**

പരിശുദ്ധഖാദിയാനിലെ സുപ്രധാനമായ ഒരു പുണ്യസ്ഥലമാണ് ബഹിശ്തിമഖ്ബറ. മസീഹ് മൗഊദ്(അ)യുടെ ഖബർ സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. ബഹിശ്തിമഖ്ബറയിലെ ആദ്യത്തെ ഖബർ ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ)ന്റേതാണ്. മസീഹ് മൗഊദ്(അ)ന്റെ ഖബറിന്റെ വലതുവശത്ത് ഒന്നാംഖലീഫ ഹസ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന്റെ ഖബറാണുള്ളത്. ഇടതുവശത്തായി ഉമ്മുൽ മുഅ്മിനീൻ സയ്യിദാനുസ്റത്ത് ജഹാൻബീഗം സാഹിബയുടെ സ്മാരക ഫലകം സ്ഥാപിച്ചിട്ടുണ്ട്. അവരുടെ ഖബർ ഇപ്പോൾ റബ്വയിലാണുള്ളത്. ബഹിശ്തി മഖ്ബറയിലേക്ക് പോകുന്നവർ സാധാരണപോകാറുള്ള സ്ഥലങ്ങളാണ് ജനാസാഗാഹും സുഹൂറെ കുദ്റത്തെ സാനിയയും. ഒന്നാം ഖലീഫയുടെ നേതൃത്വത്തിൽ മസീഹ് മൗഊദ്(അ)ന്റെ ജനാസ നമസ്കരിച്ച സ്ഥലമാണ് ജനാസാഗാഹ്. ജനാസാഗാഹിന് തൊട്ടടുത്തായി സ്ഥിതിചെയ്യുന്ന ഒന്നാം ഖലീഫയെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലമാണ് സുഹൂറെ ഖുദ്റത്തെ സാനിയ.

ഇവകൂടാതെ മസ്ജിദ് നൂർ, മസ്ജിദ് നാസിറാബാദ്, ദാറുൽ അൻവാർ, കോഠിദാറുസ്സലാം എന്നീ പള്ളികളും കാണാൻപോയി. ഖാദിയാൻ വീഥികളിലൂടെ നടക്കുമ്പോൾ ജമാഅത്തിന്റെ മധുരസുന്ദരമായ ഗാനങ്ങൾ എങ്ങും കേൾക്കാമായിരുന്നു.

ഡിസംബർ 26, 27, 28 തിയ്യതികളിൽ നടന്ന ജൽസസാലാനയിൽ പങ്കെടുക്കാൻ 46 രാഷ്ട്രങ്ങളിൽനിന്ന് 70,000 ജനങ്ങൾ ഒത്തുകൂടിയപ്പോൾ പരിശുദ്ധഖാദിയാനിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ സന്താനങ്ങളുടെ സാഗരംതന്നെ രൂപംകൊണ്ടു. 26.12.05-ന് കാലത്ത് 10 മണിക്ക് ഇസ്ലാമിന്റെ ശ്യാമപതാക ഉയർത്തപ്പെട്ടതോടെ ജൽസാ സാലാനക്ക് തുടക്കം കുറിച്ചു. ഹുസൂർ ജൽസ ഉദ്ഘാടനം ചെയ്തു. മലയാള തർജ്ജമ ഞങ്ങൾ കേട്ടു. രണ്ടാം ദിവസം നടന്ന ലജ്ന സമ്മേളനത്തിൽ ഹുസൂർ ലജ്നകളെ സംബോധനചെയ്തു. ഹുസൂർ ലജ്നഗാഹിൽ പ്രവേശിച്ചതോടെ ഗാഹിൽനിന്ന് തക്ബീർധ്വനികളുയർന്നു. ഹുസൂറിന്റെ പ്രഭാഷണം എല്ലാവരും സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. ഹുസൂർ ഗാഹിൽ നിന്നും തിരിച്ചുപോകുമ്പോൾ എല്ലാവരുടേയും മുഖത്ത് ഒരു വിഷാദഭാവം നിഴലിച്ചിരുന്നു. പിന്നെ ഹുസൂർ ലജ്നാഗാഹിലേക്കുവന്നത് സമാപനസമ്മേളനത്തിനുശേഷമാണ്. വിവിധ ഭാഷകളിൽ കുട്ടികൾ പദ്യങ്ങൾ ആലപിച്ചപ്പോൾ ഹുസൂർ ക്ഷമയോടെ സശ്രദ്ധം കേൾക്കുന്നുണ്ടായിരുന്നു.

ഹുസൂറുമായുള്ള ആദ്യ ലജ്നാ മുലാക്കാത്തിനായി ഞാനും പോയിരുന്നു. ഹുസൂറിനോട് സലാൻ പറഞ്ഞപ്പോൾ ഒരു മിഠായി എടുത്തുതന്നു. ഹുസൂറിന്റെ തേജോന്മയമായ വദനത്തിൽനിന്നും അത്യുജ്ജ്വലമായ പ്രകാശസ്രോതസ്സിന്റെ ദിവ്യപ്രഭ അവിടമാകെ പരക്കുന്നതുപോലെ അപ്പോൾ അനുഭവപ്പെട്ടിരുന്നു.

ജൽസയിൽ പങ്കെടുത്ത വഖ്ഫെനൗ കുട്ടികളുടെ മറക്കാനാവാത്ത ദിവസമായിരുന്നു ഡിസംബർ 31. ഹുസൂർ വഖ്ഫെനൗ കുട്ടികളുമായി ചെലവഴിച്ച വിലമതിക്കാനാവാത്ത അനർഘനിമിഷത്തിൽ പങ്കുകൊള്ളാൻ എനിക്കും അവസരം ലഭിച്ചു. എല്ലാ കുട്ടികൾക്കും ഹുസൂർ ഒരു പേനയും മിഠായിയും മറ്റും നൽകുകയുണ്ടായി. ഈ ക്ലാസിൽ പങ്കെടുത്ത എല്ലാവർക്കും ഇതൊരു ധന്യമുഹൂർത്തമായിരുന്നു.

ജനുവരി 3-ാം തിയ്യതി ഞങ്ങൾ ഖാദിയാനോട് സലാം ചൊല്ലി. ഖാദിയാനോട് വിടപറയുന്നതോടൊപ്പം ഹുസൂറിന്റെ സാന്നിദ്ധ്യത്തിൽനിന്ന് പിരിയുന്ന ദുഃഖം ഞങ്ങളുടെ ഹൃദയത്തിലൊരു വേദനയുണ്ടാക്കി. രാവിലെ 10 മണിക്ക് അമൃതസറിലേക്ക് ട്രെയിൻ കയറി. അമൃത്സർസ്റ്റേഷനിൽനിന്നും ഗോൾഡൻ ടെമ്പിളും ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിൽ കരിനിഴൽ വീഴ്ത്തിയ ജാലിയൻവാലാബാഗും കാണാൻപോയി. ശേഷം നിസാമുദ്ദീനിലേക്കും അവിടെനിന്ന് പഴയങ്ങാടിയിലേക്കും യാത്രതിരിച്ചു. 6.1.06-ന് രാവിലെ 5 മണിക്ക് സുഖകരമായി ഞങ്ങൾ തിരിച്ചെത്തി. (*അൽഹംദുലില്ലാഹ്*)

●

നാസിറാത്ത് കോർണർ

ഹിബ്ത്തുൽകരീം

# അതുല്യമായ നിമിഷങ്ങൾ

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ കണ്ണൂരിൽനിന്ന് 17.12.05 ശനിയാഴ്ച വൈകുന്നേരം 6.40നുള്ള സമ്പർക്കക്രാന്തി എക്സ്പ്രസ്സിൽ ഖാദിയാൻ എന്ന പുണ്യനഗരത്തിലേക്ക് ദുആയോടെ ഞങ്ങൾ യാത്ര ആരംഭിച്ചു. ഞങ്ങളുടെ കൂടെ മറ്റനേകം ആളുകളും ഉണ്ടായിരുന്നു. എല്ലാവരും ഒരുമിച്ചിരുന്നുള്ള നമസ്കാരവും ഭക്ഷണവും മനസ്സിന് കുളിർമ്മ പകരുന്ന ഒന്നായിരുന്നു. പോകുമ്പോൾ മനസ്സിൽ ഹുസൂറിനെ ഒരു നോക്കുകാണാൻ സാധിക്കണേ എന്ന ദുആയാണ് പ്രധാനമായും ഉണ്ടായിരുന്നത്. 20.12.05 ചൊവ്വാഴ്ച ഉച്ചക്ക് 12 മണിക്ക് ഞങ്ങൾ ഖാദിയാനിൽ എത്തി. സ്റ്റേഷനിൽനിന്ന് അതിഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള വണ്ടിയിൽ കയറി മസ്ജിദ് മുബാറക്കിന്റെ അടുത്തുള്ള തഅ്ലീമുൽ ഇസ്ലാം സ്കൂളിലേക്കാണ് ഞങ്ങൾ പോയത്. അവിടെയായിരുന്നു ഞങ്ങൾക്ക് താമസിക്കാൻ ഏർപ്പാട് ചെയ്തിരുന്നത്. അവിടുത്തെ ലജ്ന ഇമായില്ലാഹ് സഹോദരിമാർ ഞങ്ങളെ സന്തോഷത്തോടെ സ്വീകരിച്ചു. ഞങ്ങൾ താമസിച്ച ആ സ്കൂളിൽ തന്നെയായിരുന്നു പാക്കിസ്ഥാനിലെ സഹോദരിമാരും താമസിച്ചിരുന്നത്. കുളി, നമസ്കാരം, ഭക്ഷണം എന്നിവ കഴിഞ്ഞപ്പോഴേക്കും ഹുസൂർ വൈകുന്നേരം 4 മണിക്ക് ബിഹിശ്തിമഖ്ബറയിലേക്ക് പോകുന്നുണ്ടെന്നും വഴിയിൽ നിൽക്കുകയാണെങ്കിൽ ഹുസൂറിനെ കാണാമെന്നും അറിഞ്ഞു. അങ്ങനെ ഞങ്ങളെല്ലാവരും ആകാംക്ഷാഭരിതരായി ഹുസൂറിനെ വഴിയിൽ കാത്തുനിന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഹുസൂർ ബിഹിശ്തി മഖ്ബറയിലേക്ക് പോകുന്നതിനായി അതിലേവന്നു. ആദ്യമായി ഹുസൂറിനെ കണ്ടപ്പോഴുണ്ടായ അനുഭൂതി എഴുതി അറിയിക്കാൻ പറ്റാത്തതാണ്. ഹുസൂർ നടന്നുപോകുമ്പോൾ അന്തരീക്ഷത്തിൽ അലയടിക്കുന്ന സലാമിന്റേയും തക്ബീറിന്റേയും ശബ്ദം ഇപ്പോഴും ചെവിയിൽ മായാതെ കിടക്കുന്നു. പിന്നീട് ഞങ്ങൾ മഗ്രിബ്-ഇശാഅ് നമസ്കാരത്തിനായി ബയ്ത്തുദ്ദുആയുടെ മുന്നിലെത്തി. ഹുസൂർ നമസ്കാരത്തിനായി മിയാ സാഹിബിന്റെ വീട്ടിൽനിന്നും മസ്ജിദ് മുബാറക്കിലേക്ക് പോയത് ഞങ്ങളുടെ മുമ്പിൽകൂടിയായിരുന്നു. അങ്ങനെ അപ്രതീക്ഷിതമായി ഹുസൂറിനെ വീണ്ടും കണ്ടു. ഇങ്ങനെ ദിവസവും ഹുസൂറിനെ അവിടെയും ഇവിടെയും വച്ച് ഒരുനോക്കു കാണാൻ ഭാഗ്യമുണ്ടായത് ജീവിതത്തിലൊരിക്കലും മറക്കാൻ പറ്റുകയില്ല. അഞ്ചുനേരവും ഹുസൂറിന്റെ ഇമാമത്തോടുകൂടി നമസ്കരിക്കാൻ അവസരം ലഭിച്ചു. (അൽഹംദുലില്ലാഹ്)

25.12.05-ന് സകുടുംബം ഹുസൂറുമായി കൂടിക്കാഴ്ചക്കുള്ള അവസരവും ലഭിച്ചു. ആ ദിവ്യകരങ്ങളിൽനിന്ന് ഞങ്ങൾക്ക് ഓരോ പേനയും ചോക്കലേറ്റും ലഭിച്ചപ്പോൾ അല്ലാഹുവിന്റെ ഖലീഫയെ അടുത്തുനിന്ന് ദർശിക്കാനും ഇവയെല്ലാം ലഭിക്കുവാനുമുള്ള ഭാഗ്യം ഓർത്ത് അല്ലാഹുവിനെ സ്തുതിച്ചു. 26-ാം തിയ്യതി ജൽസാ സാലാന ആരംഭിച്ചു. 27-ാം തിയ്യതി സ്ത്രീകളോടുള്ള ഹുസൂറിന്റെ പ്രത്യേക പ്രഭാഷണവും ഉണ്ടായിരുന്നു. ഹുസൂറിന്റെ പ്രസംഗങ്ങളിൽ നമസ്ക്കാരം, ഖുർആൻ, നമ്മുടെ വിവിധ കർത്തവ്യങ്ങൾ, ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതികൾ, തബ്ലീഗ് എന്നീ കാര്യങ്ങളായിരുന്നു പ്രധാനമായും അടങ്ങിയിരുന്നത്. ഹുസൂറിന്റെ പ്രസംഗത്തിനു പുറമേ മറ്റുപല മഹത്വ്യക്തികളുടേയും പ്രസംഗങ്ങളുമുണ്ടായിരുന്നു. നാസറലി ഉസ്മാൻ സാഹിബിന്റേയും ഇസ്മത്തുല്ലഹ് സാഹിബിന്റെയും ഉമർ ശരീഫ് സാഹിബിന്റേയും പദ്യാലാപനത്തിന്റെ ശബ്ദം ഖാദിയാൻ മുഴുവൻ നിറഞ്ഞുനിന്നു.

ഹുസൂറിന്റെ മാതാവ്, സഹധർമ്മിണി, സഹോദരി, മകൾ, ഖലീഫത്തുൽ മസീഹ് റാബിഇന്റെ സഹോദരി തുടങ്ങിയവരായിട്ടുമെല്ലാം കൂടിക്കാഴ്ചയ്ക്കുള്ള അവസരം ലഭിച്ചു. ഇതിനിടയിൽ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ വഖ്ഫെ- നൗ- ക്ലാസ്സിൽ ഖുർആൻ പാരായണം ചെയ്യാനുള്ള അസുലഭ സന്ദർഭവും കിട്ടി. അങ്ങനെ 31-ാം തിയ്യതി ഹുസൂറിന്റെ സാന്നിദ്ധ്യത്തിലുള്ള വഖ്ഫെ-നൗ ക്ലാസ്സ് എന്റെ തിലാവത്തോടുകൂടി ആരംഭിച്ചു. ഏകദേശം 45 മിനുട്ടോളം ആ പരിശുദ്ധപാദത്തിന്നടുത്ത് ഇരിക്കാനുള്ള ഭാഗ്യമുണ്ടായി. പിന്നീട് ഈ വഖ്ഫെ നൗ പ്രോഗ്രാം മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ സംപ്രേഷണം ചെയ്തു. (*സുമ്മ അൽഹംദുലില്ലാഹ്*)

അങ്ങനെ ആത്മീയചൈതന്യം നിറഞ്ഞതും ആവേശം കൊള്ളിക്കുന്നതും അവിസ്മരണീയവുമായ ആ ദിനങ്ങൾ ഇനിയും ജീവിതത്തിൽ ഉണ്ടാകണേ എന്ന പ്രാർത്ഥനയോടുകൂടി ഞങ്ങൾ ഖാദിയാനിൽനിന്ന് നാട്ടിലേക്ക് യാത്ര തിരിച്ചു. ●

**അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലി 2008നോടനുബന്ധിച്ച് സയ്യിദുനാ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അ.ബി.അ) അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് ആഹ്വാനം ചെയ്ത ദുആകളും ആരാധനകളും.**

1. ഓരോ മാസവും ഒരു നഫൽ നോമ്പു പിടിക്കുക. ഇതിനുവേണ്ടി ജമാഅത്തുകളിൽ മാസത്തിലെ അവസാനത്തെ ആഴ്ചയിലെ ഒരുദിവസം പ്രാദേശികമായി നിശ്ചയിക്കേണ്ടതാണ്.

2. ദിവസവും രണ്ട് റക്അത്ത് നഫൽ നമസ്കരിക്കുക. ഇശാ നമസ്കാരത്തിനുശേഷം ഫജ്റിനു മുമ്പുവരെയോ ളുഹ്റിനു ശേഷമോ ഈ നഫൽ നമസ്കരിക്കാവുന്നതാണ്.

3. സൂറഃഫാത്തിഹ അർത്ഥമുൾക്കൊണ്ടുകൊണ്ട് കുറഞ്ഞത് ഏഴ് പ്രാവശ്യം ശ്രദ്ധയോടെ ചൊല്ലുക.

4. **റബ്ബനാ ലാതുസിഗ് ഖുലൂബനാ ബഅ്ദഇദ്ഹദയ്തനാ വഹബ്ലനാ മിൻല്ലദുൻക റഹ്മത്തൻ ഇന്നക്ക അൻതൽവഹ്ഹാബ്**

ഞങ്ങളടെ നാഥാ, ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (*2:251*) ഈ ദുആ പതിനൊന്നു തവണ ചൊല്ലുക.

5. ***റബ്ബനാ അഫ്രിഗ് അലൈനാ സ്വബ്റൻ വസബ്ബിത്ത് അഖ്ദാമനാ വൻസുർനാ അലൽ ഖൗമിൽ കാഫിരീൻ***
ഞങ്ങളുടെ നാഥാ നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. (*3:9*) എന്ന് 33 പ്രാവശ്യം ചൊല്ലുക.

6. ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീനുഹൂരിഹിം വനഊദുബിക്ക മിൻശുറൂരിഹിം***
അല്ലാഹുവേ! അവരെ നേരിടാൻ ഞങ്ങൾ നിന്നെതന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ നിന്നോട് രക്ഷതേടുകയും ചെയ്യുന്നു. എന്ന് 11 പ്രാവശ്യം ചൊല്ലുക.

7. ***അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലിദൻബിൻ വഅതൂബുഇലൈഹി***
എന്റെ രക്ഷിതാവായ അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെ തേടുന്നു. എല്ലാ പാപങ്ങളിൽനിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു. എന്ന് 33 പ്രാവശ്യം ചൊല്ലുക.

8. **സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ്**
അല്ലാഹുവിനെ സ്തുതിക്കുന്നതിനോടൊപ്പം ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹോന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിയുടേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും മേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ എന്നും 33 പ്രാവശ്യം ചൊല്ലുക.

ഇതിനുപുറമെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. (*ബദ്ർ പത്രം, 2.2.2006*)

**തി**രുനബി(സ) ഇങ്ങനെ അരുൾ ചെയ്തതായി അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. “പുനരുത്ഥാന നാളിൽ സർവ്വശക്തനായ അല്ലാഹു (ഒരാളോട്) ചോദിക്കും. അല്ലയോ ആദമിന്റെ പുത്രാ! ഞാൻ രോഗിയായിരുന്നു. എന്നിട്ടും നീ എന്നെ സന്ദർശിച്ചില്ല. അയാൾ ചോദിക്കും. എന്റെ നാഥാ! നീ സർവ്വലോകരക്ഷിതാവായിരിക്കെ ഞാനെങ്ങനെയാണ് നിന്നെ സുഖാന്വേഷണത്തിനായി സന്ദർശിക്കുക? അല്ലാഹു മറുപടി പറയും. എന്റെ ഒരടിയാൻ രോഗിയായി കിടന്നത് നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ല. നീ അവനെ സന്ദർശിച്ചിരുന്നെങ്കിൽ അവന്റെ സമീപത്ത് നീ എന്നെ കാണുമായിരുന്നുവെന്ന് നീ അറിഞ്ഞിട്ടില്ലേ? അല്ലയോ ആദമിന്റെ പുത്രാ! നിന്നോട് ഞാൻ ഭക്ഷണത്തിനായി യാചിച്ചു. പക്ഷേ, നീ എന്നെ തീറ്റിയില്ല. അയാൾ ചോദിക്കും. എന്റെ നാഥാ! നീ സർവ്വലോകപരിപാലകനായിരിക്കെ ഞാൻ എങ്ങനെയാണ് നിന്നെ തീറ്റിക്കുക? അല്ലാഹു പറയും. എന്റെ ഒരടിയാൻ നിന്നോട് ഭക്ഷണത്തിനായി യാചിച്ചു. അപ്പോൾ നീ അവനെ തീറ്റിയില്ല. നീ അവനെ തീറ്റിയിരുന്നെങ്കിൽ അതെനിക്ക് വേണ്ടി നീ ചെയ്തതായി ഞാൻ വിലയിരുത്തുമായിരുന്നു. അല്ലയോ ആദമിന്റെ പുത്രാ! ഞാൻ നിന്നോട് എന്റെ ദാഹശമനത്തിനായി ആവശ്യപ്പെട്ടപ്പോൾ നീ അത് നിരസിച്ചു. അയാൾ ചോദിക്കും. നീ സർവ്വലോകരക്ഷിതാവായിരിക്കെ ഞാൻ എങ്ങനെയാണ് നിനക്ക് ദാഹശമനം വരുത്തുക? അല്ലാഹു പറയും. എന്റെ ഒരു ദാസൻ നിന്നോട് തന്റെ ദാഹശമനത്തിനായി ചോദിച്ചു. അപ്പോൾ നീ അവനെ കുടിപ്പിച്ചില്ല. അറിയുക, നീ അവനെ കുടിപ്പിച്ചിരുന്നെങ്കിൽ അത് നീ എനിക്കുവേണ്ടി ചെയ്തതായി ഞാൻ വിലയിരുത്തുമായിരുന്നു. (*മുസ്‌ലിം*)